
കലാലയ യൂണിയൻ മാഗസിൻ 2014-15
യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ
ഒറ്റ്
സ്വാതന്ത്ര്യം
ബീഫ്
ബ്ലോഗ്
ഒറ്റ് ഒരു പ്രാർത്ഥനയാണ്...
എന്റെയും നിന്റെയും ഹൃദയങ്ങളിൽ
ഒരുപോലെ തീപിടിപ്പിക്കുന്ന പ്രാർത്ഥന.
അസഹിഷ്ണുതകളുടെ കാലത്ത്,
സമരസപ്പെടലുകൾ പതിവാകുമ്പോൾ,
പ്രതിരോധങ്ങളിലേക്ക് നീളുന്ന വിരലുകൾ ആരുടേതാണെന്ന ചോദ്യത്തിന്
ഒരുത്തരമാണ് ഈ പ്രാർത്ഥന

# Want to study abroad... and confused?

What to study? Where to study?
When to apply? How to apply?
Can I work while studying? Will I get admission?
Is this course recognized?
Will I get a Student Visa? Do I need IELTS / TOEFL?
Is the university recognized?
Are there any scholarships?
Can I apply for permanent residency after studies?
Will I get a job after studying?
Is this course in demand?



## End your anxieties on Overseas Education.

**Visit Global Educational Consultants for a FREE Counselling**

The most trusted, award winning overseas educational consultants with 21 years of expertise in placing over 3000 students to TOP universities in the world.

SINCE 1991
GLOBAL EDUCATIONAL CONSULTANTS
ISO 9001 : 2008 Certified
*Be a global citizen*

2nd Floor, Penta Tower, Opp. Bus Stand, Kaloor, Cochin - 682 017
Tel: +91 (484) 2539399, 2539799, 2530849, Fax: (91) 484 - 2539799.
Mob: 98460 20700. E-mail: info@globaledu.in, www.globaledu.in
www.facebook.com/globaledu.in



यहाँ से काटें TO OPEN CUT HERE

अन्तर्देशीय पत्र कार्ड
INLAND LETTER CARD

यहाँ काट कर खोलिए TO OPEN CUT HERE




यहाँ काट कर खोलिए TO OPEN CUT HERE

(इस लाइन के नीचे न तो लिखें और न ही मुद्रित करें Do not write or print below this line) पिन PIN

दूसरा मोड़ SECOND FOLD

इस पत्र के अन्दर कुछ न रखें NO ENCLOSURES ALLOWED

पते में पिन कोड लिखें WRITE PIN CODE IN ADDRESS

प्रेषक का नाम और पता:- SENDER'S NAME AND ADDRESS:-

पिन PIN

പ്രിയപ്പെട്ട എഡിറ്റർ,

ഞാൻ നിങ്ങൾക്കും നിങ്ങളെനിക്കും അപരിചിതനാണ്... ഞാൻ ഒരു ബ്ലോഗെഴുത്തുകാരനും നിങ്ങൾ എന്റെ വായനക്കാരനുമാണ് എന്നതിനുമപ്പുറം അപരിചിതത്വത്തിന്റെ പ്രത്യയശാസ്ത്രങ്ങളിലാണല്ലോ നമ്മൾ വിശ്വസിക്കുന്നത്. എന്റെ എഴുത്തിനും നിങ്ങളുടെ കാന്റീനുമിടയിലെ അപൂർണ്ണതകൾ പൂരിപ്പിക്കപ്പെടണം എന്നും നല്ല സൗഹൃദങ്ങൾ നിരോധിക്കപ്പെടുന്ന കാലത്ത് നിങ്ങളെക്കുറിച്ചുള്ള നഷ്ടബോധം എന്നെ അസ്വസ്ഥനാക്കണമെന്നുമുള്ള ആഗ്രഹത്താലാണ് ഈ കത്തെഴുതുന്നത്. പ്രതിരോധിക്കുന്ന ശബ്ദങ്ങൾ അത്രമേൽ നിസാരമായി കൊല്ലപ്പെടുന്ന കാലത്ത് ഇത് എഴുതി പൂർത്തിയാക്കാനാവുമോ എന്ന്, എഴുതി പൂർത്തിയാക്കിയാൽത്തന്നെ ഇത് നിങ്ങളിലെത്തിച്ചേരുമോ എന്ന് എനിക്ക് ആശങ്കയുണ്ട്. എന്റെ എഴുത്തുകൾ നിങ്ങളെ അസ്വസ്ഥനാക്കുന്നതിനെക്കുറിച്ച്, നിങ്ങളുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ച് നിങ്ങൾ കാന്റ് ചെയ്തിരുന്നില്ലോ...ഞാനെഴുതാതെ പോയത്, എന്റെ മറവിയിൽ നിന്നും നിങ്ങളുടെ ഓർമ്മകളിലേക്കുള്ള ദൂരം നിങ്ങളുടെ കാന്റീൻ വായിച്ചപ്പോൾ ഞാനും ആശങ്കപ്പെടുന്നുണ്ട്. തൃശ്ശൂർ കേരളവർമ്മ കോളേജിൽ പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനെക്കുറിച്ച്," യു.സി.കോളേജ് സ്വയംഭരണമാക്കാനുള്ള നീക്കത്തെക്കുറിച്ച്, ആണും പെണ്ണും ഒരുമിച്ചിരുന്നാൽ അശുദ്ധമാവുന്ന ഫാറൂഖ് കോളേജിനെക്കുറിച്ച്, പിന്നെ നിന്റെ മാഗസിനെക്കുറിച്ച്..... അപരിചിതനായ എഡിറ്റർ, നിങ്ങളുടെ മാഗസിന് എല്ലാവിധ ആശംസകളും.



വിപ്ലവങ്ങളില്ലാതാവുന്ന കാലത്തെക്കുറിച്ച് വാചാലരാവുന്നവരുടെയും സമരങ്ങളുടെ അർത്ഥശൂന്യതകളെകുറിച്ച് നിരന്തരം പുലമ്പുന്നവരുടെയും നടുവിൽ പ്രതിരോധങ്ങളിലേക്ക് നീളുന്ന വിരലുകൾ ആരുടേതാണെന്ന ചോദ്യത്തിന് ന്റെ ന്റെ എന്നുത്തരം നൽകി നിങ്ങളുണ്ടാക്കിയ കലാപങ്ങളുണ്ടല്ലോ. അതിനെ കുറിച്ചെഴുതപ്പെട്ടതാണ് ഈ പുസ്തകം...

മുദ്രവാക്യങ്ങൾ തന്നെയായിരുന്നു ജീവിതം എന്ന തിരിച്ചറിവ് പകർന്ന സഹയാത്രിക(ർ)ക്ക്

സമർപ്പിക്കുന്നു





Sandeep V P
Chairman



Janaky S
Vice Chairman



Vishakh P M
General Secretary



Kannan K
U U C



Aravind Krishnan R
U U C



Paul Jover
Arts Club Secretary



Ancif C Abu
Magazine Editor



Jabeen C Jabbar
Lady Rep



Athira P K
Lady Rep



Sachin Krishna
1st DC Rep



Afrin T A
2nd DC Rep



Vishnu Mohanan
3rd DC Rep



Akshath Shenoy
1st PG Rep



Navaneeth Krishnan
2nd PG Rep



Saleesh E S
General Caption



Neenu Rajeev
Panning Forum
Secretary



Prasant P P
Cine Club Secretary



Anurag P P
Quiz Club Secretary



Freddin C V
Debate Club Secretary



Ajay Vishnu
Canteen Secretary



Balu T K
S C S T Secretary



Cap K S Narayanan
Union Staff Advisor



Cheri Jacob K
Magazin Staff Advisor



Jeneesh Pual
Arts Staff Advisor



Kurien C Soman
Honorary Treasurer

4G

Business | Downloads | Parent Category | Featured | Health

# കരിയിലയും മണ്ണാങ്കട്ടയും

കരിയില കാറ്റത്ത് പറന്നുപോയി മണ്ണാങ്കട്ട മഴയത്ത് ഒലിച്ചുപോയി..... അത്രപോലും ശുഭസൂചനകളില്ലാത്തതിനാലാവാം കരിയിലയുടെയും മണ്ണാങ്കട്ടയുടെയും കഥ പതിയെ അപ്രത്യക്ഷമായി. എത്രയൊക്കെ വളർന്നാലും നിങ്ങളൊക്കെ വെറും മണ്ണാങ്കട്ടകളാണെന്ന് നിങ്ങൾ ഞങ്ങളോട് പറഞ്ഞില്ലേ... അന്നേദിവസം ഞങ്ങൾ നിങ്ങളുടെ ചുവരുകളിലെഴുതി വച്ചിരുന്നു. അതേ, ഞങ്ങൾ വെറും മണ്ണാങ്കട്ടകളാണ്. പക്ഷേ ഞങ്ങൾക്ക് കരിയിലകൾ കൂട്ടുണ്ട്. കാറ്റത്ത്, ഞങ്ങൾ മണ്ണാങ്കട്ടകൾ കരിയിലകൾക്ക് കൂട്ടിരിക്കും. മഴയത്ത് ഞങ്ങളെ കരിയിലകൾ ചുംബനം കൊണ്ട് മൂടും. ഞങ്ങളുടെ ചുംബനവും കൂട്ടിരിപ്പും കലാപങ്ങളാവുന്ന ദിവസം ഞങ്ങളുടെ പ്രണയം നിങ്ങളുടെ ചങ്ക് പൊള്ളിക്കും....

# വാകയരളികൾ

ഇനി ജനിക്കുമ്പോൾ
നീയൊരു ചുവന്ന വാകയാവണം
ഞാനൊരു മഞ്ഞയരളിയും
കാണാവുന്ന ദൂരത്ത്
വേരുകൾക്ക് ഇണചേരാനാവാത്തവിധം
നമുക്ക് അകലങ്ങളിലായിരിക്കാം
എന്റെ മഞ്ഞ നിന്നെ ഉന്മത്തനാക്കട്ടെ
നിന്റെ ചുവപ്പെന്നെ കാമിനിയും
വസന്തം പ്രണയമാവുന്ന രാവുകളിൽ
കൊഴിഞ്ഞു വീഴുന്ന പൂക്കളാൽ
നമുക്ക് ചുംബിക്കാം
മഞ്ഞയും ചുവപ്പും ഇണചേരുന്ന
സന്ധ്യയിൽ പ്രണയിക്കുന്ന
വാകയരളികൾ



ക്രിസ്റ്റി അന്ന തോമസ
രണ്ടാം വർഷം
എം.എ മലയാളം



# ചുംബനസമരം



നീ കടം തന്ന ചുംബനം
കൊടുത്ത് ഞാനെന്റെയൊരു
പഴയ കടം വീട്ടി.
നീ കടക്കെണിയിലാകുമെന്ന്
നിനക്കവർ ജപ്തി നോട്ടീസയക്കുമെന്ന്
ചുണ്ടുകളിൽ നിന്ന് നിന്നെ കുടിയിറക്കുമെന്ന്
ഞാൻ ഓർത്തതേയില്ല !
അല്ലെങ്കിലും ഒരു നിമിഷത്തേക്കൊന്നു
മരിച്ചു പോകുമ്പോൾ
പഴയതൊക്കെ മറക്കുന്നവരാണല്ലോ നമ്മൾ
പേരുകൾ കൊണ്ട് നക്ഷത്രങ്ങളെയുണ്ടാക്കിയും
നക്ഷത്രങ്ങളെ പേരുകളാക്കിയും
നിന്നോട് കളിച്ച് തോറ്റു തോറ്റു
മരിച്ചുപോയതാണ് ഞാൻ.
തിരിച്ചു ചോദിക്കരുത്. നിന്റെ
ഒടുക്കത്തെ ചുംബനത്തിന്റെ
മണം പോലും
ഇതാണ് എന്റെ ശവപ്പെട്ടി രഹസ്യം
അങ്ങനെ ഒരു ചുംബനം കൊണ്ട്
ഊഞ്ഞാലുകെട്ടി കാണിച്ചുകൊടുക്കണം
'എരപ്പൻമാരെ'





# കല്ലിന്.....

എന്നിലും വലിപ്പമുള്ള  വലിയ ചിറകുകൾ ഉണ്ടെങ്കിലേ,
ഈ കല്ലും കൊണ്ടെനിക്ക് പറന്ന് പൊങ്ങാൻ കഴിയൂ...

ഈ കല്ലിന്റെ പുറത്തിരുന്ന് കാണുന്ന വലിയ
ആകാശം എന്നെ ഭ്രമിപ്പിക്കുന്നു.
എത്ര വേഗത്തിലാണെന്നോ, എത്ര ബലത്തിലാണെന്നോ
ഞാൻ ചിറകിട്ടടിക്കുന്നത് ?
പക്ഷെ എന്റെ ചിറകുകൾ ചെറുതാണ്.
എന്നെത്തന്നെ താങ്ങാനാകുന്നില്ല അതിന്
പിന്നെയീ കല്ല് !!
കല്ലും ആകാശവും രണ്ടുമുപേക്ഷിക്കാനാവുന്നില്ല.
ചുറ്റിനുമുള്ളവർ പൂവിനേയും പുല്ലിനേയും
മറികടന്ന് ആകാശത്തിലേക്ക് പറന്നുയരുന്നത്
എനിക്ക് കാണാം.
വലിയ ചിറകുള്ളവർ.
അല്ലെങ്കിൽ ചെറിയ കല്ലുള്ളവർ.
അതുമല്ലെങ്കിൽ ആകാശം മാത്രമുള്ളവർ
പക്ഷെ, എനിക്കീ കല്ല് കളയാൻ വയ്യ
അവസാനം ചുറ്റിനുമുള്ളവർക്ക്  കെട്ടിപ്പിടിക്കാൻ
ഈ കല്ലില്ലല്ലോ എന്നോർത്ത് സമാധാനിച്ച്
ഞാനാ ചെറിയ ആകാശത്തെ വേണ്ടന്ന് വയ്ക്കും.



ജാനകി. എസ്
മൂന്നാം വർഷ
ഭൗതികശാസ്ത്ര ബിരുദം



## എന്നിലെ പൂക്കൾ

എന്റെ ജീവൻ നഷ്ടപ്പെട്ട
ദിനത്തിന്റെ ഓർമ്മയ്ക്ക്
എന്റെ കല്ലറയിൽ
നിങ്ങൾവച്ച് പോകുന്ന
ജീവനില്ലാത്ത പൂക്കളോട്
എനിക്ക് വെറുപ്പാണ്.
എന്റെ നിലച്ച നിശ്വാസത്തെ
ഓർമ്മിപ്പിക്കാൻ മാത്രം
കൊല ചെയ്യപ്പെട്ട പൂക്കൾ.
എന്നിലെ ജീവനെ
സ്നേഹിച്ച്,
എന്റെ ഹൃദയത്തിൽ
എന്റെ രക്തധമനികളിൽ
വേരുറപ്പിച്ച
ഈ ചെടിയിലെ
പൂക്കളോടാണെനിക്കിഷ്ടം



ഹരിത പവിത്രൻ
രണ്ടാം വർഷ
മന:ശാസ്ത്ര ബിരുദം



## മഴ

ആകാശത്തിന്റെ മൗനം
മഴയായി പെയ്തിറങ്ങിയപ്പോൾ
ഒരു ചെറിയ കുടകൊണ്ട്
ഞാനെന്റെ ചെവി പൊത്തി നിന്നു.



അഞ്ജിത എല്യാസ്
മൂന്നാം വർഷ
സാമ്പത്തികശാസ്ത്ര ബിരുദം

## വട്ട്

എല്ലാവർക്കുമുണ്ട് ഓരോരോ വട്ടുകൾ
അതുകണ്ടെത്തി മോഷ്ടിക്കുകയെന്നതാണ്
എന്റെ വട്ട്.

# വേഷങ്ങൾ

നിന്റെ കഥയിൽ
എന്റെ കഥാപാത്രം ഏതാണ് ?
ആർത്തഭിനയിച്ച്
അവസാനിപ്പിക്കേണ്ട വേഷം
പാതിയിൽ വന്നുപോകുന്ന
ചെറിയ വേഷമെങ്കിലും
നിറയെ വർത്തമാനങ്ങൾ
ഉണ്ടല്ലോ......നല്ലത്.
കഥ മുന്നോട്ട് പോകട്ടെ
കർട്ടനിടും വരെ
കണ്ണടഞ്ഞില്ലെങ്കിൽ
കാണിയായ് നിന്ന്
കണ്ടുകൊള്ളാം.
നിനക്കൊപ്പം തന്നെ
ഞാനുമാടുന്നുണ്ട്
മറ്റൊരു കഥ
അതിലെ നിന്റെ വേഷം
നീണ്ടതാണ്
നീ ആടി തിമിർക്കണം.
നിറയെ വർത്തമാനങ്ങളുണ്ട്
ഭൂതവും ഭാവിയും നീ തന്നെ
എന്റെ വേദിയിൽനിന്ന്
നീ ഇറങ്ങുമ്പോൾ
കർട്ടൻ ഇടുമെന്ന് മാത്രം
ആദ്യാവസാനം നീ തന്നെ.



സൂര്യ സണ്ണി
രണ്ടാം വർഷ
ഇംഗ്ലീഷ് ബിരുദം



# എന്റെ പ്രണയത്തെപ്പറ്റി....

വെയിൽ തിന്നു മരിച്ച
മലമുഴക്കികളെക്കുറിച്ചോ
ജെ.സി.ബി കൾ തുരന്നുകൊന്ന
കുന്നുകളെക്കുറിച്ചോ
വളർന്നു കൊണ്ടിരിക്കുന്ന
കോൺക്രീറ്റ് കാടുകളെക്കുറിച്ചോ
കോടതി മുറിയിൽ
വീണ്ടും തുണിയുരിയപ്പെടുന്ന
പാതി ജീവനുള്ള ജഡങ്ങളെപ്പറ്റിയോ
അമ്പലങ്ങളുടെ പുറംമതിൽച്ചുവട്ടിൽ
ഇപ്പൊവരാം എന്നു പറഞ്ഞുപോയ ഉറ്റവരെ,
ഇനി വരില്ലെന്നറിഞ്ഞിട്ടും
കാത്തിരിക്കുന്ന
നരച്ച സ്നേഹത്തെക്കുറിച്ചോ
എഴുതാൻ എനിക്ക് ശക്തിയില്ലാതെപോയി
കാരണം
ഇതെല്ലാം പൊള്ളലുകളാണ്
സ്വയം കുത്തിനോവിക്കലാണ്
അതിലുമുപരി
ഞാൻ മനുഷ്യനാണ്
സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്നവൾ.
ഞാൻ,
ഇനി ഒരിക്കലും വാക്കുകളെ പ്രസവിക്കാത്ത
അവന്റെ മൗനത്തെപ്പറ്റി
ഫോസിലുകൾ അവശേഷിപ്പിക്കാതെ
മൺമറഞ്ഞ എന്റെ പ്രണയത്തെപ്പറ്റി എഴുതട്ടെ.
ഇക്കൂട്ടത്തിൽ അതാണ് ഏറ്റവുമെളുപ്പം !!!



നീനു രാജീവ്
രണ്ടാം വർഷ
മലയാള ബിരുദാനന്തര ബിരുദം



ıll 4G

https://www.kariyila.co.in

Business | Downloads | Parent Category | Featured | Health

# कोई न करता मुझ पर विश्वास




सैबिन वर्गीस
II BSc
भौतिक-शास्त्र विभाग


कोई न करता मुझ पर विश्वास
पास हैं ढेरों अनुभव
गरीबी के, संपन्नता के
विजय का, पराजय का...।
लेकिन सारे तजुर्बे यही कहते हैं-
कोई न करता मुझ पर विश्वास!

न फरक लगे मुझे, जब लोग
सामने से इल्जाम लगाते हैं
फरक पड़ता है, जब लोग
पीठ-पीछे निंदा करते हैं।
जानता हूँ मैं वजह
'गरीब' हूँ मैं...इसलिए
कोई करता नहीं मुझ पर विश्वास।

अनदेखा करते हैं-
'आवाज़' गरीबों की।
गौर फरमाते हैं-
अमीरों की 'कथनी' पर।
ऐसी है यह दुनिया
कोई न करता मुझ पर विश्वास।

करते हैं हम अनुकरण
'दूर' की घटनाओं की
'पास' की नहीं करते कभी।
अमीरों पर रहता है विश्वास
गरीब पर नहीं...।
कोई न करता मुझ पर विश्वास!

चाहता हूँ मैं
हट जाए यह
अमीर-गरीब का फरक।
चाहता हूँ मैं
मिट जाए यह घिनौना भेद।
चाहता हूँ मैं सब एक समान हो जाय
लेकिन...
कोई न करता मुझ पर विश्वास... -एक अंजाना अवसाद।

കുസൃതിയോടെ അവളെന്റെ
കയ്യിലേക്ക് വച്ചു തന്ന
മഞ്ചാടിമണികളിൽ ഞാൻ കണ്ടത്
എന്റെ കണ്ണുകളായിരുന്നു.
ഞാനതിലേക്ക് സൂക്ഷിച്ചു
നോക്കിയപ്പോഴേക്കും
അവൾ തിരിഞ്ഞു നടന്നിരുന്നു
കാരണം എന്താണെന്ന്
എനിക്കറിയില്ല
നിറം മങ്ങാത്ത ആ
ചുവപ്പാണ് ഇന്നും എന്റെ സമ്പാദ്യം
ആ മഞ്ചാടി മണി തുറന്നാൽ
ഒരു പക്ഷേ അവളുടെ ജീവിതത്തിലേ
ക്കായിരിക്കും എത്തുക.
വേണ്ട, അവൾ പറയാൻ കൊതിച്ച സത്യം അറിയാതിരിക്കട്ടെ
ഞാനും ലോകവും...



കല്ല്യാണി
രണ്ടാം വർഷ
മന:ശാസ്ത്ര ബിരുദം

ജലദോഷമാണ്
ലോകത്തേക്കും വച്ച്
ഏറ്റവും വലിയ അസുഖം !
നീ ബാക്കിവച്ച ഗന്ധങ്ങളെന്നല്ല
ജീവശ്വാസം പോലും കിട്ടുന്നില്ല!

നിന്നോടുള്ള ഇഷ്ടം
പല്ലിവാൽ പോലെ
പലപ്പോഴും മുറിച്ചെറിഞ്ഞിട്ടും
വീണ്ടും മുളയ്ക്കുന്നുണ്ട്.



പ്രശാന്ത്.പി.പി
മൂന്നാം വർഷ
മനശാസ്ത്രബിരുദം


A2Z
ENGLISH ALUVA
SPOKEN ENGLISH
IELTS | PTE
HAAD / DHA / MOH / PROMETRIC / RN
Handwriting
IInd Floor, Pariyarath Building, Bypass Jn, Bridge Road, Aluva
Ph: 8111 89 89 99 , 8281 86 89 99


CIVIL SERVICE
COACHING
REGULAR / ORIENTATION / SUNDAY BATCHES
OVERSEAS
EDUCATION
SERVICES
• CANADA
• AUSTRALIA
• NEW ZEALAND
• EUROPE
BRITISH COUNCIL IELTS
BANK / PSC / SSC / UGC NET COACHING
NAIPUNNYA INTERNATIONAL
Recruitment & Overseas Education Partner
By the Catholic Archdiocese of Ernakulam-Angamaly
ERNAKULAM: 0484-2381948 / 49
ANGAMALY: 9544 9191 55
THRIKKAKARA: 9544 919133

# ലെയ്റ്റ് സ്ലിപ്പ്

Business | Downloads | Parent Category | Featured | Health

ഫാറൂഖ് കോളേജിൽ സംഭവിച്ചത് യു.സി.കോളേജിലും സംഭവിച്ചു. ആണും പെണ്ണും ഒരുമിച്ചിരുന്നാൽ അശുദ്ധമാവുന്ന ഇടങ്ങളായി, ഈ ക്യാംപസുകൾ മാറി. കേരളത്തിലെ ക്യാംപസുകളിലുടനീളം ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നു (സംഭവിച്ചുകൊണ്ടിരിക്കുന്നതൊന്നും അത്ര നല്ലതിനല്ലെന്ന് ചുരുക്കം) ബിബിസിയിൽ നിന്നും വേർപെടുത്തിയപ്പോൾ അവർ അവരുടെ അനിശ്ചിതത്വങ്ങളുടെ ഇടമായ എൻ.ആറിന്റെ പടികയറി. അപ്പോൾ അവർ ആലോചിച്ചിരുന്നത്രയും ആശങ്കകളെക്കുറിച്ചായിരുന്നു, അവരുടെ തീപിടിച്ച ഹൃദയങ്ങളെ അസ്വസ്ഥമാക്കിയിരുന്ന ക്യാംപസിലെ പഴയ ബെല്ലിനെക്കുറിച്ച്, പഴയ അറ്റന്റൻസ് രജിസ്റ്ററിനെക്കുറിച്ച്, രജിസ്റ്ററെടുക്കാൻ ക്ലാസിലെത്തുന്ന പഴയ ചേച്ചിമാരെക്കുറിച്ച്, മുറിച്ചു മാറ്റിയ പഴയ മരങ്ങളെക്കുറിച്ച് ആണും പെണ്ണും ഒരുമിച്ചിരുന്നാൽ അശുദ്ധമാവുന്ന പുതിയ ക്യാംപസിനെക്കുറിച്ച് പിന്നെ ചുരുട്ടിപ്പിടിച്ച ലെയ്റ്റ് സ്ലിപ്പുമായി ക്ലാസിലേക്കോടിക്കയറുമ്പോൾ ടീച്ചർ പറയാനിടയുള്ള പുതിയ വാചകത്തെക്കുറിച്ച്

"ഇന്ന് മുതൽ ലെയ്റ്റ് സ്ലിപ്പില്ലാട്ടോ."



# സ്വയംഭരണ ക്യാമ്പസുകളും മാനേജ്മെന്റ് സർവ്വാധിപത്യവും

കണ്ണൻ കെ രണ്ടാംവർഷ സാമ്പത്തിക ശാസ്ത്ര ബിരുദം



ഉന്നതവിദ്യാഭ്യാസ മേഖലയിൽ കോളേജുകൾക്ക് സ്വയംഭരണം എന്ന ആശയം ഇന്ത്യയിൽ ആദ്യമായി മുന്നോട്ടുവെക്കുന്നത് കോത്താരി കമ്മീഷൻ റിപ്പോർട്ടിലാണ് (1964 - 66). ഏറെക്കാലമായി ഇന്ത്യയിൽ കോളേജുകൾക്ക് സ്വയംഭരണം നൽകിവരുന്നുണ്ടെങ്കിലും കേരള സർക്കാർ ഓട്ടോണമിക്ക് NOC നൽകുന്നത് അടുത്തനാളുകളിലാണ്. കേരളത്തിൽ സ്വയംഭരണ കോളേജുകൾ അനുവദിക്കണമോ എന്ന് പഠിക്കാൻ നിയോഗിക്കപ്പെട്ട എൻ. ആർ. മാധവമേനോൻ അദ്ധ്യക്ഷനായ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം.

കോളേജുകൾക്ക് അക്കാദമിക സ്വയംഭരണം നൽകി ഉന്നത വിദ്യാഭ്യാസ രംഗത്തെ ചുവപ്പുനാടകൾ ഒഴിവാക്കി, സിലബസ് നവീകരണവും വേഗത്തിലുള്ള ഫലപ്രഖ്യാപനവും ഉറപ്പാക്കി പഠനനിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഓട്ടോണമിയുടെ പ്രഖ്യാപിത ലക്ഷ്യം. ഈ ലക്ഷ്യം നേടാനെന്ന വ്യാജേന കോളേജ് മാനേജ്മെന്റുകൾക്ക് അനിയന്ത്രിതമായ സ്വാതന്ത്ര്യങ്ങൾ കൊടുക്കുകയാണ് സർക്കാർ ചെയ്യുന്നത്. ഇതിലൂടെ ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ പടിപടിയായുള്ള സ്വകാര്യവൽക്കരണമാണ് ലക്ഷ്യം വെക്കുന്നത്. പരീക്ഷയുടെ ഫലങ്ങൾ വേഗം പുറത്തുവരും എന്നതിലുപരി ഒരു മികവും സ്വയംഭരണത്തിനുള്ളതായി കാണാൻ കഴിയുന്നില്ല. എന്നാൽ വിദ്യാർത്ഥികൾക്ക് ആശങ്ക നൽകുന്ന പല പ്രശ്നങ്ങളും സ്വയംഭരണത്തിനുണ്ട് എന്നത് വസ്തുതയാണ്.

കോളേജുകൾക്ക് സ്വയംഭരണം നൽകുക വഴി സർക്കാർ ലക്ഷ്യം വെക്കുന്നത് വിദ്യാഭ്യാസനിലവാരം ഉയർത്തലല്ല മറിച്ച് വിദ്യാഭ്യാസരംഗത്തുള്ള ചെലവു ചുരുക്കലാണ്. സ്വയംഭരണം നൽകുന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ പഠിക്കാൻ ആദ്യം നിയോഗിക്കപ്പെട്ട ജെ.എ.കെ. തരീൻ അദ്ധ്യക്ഷനായ കമ്മിററി ഓട്ടോണമസ് കോളേജുകളല്ല മറിച്ച് ജില്ലാതല മൾട്ടിപ്പിൾ കാമ്പസ് സർവകലാശാലകൾ തുടങ്ങാനാണ് ശുപാർശ ചെയ്തത്. ഈ റിപ്പോർട്ട് തള്ളി N.R. Madhava Menon കമ്മററിയെ നിയമിച്ച് അവർ സമർപ്പിച്ച ഹ്രസ്വമായ റിപ്പോർട്ടാണ് സർക്കാർ സ്വീകരിച്ചത്. സ്വയംഭരണം നൽകൽ ഒരു വിദ്യാഭ്യാസനയത്തിലുപരി ഒരു സാമ്പത്തിക നയത്തിന്റെ ഭാഗമാണ് എന്നതിന് തെളിവാണിത്.

**സ്വയംഭരണം എന്ന പരീക്ഷണം**



**പൗലോ ഫ്രയർ**

വിദ്യാഭ്യാസം വിമോചനാത്മകമാവണം എന്നാഗ്രഹിക്കുന്ന കാലത്തോളം ഞങ്ങൾ "പൗലോ ഫ്രയറിനെ" ഓർമ്മിച്ചുകൊണ്ടിരിക്കും



വിദ്യാഭ്യാസത്തെ ഉൽപ്പന്ന വൽകരിക്കാനുള്ള ചിലിയൻ ഭരണകൂടത്തിന്റെ നീക്കത്തിനെതിരെ സ്വന്തം ജീവൻ കൊടുത്തും പ്രതിഷേധിക്കും എന്ന് പ്രഖ്യാപിച്ച "കാമില്ല വല്ലേജോ"



# സ്വയംഭരണ ക്യാമ്പസുകളും മാനേജ്മെന്റ് സർവ്വാധിപത്യവും

കണ്ണൻ കെ രണ്ടാംവർഷ സാമ്പത്തിക ശാസ്ത്ര ബിരുദം



മാധവമേനോൻ കമ്മിറ്റി റിപ്പോർട്ട് പറയുന്നത് കേരളത്തിൽ സ്വയംഭരണപദവി ആദ്യഘട്ടത്തിൽ ഒരു ഡസൻ കോളേജുകൾക്കേ നൽകാവൂ എന്നാണ്. ഈ കോളേജുകളുടെ പ്രവർത്തനവും നടത്തിപ്പും നിരീക്ഷിച്ചതിനുശേഷമേ സ്വയംഭരണവുമായി മുന്നോട്ട് പോകാവൂ എന്നിരിക്കെ യുസിയെ ഒരു പരീക്ഷണത്തിന് വിട്ടുകൊടുക്കണമോ? സ്വയംഭരണം ലഭിച്ചതിലൂടെ ഈ കോളേജുകൾ അക്കാദമികമായ എന്തെല്ലാം നേട്ടങ്ങളുണ്ടാക്കി എന്ന് പഠിച്ചതിന് ശേഷം മാത്രമേ ഇത്തരമൊരു നീക്കം നടത്താവൂ. ഇതിന് കാത്തുനിൽക്കാതെ എത്രയും പെട്ടെന്ന് സ്വയംഭരണം നേടിയെടുക്കണം എന്ന് ശഠിക്കുന്ന മാനേജ്മെന്റിന്റെ ഉദ്ദേശശുദ്ധിയെ സംശയിക്കാതെ തരമില്ല.

## സ്വയംഭരണ കോളേജുകൾക്കുള്ള അധിക സാമ്പത്തിക ബാദ്ധ്യത

സ്വയംഭരണാവകാശത്തിന് കോളേജുകൾ സമർപ്പിക്കുന്ന അപേക്ഷക്കൊപ്പം സ്വയംഭരണം ലഭിക്കുമ്പോൾ ഉണ്ടാകുന്ന എല്ലാവിധ സാമ്പത്തിക ബാദ്ധ്യതകളും കോളേജ് ഏറ്റെടുക്കാൻ തയ്യാറാണ് എന്ന് പ്രിൻസിപ്പലും മാനേജരും സാക്ഷ്യപ്പെടുത്തണം എന്നൊരു വ്യവസ്ഥയുണ്ട്. അതായത് സ്വയംഭരണാവകാശം നൽകി കോളേജുകളെ 'വളർത്താൻ' തിടുക്കം കാണിക്കുന്ന സർക്കാർ ഈ കോളേജുകളെ സാമ്പത്തികമായി സഹായിക്കാൻ തയ്യാറല്ല. സർവ്വകലാശാലകൾ സ്വയംഭരണാവകാശമുള്ള സ്ഥാപനങ്ങളാണ് എന്ന ന്യായത്തിൽ എം.ജി. യൂണിവേഴ്സിറ്റിക്ക് ഫണ്ട് നിഷേധിക്കാൻ കോടതികയറിയ സർക്കാരിൽ നിന്ന് ഭാവിയിൽ ഫണ്ടുകൾ പ്രതീക്ഷിക്കാനുമാവില്ല. 'ഓട്ടോണമസ് സ്ഥാപനമായ യൂണിവേഴ്സിറ്റി സ്വന്തമായി വരുമാന സ്രോതസ്സുകൾ കണ്ടെത്തണം' എന്ന് ഹൈക്കോടതിയിൽ സമർപ്പിച്ച സംസ്ഥാന സർക്കാർ സ്വയംഭരണകോളേജുകളുടെ കാര്യത്തിലും മറ്റൊരു നിലപാട് സ്വീകരിക്കാനിടയില്ല. സ്വയംഭരണത്തിലൂടെ ഉണ്ടാക്കിവെക്കുന്ന അധിക സാമ്പത്തിക ബാധ്യതകളെല്ലാം വിദ്യാർത്ഥികളും അദ്ധ്യാപകരും പേറേണ്ടിവരും എന്നതിൽ സംശയമില്ല.

ഇതെല്ലാം അറിഞ്ഞിട്ടും മാനേജ്മെന്റുകൾ സ്വയംഭരണത്തിന് ശ്രമിക്കുന്നത് വിദ്യാർത്ഥികളെ ചൂഷണം ചെയ്ത് സർക്കാർ ഫണ്ടിലെ കുറവുകൾ നികത്തുക മാത്രമല്ല ഇപ്പോഴുള്ളതിനേക്കാൾ വലിയ വരുമാനം സൃഷ്ടിക്കുകയും ചെയ്യാമെന്ന കണക്കുകൂട്ടലിലാണ്. യു.സി. കോളേജിൽ നിന്ന് ഒരു വിദ്യാർത്ഥി കോഴ്സ് പൂർത്തിയാക്കി ഇറങ്ങുമ്പോൾ മാനേജ്മെന്റിന് 15,000 രൂപയുടെ നഷ്ടമുണ്ടാകുന്നുണ്ട് എന്നാണ് മാനേജ്മെന്റ് ഭാഷ്യം. ഇപ്പോൾ തന്നെ ഇത്ര നഷ്ടത്തിലോടുന്ന ഒരു കോളേജ് കൂടുതൽ സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കിവെയ്ക്കുന്ന ഒരു ഉദ്യമത്തിന് ഇറങ്ങിത്തിരിക്കുന്നത് എങ്ങനെ ന്യായീകരിക്കാനാവും?

യു.സിക്ക് സ്വയംഭരണം ലഭിക്കുകയാണെങ്കിൽ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതകളെല്ലാം 'സ്വാഭാവികമായും' വിദ്യാർത്ഥികൾ പേറേണ്ടിവരും എന്ന് കോളേജ് മാനേജ്മെന്റ് ഇറക്കിയ പ്രസ്താവനയിൽ ഒരു മറയും കൂടാതെ വ്യക്തമാക്കുന്നുണ്ട്.

"We are well aware ................. burden to students". വിദ്യാർത്ഥിസമൂഹം ഒറ്റക്കെട്ടായി എതിർക്കുന്ന, മാനേജ്മെന്റിനുമാത്രം ആനുകൂല്യങ്ങൾ നൽകുന്ന ഈ ഉദ്യമത്തിന്റെ ചിലവ് വിദ്യാർത്ഥികൾക്ക് മേൽ അടിച്ചേൽപ്പിക്കുന്നത് എങ്ങനെ ന്യായീകരിക്കാനാവും?

ഫീസിലെ വൻവർദ്ധന

സ്വയംഭരണകോളേജുകൾ പരീക്ഷനടത്തിപ്പും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും സ്വന്തം നിലക്കാണ് നടത്തേണ്ടത്. ഇതിനായി സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം



# സ്വയംഭരണ ക്യാമ്പസുകളും മാനേജ്മെന്റ് സർവ്വാധിപത്യവും

കണ്ണൻ കെ രണ്ടാംവർഷ സാമ്പത്തിക ശാസ്ത്ര ബിരുദം



ഒന്നും തന്നെ ഉണ്ടാവില്ല. ഒരു കോളേജിലെ മുഴുവൻ വിദ്യാർത്ഥികൾ ക്കുമുള്ള ഉത്തരമെഴുതാനുള്ള ബുക്ക്ലെറ്റ്, ചോദ്യകടലാസ് തുടങ്ങി മൂല്യനിർണ്ണയ ക്യാമ്പ്, റിസൽറ്റ് പബ്ലിക്കേഷൻ, മാർക്ക്ലിസ്റ്റ് അടിക്കൽ വരെയുള്ള സകലമാന ചിലവുകളും കോളേജ് തന്നെ വഹിക്കേണ്ടതായി വരും. യൂണിവേഴ്സിററികളുടെ കണക്ക് അനുസരിച്ച് ഒരു വിദ്യാർത്ഥിയുടെ പരീക്ഷ പൂർത്തിയാക്കാൻ (കോഴ്സിന്റെ ദൈർഘ്യവും പരീക്ഷകളുടെ എണ്ണവും അനുസരിച്ച്) 20,000 - 42,000 രൂപ വരെ ചെലവുണ്ട്. ഇത് പരീക്ഷ ഫീസിലെ വൻവർദ്ധനവിൽ കലാശിക്കും.



യു.സി. കോളേജിൽ പഠിക്കുന്ന 1600 ഓളം വരുന്ന വിദ്യാർത്ഥികളുടെ വിവിധ പരീക്ഷകൾ നടത്താനും മൂല്യനിർണ്ണയം നടത്തി ഫല പ്രഖ്യാപനം നടത്താനുമുള്ള ചെലവ് വളരെ വലുതായിരിക്കും.

ഈ ചെലവുകളും വിദ്യാർത്ഥികളുടെ ചുമലിലേക്ക് മാററുമ്പോൾ യു.സി. യിലെ ബഹുഭൂരിപക്ഷം വരുന്ന ഇടത്തരം, നിർധന കുടുംബങ്ങളിലെയും വിദ്യാർത്ഥികൾക്ക് അത് താങ്ങാനാവാതെ വരും. ഇത് ഭാവിയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് യു.സിയെ അപ്രാപ്യമാക്കും. തൃശ്ശൂർ സെന്റ് തോമസ് കോളേജ് ഓട്ടോണമസ് ആയശേഷം യൂണിവേഴ്സിററി എക്സാം ഫീസ് ഉയർത്തിയതും വൈകിയാൽ ഫൈൻ രൂപത്തിൽ 1000 രൂപ പിരിക്കുന്നതും ഇതിനോട് ചേർത്ത് വായിക്കാം.

### സ്വാശ്രയ കോഴ്സുകളുടെ തള്ളിക്കയററം

സ്വയംഭരണ കോളേജുകൾ ആരംഭിക്കുന്ന പുതിയ കോഴ്സുകളെല്ലാം സ്വാശ്രയകോഴ്സുകൾ ആയിരിക്കണം. വിദ്യാഭ്യാസത്തെ കച്ചവടച്ചരക്കായും ലാഭമുണ്ടാക്കാനുള്ള ഉപാധിയായും കാണുന്ന സ്വാശ്രയ സമ്പ്രദായം ദരിദ്രനെ വിദ്യാഭ്യാസത്തിൽ നിന്ന് അകററുവാൻ മാത്രമാണ് ഉപകരിച്ചിട്ടുള്ളത്. ഇന്ത്യയിൽ മൊത്തത്തിലും കേരളത്തിൽ പ്രത്യേകിച്ചും വിദ്യാഭ്യാസം പണമുള്ളവർക്ക് മാത്രം നേടാൻ കഴിയുന്ന ഒന്നായി ഒതുങ്ങുന്നതിൽ സ്വാശ്രയ കോഴ്സുകൾ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. സ്വയംഭരണകോളേജുകളിൽ നിന്ന് സാധാരണക്കാരൻ വലിയ തോതിൽ പാലായനം ചെയ്യേണ്ടതായി വരും.

യു.സി.യിൽ നിലവിൽ 4 ഡിഗ്രി കോഴ്സുകളും 2 പി.ജി കോഴ്സുകളും സ്വാശ്രയ ഫീസ് ഘടനയിലുള്ളവയാണ്. 16,000 രൂപ സെമസ്റ്റർ ഫീസ് നൽകുന്ന E&CM കോഴ്സിലെ വിദ്യാർത്ഥികൾ ഫീസടക്കേണ്ട ദിവസമാകുമ്പോൾ നെട്ടോട്ടമോടുന്നത് സെമസ്റ്റർ തോറുമുള്ള കാഴ്ചയാണ്. ബികോമിലെയും ബി.ടി & എസ്.പി. കോഴ്സിലെയും അവസ്ഥ മറിച്ചല്ല. 35,000 - ലധികം രൂപയാണ് പി.ജി. കോഴ്സുകളായ Bio-informatics -നും Bio-technology ക്കും അടക്കേണ്ടത്. യു.സിയിൽ ഇനി ഇത്തരം കോഴ്സുകൾ മാത്രം തുടങ്ങുന്ന അവസ്ഥ വന്നാൽ സാധാരണക്കാരന് യു.സി.യും അന്യമാവും.

"In the absence of ........................ self sustainable model" എന്നു പറയുന്ന മാനേജ്മെന്റ് സ്റ്റേററ്മെന്റ് ഈ വാദത്തെ സാധൂകരിക്കുന്നു.



# സ്വയംഭരണ ക്യാമ്പസുകളും മാനേജ്മെന്റ് സർവ്വാധിപത്യവും

കണ്ണൻ കെ രണ്ടാംവർഷ സാമ്പത്തിക ശാസ്ത്ര ബിരുദം



### സ്വയംഭരണവും അക്കാദമിക് മികവും തമ്മിലെന്ത് ബന്ധം?

സ്വയംഭരണാവകാശം ലഭിച്ചതുകൊണ്ട് ഒരു കോളേജും അക്കാദമിക മികവ് നേടിയിട്ടില്ല എന്നുമാത്രമല്ല, സ്വയംഭരണം ഇല്ലാത്തതുകൊണ്ട് ഒരു കോളേജിനും മികവ് നഷ്ടമായിട്ടുമില്ല. ഇത് വ്യക്തമാക്കാൻ രണ്ട് ഉദാഹരണങ്ങൾ പരാമർശിക്കാം.

ഒന്ന്, തമിഴ്നാട്ടിലെ മദ്രാസ് ക്രിസ്ത്യൻ കോളേജ്, ലയോള കോളേജ് അടക്കമുള്ള സ്വയംഭരണ കോളേജുകളുടെ അവസ്ഥ. സ്വയംഭരണാവകാശം ലഭിക്കുന്നതിന് മുൻപ് അക്കാദമിക നിലവാരത്തിന് ദേശീയതലത്തിൽ പ്രശസ്തിയാർജ്ജിച്ച സ്ഥാപനങ്ങളായിരുന്നു ഇവ രണ്ടും. ഇന്ന് ഈ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പോലും അഡ്മിഷൻ മാർക്കിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെയും റെക്കമെന്റേഷന്റെയും പണത്തിന്റെയും അടിസ്ഥാനത്തിലാണ്. സ്വയംഭരണം അക്കാദമിക മികവല്ല, മറിച്ച് കോളേജുകൾക്ക് അന്യായമായി ധനസമാഹരണം നടത്താനുള്ള വഴികളാണ് തുറന്നുകൊടുക്കുന്നത്.

രണ്ട്, ഡൽഹിയൂണിവേഴ്സിറ്റിക്ക് കീഴിലുള്ള St. Stephens College, ശ്രീറാം കോളേജ്, ലേഡി ശ്രീറാം കോളേജ്, ഹിന്ദു കോളേജ് എന്നിവയുടെ സ്വയംഭരണത്തെ ക്കുറിച്ചുള്ള നിലപാട്. അക്കാദമിക നിലവാരത്തിന് വിശ്വപ്രസിദ്ധിയാർജ്ജിച്ച ഈ കോളേജുകൾ മികവ് അളക്കുന്ന ദേശീയ തലത്തിലെ എല്ലാ പഠനങ്ങളിലും ആദ്യ സ്ഥാനങ്ങളിലാണ്. ഈ കോളേജുകൾ സ്വയംഭരണാവകാശത്തിന് അപേക്ഷ പോലും സമർപ്പിക്കാത്തവയാണ്. കേരളത്തിലെ മികച്ച കോളേജുകളുടെ ഗണത്തിൽ ആദ്യസ്ഥാനങ്ങളിൽ എന്നും നിലയുറപ്പിച്ചിട്ടുള്ള യു സി. കോളേജ് ഈ മാതൃകയാണ് സ്വീകരിക്കേണ്ടത്.

ഇന്ത്യയിലെ 35,000-ത്തിലധികം വരുന്ന കോളേജുകളിൽ 500-നടുത്ത് സ്ഥാപനങ്ങൾക്ക് മാത്രമാണ് സ്വയംഭരണാവകാശങ്ങൾ ഉള്ളത്. ഇതിൽ സിംഹഭാഗവും വിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരണത്തിന് പേരുകേട്ട തമിഴ്നാട്, കർണാടക ആന്ധ്ര- തെലങ്കാന സംസ്ഥാനങ്ങളിലാണ്. ഈ സംസ്ഥാനങ്ങളിലേതിന് സമാനമായി കേരളത്തിലും കോളേജുകളിലേക്കുള്ള പ്രവേശനം മെറിറ്റ് ക്വാട്ട അട്ടിമറിച്ച് ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലായാൽ അത് കേരള സമൂഹത്തെ മുഴുവൻ ബാധിക്കുന്ന പ്രതിസന്ധിയായി മാറും. വർഗ്ഗീയതയും ജാതീയതയും വിദ്യാഭ്യാസരംഗം കീഴടക്കാത്ത ചുരുക്കം ചില സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഈ അവസരം നിലനിർത്തുക അനിവാര്യമാണ്.

### മാർക്കിന്റെയും സർട്ടിഫിക്കറ്റിന്റെയും മൂല്യം

സ്വയംഭരണത്തിന്റെ ഏക ആനുകൂല്യം പരീക്ഷാഫലം വേഗം പ്രസിദ്ധീകരി ക്കുന്നു എന്നതാണ്. എന്നാൽ, ഓട്ടോണമസ് കോളേജുകളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റിനും മാർക്കിനും ആ സ്ഥാപനത്തിന് പുറത്ത് മൂല്യമുണ്ടാവില്ല എന്ന മറുവശവുമുണ്ട്. ഇന്റേണൽ ഇവാല്യുവേഷൻ വഴി നേടിയ മാർക്കുകൾ മുഖവിലക്കെടുക്കാൻ മററ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിസമ്മതിക്കുന്നു എന്നത് വസ്തുതയാണ്.

കോളേജുകൾക്ക് ഓട്ടോണമി നൽകുന്നത് സംബന്ധിച്ച് NIEPA (National Institute of Educational Planning and Administration) നടത്തിയ ദേശീയതല ചർച്ചയിൽ സ്വയംഭരണാവകാശമുള്ള കോളേജുകളുടെ പ്രിൻസിപ്പൽമാർ ബോധിപ്പിച്ച പരാതി ശ്രദ്ധേയമാണ്. തങ്ങളുടെ കോളേജിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളുടെ മാർക്കിന്റെ വിശ്വാസ്യത മററ് സ്ഥാപനങ്ങൾ ചോദ്യം ചെയ്യുന്നു എന്നും, നേടിയ മാർക്കിന്റെ 10% കുറച്ചാണ് ഓട്ടോണമസ് കോളേജ് വിദ്യാർത്ഥികളെ അവരുടെ കോഴ്സുകളിലേക്കുള്ള അഡ്മിഷന് പരിഗണിക്കുന്നത് എന്നുമാണിത്. ഇത്തരം ഒരവസ്ഥ ഈ



# സ്വയംഭരണ ക്യാമ്പസുകളും മാനേജ്മെന്റ് സർവ്വാധിപത്യവും

കണ്ണൻ കെ രണ്ടാംവർഷ സാമ്പത്തിക ശാസ്ത്ര ബിരുദം



നാട്ടിലെ വിദ്യാർത്ഥികൾക്ക് ഉണ്ടാവുന്നത് ആശാവഹമല്ല. യു.സി.കോളേജിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥിക്ക് ബിരുദാനന്തരബിരുദ പ്രവേശനത്തിന് മറ്റൊരു സ്ഥാപനത്തിൽ ഈ പ്രതിസന്ധി നേരിടേണ്ടിവരുന്നത് അംഗീകരിക്കാനാവില്ല.

### വിദ്യാർത്ഥി സ്വാതന്ത്ര്യം

കോളേജ് മാനേജ്മെന്റിന് സ്വയംഭരണം നൽകുമ്പോൾ ഉണ്ടാവുന്ന മറ്റൊരു ഗുരുതരമായ പ്രശ്നം വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യം നേരിടുന്ന വെല്ലുവിളിയാണ്. അവകാശലംഘനങ്ങൾ നടക്കുമ്പോഴും മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് വിദ്യാർത്ഥികൾക്ക് സ്വീകാര്യമല്ലാത്ത നീക്കങ്ങൾ ഉണ്ടാകുമ്പോഴും പ്രതിഷേധിക്കാൻ ഇന്ന് സ്വാതന്ത്ര്യമുണ്ട്. എന്നാൽ പരീക്ഷയുടെ മൂല്യനിർണ്ണയം പൂർണ്ണമായും കോളേജിന് അകത്താക്കുമ്പോൾ മാനേജ്മെന്റിന്റെ അപ്രീതി മാർക്കിൽ പ്രതിഫലിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. പ്രതിഷേധിക്കുന്ന വിദ്യാർത്ഥികളുടെ ഭാവി ഇല്ലാതാക്കാൻ കഴിയുന്നത്ര അധികാരമാണ് സ്വയംഭരണത്തിലൂടെ മാനേജ്മെന്റിന് ലഭിക്കുന്നത്.

### സ്വയംഭരണം സംബന്ധിച്ച പഠനങ്ങൾ

സ്വയംഭരണത്തിനെതിരെയുള്ള വാദഗതികൾക്ക് ഊർജ്ജം പകരുന്നതാണ് കൊടൈക്കനാൽ ക്രിസ്ത്യൻ കോളേജിന്റെ മുൻ പ്രിൻസിപ്പൽ ഫ്രാൻസിസ് സുന്ദരരാജൻ എഴുതിയ 'ഓട്ടോണമസ് കോളേജസ് ഇൻ ഇന്ത്യ - സക്സസ് & ഫെയിലർ' എന്ന പുസ്തകത്തിലെ കണ്ടെത്തലുകൾ.

1. കരിക്കുലം സ്വയം പരിഷ്കരിക്കാം എന്ന ആവേശമാണ് കോളേജുകളെ സ്വയംഭരണപദവി നേടാൻ പ്രധാനമായും പ്രേരിപ്പിക്കുന്നത്. എന്നാൽ കരിക്കുലം പുതുക്കലിന്റെ പുതുമ നഷ്ടമാകുമ്പോൾ കോളേജുകൾക്ക് തന്നെ ഈ സംവിധാനത്തോട് വിരക്തി അനുഭവപ്പെടുന്നു.

2. പല കോളേജുകളിലും ധാർമ്മികതയില്ല. കൈവന്ന അധികാരം ഉപയോഗിച്ച് അധ്യാപകരെയും വിദ്യാർത്ഥികളെയും ക്രൂശിക്കുന്നു എന്നതിന് അനേകം തെളിവുകൾ ലഭ്യമാണ്.

ഇന്ത്യയിൽ 18 വർഷമായി നടപ്പാക്കുന്ന സ്വയംഭരണ സംവിധാനംകൊണ്ട് എന്തെങ്കിലും നേട്ടമുണ്ടായതായി ചൂണ്ടിക്കാണിക്കാൻ കഴിയുന്നില്ലെന്നും പുസ്തകം വ്യക്തമാക്കുന്നു.




സ്വയംഭരണ സമ്പ്രദായത്തെ ഡൽഹി യൂണിവേഴ്സിറ്റിയുടെ അക്കാദമിക് കൗൺസിലിലും എക്സിക്യൂട്ടീവ് കൗൺസിലിലും വർഷങ്ങളോളം അംഗമായിരുന്ന ഡോ. വിജേന്ദർ ശർമ്മ 'ക്രൈസിസ് ഓഫ് ഹയർഎഡ്യുക്കേഷൻ ഇൻ ഇന്ത്യ'-യിൽ വിലയിരുത്തുന്നത് ഉന്നതവിദ്യാഭ്യാസമേഖലയിലെ ചെലവുചുരുക്കാനും സ്വകാര്യവൽക്കരണത്തിനും സർക്കാർ കണ്ടെത്തിയ കുറുക്കുവഴിയായാണ്. സ്വയംഭരണം വിദ്യാർത്ഥികൾക്കും അധ്യാപകർക്കും നഷ്ടങ്ങൾ മാത്രമേ സമ്മാനിക്കൂ എന്ന് അദ്ദേഹം സമർത്ഥിക്കുന്നു.

അനീതിയുടെ ഒഴുക്കിനെതിരെ നീന്തിയ ചരിത്രമാണ് യു.സി. കോളേജിന് എക്കാലത്തും പറയാറുള്ളത്. സ്വാതന്ത്ര്യസമരകാലത്ത് പല ക്രിസ്ത്യൻ മാനേജ്മെന്റ് സ്ഥാപനങ്ങളും ബ്രിട്ടീഷ് സർക്കാരിന്റെ ധനസഹായങ്ങൾ



# സ്വയംഭരണ ക്യാമ്പസുകളും മാനേജ്മെന്റ് സർവ്വാധിപത്യവും

കണ്ണൻ കെ രണ്ടാംവർഷ സാമ്പത്തിക ശാസ്ത്ര ബിരുദം



ആസ്വദിച്ച് അധികാരികളുടെ പ്രീതിക്കായി സ്വാതന്ത്ര്യസമരത്തെ എതിർത്ത് നിലപാടെടുത്ത 1925-ലാണ് യു.സി. കോളേജിന്റെ പ്രിൻസിപ്പലും വിദ്യാർത്ഥികളും ഗാന്ധിജിയെ കോളേജിലേക്ക് ക്ഷണിച്ച് വരുത്തുകയും ആദരിക്കുകയും ചെയ്തത്. അന്നദ്ദേഹം നട്ട മാവ് ഇന്നും യു.സി. യിൽ തലയുയർത്തി നിൽക്കുന്നു.

ഇന്ന് കേരളത്തിലെ മിക്ക സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥി പ്രവേശനത്തിനും അധ്യാപകനിയമനത്തിനും പണം വാങ്ങുമ്പോൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ അധ്യാപകനിയമനം നടത്തുകയും വിദ്യാർത്ഥി പ്രവേശനത്തിന് വിലപേശൽ നടത്താത്തതുമായ ചുരുക്കംചില സ്ഥാപനങ്ങളിലൊന്നാണ് യു.സി. കോളേജ്.

ഇത്തരത്തിൽ സമ്പന്നമായ ചരിത്രമുള്ള, ധാർമികതയുടെ പാരമ്പര്യമുള്ള ഒരു കോളേജ് മാനേജ്മെന്റ് ഇന്ന് ഭൂരിഭാഗം അധ്യാപകരും വിദ്യാർത്ഥികളും എതിർക്കുന്ന ഒരു സംവിധാനത്തെ അവരുടെ എതിർപ്പുകളും ആശങ്കകളും തള്ളിക്കളഞ്ഞുകൊണ്ട് നടപ്പാക്കാൻ ശ്രമിക്കുമ്പോൾ, സ്വയംഭരണത്തിനുള്ള 'യോഗ്യത' യുണ്ടോ എന്ന് പരിശോധിക്കാനെത്തുന്ന ഇൻസ്പെക്ഷൻ സംഘത്തിന്റെ സന്ദർശനം അധ്യാപകരെയോ വിദ്യാർത്ഥികളെയോ അറിയിക്കാതെ അതീവരഹസ്യമായി നടത്തുമ്പോൾ, അവരുടെ ലക്ഷ്യം അക്കാദമിക നിലവാരം ഉയർത്തലല്ല എന്ന് സംശയിക്കാതെ നിവൃത്തിയില്ല.

സ്വയംഭരണം നൽകുന്നതിലൂടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ചിലവു ചുരുക്കുന്ന സർക്കാർ അതുവഴി കോളേജുകൾക്ക് സാമ്പത്തികനേട്ടം മാത്രമല്ല, അതിലിരട്ടി ധനം വിദ്യാർത്ഥികളെ ചൂഷണം ചെയ്ത് സമാഹരിക്കാനുള്ള അവസരങ്ങളും അവർക്ക് തുറന്നു നൽകുന്നുണ്ട്. സ്വയംഭരണം ലഭിക്കുമ്പോൾ നഷ്ടമുണ്ടാവുന്നത് അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമാണ്; ലാഭമുണ്ടാകുന്നത് മാനേജ്മെന്റിന് മാത്രവും. മാധവമേനോൻ കമ്മിറ്റി റിപ്പോർട്ട് 'ഓട്ടോണമസ് കോളേജിലെ' വിദ്യാർത്ഥികളും അധ്യാപകരും മറ്റ് ഉദ്യോഗസ്ഥരും ത്യാഗങ്ങൾ സഹിക്കാൻ തയ്യാറാകണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. സാമ്പത്തികചൂഷണവും സ്വാതന്ത്ര്യത്തിലുള്ള കടന്നുകയറ്റവും കൊണ്ടുവരാനായി ത്യാഗങ്ങൾ സഹിക്കേണമോ എന്ന് കോളേജിലെ വിദ്യാർത്ഥികളും അധ്യാപകരും മറ്റ് സ്റ്റാഫ് അംഗങ്ങളുമാണ് തീരുമാനിക്കേണ്ടത്.

1925-ൽ ഗാന്ധിജി യു.സി. കോളേജ് സന്ദർശിച്ചപ്പോൾ സന്ദർശകർക്കുള്ള പുസ്തകത്തിൽ കുറിച്ചത് കോളേജിലെ ഉത്തമമായ സാഹചര്യത്തിൽ താൻ വളരെ സന്തുഷ്ടനാണ് എന്നാണ്. അദ്ദേഹം കണ്ട 'ശറലമഹ ശെഠോമശേീ' ഏത് സാമ്പത്തിക സാഹചര്യത്തിൽ നിന്നുള്ളവർക്കും ഏത് മതത്തിലും ജാതിയിലും പെട്ടവർക്കും വിവേചനം കൂടാതെ, ചൂഷണം ചെയ്യപ്പെടാതെ സ്വാതന്ത്ര്യത്തോടെ പഠിക്കാൻ സാധിക്കുന്ന അന്തരീക്ഷവും അവസ്ഥയും ആയിരുന്നിരിക്കണം. ഈ ഉത്തമമായ സാഹചര്യം ഇല്ലാതാക്കുന്ന സ്വയംഭരണസംവിധാനത്തെ കോളേജിന്റെ പടിക്ക് പുറത്തുനിർത്താൻ കോളേജിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സർവ്വോപരി മാനേജ്മെന്റിനും ഉത്തരവാദിത്വമുണ്ട്.

ഓട്ടോണമിക്ക് വേണ്ടിയുള്ള പരിശ്രമങ്ങളിൽ നിന്ന് മാനേജ്മെന്റ് പിന്മാറുമെന്ന് തന്നെ പ്രതീക്ഷിക്കാം.



# സർവ്വകലാശാലകളിലെ പുതിയ കലാപങ്ങൾ അഥവാ സർഗ്ഗാത്മകതയുടെ സമരയൗവ്വനങ്ങൾ

**ജീന കുര്യൻ** മൂന്നാം വർഷ ഇംഗ്ലീഷ് ബിരുദം



നാം ജീവിക്കുന്ന കാലത്തെ ചരിത്രത്തിലടയാളപ്പെടുത്തുന്ന ഒരു സമരം കഴിഞ്ഞ മൂന്നു വർഷമായി കോഴിക്കോട് സർവ്വകലാശാലയിൽ നടക്കുകയാണ്. ശ്രീജിത്ത് സി.എസ്. 'മലയാളം' വാരികയിൽ എഴുതിയ ലേഖനത്തിലാണ് (ഈ സമരത്തെ ലളിതവൽക്കരിക്കരുത് - മലയാളം വാരിക) 'നാം ജീവിക്കുന്ന കാലത്തെ ചരിത്രത്തിലടയാളപ്പെടുത്തുന്ന സമരം' എന്ന് സർവ്വകലാശാല സമരത്തെ വിശേഷിപ്പിച്ച് കണ്ടത്. ഈ വിശേഷണം കോഴിക്കോട് സർവ്വകലാശാല സമരത്തിനെന്നപോലെ ലോകത്തുടനീളം വിദ്യാഭ്യാസരംഗത്തെ ദുരധികാരത്തിനും ഫാഷിസ്റ്റ് പ്രവണതകൾക്കുമെതിരെ രൂപപ്പെടുന്ന ചെറുതും വലുതുമായ ഓരോ സമരത്തിനും ഉചിതവുമാണ്. ചുരുക്കിപ്പറഞ്ഞാൽ കാമില്ല വല്ലോജയും മലാല യൂസഫ് സായിയും, മുതൽ മെഴുകുതിരി കത്തിച്ചും, പാട്ടുപാടിയും, തെരുവുനാടകം നടത്തിയും സ്വയംഭരണത്തിനെതിരായി സമരം ചെയ്യുന്ന, മാനേജ്മെന്റിന്റെ ദുരധികാര പ്രവണതകളെ ചെറുത്തു തോൽപിക്കാൻ നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുന്ന യു.സി. കോളേജിലെ വിദ്യാർത്ഥികൾ വരെ നാം ജീവിക്കുന്ന കാലത്തെ ചരിത്രത്തിലടയാളപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ അക്കാദമികമായ സ്വാതന്ത്ര്യ ങ്ങളെയും ജനാധിപത്യപരമായ അവകാശങ്ങളെയും ഹനിക്കുന്ന മാനേജ്മെന്റിന്റെ/സർവ്വകലാശാല ഭരണാധികാരികളുടെ അധികാര ദുഷ്പ്രവണതകൾക്കെതിരെ രൂപപ്പെടുന്ന ഈ സമരങ്ങൾ അത്രമേൽ ജനാധിപത്യപരവും സർഗ്ഗാത്മകവുമായതു കൊണ്ട് കൂടിയാണ് അവ ചരിത്രപരമാവുന്നത്.

കോഴിക്കോട് സർവ്വകലാശാലയിൽ ഫെലോഷിപ് മുടങ്ങിയപ്പോൾ 'പിച്ചതെണ്ടൽ' സമരം നടത്തിയും ഗവേഷകർക്ക് പഞ്ചിംഗ് ഏർപ്പെടുത്തിയപ്പോൾ ലൈബ്രറി പിടിച്ചെടുത്ത് ഇരുപത്തിനാലു മണിക്കൂറും ഗവേഷണം നടത്തിയും സർവകലാശാലയിൽ പോസ്റ്റർ പതിക്കുന്നത് നിരോധിച്ചപ്പോൾ സ്വന്തം ശരീരത്തിൽ പോസ്റ്റർ പതിച്ച് ക്ലാസിലെത്തിയുമാണ് വിദ്യാർത്ഥികൾ സമരം ചെയ്തത്. സമരത്തെക്കുറിച്ചും സമരത്തിന്റെ സർഗ്ഗാത്മകതയെക്കുറിച്ചും ഗൗരവമായി ചർച്ച ചെയ്യും മുൻപ് സമരത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെകൂടി പഠനവിഷയമാ ക്കേണ്ടതുണ്ട്.കേരളത്തിലെയും ഇന്ത്യയിലെയും പലയിടങ്ങളിലും സർവ്വകലാശാലകളും വിദ്യാഭ്യാസസ്ഥാപനങ്ങളും ഇന്ന് നേരിടുന്ന ഗുരുതരമായ പ്രതിസന്ധി വിദ്യാഭ്യാസത്തെക്കുറിച്ച് യാതൊരു ധാരണയുമില്ലാത്ത അക്കാദമിക ജീവിതത്തിൽ സ്വന്തമായ ഇടമോ വൈജ്ഞാനിക മേഖലയിൽ സ്വന്തം



സ്വയംഭരണ പദവി: യു.സി. കോളേജിൽ വിദ്യാർഥികൾ സമരവുമായി മുന്നോട്ട്



# സർവ്വകലാശാലകളിലെ പുതിയ കലാപങ്ങൾ അഥവാ സർഗ്ഗാത്മകതയുടെ സമരയൗവ്വനങ്ങൾ

ജീന കുര്യൻ മൂന്നാം വർഷ ഇംഗ്ലീഷ് ബിരുദം



സംഭാവനകളോ ഇല്ലാത്ത പലരും വൈസ്ചാൻസിലർമാരായും അധികാരികളായും വന്നുകൊണ്ടേയിരിക്കുന്നു എന്നതാണ്. ഇതിനു പുറമെ പ്രഭാത് പട്നായിക് സൂചിപ്പിക്കുന്നതുപോലെ വിദ്യാഭ്യാസമേഖലയിലെ മൂലധന ഇടപെടൽ ജ്ഞാനോൽപാദന സാധ്യതകളെയും ജൈവബുദ്ധിജീവി രൂപീകരണത്തെയും തടയുന്നതായും കാണാം. ചിന്തയുടെ നശീകരണം (destruction of thought) എന്നാണ് പട്നായിക് ഇതിനെ വിശേഷിപ്പിക്കുന്നത്. കേരളത്തിലെ രാഷ്ട്രീയമായും സർഗ്ഗാത്മകമായും സജീവമായ ക്യാംപസ് അന്തരീക്ഷങ്ങളെ സ്വയംഭരണാനുമതി നൽകി തകർക്കാനുള്ള മൂലധന താൽപര്യങ്ങളും ഇതിനോടൊപ്പം സജീവമാകുന്നുണ്ട്. ഇത്തരം താൽപര്യങ്ങൾക്കും നിയന്ത്രണാധികാരങ്ങൾക്കും കാലികററ് സർവകലാശാല തന്നെ ഒരു മാതൃകയാണ്. തങ്ങൾക്കെതിരായ ഒരു ശബ്ദവും/പ്രതിരോധവും ക്യാംപസിൽ മുഴങ്ങികേൾക്കരുത് എന്നാണ് അധികാരികൾ ആഗ്രഹിക്കുന്നത്. സർവകലാശാല വളപ്പ് ഇപ്പോൾ ഒരു പോലീസ് ക്യാമ്പിന് സമാനമാണ്. നിരന്തരം വന്നുപോവുന്ന പോലീസ് വാഹനങ്ങളും, സംശയാസ്പദമായ സാഹചര്യങ്ങളിൽ കാണുന്നവരെ ചോദ്യം ചെയ്യാൻ റോന്തുചുററുന്ന പോലീസുകാരും ചേർന്ന് ഈ അന്തരീക്ഷത്തെ ഭീകരമാക്കി. ഇതിനിടയിൽ സെക്യൂരിററി ജീവനക്കാർക്ക് ലാത്തി വിതരണം ചെയ്തും ക്യാമ്പസ് സമൂഹത്തിൽ നിന്ന് രഹസ്യവിവരങ്ങൾ സമാഹരിക്കാൻ സെക്യൂരിററി ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകിയും അധികൃതർ ഈ ഭീകരാന്തരീക്ഷത്തെ സജീവമാക്കി നിലനിർത്തുകയാണ്. ഈയിടങ്ങളിലെല്ലാം സംഘടിക്കാനും അവകാശങ്ങൾക്കു വേണ്ടി സമരം ചെയ്യാനും ഇന്ത്യൻ ജനതക്ക് ഭരണഘടന ഉറപ്പു നൽകുന്ന പൗരാവകാശമാണ് ലംഘിക്കപ്പെടുന്നത്. ഇതിന് സമാനമാണ് സ്വയംഭരണാനുമതി നൽകിയ ക്യാംപസുകളുടെ അവസ്ഥയും. സംഘടിക്കാനും പ്രതിഷേധിക്കാനും ജനാധിപത്യപരമായി പഠിക്കാനുമുള്ള വിദ്യാർത്ഥികളുടെ അവകാശങ്ങളെ സി.സി.ടി.വി. ക്യാമറകൾ കൊണ്ടും മാനേജ്മെന്റിന്റെ അധികാരയുക്തികൾക്കകത്ത് സാധ്യമാവുന്ന സിലബസ് പരിഷ്ക്കരണങ്ങൾകൊണ്ടും നിഷേധിക്കാനാണ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഈ രീതി വിദ്യാഭ്യാസസമ്പ്രദായങ്ങളെ തകർത്തു കൊണ്ടിരിക്കു കയാണ്. എതിർത്തു പറഞ്ഞാൽ അറസ്റ്റ് ചെയ്യപ്പെടും എന്ന അവസ്ഥയിലല്ല വിദ്യാഭ്യാസ സമ്പ്രദായങ്ങൾ നിലകൊള്ളേണ്ടത്. സർഗ്ഗാത്മകമായ സംവാദങ്ങൾ കൊണ്ട് സജീവമാകേണ്ട സർവകലാശാലകളെ അക്രമാസക്തമാക്കുന്നത് യഥാർത്ഥത്തിൽ വിദ്യാർത്ഥികളല്ല, അധികാരികളാണ്. അതിനെതിരെ ജനാധിപത്യപരമായും സർഗ്ഗാത്മകമായും രൂപപ്പെടുന്ന സമരങ്ങൾ എന്ന നിലക്കാണ് കേരളത്തിലെയും ഇന്ത്യയിലെയും (ലോകത്തെവിടെയും) സമരങ്ങളെ നമ്മൾ മനസ്സിലാക്കേണ്ടത്. വിദ്യാഭ്യാസത്തെ ഉൽപന്നവൽക്കരിക്കുകയും കമ്പോളവത്ക്കരി ക്കുകയും ചെയ്യുമെന്ന് ചിലിയൻ ഗവൺമെന്റ് പ്രഖ്യാപിച്ചപ്പോൾ ജീവൻ കൊടുത്തും ഇതിനെതിരെ പ്രതിഷേധിക്കുമെന്നും പാവപ്പെട്ടവരുടെ അവകാശമായ വിദ്യാഭ്യാസത്തെ ഏതു വിധേനയും സംരക്ഷിക്കുമെന്നും പ്രഖ്യാപിച്ച കാമില്ല വല്ലേജയുടെ ചരിത്രം നമുക്ക് പഠിക്കാൻ വേണ്ടി മാത്രമുള്ളതല്ല. അതുകൊണ്ട് തന്നെ ചെറുതും വലുതുമായ ഈ സമരങ്ങൾ നവലിബറലിസത്തിനെതിരെയും വിദ്യാഭ്യാസരംഗത്ത് ലോകത്തെവിടെയും സജീവമാകുന്ന കച്ചവടവൽക്കരണ ത്തിനെതിരെയും രൂപപ്പെടുന്നതാണ്. ഇപ്പോൾ സജീവമാകുന്ന ഓട്ടോണമസ് കോളേജുകൾക്കെതിരായ സമരം കോളേജുകളെ ഓട്ടോണമസാക്കുന്നതിനെതിരെ മാത്രമല്ല, നാളെ ഈ ഓട്ടോണമസ് ജ്വരം കേരളത്തിലെ പൊതുകോളേജുകളുടെ അടിസ്ഥാനസൗകര്യങ്ങൾ ഉപയോഗിച്ച് സ്വാശ്രയകച്ചവടം തുടങ്ങാതിരിക്കാൻ കൂടി വേണ്ടിയാണ്. അതുകൊണ്ട് കൂടിയാണ് ഈ സമരങ്ങൾ/ചെറുത്തുനിൽപ്പുകൾ ഒരു വികസിത വ്യാവസായിക രാഷ്ട്രത്തിന്റെ

https://www.lateslip.co.in



# സർവ്വകലാശാലകളിലെ പുതിയ കലാപങ്ങൾ അഥവാ സർഗ്ഗാത്മകതയുടെ സമരയൗവ്വനങ്ങൾ

ജീന കുര്യൻ മൂന്നാം വർഷ ഇംഗ്ലീഷ് ബിരുദം



സമ്പദ്‌വ്യവസ്ഥയെത്തന്നെ പ്രതിസന്ധിയി ലാക്കുന്ന മട്ടിൽ ചരിത്രത്തിലെ വലിയ പൊതുസമരങ്ങളായി മാറുന്നത്.




'ഇവിടെ വിലക്കുകൾ വിലക്കപ്പെട്ടിരിക്കുന്നു.' കലാപകാലത്ത് പാരീസ് യൂണിവേഴ്സിറ്റിയുടെ ചുമരിൽ പ്രത്യക്ഷപ്പെട്ട പോസ്റ്ററിലെ വാചകമാണിത്. 'ഞങ്ങൾ മുതലാളിത്തത്തിന്റെ കാവൽ നായ്ക്കളല്ല, നമ്മുടെ തലയിൽ ഒരു പോലീസുകാരനുണ്ട്; പുറത്താക്കേണ്ടത് ആ പോലീസുകാരനെ' - ഇങ്ങനെ അനേകം മുദ്രവാക്യങ്ങൾ കലാപത്തിന്റെ ഭാഗമായി മാറി. സർവകലാശാലകളെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സംവാദങ്ങൾകൊണ്ട് സജീവമാകുന്ന വൈജ്ഞാനിക കേന്ദ്രമാക്കി മാറ്റിത്തീർക്കാനുള്ള ശ്രമങ്ങൾ ഇനിയും തുടരേണ്ടതുണ്ട്. ഈ ശ്രമങ്ങൾ/സമരങ്ങൾ ലോകത്തെവിടെയും ശക്തിപ്രാപിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന മൂലധനഫാസിസ്റ്റ് ശക്തികളുടെ ദുരധികാരങ്ങൾക്കെതിരെ കൂടിയാണ്. എല്ലാ ദുരധികാരങ്ങളും തകർന്നുപോവുന്നതിന്റെ കഥ കൂടിയാണ് മനുഷ്യചരിത്രം എന്ന് ഈ ഘട്ടത്തിൽ ഓർമ്മിക്കാവുന്നതാണ്.


**With Best Compliments From...**

**KADUNGALLOOR SERVICE CO-OPERATIVE BANK LTD. NO. 2165**

East kadungalloor, Aluva- 683 102, Ernakulam District, Kerala
Web : www.kadungalloorscb.com, E-mail : kscbltd2165@yahoo.com

Adv. Manoj vasu (President)

N. Santhosh Kumar (Secratery)












# വിദ്യാഭ്യാസരംഗം : നാം എങ്ങോട്ട്?

അമൃത രവി മൂന്നാം വർഷ ചരിത്രം



വിദ്യാഭ്യാസമടക്കമുള്ള സാമൂഹിക സൂചികകളിൽ ഏററവുമുയർന്ന നിലവാരം കൈവരിച്ച ഇന്ത്യയിലെ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. സാക്ഷരതയിൽ ഉയർന്ന സ്ഥാനം നിലനിർത്തുമ്പോഴും കേരളത്തിന്റെ വിദ്യാഭ്യാസ വ്യവസ്ഥിതി എവിടെ നിൽക്കുന്നു എന്നത് ചോദ്യമാണ്. കേന്ദ്രപദ്ധതികളും ഫണ്ടും കൂടുതൽ നേടിയെടുക്കുന്ന സംസ്ഥാനങ്ങൾ ഉന്നത വിദ്യാഭ്യാസരംഗത്ത് ഉയർന്ന നിലവാരവും ഉയർന്ന പ്രവേശനാനുപാതവും നേടുന്നുവെന്നാണ് ദേശീയതലത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നത്. സാക്ഷരതയിൽ ഉയർന്നു നിൽക്കുന്ന കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രവേശനാനുപാതം കുറയുന്നതിന്റെ കാരണം നമ്മുടെ അടിസ്ഥാന വിദ്യാഭ്യാസരംഗത്തിൽ തന്നെയാണ് കിടക്കുന്നത്. 'എഴുതുന്ന കുട്ടികളെയെല്ലാം പാസാക്കുന്ന' എസ്.എസ്.എൽ.സി. വിദ്യാഭ്യാസം മുതൽ പാളിച്ചകളാണ്. ഇത്തരത്തിൽ പാസായി വരുന്ന വിദ്യാർത്ഥികൾ പ്ലസ് ടു, ഡിഗ്രി തലത്തിലെ മൂല്യനിർണ്ണയ രീതിക്കു മുൻപിൽ കാലിടറിവീഴുന്നു. അടിസ്ഥാന വിദ്യാഭ്യാസ മേഖലയിലെ കൂട്ടമായി പാസാക്കി വിടുന്ന ഒഴുക്കിൽ പെടുന്ന വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസരംഗത്തെ ഇംഗ്ലീഷും, മലയാളവും മനസിലാകാതെ ദുരിതത്തിലാവുന്നു.

ഡിഗ്രിപരീക്ഷകൾ മലയാളത്തിലും എഴുതാം എന്ന് കേരളത്തിലെ യൂണിവേഴ്സിററികൾ പറയുന്നു. മാനവിക വിഷയങ്ങളിലെ (ചരിത്രം, സാമൂഹ്യശാസ്ത്രം, രാഷ്ട്രമീമാംസ) വിദ്യാർത്ഥികളിൽ 90% വും മലയാളത്തിൽ എഴുതുന്നവരാണ്. എന്നാൽ ചോദ്യപേപ്പറുകൾ ഇംഗ്ലീഷിൽ വരുമ്പോൾ മനസ്സിലാക്കാൻ പററാത്തതുമൂലം ഒബ്ജക്ടീവ് ചോദ്യങ്ങൾ മാത്രം എഴുതുന്ന വിദ്യാർത്ഥികൾ നമുക്കിടയിലുണ്ട്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗം കൂപ്പുകുത്തുകയാണ് എന്ന് പറയുന്നവരോട് ഒരു വാക്ക്.... അടിസ്ഥാന വിദ്യാഭ്യാസം കൃത്യമായി കിട്ടാതെ എങ്ങനെ ഉന്നതവിദ്യാഭ്യാസരംഗം രക്ഷപ്പെടും.

ഇംഗ്ലീഷ്, മലയാളം അക്ഷരമാലകളും ഗണിതവുമെല്ലാം പഠിപ്പിച്ചതിനുശേഷം മാത്രം നഴ്സറി ക്ലാസുകൾ കടത്തിവിട്ടിരുന്ന ഒരു കാലഘട്ടത്തിൽ പഠിച്ചതുകൊണ്ട് പറയട്ടെ.. പ്രൈമറി ക്ലാസ് കഴിയുന്ന ഏതൊരു കുട്ടിയും എഴുതാനും, വായിക്കാനും അറിഞ്ഞിരിക്കണം എന്ന ചിന്ത അന്നത്തെ അധ്യാപകർക്കുണ്ടായിരുന്നു. ചെറിയ പ്രായത്തിലെ വായനാശീലം ഉണ്ടാക്കിയെടുക്കാൻ മാതാപിതാക്കളും ശ്രദ്ധിച്ചിരുന്നു. ആരെയെങ്കിലും വിവരവും വിദ്യാഭ്യാസവും ഇല്ലാത്തവർ എന്ന് വിളിച്ച് വിമർശി ക്കാനല്ല ഇവിടെ ഉദ്ദേശിക്കുന്നത്. നമ്മുടെ വിദ്യാർത്ഥികൾക്ക് അടിസ്ഥാനമായി വേണ്ട വിവരം



ıı 4G

https://www.lateslip.co.in



# വിദ്യാഭ്യാസരംഗം : നാം എങ്ങോട്ട്?

അമൃത രവി മൂന്നാം വർഷ ചരിത്രം

Business | Downloads | Parent Category | Featured | Health

പോലും നൽകാൻ കഴിയാത്ത വിധം വിദ്യാഭ്യാസരംഗം അധഃപതിച്ചിരിക്കുന്നു.

പ്രധാനപ്പെട്ട അഖിലേന്ത്യാപരീക്ഷകളിലെല്ലാം കേരളം പിറകിൽ പോകുന്നു. ഇന്ത്യയിലെ സാങ്കേതികവിദ്യാഭ്യാസരംഗത്ത് മികച്ച നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളാണ് ഐ.ഐ.ടി. കൾ. ഇവിടെ പ്രവേശനം നേടിയ കേരളത്തിലെ വിദ്യാർത്ഥി ശതമാനം 2014 - 0.42, 2013 - 1.5 എന്നിങ്ങനെയാണ്. ഹരിത വി. കുമാറും, ഡോ. രേണുരാജും സിവിൽ സർവീസിൽ 1-ഉം, 2-ഉം റാങ്കുകൾ സ്വന്തമാക്കിയപ്പോൾ കൂണ് മുളയ്ക്കുന്നതുപോലെ കേരളത്തിൽ സിവിൽ സർവീസ് പരിശീലനകേന്ദ്രങ്ങൾ പൊങ്ങി. എന്നാൽ എഞ്ചിനീയറിംഗും മെഡിസിനും കാശു കൊടുത്ത് വാങ്ങുന്നതു പോലെ സിവിൽ സർവീസ് കാശുകൊടുത്ത് വാങ്ങാനാവില്ലല്ലോ?




ഇനി പറയാൻ പോകുന്നത്, കോളേജ് മാഗസിനിലെ എന്റെ ഈ ലേഖനത്തിന്റെ പ്രസക്തിയെക്കുറിച്ചാണ്. മൂന്നുവർഷം പഠിച്ചപ്പോഴും പലകൂട്ടുകാർക്കും എഴുത്തിലും വായനയിലുമുള്ള ബുദ്ധിമുട്ടുകൾ കണ്ടിട്ടുണ്ട്. ഇതൊന്നും ശരിയാക്കേണ്ടത് കോളേജ് കാലഘട്ടത്തിലല്ലെന്നും അറിയാം... ലേഖനമെഴുതാൻ പറഞ്ഞ എഡിറ്റർ അനിയന്റെ ആഗ്രഹം നിറവേറ്റാൻ വേണ്ടി എഴുതുന്നതും അല്ല. ഇത് വായിക്കുന്നവരിൽ കുറച്ച് പേരെങ്കിലും സ്വന്തം നിലവാരം ഉയർത്താൻ സ്വയം ശ്രമിച്ചാൽ മതി... അപേക്ഷകൾ എഴുതാനും ആപ്ലിക്കേഷൻ പൂരിപ്പിക്കാനും നിങ്ങൾക്ക് മറ്റൊരാളെ ആശ്രയിക്കേണ്ടി വരരുത്...

സർക്കാരും മന്ത്രിമാരും അവരുടെ കീർത്തി വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതിനിട യിൽ പെട്ട് ഒരുപാട് അനിയന്മാരുടെയും അനിയത്തിമാരുടെയും ഭാവിയാണ് നഷ്ടമാകുന്നത്. ഈ രീതി തുടരുകയാണെങ്കിൽ കേരളത്തിന് ഇപ്പോഴുള്ള 'സാക്ഷരകേരളം' ഖ്യാതിയും നഷ്ടപ്പെടാൻ അധികകാലം വേണ്ട... ഇനി വരുന്ന കാലത്തിലെങ്കിലും കൗശലത്തോടെ പ്രവർത്തിച്ചാൽ മാത്രമേ ദക്ഷിണേന്ത്യയിൽ ഏറ്റവും കുറവ് ഗ്രോസ് എൻറോൾമെന്റും, താഴ്ന്ന ഗുണനിലവാരവുമുള്ള സംസ്ഥാനം എന്ന ദുഷ്പേരിൽ നിന്ന് നമുക്ക് രക്ഷപ്പെടാനാവൂ...



# ഉന്നതവിദ്യാഭ്യാസവും ഭാഷാനയവും

ഡോ. വി.പി. മാർക്കോസ്, മലയാള വിഭാഗം



മനുഷ്യനെ സാമൂഹിക ജീവിയാക്കുന്ന സാംസ്കാരികോപാധിയാണ് ഭാഷ. ഭാഷയിൽ അംഗമായിക്കൊണ്ടാണ് മനുഷ്യൻ സ്വത്വബോധമാർജ്ജിക്കുന്നത്. ചരിത്രപരമായും സാമൂഹികമായും സൗന്ദര്യാത്മകമായും ഉള്ള തലങ്ങൾ ഉൾക്കൊള്ളുന്നതാണ് മാതൃഭാഷ. താനംഗമായ സമൂഹത്തിലെ ഭാഷയല്ലെങ്കിൽക്കൂടി മറ്റു ഭാഷകളുടെ പഠനവും ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രസക്തമാണ്. അന്യസമൂഹങ്ങളുമായി ബന്ധപ്പെടാനും അന്യഭാഷകളിലുള്ള വിജ്ഞാനം ആർജ്ജിക്കാനും സാഹിത്യ സാംസ്കാരിക സൃഷ്ടികൾ ആസ്വദിക്കാനും മനസ്സിലാക്കാനുമുള്ള ഉപാധിയെന്ന നിലയിൽ അന്യഭാഷാ പഠനം പ്രസക്തമാണ്.

### പഠനവിഷയമെന്ന നിലയിൽ

പൊതുവിദ്യാലയങ്ങളിൽ പത്താംതരംവരെ മാതൃഭാഷയാണ് പഠനമാധ്യമം. കേരളത്തിൽ 97% ജനങ്ങളുടേയും മാതൃഭാഷയായ മലയാളമാണ് ഇതിലേറ്റവും പ്രധാനം. ന്യൂനപക്ഷഭാഷകളായി അംഗീകരിക്കപ്പെട്ട തമിഴ്, കന്നട എന്നിവയും കേരളത്തിൽ പത്താംതരം വരെ പഠനമാധ്യമമാണ്. പ്ലസ്ടു ക്ലാസുകളിൽ ഇംഗ്ലീഷാണ് പൊതുവായ പഠനമാധ്യമമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഒരു വിദ്യാർത്ഥിക്ക് ആവശ്യമാണെങ്കിൽ മലയാളത്തിൽ പരീക്ഷയെഴുതാവുന്നതാണ്. പത്താംതരംവരെ മലയാളമാണ് നിർബന്ധിത ഒന്നാംഭാഷ. 2011 ലെ ഭാഷാ ഉത്തരവ് അനുസരിച്ച് ഒന്നാം പേപ്പറിൽ നാല് പീരിഡും രണ്ടാം പേപ്പറിൽ മൂന്ന് പീരിഡും ഒരു വിദ്യാർത്ഥി മലയാളം പഠിച്ചിരിക്കണം. ഒന്നാം പേപ്പർ മലയാളത്തിന് പകരം സംസ്കൃതമോ അറബിയോ, ഉറുദുവോ പഠിക്കുന്ന വിദ്യാർത്ഥി രണ്ടാംപേപ്പർ മൂന്ന് പീരിഡ് മലയാളം പഠിച്ചിരിക്കണം. തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷങ്ങളെ സംബന്ധിച്ച് അവർ അഞ്ചാംതരം മുതൽ മലയാളം ഒരു പേപ്പർ എങ്കിലും പഠിച്ചിരിക്കണം. 2011 ലെ ഉത്തരവ് പ്രകാരം ഓറിയന്റൽ സ്കൂളുകളിലും മലയാളം ഒരു വിഷയമായി നിർബന്ധമായും പഠിച്ചിരിക്കണം. ഒന്നാം തരം മുതൽ ഇംഗ്ലീഷ് അഞ്ച് പിരീഡ് പഠിച്ചിരിക്കണം. അഞ്ചാംതരം മുതൽ ഹിന്ദി മൂന്ന് പിരീഡ് നിർബന്ധമായി പഠിച്ചിരിക്കണം. സംസ്കൃതം, അറബി എന്നിവ ഒന്നാം ക്ലാസ് മുതൽ ഒരു വിഷയമായി തിരഞ്ഞെടുക്കാമെന്ന അവസ്ഥ നിലവിലുണ്ട്. അറബി, ഉറുദു എന്നിവ അഞ്ചാം ക്ലാസ് മുതൽ ഒന്നാം പേപ്പറായി തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്.






https://www.lateslip.co.in



# ഉന്നതവിദ്യാഭ്യാസവും ഭാഷാനയവും

ഡോ. വി.പി. മാർക്കോസ്, മലയാള വിഭാഗം

Business | Downloads | Parent Category | Featured | Health

## പ്ലസ്ടു തലത്തിൽ

പ്ലസ്ടുതലത്തിൽ ഇംഗ്ലീഷാണ് നിർബന്ധിത ഒന്നാം ഭാഷ. മലയാളം, ഹിന്ദി, സംസ്കൃതം, അറബി, ഉറുദു എന്നിവയിലേതെങ്കിലും ഒരു ഭാഷ രണ്ടാം ഭാഷയായി വിദ്യാർത്ഥിക്ക് തെരഞ്ഞെടുക്കാം. എല്ലാ സ്കൂളിലും മലയാളം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഉറപ്പുവരുത്തണമെന്നാണ് വ്യവസ്ഥ.

## ഭാഷാപഠനം ബിരുദതലത്തിൽ

മേൽപറഞ്ഞ പശ്ചാത്തലത്തെ വിമർശനാത്മകമായി നോക്കിക്കണ്ടുകൊണ്ടു വേണം ബിരുദതലത്തിലെ ഭാഷാപഠനനയം രൂപീകരിക്കാൻ. ത്രിഭാഷാ പദ്ധതി പ്രകാരം മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നിവയാണ് സ്കൂൾതലം മുതൽ പഠിക്കേണ്ടത്. എന്നാൽ 2011 ലെ നിർബന്ധിത ഒന്നാംഭാഷ ഉത്തരവ് വരെ ഈ തത്വം അംഗീകരിക്കപ്പെട്ടിരുന്നില്ല. ഇപ്പോൾ പത്താം തരം വരെ തത്വത്തിൽ ഇത് അംഗീകരിച്ചിട്ടുണ്ടെങ്കിലും (പൂർണ്ണമായി നടപ്പാക്കിയിട്ടില്ല എന്നത് മറ്റൊരു കാര്യം) പ്ലസ്ടു തലത്തിൽ ഈ നയം ഇപ്പോഴും സ്വീകരിക്കപ്പെട്ടിട്ടില്ല. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ മാതൃഭാഷ പ്ലസ്ടുതലം വരെ ഒന്നാംഭാഷയാണ്. ഇവിടെയും പ്ലസ്ടുതലത്തിൽ മാതൃഭാഷ ഒന്നാംഭാഷയാക്കിക്കൊണ്ടുവേണം ബിരുദതലത്തിലെ ഭാഷാനയം രൂപീകരിക്കാൻ. കൊളോണിയൽ സാഹചര്യങ്ങളിൽ ഇംഗ്ലീഷിനെ മുഖ്യമായി കാണുകയും മാതൃഭാഷയെ അവഗണിക്കുകയുമാണ് ചെയ്തിരുന്നത്. ഇത് തുടരുകതന്നെയാണ് സ്വാതന്ത്ര്യാനന്തരവും സംഭവിച്ചത്. 1948 ലെ ഡോ. എസ്. രാധാകൃഷ്ണൻ കമ്മീഷൻ 1964 ലെ കോത്താരി കമ്മീഷൻ എന്നിവ ഉന്നതവിദ്യാഭ്യാസത്തിന്റേതുൾപ്പെടെയുള്ള പഠനമാധ്യമം മാതൃഭാഷയായിരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇന്ത്യൻ ഭരണഘടനയിലെ എട്ടാം പട്ടികയിൽ ഉൾപ്പെട്ട മലയാളം ഉൾപ്പെടെയുള്ള ഭാഷകൾ ഈ നിലയിൽ ഉപയോഗിക്കാൻ യോഗ്യമാണെന്നാണ് കരുതിപോന്നത്.

നിലവിലുള്ള സാഹചര്യത്തിൽ ഒറ്റയടിക്ക് ബിരുദബിരുദാനന്തരതലങ്ങളിലെ പഠനമാധ്യമം പൂർണ്ണമായും മാതൃഭാഷയാക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. അതിനാൽ പഠനമാധ്യമം മലയാളമായി അംഗീകരിച്ചുകൊണ്ട് ഇംഗ്ലീഷിൽ പരീക്ഷയെഴുതേണ്ടവർക്ക് അതിനുള്ള സൗകര്യം നിലനിർത്തുകയാണ് വേണ്ടത്. മലയാളത്തേക്കാൾ എത്രയോകുറച്ച് ആളുകൾ സംസാരിക്കുന്ന പല ഭാഷകളും പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന്റെ പഠനമാധ്യമമാണെന്ന കാര്യം ഓർക്കേണ്ടതാണ്. (വിശദമായ പട്ടികയും വിശകലനവും കെ. സേതുരാമന്റെ മലയാളത്തിന്റെ ഭാവി എന്ന കൃതിയിൽ കാണുക). ബിരുദാനന്തര ഗവേഷണ പ്രബന്ധരചന തുടങ്ങി എല്ലാ തലങ്ങളിലും മാതൃഭാഷയിലെഴുതാനുള്ള സൗകര്യം ഉറപ്പുവരുത്തണം.

കേരളത്തിലെ മിക്ക സർവ്വകലാശാലകളിലെയും ബിരുദകോഴ്സുകളിൽ പരീക്ഷ മലയാളത്തിൽ എഴുതാനുള്ള അവസരം ഇപ്പോഴുണ്ട്. എം.ജി സർവ്വകലാശാലയിൽ ബിരുദാനന്തരതലത്തിലും പരീക്ഷകൾ മലയാളത്തിൽ എഴുതാൻ കഴിയും. മലയാള സർവ്വകലാശാലയിൽ എല്ലാ വിഷയങ്ങളും മലയാളത്തിൽ എഴുതാനുള്ള സാഹചര്യം ഉണ്ട്. ഈ സൗകര്യം കേരളത്തിലെ മറ്റു സർവ്വകലാശാലകളിലും ഉണ്ടാകേണ്ടതാണ്.



# ഉന്നതവിദ്യാഭ്യാസവും ഭാഷാനയവും

ഡോ. വി.പി. മാർക്കോസ്, മലയാള വിഭാഗം



ശാസ്ത്ര, സാമൂഹ്യശാസ്ത്ര വിഷയങ്ങളടക്കമുള്ള പഠനമേഖലയിൽ എം.ഫിൽ, പി.എച്ച്.ഡി പ്രബന്ധങ്ങൾ മാതൃഭാഷയിൽ സമർപ്പിക്കാനുള്ള സൗകര്യം ഉണ്ടാകേണ്ടതുണ്ട്. ഗവേഷണഫലങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടണമെന്നുണ്ടെങ്കിൽ ഇംഗ്ലീഷിൽ സമർപ്പിക്കപ്പെട്ട പ്രബന്ധങ്ങൾക്കൂടി മലയാളത്തിൽ വിവർത്തനം ചെയ്യാനുള്ള സംവിധാനങ്ങൾ എല്ലാ സർവ്വകലാശാലകളിലും ഏർപ്പെടുത്തേണ്ടതാണ്. കാർഷികമേഖലയുമായി ബന്ധപ്പെട്ട ഒരു പ്രബന്ധം കർഷകരിൽ എത്തണമെങ്കിൽ അത് മലയാളത്തിൽ ലഭ്യമായിരിക്കണം. എന്നുമാത്രമല്ല, ഇത്തരം പ്രബന്ധങ്ങൾ സ്കൂൾതലത്തിൽ റഫറൻസിന് പ്രയോജനപ്പെടണമെങ്കിൽ അവ മാതൃഭാഷയിൽത്തന്നെ ലഭ്യമാകേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന്റെ ഫലങ്ങൾ ഈ നിലയിൽ പ്രാഥമിക, ദ്വിതീയ തലത്തിലെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെക്കൂടി ശക്തിപ്പെടുത്തും. ഗവേഷണ പ്രബന്ധങ്ങൾ മാതൃഭാഷയിൽ നൽകുന്നത് പ്രോത്സാഹിപ്പിക്കണമെന്ന് 2008 ൽ യു.ആർ. അനന്തമൂർത്തിയുടെ നേതൃത്വത്തിലുള്ള ഉന്നതവിദ്യാഭ്യാസ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു.

മാതൃഭാഷയും അന്യഭാഷയും തമ്മിലുള്ള ഗുണപരമായ വ്യത്യാസം കണക്കിലെടുക്കാതെയുള്ള ഉപകരണവാദപരവും യാന്ത്രികവുമായ സമീപനങ്ങളാണ് ഇന്ന് ബിരുദതലത്തിലും ബിരുദാനന്തരതലത്തിലും നിലവിലുള്ളത്. അതുകൊണ്ടാണ് മാതൃഭാഷ ഒഴിവാക്കി മറ്റേത് ഭാഷയും സ്വീകരിക്കാമെന്ന നില വന്നിരിക്കുന്നത്. മാതൃഭാഷാപഠനം, എഴുതാനും വായിക്കാനും പ്രയോഗിക്കാനുമുള്ള പരിശീലനത്തിൽ അവസാനിക്കുന്നില്ല. സൗന്ദര്യാത്മക വിദ്യാഭ്യാസം എന്ന നിലയിൽ മാതൃഭാഷാസാഹിത്യ പഠനത്തിന് ഉന്നതവിദ്യാഭ്യാസത്തിൽ സ്ഥാനം നൽകേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ മലയാള ഭാഷാസാഹിത്യപഠനം ബിരുദതലത്തിലും നിർബന്ധമായും ഉണ്ടാകേണ്ടതാണ്. അതിനോടൊപ്പം മറ്റുഭാഷകൾ പഠിക്കാൻ താൽപര്യമുള്ളവർക്ക് അതിനുള്ള സൗകര്യം ഉണ്ടാകേണ്ടതാണ്. നൈതിക മൂല്യങ്ങൾ പ്രദാനം ചെയ്യുന്ന മൂല്യവിദ്യാഭ്യാസപാഠങ്ങൾ എന്ന നിലയിൽ അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ മെഡിക്കൽ എൻജിനിയറിംഗ് കോഴ്സുകളിലടക്കം സാഹിത്യപഠനം ഉൾപ്പെടുത്തിയിട്ടുണ്ട്. ദക്ഷിണേന്ത്യയിൽ തന്നെ കർണ്ണാടക ഇവിടെ ഈ പാഠങ്ങൾ.

മാറിവരുന്ന മൂല്യബോധത്തിന് ഉതകുന്ന മട്ടിൽ ജനാധിപത്യ മൂല്യങ്ങൾ ഉത്പാദിപ്പിക്കുന്ന ദളിത്, പരിസ്ഥിതി, സ്ത്രീ, ഭിന്ന ലൈംഗികത തുടങ്ങിയ സമീപനങ്ങൾ വിദ്യാർത്ഥിക്കു ലഭിക്കുന്ന പാഠഭാഗങ്ങൾ ഭാഷാപഠനത്തിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം. വൈകാരിക തലത്തിലും സൗന്ദര്യതലത്തിലും വിദ്യാർത്ഥിയെ നവീകരിക്കാൻ കഴിയുന്നതായിരിക്കണം ഉന്നതവിദ്യാഭ്യാസത്തിലെ ഭാഷാസാഹിത്യപാഠങ്ങൾ. അന്യഭാഷാ പഠനത്തിൽ മലയാളവും ആ ഭാഷകളും തമ്മിലുള്ള വിവർത്തനശേഷി ഒരു വിഷയമായിരിക്കേണ്ടതാണ്.

## ഉത്പാദനമേഖലയും ഭാഷയും

ഭാഷ സ്വത്വബോധവും സമൂഹനിർമ്മിതിയുമായി ബന്ധപ്പെട്ട് കിടക്കുന്നു. വിഷയപഠനം മാത്രമല്ല വിഷയിയുടെ നിർമ്മാണം കൂടി അതിൽ ഉൾച്ചേർന്നിട്ടുണ്ട്. ഉത്പാദന സാമ്പത്തിക ബന്ധങ്ങളുമായി ഭാഷ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നുള്ള പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്. (ഉദാ: ലിംഗ്വിസ്റ്റിക് ഇംപീരിയലിസം- റോബർട്ട് ഫിലിപ്സൺ, മലയാളത്തിന്റെ ഭാവി - കെ. സേതുരാമൻ) ഉത്പാദന സാമ്പത്തിക മേഖലകളിൽ സ്വാശ്രയകേരളത്തെയും സ്വാശ്രയ ഇന്ത്യയെയും



# ഉന്നതവിദ്യാഭ്യാസവും ഭാഷാനയവും

ഡോ. വി.പി. മാർക്കോസ്, മലയാള വിഭാഗം



നിർമ്മിക്കുകയാണ് ലക്ഷ്യമെങ്കിൽ വിവിധ ഭാഷകളോടുള്ള നിലവിലുള്ള സമീപനത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇന്ത്യയിലെ ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നത് അവരുടെ മാതൃഭാഷകളിലൂടെയാണ് എന്ന് അംഗീകരിച്ചാൽ വിവിധ ഇന്ത്യൻ ഭാഷകൾക്ക് ഇന്ത്യയിലെ ഓരോ സംസ്ഥാനത്തും പഠനവകുപ്പുകൾ സ്ഥാപിക്കേണ്ടതാണെന്ന് വ്യക്തമാകും. ഇന്ത്യ മാത്രമല്ല തമിഴ്, കന്നട, തെലുങ്ക്, പഞ്ചാബി, ബംഗാളി തുടങ്ങിയ വിവിധ ഭാഷകളുടെ പഠനവകുപ്പുകൾ കേരളത്തിൽ (ഒന്നെങ്കിലും) ഉണ്ടാകേണ്ടതുണ്ട്. ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് സർവ്വകലാശാലയുടെ കേന്ദ്രത്തിലോ മലയാള സർവ്വകലാശാലയിലോ ഇത്തരം ഭാഷാവകുപ്പുകൾ സ്ഥാപിക്കാവുന്നതാണ്. അതുപോലെ, ഇംഗ്ലീഷ് മാത്രമല്ല ആഫ്രിക്കൻ ഭാഷകളടക്കമുള്ള മറ്റു ലോകഭാഷകളും പഠിക്കാനുള്ള സൗകര്യം ഇത്തരത്തിൽത്തന്നെ സ്ഥാപിക്കപ്പെടേണ്ടതാണ്.

പുതിയ ലോകക്രമത്തിൽ കേരളത്തിൽ നിന്ന് പുറത്തേക്കും പുറത്തുനിന്നും കേരളത്തിലേക്കും തൊഴിൽ അന്വേഷിച്ചും മറ്റും എത്തിച്ചേരുന്ന ആളുകൾക്ക് ഈ സൗകര്യം സഹായകരമാകും. ഇംഗ്ലീഷിൽ കൂടി മാത്രമുള്ള ഏക ഭാഷാലോകമല്ല വിവിധഭാഷകൾ തുല്യ നില പങ്കിടുന്ന ബഹുഭാഷാലോകമാണ് നാം ലക്ഷ്യമാക്കേണ്ടത്. കേരളത്തിനുവേണ്ടിയും ഇന്ത്യക്കുവേണ്ടിയുമുള്ള ശാസ്ത്ര, സാമൂഹ്യശാസ്ത്ര, വൈജ്ഞാനിക ഉത്പാദനത്തിന് മലയാളവും ഇതര ഇന്ത്യൻ ഭാഷകളും തമ്മിലുള്ള സമ്പർക്കവും വിനിമയവും അനിവാര്യമാണ്. യൂറോപ്യൻ യൂണിയൻ അവരവരുടെ ദേശീയഭാഷയിൽ ഊന്നിനിന്നുകൊണ്ടുതന്നെയുള്ള ഉത്പാദന സാമ്പത്തിക ബന്ധങ്ങളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത് എന്ന് ഓർക്കേണ്ടതാണ്.


**With Best Compliments From...**

**NAYANA CATERING**

Priyadarsini Road, Sreenilayam, Kottapuram,
Alangad p. o, Aluva, Pin : 683 511
Licence No : 11312007002601
Mob : 9388475975, 9746188163, nayanacatering@gmail.com







https://www.lateslip.co.in

## ക്യാമ്പസിലെ പഴയ അധ്യാപകൻ ഗീവർഗീസ് മാഷുമായി മാഗസിൻ കമ്മറ്റി നടത്തിയ അഭിമുഖ സംഭാഷണം.

Business | Downloads | Parent Category | Featured | Health

- **ഓട്ടോണമി ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടന്നുവന്നിരിക്കുന്ന പുതിയ അഭിമാന സ്തംഭമായിരിക്കുകയാണ്. പല ക്യാംപസുകളും ഈ പുത്തൻ അനുഭവത്തെ വരവേൽക്കാൻ തകൃതിയായി ഒരുങ്ങുന്നു. ഈ സാഹചര്യത്തിൽ ഒരു 'വിശുദ്ധ ക്യാംപസ്' സൃഷ്ടിക്കാനും നീക്കങ്ങൾ നടക്കുന്നുണ്ട്. ഇതിനോടുള്ള മാഷിന്റെ കാഴ്ചപ്പാട് എന്താണ്?**

'Accreditation' എന്ന ഒരു പുതിയ പ്രവണത തുടങ്ങിയ കാലം തൊട്ട് ക്യാംപസുകൾക്ക് പല മാറ്റങ്ങളും വന്നുതുടങ്ങി. ഇത് രണ്ട് രീതിയിലാണ് കടന്നുവരുന്നത്. ഒന്നാമത്തേത് ചില ചിട്ടകളാണ്. ഉദാഹരണത്തിന് യൂണിഫോം, ID കാർഡ് തുടങ്ങിയവ. രണ്ടാമത്തേത് ക്യാംപസിന്റെ അന്തരീക്ഷത്തെയും ഘടനയേയും മാറ്റികൊണ്ടുള്ളതാണ്. ഇത്തരം മാറ്റങ്ങൾ ചില protocol കളുടെ അടിസ്ഥാനത്തിലാണ്. നമ്മൾ പോലും അറിയാതെ, എന്നാൽ നമ്മുടെ അനുവാദത്തോടെ അധികാരികൾ അവ നടപ്പാക്കുന്നു.

Surveillance എന്നത് ഇതിന്റെ ഭാഗമാണ്. ഇതിനെ പണ്ടേ വിദ്യാർത്ഥികൾ ചെറുക്കേണ്ടിയിരുന്നു.

- **Surveillanceന് സെക്യൂരിറ്റി ഒരു കാരണമായി അധികാരികൾ ചൂണ്ടികാണിക്കുന്നില്ലേ?**

തീർച്ചയായും. എന്നാൽ ഇത് ആരുടെ security ക്കു വേണ്ടിയാണെന്ന് നാം ചിന്തിക്കണം. ക്ലാസ് മുറികളിലും വരാന്തകളിലും CCTV ക്യാമറ ഘടിപ്പിച്ച് ഓഫീസ് റൂമുകളിലും സ്റ്റാഫ് റൂമുകളിലുമിരുന്ന് കാണുന്നതു പോലെ office കളിലും സ്റ്റാഫ് റൂമുകളിലും അഡ്മിഷൻ സമയത്ത് പൈസവാങ്ങുന്നിടത്തുമെല്ലാം ക്യാമറ വച്ച് അതൊരു പൊതു സ്ക്രീനിൽ പ്രദർശിപ്പിക്കുന്നതിനെകുറിച്ച് ഇന്നോളം നമ്മളാരും ചിന്തിച്ചിട്ടില്ല.

ഇവിടെ security മെമ്പർ നെ നിയമിക്കുന്നത് വിദ്യാർത്ഥികളെ നിയന്ത്രിക്കാനാണ് JNU പോലുള്ള ക്യാമ്പസുകളിൽ security ചെയ്യുന്നത് പുറത്തുനിന്നും ക്യാമ്പസിൽ കടക്കുന്നവരെ നിയന്ത്രിക്കുകയാണ്. അവർക്ക് വിദ്യാർത്ഥികളെ നിയന്ത്രിക്കാനല്ല മറിച്ച് സംരക്ഷിക്കാനാണ് അനുവാദമുള്ളത്. എന്നാൽ ഇവിടുത്തെ ക്യാമ്പസുകളിൽ കുട്ടികൾ എപ്പോൾ വരുന്നു, എവിടെ പോകുന്നു എന്നെല്ലാം അറിയാനാണ് അവരെ ഏർപ്പെടുത്തിയിരിക്കുന്നത്.

ഈ Security ക്കും surveillance നുമായി ഒരു സ്ഥാപനം ചെലവഴിക്കുന്ന പണം RTI വഴി അറിയാൻ ശ്രമിക്കുക. ആ കണക്കുകൾ ഞെട്ടിക്കുന്നതായിരിക്കും.

- **യു.സി കോളേജിൽ വർഷങ്ങൾക്കുമുമ്പ് ഓഫ് ക്യാംപസ് കോഴ്സായി BCom കൊണ്ടുവരാനുള്ള ശ്രമങ്ങൾക്കെതിരെ താങ്കൾ സമരം ചെയ്തതായി കേട്ടിട്ടുണ്ട്. അതിനെക്കുറിച്ച്?**



https://www.lateslip.co.in



# ക്യാമ്പസിലെ പഴയ അധ്യാപകൻ ഗീവർഗീസ് മാഷുമായി മാഗസിൻ കമ്മറ്റി നടത്തിയ അഭിമുഖ സംഭാഷണം.

Business | Downloads | Parent Category | Featured | Health

ഒരു ഓഫ് ക്യാംപസ് കോഴ്സായി BCom വരുന്നതിനെ അന്ന് ഞാൻ എതിർത്തിരുന്നു. മറ്റ് പല ക്യാംപസ് അന്തരീക്ഷങ്ങളിൽനിന്നും വ്യത്യസ്തമാണ് യു.സി. അധ്യാപക നിയമനത്തിന് പണം കൈപ്പറ്റാത്ത അപൂർവ്വം ക്യാംപസുകളിൽ ഒന്ന്. ഒരു ഓഫ് ക്യാംപസ് പ്രോഗ്രാം എന്ന നിലയിൽ അന്ന് Bcom ന്റെ ആവശ്യമുണ്ടായിരുന്നില്ല എന്ന തോന്നലുണ്ടായിരുന്നു. ഇന്ന് അത് ഒരു Self financing കോഴ്സായി വന്നു. അതിന്റെയും ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. Aided ആയ ക്യാംപസുകൾ കൂടുതൽ പണം വരുന്ന കോഴ്സുകൾ നടത്തേണ്ടതില്ല എന്നതാണ് എന്റെ പക്ഷം. വിദ്യാഭ്യാസം ലാഭം ഉണ്ടാക്കാൻ വേണ്ടിയുള്ളതല്ല. വിദ്യാഭ്യാസത്തിന് ഒരു Public Responsibility ഉണ്ട്. അതിൽനിന്നും ഏറെ വ്യതിചലിച്ചു അബ്കാരിയേക്കാൾ ലാഭകരമായ കച്ചവടമായി വിദ്യാഭ്യാസം മാറിയിരിക്കുന്നു. മറ്റൊരു രീതിയിൽ ഒരു Risk Free Business."

- **Autonomy യെ പിന്തുണക്കുന്നവർ പറയുന്ന വാദഗതികൾ പരീക്ഷ സമയത്ത് നടക്കുന്നില്ല. റിസൽട്ട് വൈകുന്നു. അധ്യാപകർ Accountable അല്ല തുടങ്ങിയവയാണ്. ഈ വാദങ്ങളെ താങ്കൾ എങ്ങനെ നിരീക്ഷിക്കുന്നു ?** (ഒരധ്യാപകൻ എന്ന നിലയിൽ).

Autonomy എന്ന തത്വത്തോട് എനിക്ക് വിയോജിപ്പില്ല. എന്നാൽ അതിന്റെ ആവശ്യകത ഇന്നത്തെ സാഹചര്യത്തിലുണ്ടോ എന്ന് ചിന്തിക്കണം. സർഗാത്മകമായ ഒരു Research Oriented Course ആരംഭിക്കുന്നത് ഇന്നത്തെ സാഹചര്യത്തിൽ ഏറെ ശ്രമകരമാണെന്ന് വരികയാണെങ്കിലാണ് ഓട്ടോണമി ആവശ്യമാകുന്നുള്ളു. കേരളത്തിന്റെയും യൂസി യുടേയും ഇന്നത്തെ സാഹചര്യത്തിൽ ഇതിന്റെ ആവശ്യമില്ല. Autonomy യെ സംബന്ധിച്ച് പുറത്തിറക്കിയ സർക്കാർ ബില്ലുകളിലും മാധവമേനോൻ റിപ്പോർട്ടുകളിലുമൊന്നും വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു ചിന്തയുമില്ല.

Accountable എന്ന പദം Accounting- ന്റെ യുക്തിയാണ്. അങ്ങനെ ചിന്തിക്കുകയാണെങ്കിൽ അധ്യാപകരോ വിദ്യാർത്ഥികളോ Accountable ആകുന്നില്ല. നമ്മുടെ നാട്ടിലെ സർക്കാർ സ്ക്കൂളുകൾ ലാഭം/നഷ്ടം എന്നിവ നോക്കാറില്ല/നോക്കേണ്ടതില്ല. മറിച്ച് അവന്/അവൾക്ക് ലഭിച്ച വിഭവങ്ങൾ വേണ്ടവിധം ഉപയോഗിച്ചോ എന്നതാണ് കാര്യം. അധ്യാപകരും വിദ്യാർത്ഥികളും കൂടുതൽ പ്രവർത്തിച്ച് Production കൂട്ടേണ്ടതില്ല. അതിനാൽ ഓട്ടോണമി Accountable ആക്കുമെന്ന വാദം നിലനിൽക്കുന്നില്ല.

- **നിലവിൽ വന്ന ഓട്ടോണമസ് കോളേജുകൾക്ക് പരാജയം സംഭവിച്ചു എന്ന് കരുതുന്നുണ്ടോ ?**

Autonomy മുന്നോട്ട് വച്ച ആശയങ്ങളിൽ ഭൂരിഭാഗവും നടപ്പാക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. self financing സ്ഥാപനങ്ങൾ പോലെ അവയും മാറിക്കഴിഞ്ഞിരിക്കുന്നു. മഹാരാജാസ് കോളേജിൽ PG course ന് പ്രായപരിധി നിശ്ചയിച്ചത് ഒരുദാഹരണം മാത്രമാണ്. NAAC ന്റെ ഗ്രേഡിംഗ് ലഭിച്ചതിനുശേഷം നടത്തപ്പെട്ട ദേശീയ അന്തർദേശീയ സെമിനാറുകളിൽ എത്ര മികച്ച പ്രബന്ധങ്ങൾ വന്നിട്ടുണ്ട്. പല കോളേജുകളിലും വിദ്യാർത്ഥികളെ മാനേജ്മെന്റുകളും അധികാരികളും കൂട്ടിലാക്കിക്കഴിഞ്ഞു. Internal valuation എന്ന രീതിയെ ഞാൻ അംഗീകരിക്കുന്നു. എങ്കിലും അതിന്റെ സുതാര്യത ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്.

- **ഈ പ്രശ്നത്തിൽ സർക്കാർ നിലപാടുകൾ പലപ്പോഴും ആശാവഹമല്ല. ഇതിനെതിരെ ചെറുത്തുനിൽപ്പുകൾ സജീവമാകുന്നുണ്ട്. ഈ പ്രതിഷേധങ്ങളെയും സമരങ്ങളെയും എങ്ങനെ നോക്കിക്കാണുന്നു ?**

സമരങ്ങൾ ഇന്ന് ഏറെ മാറിയിരിക്കുന്നു. ഇപ്പോൾ Transportation സമരങ്ങൾ ഏറെക്കുറെ ഇല്ലാതായി



## ക്യാമ്പസിലെ പഴയ അധ്യാപകൻ ഗീവർഗീസ് മാഷുമായി മാഗസിൻ കമ്മറ്റി നടത്തിയ അഭിമുഖ സംഭാഷണം.



എന്നുപറയാം. നമ്മൾ അവയുമായി Naturalised ആയിക്കഴിഞ്ഞിരിക്കുന്നു. ഓട്ടോണമി വഴി സർക്കാർ ബാധ്യതയൊഴിയുകയാണ് എന്നൊരു വാദമുണ്ട്. വിദ്യാഭ്യാസം എന്നത് ഒരു പൊതു ബാധ്യതയാണ്. ഈ പൊതുസ്വത്തിനെ സ്വകാര്യവത്ക്കരിക്കുന്ന രീതിയാണ് unaided school/College കളിലൂടെ സംഭവിക്കുന്നത്.

മധ്യവർഗമാതാപിതാക്കൾ അടുത്തതലമുറയെക്കൊണ്ട് ഒരു പരീക്ഷണം ചെയ്യരുതെന്ന് കരുതി unaided സ്കൂളുകളിൽ ചേർക്കുന്നു. ഈ രീതി higher education ലും കാണാം.

നേരത്തെ സൂചിപ്പിച്ച സ്വകാര്യവത്ക്കരണം നടത്താൻ ശ്രമം നടക്കുമ്പോൾ Political ആയ വിദ്യാർത്ഥികൾ അവരുടേതായ പ്രതിരോധം സൃഷ്ടിക്കേണ്ടതുണ്ട്. അധ്യാപകർക്ക് ഇക്കാര്യത്തിൽ പരിമിതികളുണ്ട്. അവർക്ക് അവരുടേതായ ഒരു comfort factor ഉണ്ട്. അതുകൊണ്ടാണ് പുറത്ത് ഇതിനെതിരെ സംസാരിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നവർ അകത്ത് നിശബ്ദരാകുന്നത്. എന്നാൽ St. Alberts College ലെ സെബാസ്റ്റ്യൻ എന്ന അധ്യാപകനും, മഹാരാജാസിലെ അധ്യാപകരും മാതൃകകളായി നിൽക്കുന്നു. ഈ system ത്തിന് അകത്തുനിന്നാണ് പ്രതിരോധങ്ങൾ വേണ്ടത്. അതിന് ഇവിടുത്തെ വിദ്യാർത്ഥികൾക്കേ കഴിയൂ.

- **ഇത്തരത്തിൽ ഇടപെടുന്നവരെ മാനേജ്മെന്റ് നിശബ്ദരാക്കുകയും പുറത്താക്കുകയും ചെയ്യുന്ന ഒരു പ്രവണതയില്ലേ...?**

വിദ്യാർത്ഥികളുടെ ഇടങ്ങൾ ക്യാംപസിൽ കുറഞ്ഞ് വരുന്നു. 90 കളുടെ ആരംഭത്തിൽ വിദ്യാർത്ഥികളുടെ നടപ്പാതകൾ കെട്ടിയൊരുക്കി അവരെ അതിലൂടെ നടക്കാൻ നിർബന്ധിതരാക്കി. അവർ ഇരിക്കുന്ന ഇടങ്ങളിൽ കൂടങ്ങളും കമ്പികളും കൊണ്ട് മറ സൃഷ്ടിച്ചു. lawn കൾ ഉദാഹരണമാണ്. ഇത്തരം രീതിയിലൂടെ പൊതു മണ്ഡലങ്ങളെ ഇല്ലാതാക്കുന്നു. അതിന്റെ ഫലമായി വിദ്യാർത്ഥികൾ ഒരുമിച്ചു കൂടുന്നതുപോലും ഒരുതരത്തിൽ തടയാൻ കഴിയും. രാഷ്ട്രീയ ജീർണത സംഭവിക്കുന്നിടത്ത് ഗ്യാങ്ങുകൾ രൂപം കൊള്ളും. അത് ഒരു ഗുണവും വിദ്യാർത്ഥികൾക്ക് നൽകില്ല.

പ്രതിരോധിക്കുന്നവരെ പുറത്താക്കുന്ന രീതി നമ്മൾ St. Alberts ലും മഹാരാജാസിലും കണ്ടതാണ്. ശബ്ദിക്കുന്നവരെ നിശ്ശബ്ദരാക്കുന്നതാണ് എന്നും അധികാരികളുടെ തന്ത്രം.

- **ഇതിന്റെ മറ്റൊരു മുഖമല്ലേ എഴുത്തുകളും/എഴുത്തുകാരും ക്യാമ്പസ് മാഗസിനുകളും ക്യാമ്പസുകൾക്കകത്ത് സംഘടനകളും നിരോധിക്കപ്പെടുന്നത് താങ്കളുടെ ആശങ്കകൾ എന്തെല്ലാമാണ്?**

ഞാൻ 1976 ൽ ആണ് UC യിൽ അധ്യാപകനായി ചേരുന്നത്. അന്ന് അടിയന്തിരാവസ്ഥ നിലനിൽക്കുന്നുണ്ട്. അതിനുശേഷം അത് പിൻവലിച്ചെങ്കിലും അന്നെല്ലാം നമ്മൾ വല്ലാതെ disturbed ആയിരുന്നു. അത്തരം ഒരു disturbance ഇന്നും അനുഭവപ്പെടുന്നുണ്ട്. Communal ആയ Relegious ആയ വിഷയങ്ങൾ ഉയർന്നുവരുന്നു. ഇവയെ കൈകാര്യം ചെയ്യാൻ എളുപ്പമാണ്. ഇതിന്റെ മറ്റൊരു മുഖമാണ് എഴുത്തുകൾ നിരോധിക്കപ്പെടുന്നത്.

പെരുമാൾ മുരുകന്റെ പുസ്തകം നിരോധിക്കപ്പെടുന്നത് ഈ സാഹചര്യത്തിലാണ്. മുൻപ് യു.സി യിൽ ഒരു മാഗസിൻ സമാനമായ സാഹചര്യത്തിൽ വിവാദമായത് ഓർക്കുന്നു. ഇതിനെതിരെയെല്ലാം പ്രതിരോധങ്ങൾ രൂപപ്പെടേണ്ടതുണ്ട്. മതങ്ങൾക്കും ദൈവങ്ങൾക്കും വേണ്ടി നമ്മൾ കലാപങ്ങൾ ഉണ്ടാക്കേണ്ടതില്ല.

എന്റെ വ്യക്തിപരമായ അഭിപ്രായം പറയാം. എന്റെ ചിന്തക്കകത്ത് ഒതുങ്ങുന്ന ഒരു ദൈവത്തിന്റെ ആവശ്യമില്ല. ഇനി എന്റെ ചിന്തക്കും അപ്പുറമാണ് ദൈവമെങ്കിൽ ആ ദൈവത്തെ

https://www.lateslip.co.in



## ക്യാമ്പസിലെ പഴയ അധ്യാപകൻ ഗീവർഗീസ് മാഷുമായി മാഗസിൻ കമ്മറ്റി നടത്തിയ അഭിമുഖ സംഭാഷണം.

Business | Downloads | Parent Category | Featured | Health

ഞാൻ മനസിലാക്കേണ്ടതുമില്ല. എന്റെ മക്കളുടെ ആരുടേയും Certificate ൽ caste, Religion എന്നീ കോളങ്ങൾ ഞാൻ പൂരിപ്പിച്ചിട്ടില്ല. അവർക്കാവശ്യമെങ്കിൽ അവർ തിരഞ്ഞെടുക്കട്ടെ.

മേൽപറഞ്ഞ നിരോധനങ്ങൾക്കെതിരെയുള്ള ഏറ്റവും മികച്ച പ്രതിരോധം എഴുത്ത് തന്നെയാണ്. എന്നാൽ എഴുതുമ്പോൾ ഇത് തെറ്റാണ് എന്ന് എഴുത്തുകാരന് തന്നെ തോന്നിയാൽ അയാളും ഈ ഫാസിസ്റ്റ് യുക്തിയുടെ ഭാഗമാകും എന്ന മാത്രം. നമ്മളും ഇതിൽ പങ്കാളികളാകും.

(മാഷിനോട് ഞങ്ങളേറെനേരം വർത്തമാനം പറഞ്ഞിരുന്നു. മുഴുവൻ 'വർത്തമാനങ്ങളും' പകർത്തുന്നില്ല. ഇറങ്ങാൻ നേരം മാഷ് ഞങ്ങളോട് പറഞ്ഞു. "നിങ്ങൾ ഓട്ടോണമിയെക്കുറിച്ച് ചോദിക്കാനാണ് വന്നതെങ്കിലും നമ്മൾ പറഞ്ഞുപറഞ്ഞ് മറ്റെവിടേക്കോ പോയി." ഓട്ടോണമി 'മറ്റുപലതിന്റേയും' തുടർച്ച മാത്രമാണ് എന്നുള്ളതുകൊണ്ട് ഞങ്ങൾ ഈ അഭിമുഖത്തിൽ തൃപ്തരാണ്).

ചെറി മാഷിന്റെ പഴയ ചോദ്യം
ഗാന്ധിയെ യൂസിയിലേക്ക് കൊണ്ടുവന്നതാരാ മാഷേ....?
ഗീവർഗീസ് മാഷിന്റെ ഉത്തരം,
അന്ന് ഇവിടെ ഉണ്ടായിരുന്ന വിദ്യാർത്ഥികളാ.....





# ഹോസ്റ്റൽ കുറിപ്പുകൾ



യൂ.സി കോളേജിനോളം തന്നെ ചരിത്രമുണ്ട് ഇവിടുത്തെ ഹോസ്റ്റലുകൾക്ക്. റസിഡൻഷ്യൽ കോളേജായി പ്രവർത്തനം ആരംഭിച്ച യൂസി കോളേജിൽ ആദ്യകാലത്ത് 90 ശതമാനം വിദ്യാർഥികളും ഹോസ്റ്റൽ അന്തേവാസികളായിരുന്നു. ആണുങ്ങൾ സർവ്വാധിപത്യം പുലർത്തിയിരുന്ന ആ കാലത്ത് അവർക്കു പാർക്കാൻ യൂസിലുണ്ടായിരുന്നത് അഞ്ച് ഹോസ്റ്റലുകളായിരുന്നു. ഹോളണ്ട് ഹോസ്റ്റൽ (ഇന്ന് അധ്യാപകരുടെ ക്വാർട്ടേഴ്സ്), ന്യൂ ഹോസ്റ്റൽ (ഇന്നത്തെ മാത്യു ബ്ലോക്ക് നിൽക്കുന്ന സ്ഥലത്ത് മുമ്പുണ്ടായിരുന്ന ഹോസ്റ്റൽ). ചാക്കോ ഹോസ്റ്റൽ, സ്കിന്നർ ഹോസ്റ്റൽ (എൺപതുകളുടെ അവസാനം ഇതു പെൺകുട്ടികളുടെ ഹോസ്റ്റലായി), ടാഗോർ ഹോസ്റ്റൽ (സർക്കസ് കൂടാരം പോലൊരു ഓഡിറ്റോറിയം ഇന്ന് നിൽക്കുന്ന സ്ഥലത്ത് പണ്ടുണ്ടായിരുന്ന ഹോസ്റ്റൽ).

കഷ പുഴുങ്ങിയത് പോലെ കുറേ ഇള്ളക്കുട്ടികൾ ചുമ്മാ ഉണ്ടുറങ്ങിക്കഴിയുന്ന സ്ഥലമല്ല അന്ന് ഹോസ്റ്റലുകളൊന്നും. ഒന്നാന്തരം പുലിമടകൾ. ജാതി, വർഗ, പ്രത്യയശാസ്ത്ര ഭേദമില്ലാതെ എല്ലാ അവൻമാരും തോളോട്തോൾ ചേർന്നിരുന്ന് റമ്മിയും പന്നിമലത്തും കളിക്കും. 'ക', 'മ', 'പ' എന്നീ അക്ഷരങ്ങളിൽ തുടങ്ങുന്ന വാക്കുകൾ തെരുതെരെ പറയും. ഒഴിവുള്ളപ്പോൾ യൂസി കടവിൽ കുളിസീൻ പിടിക്കാൻ പോകും. തെറുപ്പുബീഡിയും കള്ളും (ചിലപ്പോൾ സ്വാമിയെന്ന ഓമനപേരിൽ അറിയപ്പെടുന്ന കഞ്ചാവും) എവിടെ കണ്ടാലും ആരതിയുഴിഞ്ഞ് ആനയിക്കും. നിൽക്കുമ്പോൾ കാലുറയ്ക്കാതെ പോയ പിഞ്ചുകുറ്റത്തിനു കുടുംബത്ത് നിന്ന് പുറത്തായവർക്ക് തൊട്ട് ഗംഭീര 'ഹറാമ്പറപ്പു'കളുടെ പേരിൽ നാടും നാട്ടാരും തിരയുന്ന വല്യ പുള്ളികൾക്ക് വരെ രാത്രിയിൽ അഭയം കൊടുക്കും. അലമ്പു മാത്രമല്ല ഹോസ്റ്റലുകളുടെ മുഖമുദ്ര. എല്ലാറ്റിനും കൂടി, ഒടുവിൽ എല്ലാവനും ഉറങ്ങികഴിയുമ്പോൾ മാത്രം നാലക്ഷരം പഠിച്ച് റാങ്ക് നേടുന്നവർ അവർക്കിടയിലുണ്ട്. ചില ബുദ്ധിരാക്ഷസന്മാർ പഠിക്കാതെയും പാസായിക്കളയും. റേഡിയോ അസംബിൾ ചെയ്തും പോസ്റ്ററെഴുതിയും ട്യൂഷനെടുത്തും ചെലവിനു പണമുണ്ടാക്കുന്നവർ തൊട്ട് റബ്ബർ മുതലാളിമാർ വരെ ഏച്ചികളായി വാഴുന്ന സമത്വസുന്ദരലോകമാണിവിടം. ആർട്സും സ്പോർട്സും ഇലക്ഷനും തല്ലും എന്നുവേണ്ട കോളേജിലെ സകല ഇടപാടുകൾക്കും അള്ളയച്ച് സഹായിക്കുന്നത് ഇവരായിരുന്നു.

വിശ്വ മഹാകവി രവീന്ദ്രനാഥ ടാഗോറാണ് യൂസിയിലെ ആദ്യ ഹോസ്റ്റൽ ഉദ്ഘാടനം ചെയ്യുന്നത്. അദ്ദേഹത്തിനോടുള്ള ബഹുമാനാർത്ഥമാണ് ഹോസ്റ്റലിനു ടാഗോർ ഹോസ്റ്റൽ എന്നു പേരു നൽകുന്നത്. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ കെ.സി. ചാക്കോയുടെ









# ഹോസ്റ്റൽ കുറിപ്പുകൾ



പ്രിൻസിപ്പലായിരുന്ന വില്യം സ്കിന്നറിനോടുള്ള ബഹുമാനാർത്ഥമാണ് സ്കിന്നർ ഹോസ്റ്റലിനു ആ പേരു ലഭിക്കുന്നത്. നോർത്ത് - ഈസ്റ്റ് ഹോസ്റ്റൽ എന്നറിയപ്പെട്ടിരുന്ന ചാക്കോ ഹോസ്റ്റലിന് ആ പേര് ലഭിക്കുന്നത് കെ.സി ചാക്കോ സാറിന്റെ മരണത്തോടെയാണ്. ഇന്ന് കോളേജിൽ അവശേഷിക്കുന്ന ഏക മെൻസ് ഹോസ്റ്റലും ചാക്കോ ഹോസ്റ്റലാണ്. 2014 ൽ ചാക്കോ ഹോസ്റ്റലും ഹോളണ്ട് ഹോസ്റ്റലും നവതി പൂർത്തിയാക്കി. ചാക്കോ ഹോസ്റ്റലിനു പുറമെ ആറ് ലേഡീസ് ഹോസ്റ്റലുകളും ഇന്ന് കോളേജിന്റെ ഭാഗമായി ഉണ്ട്. സിക്ന്നർ ഹോസ്റ്റലും എം.സി.എ ഡിപ്പാർട്ട്മെന്റിനു സമീപത്തായി ആരംഭിച്ച പി.ജി ഹോസ്റ്റലും ക്യാംപസിനകത്താണ്. ഇതിനു പുറമെ അംബേദ്കർ കോളനിക്കു സമീപമുള്ള ഈസ്റ്റ്, വെസ്റ്റ്, സി.ടി.ബി, ടി.ബി.റ്റി എന്നീ നാല് ഹോസ്റ്റലുകൾ കൂടി ഉണ്ട്. ഇന്ന് നിലവിലുള്ള ലേഡീസ് ഹോസ്റ്റലുകളിൽ ഏറ്റവും പഴക്കമുള്ളത് ഈസ്റ്റ് ഹോസ്റ്റലിനാണ്. പഴയ ഈസ്റ്റ് ഹോസ്റ്റലിന്റെ ഒരു ഭാഗം മാത്രമാണ് ഇന്ന് നിലവിലുള്ളത്. താമസിയാതെ ശേഷിക്കുന്ന ഭാഗത്തും പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കും. പോയ വർഷം ഈസ്റ്റ് അതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചിരുന്നു. നടുമുറ്റത്തോടു കൂടിയ വെസ്റ്റ് ഹോസ്റ്റലാണ് പ്രായം കൊണ്ട് രണ്ടാമത്. പോയ വർഷം വെസ്റ്റ് ഹോസ്റ്റൽ ഗോൾഡൻ ജൂബിലി ആഘോഷിച്ചിരുന്നു.

യൂസിയിലെ ആദ്യ അക്രമാസക്തമായ സമരം എന്നു വിശേഷിപ്പിക്കപ്പെടുന്ന ജോണി സമരത്തോടെയാണ് കോളേജിലെ പ്രധാന മെൻസ് ഹോസ്റ്റലുകൾ എല്ലാം അടച്ചുപൂട്ടി പോകുന്നത്. രാത്രികാലങ്ങളിൽ ഹോസ്റ്റലുകൾ സജീവമാകും. സമരത്തിനുള്ള തന്ത്രങ്ങൾ മെനയുന്നത് ഹോസ്റ്റലുകളിലായിരുന്നു. ഇത് തിരിച്ചറിഞ്ഞ മാനേജ്മെന്റ് ന്യൂ ഹോസ്റ്റലും ടാഗോർ ഹോസ്റ്റലും അടച്ചുപൂട്ടി. ഹോളണ്ട് ഹോസ്റ്റൽ അധ്യാപകരുടെ ക്വാർട്ടേഴ്സാക്കി മാറ്റി. ഹോസ്റ്റലുകളുടെ കൂട്ടത്തിൽ ഇന്ന് അവശേഷിക്കുന്ന ഏക ആൺതരി ചാക്കോസാണ്.

കടപ്പാട് നിയാസ് കരീം (ucian.blogspot.com)

## ചാക്കോ ഹോസ്റ്റൽ കുറിപ്പ്

'റാഗിങ്' - ക്യാംപസ് ഇന്നും എന്നും കൗതുകത്തോടെയും അൽപം ഭയപ്പാടോടെയും കാതോർക്കുന്ന പദമാണത്. റാഗിങ് എന്ന പേരിൽ മലയാളത്തിൽ ഒരു സിനിമ തന്നെ പുറത്തിറങ്ങിയിട്ടുണ്ട്. യൂസി കോളേജിൽ ചിത്രീകരിച്ച സിനിമ നിർമ്മിച്ചത് യൂസിയിലെ പൂർവ്വ വിദ്യാർത്ഥികൂടിയായ ഐസക്ക് തോമസായിരുന്നു. യൂസിയുമായി റാഗിങിന് അഭേദ്യമായ ബന്ധമുണ്ടെന്നു മനസ്സിലായില്ലേ? ക്യാംപസിനേക്കാൾ പണ്ടേ റാഗിങിനു പേരുകേട്ട ഇടങ്ങൾ ഹോസ്റ്റലുകളാണ്. എ.കെ ആന്റണിയുടെ ഭാഷയിൽ പറഞ്ഞാൽ മൃഗീയവും പൈശാചികവുമായ റാഗിങ് മുറകളൊക്കെ കേരളത്തിലെ ക്യാംപസുകളുടെ പടി കടന്നുപോയിട്ട് കാലം ഏറെയായി. എങ്കിലും കാലാകാലങ്ങളായി സീനിയർ ചേട്ടൻമാരുടെ വക പുതിയതായി ഹോസ്റ്റലിൽ എത്തുന്ന കുഞ്ഞാടുകൾക്ക് സ്റ്റഡിക്ലാസും പരിചയപ്പെടലുമുണ്ട്. റാഗിങ്ങിന്റെ കോലം മാറിയതോടെ നിർവചനങ്ങളും മാറി. പ്ലസ്ടു കഴിഞ്ഞ് നേരെ കോളേജിലേക്ക് എത്തുന്ന ഇത്തിരി പോരാത്ത പയ്യൻമാരെ നോക്കി ഒന്നു കണ്ണുരുട്ടിയാൽ പോലും റാഗിങാണ് ഇന്ന്. ഇതിനു ഒരു പരിധിവരെ കാരണം മാതാപിതാക്കളും നാട്ടുകാരുമൊക്കെ തന്നെയാണ്. ഹോസ്റ്റലുകൾ ക്രൂരമായ റാഗിങിന്റെയും ഹോമോസെക്ഷ്വൽ ആക്റ്റിവിറ്റീസിന്റെയും കേന്ദ്രമാണെന്ന് പറഞ്ഞ് പേടിപ്പിച്ചാണ് ഇങ്ങോട്ട് വിടുന്നത്. എന്തിന് ഏറെ പറയുന്നു വിശന്നപ്പോൾ ഒരു ഒന്നാംവർഷ വിദ്യാർത്ഥിയുടെ റൂമിൽ കേറി ചിപ്സ് പൊട്ടിച്ചു തിന്ന ഒരു പാവം സീനിയർ പയ്യൻസിനെതിരെ വരെ പോയി പരാതി.



# ഹോസ്റ്റൽ കുറിപ്പുകൾ



ക്യാംപസുകൾ ഇളക്കിമറിച്ച് ക്ലാസ്മേറ്റ്സ് പുറത്തിറങ്ങിയ 2006 ലാണ് സംഭവം നടക്കുന്നത്. കോഴിക്കോട്ടുകാരൻ നിഗേഷ് കുമാറെന്ന ഒന്നാംവർഷ മനഃശാസ്ത്ര ബിരുദ വിദ്യാർത്ഥിയാണ് കഥയിലെ നായകൻ. ഡിഗ്രി അഡ്മിഷൻ നടപടികളൊക്കെ ഏതാണ്ട് കഴിഞ്ഞ് സീനിയേഴ്സ് ജൂനിയേഴ്സിനെ പരിചയപ്പെട്ടു തുടങ്ങിയിട്ടേ ഉള്ളൂ. സീനിയേഴ്സിനെ കാണുമ്പോഴെ ജൂനിയേഴ്സിന്റെ മുട്ടുവിറക്കും. അപ്പോഴാണ് സീനിയേഴ്സിൽ ഒരാളുടെ ചെവിയിൽ ആ വാർത്ത എത്തിയത്. ഫസ്റ്റ് ഇയർ പയ്യൻ നിഗേഷ് മിസിങാണ്. സീൻ കോൺട്രയാണെന്നു മനസ്സിലായ അണ്ണൻമാർ അടിയന്തിര യോഗം വിളിച്ചു. സ്ക്വാഡുകളായി തിരിഞ്ഞ് ഫസ്റ്റ് ഇയർ പയ്യന്റെ പേരും വിളിച്ച് നാലുപാടും പാഞ്ഞു. സിസിയിലും ബിബിസിയിലും എഫ്സിയിലും എച്ച്സിയിലുംഎന്തിന് എൻസിസിക്കാരുടെ ഷൂട്ടിംഗ് റേഞ്ചിലെ കുറ്റിക്കാട്ടിൽവരെ തിരച്ചിൽ ഊർജ്ജിതമായി നടന്നു. ഒരു തുമ്പും കിട്ടിയില്ല. ഈ നിഗേഷ് കുമാർ ആളൊരു ലോലനാണ്. എന്തെങ്കിലും കടുംകൈ ചെയ്താൽ എല്ലാവരും കുടുങ്ങിയത് തന്നെ. ഓരോ സംഘങ്ങളും നിരാശരായി മടങ്ങിയെത്തി. നിഗേഷിന്റെ തിരോധാനത്തെക്കുറിച്ചു ഓരോരുത്തരും അവരവരുടെ ഭാവനക്കനുസരിച്ച് കഥകൾ മെനഞ്ഞു. അപ്പോഴാണ് കൂട്ടത്തിലൊരു വിരുതന്റെ മനസ്സിൽ ലഡു പൊട്ടിയത്. അവൻ നേരെ നിഗേഷ്കുമാറിന്റെ കട്ടിലിന്റെ അടിയിലേക്കു പാഞ്ഞു. എന്തായാലും സംഭവം ഏറ്റു. നമ്മുടെ കഥാനായകൻ പുറത്തുനടന്ന സംഭവവികാസങ്ങളൊന്നും അറിയാതെ നല്ല ഉറക്കത്തിലാണ്. പിന്നീട് നടന്ന വിശദമായ ചോദ്യം ചെയ്യലിൽ കഥാനായകൻ ഞെട്ടിക്കുന്ന ഒരു വെളിപ്പെടുത്തൽ നടത്തി. സംഭവം സിംപിൾ- സീനിയേഴ്സ് റാഗ് ചെയ്യാൻ പിടിക്കുമെന്നു പേടിച്ചു കട്ടിലിന്റെ അടിയിൽ ഒളിച്ചിരുന്നതാണ് കക്ഷി. പേടിച്ചു വിറച്ചു കട്ടിലിന്റെ അടിയിൽ പതുങ്ങിയ നായകൻ അറിയാതെ ഉറക്കത്തിലേക്കു വഴുതി വീഴുകയായിരുന്നു. ഉറക്കത്തിൽ തന്റെ നായികയെ സ്വപ്നം കണ്ടുകൊണ്ടിരുന്ന നായകൻ പുറത്ത് തന്നെ അന്വേഷിച്ചു വാലിനു തീപിടിച്ചു അണ്ണൻമാർ നാലുപാടും ഓടുകയായിരുന്നുവെന്ന് അറിഞ്ഞതേ ഇല്ല.

(ഈ ലേഖനം റാഗിങിനെ അനുകൂലിച്ച് എഴുതപ്പെട്ടിട്ടുള്ളതല്ല, മറിച്ച് ഇതൊക്കെ പിന്നീടുള്ള ജീവിതത്തിൽ ഓർത്ത് ചിരിക്കാനുള്ള ചില അസുലഭ നിമിഷങ്ങൾ മാത്രമാണെന്ന ഓർമ്മപ്പെടുത്തൽ മാത്രമാണ്.)

## വെസ്റ്റിലെ ഓർമ്മകൾ; മറവിക്കെതിരെയുള്ള കലാപങ്ങൾ

യു.സി.യിൽ നിന്നും പടിഞ്ഞാട്ടേക്ക് പെൺവിളികളുടെ ആരവം കേട്ടുതുടങ്ങിയിട്ട് വർഷം അൻപത്തിയൊന്ന് കഴിയുന്നു. പറഞ്ഞുവരുന്നത് വേറൊന്നിനെയും കുറിച്ചല്ല, വാകയുടെയും പ്ലാവിന്റെയും അശോകത്തിന്റെയും ഇടയിൽ ഒളിച്ചുകിടക്കുന്ന വെസ്റ്റിനെക്കുറിച്ചാണ്. 'പടിഞ്ഞാറെ പെൺപിള്ളേര്' എന്ന് സ്വയം അഹങ്കരിക്കുന്ന വെസ്റ്റുകാർ. പണ്ട് യു.സി റെസിഡൻഷ്യൽ കലാലയം ആയിരുന്ന കാലത്ത് (ഇപ്പോഴും ഏകദേശം അങ്ങനെയൊക്കെ തന്നെ) ആൺകുട്ടികൾക്കായിരുന്നു ഹോസ്റ്റലുകളിൽ സ്ഥാനം. എന്നാൽ ആൺപിള്ളേരുടെ കയ്യിലിരിപ്പുകൊണ്ടോ യു.സി യിൽ സ്ത്രീജനസംഖ്യ കൂടിവന്നതുകൊണ്ടോ മെൻസ് ഹോസ്റ്റലുകളെല്ലാംതന്നെ അടച്ചുപൂട്ടുകയും പതിയെ വിമൻസ് ഹോസ്റ്റലുകൾ തലപൊക്കുകയും ചെയ്തു. അതിൽ രണ്ടാമതായി തലപൊക്കിയതാണ് വെസ്റ്റ്. വെസ്റ്റിന്റെ എട്ടുകെട്ടിനുള്ളിൽ വിരിയുന്ന സൗഹൃദത്തിന് തന്നെയുണ്ട് നീണ്ട ചരിത്രം. വെസ്റ്റിലെ ചക്കമരച്ചോട്ടിനും ചാമ്പച്ചോട്ടിനും നടുമുറ്റത്തെ ചെളിവെള്ളത്തിനും മൂക്കുംമുമ്പെ താഴെവീണ് ചരമമടയുന്ന മാവിലെ മാങ്ങയ്ക്കും ഇമ ചിമ്മാതെ നോക്കിയിരുന്ന്



# ഹോസ്റ്റൽ കുറിപ്പുകൾ



പ്രണയിക്കുന്ന ബന്ധുകൾക്കുപോലുമുണ്ട് നൊമ്പരത്തിന്റെയും, സ്നേഹത്തിന്റെയും ജീവിതത്തിന്റെയും ചിലപ്പോഴൊക്കെ 'കുണ്ടറ സൂസിടെ' യും കഥപറയാൻ. വെസ്റ്റിലെ പെണ്ണുങ്ങളെ സംബന്ധിച്ചിടത്തോളം വെസ്റ്റ് ഒരു സർവ്വകലാശാല തന്നെയാണ്. തോട്ടിയില്ലാതെ മാങ്ങപറിക്കാനും, കത്തിയില്ലാതെ ചക്കവെട്ടാനും, നല്ല അസ്സലായിട്ട് കൂവിത്തെളിയാനും പഠിപ്പിച്ച ഇടം.

ഒരു പക്ഷെ വെസ്റ്റ് ഓർമകളിലേക്ക് പടിയിറങ്ങുമ്പോൾ, ആ ഓർമ്മകളിൽ നടുമുറ്റത്തെ ബെഞ്ചിൽ നനഞ്ഞൊട്ടിനിൽക്കാനും, മനസ്സുകൊണ്ട് മഞ്ചാടി മണികളെ പെറുക്കാനും കഴിയുന്നുവെങ്കിൽ, വെസ്റ്റിന്റെ എട്ടുകെട്ടിനുള്ളിൽ നമുക്ക് അവയെയും ചേർക്കാം.

## തൊമ്മനും മക്കളും

'തൊമ്മനും മക്കളും' ഈ പേര് എവിടെയെങ്കിലും കേട്ട് പരിചയമുണ്ടോ ? നിങ്ങൾ വിചാരിക്കും ഇത് ആ തട്ടുപൊളിപ്പൻ മമ്മൂട്ടി സിനിമയുടെ നിരൂപണമാണെന്ന്. പക്ഷെ നിങ്ങൾക്ക് തെറ്റി. എന്നാൽ, ഇതിലെ കഥയും കഥാപാത്രങ്ങളും നിങ്ങൾ ഉദ്ദേശിക്കുന്ന വ്യക്തികളല്ല. വിമൽകുമാറെന്ന് സ്വയം വിശേഷിപ്പിക്കാനിഷ്ടപ്പെടുന്ന കുഞ്ഞിക്കൂനനെപ്പോലെ 'തൊമ്മീസ്' എന്ന് സ്വയം വിശേഷിപ്പിക്കാനിഷ്ടപ്പെടുന്ന ചിലരുടെ കഥയാണിത്. ഇതിലെ നായികയും നായകനും വില്ലനുമെല്ലാം ഈ പറയുന്ന ചിലരൊക്കെതന്നെ.

ഇതിലെ തൊമ്മനെന്ന വ്യക്തി വെറും പേരിൽ മാത്രം ഒതുങ്ങുന്ന ഒരു വ്യക്തിത്വമല്ല. മറിച്ച് ഞങ്ങൾ തൊമ്മീസ് സ്നേഹാദരങ്ങളോടെ മനസിൽ സൂക്ഷിക്കുന്ന T.B. Thomas 2002 ലാണ് ഞങ്ങളുടെ ഈ വീടിന് തറക്കല്ലിട്ടത്. ഞങ്ങളുടെ സ്വന്തം മ്യൂസ് മിസ് ഈ കഥയിലെ മറ്റൊരു കഥാപാത്രമാണ്. ഈ കുടുംബത്തിലെ ഗൃഹനാഥ, മലനാടിന്റെ നൈർമല്യവും പരിശുദ്ധിയും ഉള്ള ഞങ്ങളുടെ ലിസി മിസ്സ് ആണ്.

പുസ്തകക്കെട്ടുകളും അസൈൻമെന്റുകളും മാത്രം നിറയുന്ന ഇടനാഴികളല്ല ടി ബിറ്റിയുടേത്. ഇണക്കങ്ങളും, പിണക്കങ്ങളും, കുശുമ്പും, പരദൂഷണവും, ചർച്ചകളും, സംവാദങ്ങളും, സ്നേഹവും നിറയുന്ന പറുദീസയാണ് ടി.ബി.റ്റി. ഏതൊരു ഹോസ്റ്റലിന്റെ ചരിത്രത്തിലും ഉള്ളതുപോലെ ഞങ്ങൾക്കുമുണ്ട് ഒരു പ്രേതക്കഥ, സ്വന്തമായിട്ടൊരു പ്രേതവും - കുണ്ടറ സൂസി. ഹോസ്റ്റലിന് പിറകിലെ പൊട്ടക്കിണറും, കറുത്ത പൂച്ചയും, സൂസിക്കഥകളും എന്നും ഹോസ്റ്റൽ ഇടനാഴികളിൽ നിഗൂഢത ജനിപ്പിക്കുന്നതാണ്. പുതിയ അന്തേവാസികളുടെ ഉറക്കം കെടുത്താൻ കഴിവുണ്ട് ഈ സൂസിക്കഥകൾക്ക്.

സൂസി മാത്രമല്ല ഞങ്ങൾക്ക് കൂട്ടായിട്ടുള്ളത്. പതിനായിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് കച്ചേരിമാളികയുടെ മുറികളിൽ തൂക്കിലേറ്റപ്പെട്ടവർ മണ്ണിൽ ഉറങ്ങുന്നത് ഞങ്ങൾക്കൊപ്പമാണ്. ശവങ്ങൾക്ക് മീതെ കിടന്നുറങ്ങാനുള്ള ഭാഗ്യം സിദ്ധിച്ചതും ഞങ്ങൾ തൊമ്മീസിന് തന്നെ.

ഓണം, ക്രിസ്തുമസ്, Farewell തുടങ്ങി എല്ലാ ആഘോഷങ്ങളും അരങ്ങുതകർക്കുന്നത് ഞങ്ങളുടെ മുറ്റത്താണ്. അപ്പുറത്തെ ഹോസ്റ്റലിലെ എസ്. ജാനകിക്കും ശോഭനയ്ക്കുമെല്ലാം കഴിവുതെളിയിക്കണമെങ്കിൽ ഞങ്ങളുടെ മുറ്റത്തെ സ്റ്റേജ് കൂടിയേ തീരൂ.

ഒരുപക്ഷേ ഞങ്ങൾ പെൺപടകൾക്ക് ചാക്കോസിലെ ആൺകുട്ടികളെക്കാൾ നന്നായി മരം കയറാൻ അറിയാം. മരമെന്നുപറയുമ്പോൾ 'ചക്കമരം'. UC യിലെ ചക്കമരം പോലെ , ടി.ബി റ്റിയുടെ ചക്കമരം.

https://www.lateslip.co.in



# ഹോസ്റ്റൽ കുറിപ്പുകൾ

Business | Downloads | Parent Category | Featured | Health

ഞായറാഴ്ചകളിലെ ചാപ്പൽ സർവ്വീസും വ്യാഴാഴ്ചകളിലെ ബൈബിൾ സ്റ്റഡിയും ഉറങ്ങാനുള്ള ഒരു നല്ല അവസരമായി ഞങ്ങൾ വിനിയോഗിക്കാറുണ്ട്. അതിലും ഞങ്ങൾ ഒട്ടും പുറകോട്ടല്ല.

വളരെ കുറച്ച് അംഗങ്ങൾ ഉള്ളതുകൊണ്ട് തന്നെ വളരെ പെട്ടെന്ന് അടുക്കുവാനും ഞങ്ങൾക്കു കഴിയും. ഇണങ്ങാനും പിണങ്ങാനും പരിഭവങ്ങളും പരാതികളും പകുവയ്ക്കാനും ചുറ്റും ഒരുപാടുപേർ.... ഓരോ മാർച്ച് - ഏപ്രിൽ മാസങ്ങളിലും അധ്യായനവർഷം പൂർത്തിയാക്കി അന്തേവാസികൾ പടിയിറങ്ങുമ്പോൾ വിങ്ങിപ്പൊട്ടുന്ന മനസ്സുകൾ ഒരുപാടധികം. നാളത്തെ പ്രതീക്ഷയുടെ നാളങ്ങളായി വാനിലുയരാൻ ഈ തൊമ്മന്റെ മക്കൾക്കു കഴിയട്ടെ !

കാലമിനിയുമുരുളും വിഷുവരും
വർഷം വരും തിരുവോണം വരും
പിന്നെയോരോ തളിരിലും പൂ വരും കായ്‌വരും
അപ്പോളാരെന്നുമെന്തെന്നു - മാർക്കറിയാം.

## ഇതാണ് ഈസ്റ്റ്

ഈസ്റ്റ്ഹോസ്റ്റലിന് പഴമയുടേയും പുതുമയുടേയും മണമുണ്ട്. അതിൽ ഇതിനെ രണ്ടിനേയും യോജിപ്പിക്കുന്ന ഒരു ഗോവണിയുമുണ്ട്. ഈ പറഞ്ഞതിന്റെ അർത്ഥം മനസ്സിലാക്കണമെങ്കിൽ നിങ്ങൾ ഈസ്റ്റിനെ ഒരിക്കലെങ്കിലും അടുത്തറിഞ്ഞിരിക്കണം.

മുത്തശ്ശിമുറികളിലെ റ്റാറ്റാ പറയുന്ന ഫാനുകളിൽ ഓരോ സൂസ്സി തൂങ്ങുന്നത് പതിവാണ്. പ്രത്യേകിച്ച് പുതിയ പിള്ളേര് വരുമ്പോഴാണ് ഈ കഥ സുലഭമായ് കേൾക്കുന്നത്.

താഴത്തെ നിലയിൽ ഇത്തിരി പരിഷ്ക്കാരമുള്ളത്കൊണ്ട് തന്നെ ഞങ്ങൾ പരിഷ്ക്കാരികൾ പേടി പുറത്ത് കാണിക്കാറില്ല. പിന്നെ ഹോസ്റ്റലിൽ പതിവായ് കേട്ടുവരുന്ന ബ്രിട്ടീഷ് ചന്ത ഇംഗ്ലീഷിന്റെ കാര്യത്തിലും ഞങ്ങൾ ഒട്ടും പിന്നിലല്ല.

ഞങ്ങൾക്ക് വളരേ ഭംഗിയുള്ള ഒരു നടുമുറ്റമുണ്ട്. അതിലെ പൂന്തോട്ടം റെജിമിസ്സിന്റെ സ്വന്തമാണെന്നു പറഞ്ഞാലും തെറ്റില്ല. പോരാത്തതിന് ഇതിൽ പ്ലാവും, മാവും, പേരയും, രണ്ട് പപ്പായ മരവുമുണ്ട്. അതിലെ കായകൾ എന്നും ഞങ്ങളുടെ നോട്ടപ്പുള്ളികളാണ്.

മിസ്സിന്റെ കണ്ണു വെട്ടിച്ച് പലരും പെർമിഷനോ എസ്റ്റാബ്ലിഷ്മെന്റ് ഫീയോ ഇല്ലാതെ ഹോസ്റ്റലിൽ താമസിക്കാൻ തുടങ്ങീട്ട് കാലങ്ങളായി. പടർന്നു പന്തലിച്ച ചിതലുകൾ, ആനവലിപ്പമുള്ള എലി, പൂച്ച, ഉണങ്ങി ചുരുണ്ട ഒരു കുഞ്ഞിപട്ടി പിന്നാലെ വിസിറ്റിങ് വിസക്ക് പാമ്പ്, പഴുതാര എന്നുവേണ്ട സകലമാന ജീവികളും ഞങ്ങളുടെ ഹോസ്റ്റലിലുണ്ട്. അതുകൊണ്ടാവാം ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ' ഞങ്ങളുടെ കൂടി കഥയാണെന്ന് ഞങ്ങൾക്ക് പലപ്പോഴും തോന്നാറുണ്ട്.

ബ്രൂസ് മിസ്സിനെപറ്റി പറയാതെ ഈസ്റ്റ് പൂർത്തിയാവുന്നില്ല. പിന്നെ ചിലരൊക്കെ പറഞ്ഞു കേട്ടിട്ടുണ്ട് ബ്രൂസ് മിസ്സിന്റെ വീടിന്റെ തൊട്ടടുത്തായത് കൊണ്ട് ബ്രൂസ് മിസ്സിന്റെ മകൻ ഉച്ചത്തിൽ പാട്ടു പാടുന്നത് കേൾക്കാനുള്ള ഭാഗ്യം ഈസ്റ്റ്കാർക്കുണ്ടായിട്ടുണ്ടെന്ന്.

മൂന്നോ അഞ്ചോ വർഷത്തിനുശേഷം ഞങ്ങളെ ഇവിടുന്ന് ഉന്തിതള്ളി പുറത്താക്കുമെങ്കിലും ഒരു പച്ചമരത്തണലിൽ യൂസി ഒരുക്കിതന്ന ഈ വീടിനേയും കൂട്ടായ്മയേയും ഞങ്ങൾ ഇഷ്ടപ്പെടുന്നു.

ഇവിടെ ചിലവഴിച്ച കാലയളവിൽ, ഈസ്റ്റിലെ കണ്ണാടി ഞങ്ങൾ എല്ലാവരേയും സുന്ദരികളായാണ് പ്രതിഫലിപ്പിച്ചിട്ടുള്ളത്. ഞങ്ങളിവിടെ സന്തുഷ്ടരും സുരക്ഷിതരുമാണ്.



# ഹോസ്റ്റൽ കുറിപ്പുകൾ



## സിസ്റ്ററുടെ പിള്ളേർ

അതെ സിസ്റ്ററുടെ സ്വന്തം പിള്ളേർ തന്നെയാണ് ഞങ്ങൾ. എവിടെയും വേറിട്ടു നില്ക്കുന്ന സിസ്റ്ററുടെ പിള്ളേർ. രാജ്യമൊട്ടാകെ ഗ്രീൻവിച്ച് മെറീഡിയനിലെ സമയമനുസരിച്ച് എഴുന്നേൽക്കുമ്പോൾ ഇവിടെയും ഞങ്ങൾ വേറിട്ടു നിൽക്കുന്നു. സുപ്രഭാതം മുഴക്കിക്കൊണ്ട് ഹോസ്റ്റലിൽ അലയടിക്കുന്ന ബെല്ലിന്റെ ശബ്ദം കേട്ടിട്ടും എഴുന്നേൽക്കാത്തവരെ ഉണർത്തുന്നത് സിസ്റ്ററുടെ ശബ്ദമാണ്.

എല്ലാ ഹോസ്റ്റലുകളുടേയും പൊതുസ്വത്താണ് കുഞ്ഞ സൂസി. ജൂനിയേഴ്സിനെ ഭയപ്പെടുത്താനായി പൂർവ്വികർ മെനഞ്ഞെടുത്ത, കാലാകാലങ്ങളായി കൈമാറി വരുന്ന എത്ര അഴിച്ചെടുക്കാൻ ശ്രമിച്ചാലും കെട്ടുപിണഞ്ഞു കിടക്കുന്ന ഒരു കഥ. എല്ലാ ഹോസ്റ്റലുകൾക്കും സൂസി ആത്മഹത്യ ചെയ്ത ഓരോ കിണറുമുണ്ട്.

മെസ്സിന്റെ തൊട്ടുമുകളിലായതിനാൽ എത്ര മഴയത്തും വെയിലത്തും ഞങ്ങൾ കുട ചൂടാതെയാണ് നടക്കുന്നത്. സി.റ്റി.ബി യുടെ ടെറസ്സിൽ ഞങ്ങളെത്രവട്ടം സിസ്റ്റർ കാണാതെ മഴനനഞ്ഞിരിക്കുന്നു.

വെള്ളിയാഴ്ച രാവിലെയും ഞായറാഴ്ച ഉച്ചയ്ക്ക് ശേഷവും സിസ്റ്ററില്ലാത്ത സമയം ഞങ്ങളാഘോഷമാക്കാറുണ്ട്. ഏത് തുണിയും കരിച്ചു കളയാൻ കഴിവുള്ള തേപ്പുപെട്ടിയും ഹോസ്റ്റലിന്റെ ആരംഭകാലം മുതലുണ്ടായിരുന്ന ടേബിൾഫാനും ഇവിടുത്തെ ഓർമ്മകളാണ്. ഈ ഓർമ്മകളിലാണ് ഞങ്ങളിത്രകാലം ജീവിച്ചത്. എത്ര നന്ദി പറഞ്ഞാലും മതിവരാത്ത ഈ ഓർമ്മകളിൽ..........

## ഫിൽറ്റർ ചെയ്യാത്ത ഓർമ്മകൾ

യു.സി യിലെ വാകമരത്തിന്റെ തണലിലൂടെ നടന്ന് വിശാലമായ സി.സി കടന്നുപോയാൽ മാത്രമേ സ്കിന്നറിലെത്താൻ സാധിക്കൂ. പേരിൽ പാശ്ചാത്യനായ ഒരു സ്കിന്നർ സായിപ്പ് നിറഞ്ഞു നിൽക്കുന്നുണ്ടെങ്കിലും ഉള്ളിൽ പൗരസ്ത്യരായ കുറെ സാധാരണമനുഷ്യർ. ആദ്യമായി ആ മുറ്റത്ത് കാലുകുത്തുന്ന ആരും കെട്ടിടത്തിന്റെ പഴക്കം കണ്ടു ഒന്നു ഞെട്ടും. ഈ പഴക്കം കണ്ട് അകലാൻ ആരെങ്കിലും തക്കം നോക്കുന്നുണ്ടെങ്കിൽ അവരെ തന്നോടടുപ്പിക്കുവാൻ ഒരു കൂട്ടം സൂത്രവിദ്യകൾ സ്കിന്നർ മുത്തശ്ശന്റെ പഴഞ്ചൻ ചെപ്പിലൊതുക്കി വച്ചിട്ടുണ്ട്.

തിരുമുറ്റത്ത് തലയെടുപ്പോടെ നിൽക്കുന്ന മഹാഗണിയും, ഇവിടെ എന്നും ഓണമാണെന്നു വിളിച്ചു പറയുന്ന ഊഞ്ഞാലും, വാകമരങ്ങളും പേരറിയാത്ത മറ്റനേകം മരങ്ങളും പ്രകൃതിയുടെ പ്രണയലേഖനങ്ങൾ സി.സി യുടെ വിജനതയിലൂടെ സ്കിന്നറിലെ പെൺകുട്ടികളുടെ കാതിലെത്തിക്കുമ്പോൾ ആർക്കാണിവിടം വിട്ട് പോകാനാവുക. കേവലം കല്ലും മണ്ണും കൊണ്ടുണ്ടാക്കിയ ഒരു കെട്ടിടം എന്നതിലുപരി സ്കിന്നർ ഞങ്ങൾക്ക് ഒരു വികാരമായിരുന്നു.

ആഘോഷങ്ങൾക്കുവേണ്ടി കാരണം തിരക്കി പായുന്നവരായിരുന്നു ഞങ്ങൾ. ഇങ്ങനെയുള്ള ഒരു കൂട്ടം ആഘോഷങ്ങൾക്കിടയിൽ ഞങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടത്, മറ്റൊരിടത്തും കാണാത്ത, യു.സി യുടെ ഹോസ്റ്റലുകൾക്ക് മാത്രം അവകാശപ്പെടാൻ സാധിക്കുന്ന സെർവൻസ് ഡേ ആണ്. കൊല്ലം മുഴുവൻ ഞങ്ങളെ തീറ്റിപ്പോറ്റുന്ന ചേച്ചിമാർക്കുള്ള സമ്മാനം. ഞങ്ങളുടെ പാചക വൈദഗ്ധ്യം തെല്ലൊന്നുമല്ല അവരെ വലച്ചിരുന്നത്.

സ്കിന്നർ എന്താണെന്ന് ചോദിച്ചാൽ ഒരു ഉത്തരമില്ല. എന്നാൽ..........

https://www.lateslip.co.in



# ഹോസ്റ്റൽ കുറിപ്പുകൾ

Business | Downloads | Parent Category | Featured | Health

ഒരു കൂട്ടം ഉത്തരങ്ങളുണ്ട് താനും.

- ഇണക്കങ്ങളുടേയും പിണക്കങ്ങളുടേയും ഇടം.
- നാവിന്റെ രുചി സങ്കൽപങ്ങൾ മാറ്റിത്തീർത്ത ഇടം.
- സൗഹൃദത്തിന്റെ രുചിഭേദങ്ങൾ നാവിനുതന്ന കലവറ (തൊടിയിലെ നെല്ലിപ്പുളിയും, മാങ്ങയും പല്ലുപുളിക്കുവോളം ഉപ്പും കൂട്ടി തിന്നതോർത്താൽ നാവിൽനിന്ന് വെള്ളമൂറും).
- ഏകാന്തതക്കുവേണ്ടി എത്ര ദാഹിച്ചാലും അതു കിട്ടാത്ത ഒരിടം.

ഇതൊക്കെയോ ഇതിലപ്പുറമോ ആയിരുന്നു സ്കിന്നർ. യു.സിയുടെ ശരീരത്തിന്റെ മാത്രമായിരുന്നില്ല ശരീരത്തിന്റെയും ഭാഗമായിരുന്നു സ്കിന്നർ. കോളേജിനകത്തെ ഹോസ്റ്റൽ ആയിരുന്നതുകൊണ്ട് തന്നെ അതിന്റെ സ്വാതന്ത്ര്യവും പരിമിതികളും ഞങ്ങൾക്കുണ്ടായിരുന്നു. മഞ്ഞുമൂടിയ ഡിസംബറിൽ കൊട്ടും പാട്ടുമായി സന്ധ്യക്കിറങ്ങുന്ന കരോൾ തിമർപ്പും മറക്കാനാവാത്ത അനുഭൂതി തരുന്ന ഒന്നാണ്. എങ്ങനെയും ചാക്കോസിനെ തോൽപ്പിക്കണമെന്ന വാശിയാണ് അവിടെ നിറഞ്ഞുനിന്നിരുന്നത്.

യു.സി ക്കുള്ളിലെ ഒരു ഭാഗമായതുകൊണ്ട് രാത്രി നടക്കുന്ന എല്ലാ പരിപാടികളിലും ഞങ്ങൾ നിറസാന്നിധ്യം ആയിരുന്നു. സ്കിന്നർ ഒരു സ്പോർട്സ് ഹോസ്റ്റൽ ആയിരുന്നതുകൊണ്ട് ചില ദിവസങ്ങൾ പിരിമുറുക്കം നിറഞ്ഞതായിരുന്നു. സാമ്പാറിന്റെയും അച്ചിങ്ങയുടേയും മുമ്പിൽ ഞങ്ങളുടെ വീര്യം ഇല്ലാതെയാവുമ്പോൾ ചിക്കൻ കാലുമായുള്ള അവരുടെ മൽപിടുത്തങ്ങൾ ഞങ്ങളിൽ കൊതിക്കെറുവുണ്ടാക്കിയിരുന്നെങ്കിലും കോർട്ടിലെ അവരുടെ വിജയങ്ങൾ ഞങ്ങളുടേതായിരുന്നു. കാരണം അവർ ഞങ്ങളുടെ സ്വകാര്യ അഹങ്കാരമായിരുന്നു.

അകന്നു നിൽക്കുമ്പോൾ മാത്രമേ സ്കിന്നർ എത്രത്തോളം മനസ്സിന്റെ ശൂന്യതയെ നിറക്കുന്നതായിരുന്നു എന്നു തിരിച്ചറിയാനാവൂ. എത്ര അകന്നാലും ആ വികാരത്തെ മറക്കാനാവില്ലെന്നത് സ്വർണ്ണലിപികളിൽ എഴുതിച്ചേർക്കേണ്ട സത്യവാചകങ്ങളാണ്. ഇപ്പോൾ ഞാനും പണ്ട് എനിക്ക് മുമ്പുള്ളവരും നാളെ നിങ്ങളും ഇതുതന്നെ പറയും.

"സ്കിന്നർ മറക്കാനാവാത്ത, ആർദ്രമായ ഓർമകളുടെ ആവർത്തനമാണ്."

## തയ്യാറാക്കിയവർ

Sudhi C J

Rajasree

ASLANS

Aradhya

Ancy

https://www.lateslip.co.in



# കിണറ്റിൻ കര

**അക്ഷയ് കുമാർ** രണ്ടാംവർഷ സി.എം. ഇ ബിരുദം

Business | Downloads | Parent Category | Featured | Health

UC യിൽ അധികമാരും ശ്രദ്ധിക്കാത്ത ഇടങ്ങളിൽ ഒന്നാണ് Mathew Block ന് പിന്നിലെ കിണറ്റിൻ കര. കിണറ്റിൻ കരയെ മനോഹരമാക്കുന്നത് അതിന്റെ സ്വകാര്യതയും, പിന്നെ സി.സി യിലെ കുളിർകാറ്റ് പുണരുന്ന ആ പുളിമരവുമാണ്.

മാത്യുബ്ലോക്ക് നാലുകെട്ടാക്കിയപ്പോഴാണ് പലരെയുംപോലെ ഞങ്ങളും ആ കിണർ കണ്ടത്. പിന്നീട് ഇടവേളകളും വിശ്രമവേളകളും ആ കിണറ്റിൻ കരയിലേക്കായി. ചക്കരച്ചോട്ടിൽനിന്നും ഒരു മാറ്റം. യൂസിയിൽ പലതരം ആഘോഷങ്ങളും ആരവങ്ങളും നിറഞ്ഞപ്പോഴെല്ലാം അതിൽ പങ്കെടുക്കാനുള്ള ഞങ്ങളുടെ പരിശീലനങ്ങൾ പലതും അവിടെ വച്ചാണ് അണിയിച്ചൊരുക്കിയത്.

പലരും യൂസിയെപ്പറ്റി വാചാലരാകുമ്പോൾ കച്ചേരിമാളികയേയും, ബി.ബി.സി യെയും സിസിയെയുംപറ്റി വാതോരാതെ പറയുമ്പോൾ ഞങ്ങൾ ചിലർക്കെങ്കിലും കിണറ്റിൻകര വളരെ പ്രിയപ്പെട്ടതാണ്.

കിണറ്റിൻ കരയ്ക്ക് ഒരു ചരിത്രമുണ്ടെന്ന് അറിഞ്ഞത് വളരെ വൈകിയായിരുന്നു. ഒരു സമരത്തിന്റെ ചരിത്രം.

1970 കളിൽ ഇന്നത്തെ മാത്യുബ്ലോക്ക് മെൻസ് ഹോസ്റ്റൽ ആയിരുന്നു. അന്ന് അവിടുത്തെ പുരുഷ കേസരികൾ തങ്ങൾക്ക് കുളിക്കാൻ വെള്ളമില്ലെന്ന പ്രശ്നമുന്നയിച്ച് ക്യാംപസിലേക്ക് അല്പവസ്ത്രധാരികളായി എത്തി സമരം ചെയ്യുകയും അതിനെ തുടർന്ന് ജലദൗർലഭ്യം മാറ്റുന്നതിനായി അവിടെ ഒരു കിണർ കുഴിച്ചെന്നുമാണ് ചരിത്രം.

ഒരു വൻസമരത്തിന്റെ ചരിത്രസ്മാരകം എന്ന നിലയിലും ഇന്ന് കിണറ്റിൻകര പ്രിയപ്പെട്ടതാകുന്നു. എന്നാൽ അതോടൊപ്പം ഒരു ചെറിയ വിഷമവും. അവകാശങ്ങൾക്കായി അൽപവസ്ത്രധാരികളായി സമരം നടത്തിയ ധീരന്മാർ പഠിച്ചിറങ്ങിയ ഇതേ ക്യാമ്പസിൽ സ്വന്തം ഇഷ്ടപ്രകാരം വസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യവും ഹനിക്കപ്പെടുകയാണല്ലോ എന്നോർത്ത്......





# കലാലയ യൂണിയൻ റിപ്പോർട്ട് 2014 – 15



ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിലെ 2014 - 15 അദ്ധ്യയന വർഷത്തെ കലാലയ യൂണിയൻ തിരഞ്ഞെടുപ്പ് 2015 ജനുവരി 29 ന് നടന്നു. വിദ്യാപ്രബുദ്ധരായ യൂസിയൻ സമൂഹം ഏറ്റവും അർഹരായ 14 പേരെ തങ്ങളെ നയിക്കാനായി തിരഞ്ഞെടുത്തു. കലാലയ യൂണിയൻ അംഗങ്ങളുടെ പേരുകൾ താഴെ:

- ചെയർമാൻ : സന്ദീപ് വി.പി (3rd BA History)
- വൈസ് ചെയർപേഴ്സൺ : ജാനകി സുനിൽ (3rd BSC Physics)
- ജനറൽ സെക്രട്ടറി : വിശാഖ് പി.എം (3rd BSC BT & SP )
- യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലേഴ്സ് :
  കണ്ണൻ കെ (2nd BA Economics)
  അരവിന്ദ് കൃഷ്ണൻ ആർ (2nd BSC Mathematics)
- ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി : പോൾ ജോവർ (3rd BSC Physics)
- മാഗസിൻ എഡിറ്റർ: അൻസിഫ് സി. അബു (2nd BA English)
- വനിത പ്രതിനിധികൾ : ആതിര പി കുമാർ (3rd BA History)
  ജെബിൻ. സി. ജബ്ബാർ (2nd BA English)
- ഒന്നാം വർഷ ബിരുദ വിദ്യാർത്ഥി പ്രതിനിധി : സച്ചിൻ കൃഷ്ണ (Ist BSC Chemistry)
- രണ്ടാംവർഷ ബിരുദ വിദ്യാർത്ഥി പ്രതിനിധി :അഫ്രിൻ ടി.എ (2nd BCom)
- മൂന്നാം വർഷ ബിരുദ വിദ്യാർത്ഥി പ്രതിനിധി
  വിഷ്ണു മോഹൻ (3rd BA Economics)
- ഒന്നാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥി പ്രതിനിധി :
  അക്ഷത് ഷേണായ് ( Ist MSc Botany)
- രണ്ടാംവർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥി പ്രതിനിധി :
  നവനീത് കൃഷ്ണൻ (2nd MSC Physics)

യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞ 2015 ജനുവരി 30 ന് വർക്കി മെമ്മോറിയൽ ഹാളിൽ വച്ച് നടത്തപ്പെട്ടു. കോളേജ് പ്രിൻസിപ്പാൾ Dr. A ബെന്നി ചെറിയാൻ യൂണിയൻ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. കലാലയ യൂണിയന്റെ









# കലാലയ യൂണിയൻ റിപ്പോർട്ട് 2014 – 15



പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ നീനു രാജീവ് (പ്ലാനിംഗ് ഫോറം), പ്രശാന്ത് പി.പി (സിനി ക്ലബ്ബ്), അനുരാഗ്.പി.പി (ക്വിസ് ക്ലബ്ബ്), ഫ്രഡിൻ. സി.വി (ഡിബേറ്റ് ക്ലബ്ബ്), സലീഷ്. ഇ.എസ്(ജനറൽ ക്യാപ്റ്റൻ), ബാലു റ്റി.കെ (എസ്. സി. എസ്. റ്റി പ്രതിനിധി), അജയ് വിഷ്ണു (ക്യാന്റീൻ സെക്രട്ടറി) എന്നിവരെ നോമിനേറ്റഡ് ഭാരവാഹികളായി തിരഞ്ഞെടുത്തു.

മലയാള വിഭാഗം അധ്യാപകൻ ക്യാപ്റ്റൻ കെ.എസ് നാരായണൻ യൂണിയൻ സ്റ്റാഫ് അഡ്വൈസർ ആയി സ്ഥാനമേറ്റു. ശ്രീ ജെനീഷ് പോൾ, ശ്രീ കുര്യൻ. സി, സോമൻ എന്നിവർ യഥാക്രമം ആർട്സ് ക്ലബ്ബ് സ്റ്റാഫ് അഡ്വൈസർ, ഓണററി ട്രഷറർ എന്നീ പദവികൾ ഏറ്റെടുത്തു. ശ്രീ. ചെറി ജേക്കബ്. കെ. മാഗസിൻ സ്റ്റാഫ് അഡ്വൈസറായി സ്ഥാനം ഏറ്റെടുത്തു.

### യൂണിയൻ ഉദ്ഘാടനം

കോളേജ് യൂണിയന്റെ ഔദ്യോഗിക ഉദ്ഘാടനം ഫെബ്രുവരി 5 ന് കോളേജ് അങ്കണത്തിൽവച്ച് നടത്തപ്പെട്ടു. "തുടി" എന്ന പേരിൽ നടന്ന ചടങ്ങിന് ചെയർമാൻ സന്ദീപ് വി.പി അധ്യക്ഷത വഹിച്ചു. നിറഞ്ഞ സദസ്സിനെ സാക്ഷിനിർത്തി പ്രമുഖ കവി ശ്രീ. കുരീപ്പുഴ ശ്രീകുമാർ യൂണിയൻ ഉദ്ഘാടനം നിർവ്വഹിച്ചു. ആർട്സ്, സിനിക്ലബ്ബുകളുടെ ഉദ്ഘാടനം സുപ്രസിദ്ധ സിനിമാതാരം ശ്രീ ദീപക് നിർവഹിച്ചു. കുരീപ്പുഴ ശ്രീകുമാറിന്റെ ചെറുകവിതകളാൽ സമ്പന്നമായ ചടങ്ങിൽ അതിനെ തുടർന്ന് കോളേജിലെ വിവിധ കലാകാരന്മാർ ചേർന്നൊരുക്കിയ സംഗീത വിരുന്നു നടന്നു. ഉച്ചക്കുശേഷം കൊച്ചിൻ മാജിക് ബാൻഡ് അവതരിപ്പിച്ച ഗാനമേള അരങ്ങേറി.

ഫെബ്രുവരി 10,11 തീയതികളിൽ VMH ൽ വച്ച് കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ പുസ്തകോത്സവം സംഘടിപ്പിച്ചു. ചിന്ത പബ്ലിക്കേഷൻസ്", ഡിസി ബുക്സ് എന്നിവരുടെ സഹായത്തോടെ സംഘടിപ്പിച്ച പുസ്തകോത്സവം പ്രിൻസിപ്പാൾ Dr.A ബെന്നി ചെറിയാൻ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥി, അധ്യാപക പങ്കാളിത്തത്താൽ ശ്രദ്ധേയമായിരുന്നു പുസ്തകോത്സവം.

കോളേജ് ആർട്സ് ഫെസ്റ്റവൽ "തക - തക - തക UCC" എന്ന പേരിൽ ഫെബ്രുവരി 12, 13 തീയതികളിൽ ഓഫ് സ്റ്റേജ് മത്സരങ്ങളും , 25, 26 ന് സ്റ്റേജിനങ്ങളുമായി നടത്തപ്പെട്ടു. പ്രശസ്ത സിനിമാ സംവിധായകൻ ശ്രീ. രഞ്ജിത് ശങ്കർ ആർട്സ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. രണ്ടാം വർഷ സൈക്കോളജി ബിരുദം വിദ്യാർത്ഥി അമൽ ടി അനൂപ് കലാപ്രതിഭയായും രണ്ടാം വർഷ ഭൗതികശാസ്ത്ര ബിരുദ വിദ്യാർത്ഥിനി അപർണ്ണ എസ് കലാതിലകമായും തിരഞ്ഞെടുക്കപ്പെട്ടു. 42 ഇനങ്ങളിലായി 500 - ഓളം വിദ്യാർത്ഥികൾ ആർട്സ് ഫെസ്റ്റിൽ പങ്കെടുത്തു. കോളേജിലെ മികച്ച ഗായകരെ കണ്ടെത്തുന്നതിനായി ഫെബ്രുവരി 24 ന് കച്ചേരിമാളികയുടെ മുൻപിൽ വോയ്സ് ഓഫ് യൂ.സി സംഘടിപ്പിച്ചു. 70 - ഓളം വിദ്യാർത്ഥികൾ പങ്കെടുത്ത പരിപാടിയിൽ നിന്നും 10 മികച്ച ഗായകരെ തിരഞ്ഞെടുത്തു.

കോളേജ് യൂണിയൻ ക്വിസ് ക്ലബ്ബിന്റെ ഉദ്ഘാടനവും ക്വിസ് മത്സരവും ഫെബ്രുവരി 26 ന് സ്റ്റാഫ് അഡ്വൈസർ ശ്രീ. സുനിൽ പി. എബ്രാഹം നിർവ്വഹിച്ചു. വിവിധ ഡിപ്പാർട്ടുമെന്റിൽ നിന്നായി 20 ഓളം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു.

കോളേജിലെ വനിതാ പ്രതിനിധികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ മാഗസിൻ 'കറുത്തപെണ്ണ്' മാർച്ച് 4 ബുധനാഴ്ച ടി.ബി. നൈനാൻ ഹാളിൽ വച്ച് പ്രകാശനം ചെയ്തു. അതേ വേദിയിൽ തന്നെ സിനി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'ഒരാൾപൊക്കത്തിൽ' എന്ന സംസ്ഥാന അവാർഡ് നേടിയ ചലചിത്രം പ്രദർശിപ്പിച്ചു. ചിത്രത്തിന്റെ സംവിധായകൻ ശ്രീ.സനൽകുമാർ ശശിധരൻ 'കറുത്ത പെണ്ണ്' എന്ന മാഗസിൻ പ്രകാശനം ചെയ്തു.



# കലാലയ യൂണിയൻ റിപ്പോർട്ട് 2014 – 15



മാർച്ച് 5 മുതൽ 10 വരെ കോട്ടയം CMS കോളേജ്, ബസേലിയോസ് കോളേജ്, തിരുനക്കരമൈതാനം, BCM കോളേജ് എന്നിവിടങ്ങളിലായി നടന്ന എം.ജി യൂണിവേഴ്സിറ്റി കലോത്സവം 'ധ്വനി' യിൽ യൂസി കോളേജിന്റെ ശക്തമായ പ്രാതിനിധ്യം ഉണ്ടായിരുന്നു. മോണോ ആക്ട്, കഥാപ്രസംഗം, മലയാളം പ്രസംഗം എന്നിവയിൽ യഥാക്രമം 1, 2, 3 സ്ഥാനങ്ങൾ നേടിയ 'നിനു രാജീവ്' ആണ് കോളേജിന് വേണ്ടി ഏറ്റവുമധികം പോയിന്റുകൾ കരസ്ഥമാക്കിയത്. അപർണ്ണ എസ്. കാവ്യകേളിക്ക് ഒന്നാം സ്ഥാനവും, ശാസ്ത്രീയസംഗീതത്തിന് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഇംഗ്ലീഷ് കഥാരചനയിൽ അനന്തു സുരേഷ് 1-ാം സ്ഥാനം നേടി. മൂകാഭിനയ മത്സരത്തിൽ യൂസിയുടെ പെൺകൊടികൾ മൂന്നാം സ്ഥാനംകൂടി കരസ്ഥമാക്കി യതോടെ കലോത്സവത്തിൽ UC 7-ാം സ്ഥാനത്തെത്തി.

## ലാസ്റ്റ്ലാപ്

മാർച്ച് 30 ന് ടാഗോർഹാളിൽ വച്ചുനടന്ന കോളേജ് ഡേ ആഘോഷങ്ങൾ പ്രശസ്ത സിനിമാസംവിധായകൻ അമൽ നീരദ് ഉദ്ഘാടനം ചെയ്തു. ചെയർമാൻ സന്ദീപ് വി.പി അധ്യക്ഷനായ ചടങ്ങിൽ ജനറൽ സെക്രട്ടറി വിശാഖ് യൂണിയൻ റിപ്പോർട്ടും, പ്രിൻസിപ്പാൾ Dr. A ബെന്നി ചെറിയാൻ കോളേജ് റിപ്പോർട്ടും വായിച്ചു. സ്ഥാനമൊഴിയുന്ന പ്രിൻസിപ്പാൾ Dr. A ബെന്നി ചെറിയാൻ, നിയുക്ത പ്രിൻസിപ്പാൾ Dr. P തോമസ് മാത്യു എന്നിവരെ ചടങ്ങിൽ ആദരിച്ചു.

ഇവർക്കൊപ്പം 2015 നാഷണൽ ഗെയിംസിൽ പങ്കെടുത്ത സാം മാത്യു, ജോസ്മോൻ, മെറിൻ പി. ജോസ് എന്നിവരെയും റിപ്പബ്ലിക്ദിന പരേഡിൽ പങ്കെടുത്ത NCC കേഡറ്റുകളായ അഖിൽ ഏല്യാസ്, അജിത് ജയശങ്കർ, മീര ജേക്കബ്, ജയലക്ഷ്മി M.P, മുഹമ്മദ് ഇർഫാൻ എന്നിവരെയും MG യൂണിവേഴ്സിറ്റിയിൽ നിന്നും മികച്ച മാഗസിനുള്ള പ്രോത്സാഹനസമ്മാനം നേടിയ മാഗസിൻ എഡിറ്റർ സുധി സി.ജെയെ യും അനുമോദിച്ചു.

കോളേജിനെ പ്രതിനിധീകരിച്ച്, യൂണിവേഴ്സിറ്റി സംസ്ഥാന തലങ്ങളിൽ പങ്കെടുത്ത് വിജയികളായ കലാകായിക സാഹിത്യ രംഗത്തുള്ള വിദ്യാർത്ഥികളെയും യൂണിയൻ സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളായവരേയും ചടങ്ങിൽ അനുമോദിച്ചു. തുടർന്ന് കാഞ്ഞൂർ നാട്ടുപൊലിമ നാടൻ പാട്ടുസംഘത്തിന്റെ നേതൃത്വത്തിൽ നാടൻ പാട്ടുകളും വേദിയിൽ അരങ്ങേറി.

പരിമിതമായ കാലയളവിൽ നിന്നുകൊണ്ട് കാര്യപ്രധാന്യമുള്ളതും വിദ്യാർത്ഥി പങ്കാളിത്തമുള്ളതുമായ അനേകം പ്രവർത്തനങ്ങൾ നടത്തുവാൻ ഈ കലാലയ യൂണിയന് സാധിച്ചു. യൂണിയൻ പ്രവർത്തനങ്ങൾ വൻ വിജയമാക്കിത്തീർക്കുവാൻ പിന്തുണ നൽകിയ എല്ലാ യൂണിയൻ ഭാരവാഹികൾക്കും, പ്രിൻസിപ്പളിനും, യൂണിയൻ സ്റ്റാഫ് അഡ്വൈസർമാർക്കും, അധ്യാപക അനധ്യാപകർക്കും, സർവ്വോപരി യൂസിയിലെ എല്ലാ വിദ്യാർത്ഥി സുഹൃത്തുക്കൾക്കും നന്ദി രേഖപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,

വിശാഖ് പി.എം ജനറൽ സെക്രട്ടറി

https://www.lateslip.co.in



# ചരിത്രം വഴിമാറിയ സന്ദർശനം

പ്രൊഫ. സജു മാത്യു മലയാള വിഭാഗം

Business | Downloads | Parent Category | Featured | Health

മഹാത്മാഗാന്ധിയുടെ യു.സി കോളേജ് സന്ദർശനം 2015 ൽ നവതി പിന്നിടുന്നു. 1925 മാർച്ച് 18-ന് ഗാന്ധിജി കോളേജ് മുറ്റത്ത് നട്ട മാവിൻതൈ ഇന്നിപ്പോൾ എല്ലാവർക്കും തണലേകി നിൽക്കുകയാണ്. അഞ്ചുതവണ കേരളം സന്ദർശിച്ച ഗാന്ധിജി രണ്ടുതവണ ആലുവയിൽ വന്നിരുന്നു. ആദ്യകേരള സന്ദർശനവേളയിലാണ് അദ്ദേഹം യു.സി യിൽ എത്തിയത്. വൈക്കം സമരസേനാനികൾക്ക് അഭിവാദ്യമർപ്പിക്കാനായിരുന്നു ആദ്യവരവ്. അതിനിടയിലാണ് വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും അഭ്യർത്ഥന മാനിച്ച് യു.സി കോളേജിൽ വന്നത്. വിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത് സംസാരിച്ചശേഷമാണ് കച്ചേരിമാളികയുടെ മുറ്റത്ത് ഒരു മാവിൻതൈ നട്ടത്. ഖദർവസ്ത്രങ്ങൾ ധരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം വിദ്യാർത്ഥികളോട് സംസാരിച്ചു. "ജീവിതത്തിന്റെ കവിത സ്ഥിതിചെയ്യുന്നത് അധ്വാനത്തിലാണ്" എന്ന മഹദ്‌വചനം ഗാന്ധിജിയുടെ പ്രസംഗത്തിന്റെ സാരാംശമായിരുന്നു. ടാഗോറിന്റെ യു.സി കോളേജ് സന്ദർശനത്തെക്കുറിച്ചും ഗാന്ധിജി നടത്തിയ പ്രസംഗത്തിൽ സൂചനയുണ്ട്. ടാഗോറിന്റെ യു.സി സന്ദർശനം സംബന്ധിച്ച ഔദ്യോഗികരേഖകൾ ഒന്നും നമുക്ക് ഇന്ന് ലഭ്യമല്ല.

ഗാന്ധിജി യു.സി യിൽനിന്ന് മടങ്ങിപ്പോകുന്നതിനുമുമ്പ് സന്ദർശകഡയറിയിൽ 'ഡിലൈറ്റഡ് വിത്ത് ദി ഐഡിയൽ സിറ്റ്വേഷൻ' എന്ന് രേഖപ്പെടുത്തി. യു.സി കോളേജ് സമൂഹത്തിനിടയിൽ ദേശീയപ്രക്ഷോഭത്തോട് ആഭിമുഖ്യം വളർത്താൻ രാഷ്ട്രപിതാവിന്റെ സന്ദർശനം പ്രചോദനമായി.

ഗാന്ധിജിയുടെ യു.സി കോളേജ് സന്ദർശനത്തിന്റെ വാർത്ത മലയാള മനോരമ അന്ന് വളരെ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തു. ആ പേജിന്റെ കോപ്പി ഇപ്പോഴും പ്രിൻസിപ്പലിന്റെ മുറിയിൽ ഫ്രെയിം ചെയ്തു സൂക്ഷിച്ചിട്ടുണ്ട്. ഈ വരവിൽ പറവൂർ നഗരസഭയും ഗാന്ധിജിക്ക് സ്വീകരണം ഒരുക്കിയിരുന്നു. ആലുവയുടെ സാമൂഹികരാഷ്ട്രീയമണ്ഡലങ്ങളിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കാൻ ഗാന്ധിജിയുടെ സന്ദർശനം വഴി ഒരുക്കി. ആലുവ നിവാസികളിൽ പലരും ദേശീയ പ്രസ്ഥാനത്തിലേക്ക് കടന്നുവന്നു. ബ്രിട്ടീഷ് മേൽക്കോയ്മക്കെതിരെ ശബ്ദമുയർത്തുന്നവരെ ക്രിസ്തീയസഭകളും സ്ഥാപനങ്ങളും അകറ്റി നിർത്തിയിരുന്ന കാലത്താണ് ബ്രിട്ടീഷുകാർക്കെതിരെ സ്വാതന്ത്ര്യപ്രക്ഷോഭത്തിന് നേതൃത്വം നൽകിയ ഗാന്ധിജിക്ക് യു.സി കോളേജ് സ്ഥാപകർ വമ്പിച്ച സ്വീകരണം നൽകിയത്. അവരുടെ കറകളഞ്ഞ ദേശീയബോധത്തെയും ധൈര്യത്തേയും സ്വാതന്ത്ര്യദാഹത്തെയുമാണ് ഈ സംഭവം അടയാളപ്പെടുത്തുന്നത്. അതിനെ തുടർന്ന് യു.സി യിലെ നിരവധി വിദ്യാർത്ഥികളും അധ്യാപകരും സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടരാവുകയും സമരത്തിൽ പങ്കാളികളാവുകയും ചെയ്തു.



https://www.lateslip.co.in



# ചരിത്രം വഴിമാറിയ സന്ദർശനം

പ്രൊഫ. സജു മാത്യു  മലയാള വിഭാഗം

Business | Downloads | Parent Category | Featured | Health

ഗാന്ധിജിയുടെ രണ്ടാം ആലുവ സന്ദർശനത്തിന്റെ ദൃക്സാക്ഷി ആയിരുന്ന ഗാന്ധികാർത്ത്യായനിയും 2010 ൽ നമ്മെ വിട്ടുപിരിഞ്ഞു. 1937 -ൽ ഹരിജനോദ്ധാരണ ഫണ്ട് ശേഖരണത്തിനാണു ഗാന്ധിജി രണ്ടാമത് ആലുവയിൽ വന്നത്. ഗാന്ധിജിയുടെ ആദ്യസന്ദർശനത്തിൽനിന്ന് ആവേശം ഉൾക്കൊണ്ട് ദേശീയപ്രസ്ഥാനത്തിലേക്ക് കടന്നുവന്ന എം.പി മന്മഥൻ ആയിരുന്നു ഈ ചടങ്ങിന്റെ മുഖ്യസംഘാടകൻ. ശിവരാത്രി മണപ്പുറത്തായിരുന്നു അന്നത്തെ സമ്മേളനം. അവിടെ വച്ചാണ് ഗാന്ധിജിയെ കാർത്ത്യായനി എന്ന ദളിത് ബാലിക ഖദർനൂൽമാല അണിയിച്ചതും അദ്ദേഹം ആ കുട്ടിയെ അനുഗ്രഹിച്ചതും. എം.പി മന്മഥന്റെ ആത്മകഥയായ 'സ്മൃതിദർപ്പണ'ത്തിൽ ഈ സംഭവം വിവരിക്കുന്നുണ്ട്. ജാതിവിരുദ്ധപോരാട്ടത്തിന് കരുത്തുപകരാൻ ഗാന്ധിജിയുടെ രണ്ടാം ആലുവ സന്ദർശനം വഴി ഒരുക്കി. വിടപറയുന്നതുവരെയും കാർത്ത്യായനി സ്വന്തം പേരിനോടൊപ്പം ഗാന്ധി എന്നും കൂടി ചേർത്താണ് അറിയപ്പെട്ടത്.



ദേശീയതയ്ക്കും മതസാഹോദര്യത്തിനും ഭീഷണികൾ ഉയരുന്ന സമകാലിക പരിതസ്ഥിതികളിൽ ഗാന്ധിജിയുടെ യു.സി കോളേജ് സന്ദർശനം നമുക്ക് മുന്നിൽ പ്രകാശം പരത്തുന്നു. ഗാന്ധിജി സന്ദർശന ഡയറിയിൽ കുറിച്ച വാചകത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ട് മുന്നേറാൻ പുതിയ തലമുറയ്ക്ക്

With Best Compliments From...

G K PHOTOSTAT

U C College Junction, Aluva

യു സി കോളേജിലെ വിദ്യാർത്ഥികൾക്ക് മിതമായ നിരക്കിൽ

ഫോട്ടോസ്റ്റാറ്റും പ്രിന്റും

https://www.lateslip.co.in

# ഒരു ചെറുപുഞ്ചിരിക്കായ്............

One Touch Pain and Palliate Care Unit Aluva

Business | Downloads | Parent Category | Featured | Health

ഇന്ത്യ എന്റെ രാജ്യമാണെന്നും എല്ലാവരും എന്റെ സഹോദരീസഹോദരന്മാരാണെന്നും പറയുന്നുണ്ടെങ്കിലും അവ വാക്കുകളിൽ മാത്രം ഒതുങ്ങിക്കൂടുന്നു. എന്നാൽ, ആ സഹോദരങ്ങളുടെ കണ്ണുനീർ തന്റേതുകൂടിയാണെന്ന തിരിച്ചറിവ് ഇന്ന് മനുഷ്യമനസുകളിൽ നിന്ന് പടിയിറങ്ങിയിരിക്കുന്നു. പക്ഷേ, ഈ തിരിച്ചറിവ് തന്നെയാണ് യൂണിയൻ ക്രിസ്ത്യൻ കോളേജിലെ ഒരു പറ്റം വിദ്യാർത്ഥികളെ One Touch Pain and Palliate Care Unit എന്ന സൗഹൃദകൂട്ടായ്മ രൂപീകരിക്കാൻ പ്രേരിപ്പിച്ചത്.
കരുണയുടേയും സ്നേഹത്തിന്റേയും മിടിപ്പുകൾ ഇന്നും ചില യുവഹൃദയങ്ങളിൽ തുടിക്കുന്നുവെന്നത് നല്ലൊരു നാളെയുടെ പ്രതീക്ഷയാണ്.

ജീവിതത്തിന്റെ പല മേഖലകളിൽ വേദനിക്കുന്നവർക്ക് സാന്ത്വനവും കരുതലും നൽകുന്ന കൂട്ടായ്മയാണ് പാലിയേറ്റീവ് കെയർ. ഇതേ ലക്ഷ്യത്തോടുകൂടി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കൂട്ടായ്മയാണ് സ്റ്റുഡന്റ്സ് പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ്. രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവർക്ക് അവരുടെ കുടുംബത്തിനും ആശ്വാസം നൽകുവാനും അവരുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുമാണ് ഈ കൂട്ടായ്മ ലക്ഷ്യം വയ്ക്കുന്നത്. കൂട്ടായ്മ ആരംഭിക്കാൻ നേതൃത്വം നൽകിയത് സൈക്കോളജി വിഭാഗം വിദ്യാർത്ഥികളാണെങ്കിലും ഇന്ന് കോളേജിലെ എല്ലാ ഡിപ്പാർട്ട്മെന്റുകളും ഈ കൂട്ടായ്മയെ നെഞ്ചിലേറ്റിയിരിക്കുന്നു. ഏകദേശം നൂറോളം അംഗങ്ങൾ ഇന്ന് ഈ യൂണിറ്റിൽ മറ്റുള്ളവർക്കായി സേവനം ചെയ്യുന്നു. കൗൺസിലിംഗിലൂടെയും ഗൈഡൻസിലൂടെയും സമൂഹത്തിന്റെ മാനസികാരോഗ്യം പരിപോഷിപ്പിക്കുക, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്നിവയാണ് ഈ യൂണിറ്റിന്റെ ലക്ഷ്യങ്ങൾ. ഹെമിപാരാപ്ലീജിയ, അൽഷിമേഴ്സ്, ക്യാൻസർ തുടങ്ങിയ രോഗം അനുഭവിക്കുന്നവർക്ക് ഈ കൂട്ടായ്മ സാന്ത്വനവും കരുതലും നൽകി വരുന്നു.

2013 ജനുവരി 19 ന് നടന്ന ഹെമിപാരാപ്ലീജിയ ബാധിതരുടെ സംഗമം കുട്ടികൾക്ക് വേറിട്ടൊരനുഭവമായിരുന്നു. കുറേ നാളുകളായി We Care Special School വെളിയത്തുനാട്ടിൽ പ്രവർത്തിച്ചു വരുന്നു. മാതാപിതാക്കൾക്കും കുട്ടികളെ പരിചരിക്കുന്നവർക്കുമായി ഒരു ഏകദിന ക്യാമ്പ് സംഘടിപ്പിക്കുകയും സൈക്കോളജി വിഭാഗം അദ്ധ്യാപകർ മാതാപിതാക്കൾക്ക് കുട്ടികളെ കൂടുതൽ ശ്രദ്ധയോടെ പരിചരിക്കുന്നതിനാവശ്യമായ ക്ലാസ്സുകൾ നൽകുകയും ചെയ്തു. 2013 ജൂലൈ 19 ന്



ജോഷി ജോൺ
രണ്ടാം വർഷ ചരിത്ര ബിരുദം

യുദ്ധങ്ങളെന്തിനായിരുന്നു
ഇത്രമാത്രം സഖേ,
മണ്ണിൽ നിന്നും മണ്ണിലേക്കു
മടങ്ങാനിരിക്കെ-
യുദ്ധങ്ങളെന്തിനായിരുന്നു
ഇത്രമാത്രം, നിന്റെ പുരോഗതി
തന്നെയായിരുന്നു നിന്റെ ആയുധം
നിന്റെ വികസനവും ചൂഷണവും
തന്നെയായിരുന്നു
നിന്റെ മാറംഗി എന്നിട്ടും
യുദ്ധങ്ങളെന്തിനായിരുന്നു.
ഇത്രമാത്രം സഖേ
സ്നേഹത്തിന്റെ
കരുതലിന്റെ
പ്രത്യയശാസ്ത്രം
മതിയായിരുന്നല്ലേ
നമുക്ക് ജീവിച്ചു ജീവിച്ചു
മരിക്കാൻ



# ഒരു ചെറുപുഞ്ചിരിക്കായ്.............

One Touch Pain and Palliate Care Unit Aluva



ഇതേ സ്കൂളിൽവച്ച് Nutritional needs of Specially abled children എന്ന വിഷയത്തിൽ ക്ലാസ്സുകൾ നടത്തുകയുണ്ടായി. ലോക അൽഷിമേഴ്സ് ദിനത്തിൽ നടന്ന അൽഷിമേഴ്സ് സെന്റർ സന്ദർശനവും പാലിയേറ്റീവ് കെയർ എന്ന വിഷയവുമായി ബന്ധപ്പെട്ട് യൂണിറ്റ് അംഗങ്ങൾ നടത്തിയ തെരുവുനാടകവും വേറിട്ട അനുഭവമായിരുന്നു. ചില touch care unit അംഗങ്ങൾ 2013 ഫെബ്രുവരി 11,12 തീയതികളിൽ എറണാകുളം ജനറൽ ആശുപത്രിയിൽ നടത്തിയ ഇന്റർനാഷണൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ കോൺഫറൻസിൽ പങ്കാളികളായി. 2014 ൽ പാരാപ്ലീജിയ ബാധിതരുമായി ചെറായി ബീച്ചിലേക്ക് വിനോദയാത്ര സംഘടിപ്പിച്ചു.

വീൽചെയറുകളിൽ ജീവിതം കഴിച്ചുകൂട്ടേണ്ടിവരുന്നവർക്ക് വരുമാനമാർഗ്ഗം എന്ന നിലയിൽ സോപ്പ്, സോപ്പുപൊടി, ഡിഷ്‌വാഷ് എന്നിവയുടെ നിർമ്മാണരീതി സംബന്ധിച്ച് ക്ലാസുകൾ നടത്തുകയും അവർ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ വിദ്യാർത്ഥികൾ തന്നെ വിൽക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ അദ്ധ്യാപക - അനദ്ധ്യാപകരിൽനിന്നും വിദ്യാർത്ഥികളിൽ നിന്നും ശേഖരിച്ച പണം കൊണ്ട് അഞ്ച് പാരാപ്ലീജിയ ബാധിതർക്ക് വീൽചെയറും അരക്ക് കീഴ്പോട്ട് തളർന്ന ഒരു സഹോദരന് ഫിസിയോതെറാപ്പിക്കാവശ്യമായ ധനസഹായവും നൽകി. ഈ വർഷം തന്നെ പാരാപ്ലീജിയ ബാധിതരുമായി ലുലുമാളിലേക്ക് യാത്ര സംഘടിപ്പിച്ചു. അർബുദബാധിതരുടെ മക്കൾക്കായി പുസ്തകങ്ങളും മറ്റ് പഠനോപകരണങ്ങളും ശേഖരിച്ച് നൽകി.



അസൈൻമെന്റുകളും പ്രോജക്ടുകളും പരീക്ഷകളും മാത്രം നിറയുന്ന ഇടമല്ല യു.സി. ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടിയുള്ള കരുതലും ഈ ജീവിതത്തിന്റെ ഭാഗമാണ്. യു.സി യുടെ മണ്ണിൽ ഇനിയും ഇത്തരം നല്ല പ്രവർത്തനങ്ങൾ രൂപം കൊള്ളട്ടെ എന്ന് ആഗ്രഹിക്കുന്നു.

https://www.lateslip.co.in



# മറവിയിൽ അകപ്പെടാത്ത ഓർമ്മകൾ

ഗ്രീഷ്മ എം. എം 3-ാം വർഷം മലയാളസാഹിത്യ ബിരുദം

Business | Downloads | Parent Category | Featured | Health

കാമ്പസിന്റെ നെഞ്ചകത്തിൽ പൂരിപ്പിക്കാൻ മറന്നുപോകുന്നൊരു ഏട്. ഇവിടെ കാലം നോക്കുകുത്തിയാകുന്നു. പൂരിപ്പിക്കലുകളുടെ അപൂർണ്ണതകളെ ഞാൻ മറവിയെന്നു വിളിക്കട്ടെ. മറവികൾക്കിടയിൽ മാഞ്ഞുപോകുന്ന നിമിഷങ്ങളേ മാപ്പ് .... നഷ്ടപ്പെടുത്തിയതെന്തെന്നറിയുവാൻ നീണ്ട വരാന്തകളും ബെഞ്ചുകളും കറുത്ത നീളൻ ബോർഡുകളും എനിക്കിന്ന് കൂട്ടില്ല. കൊടിക്കൂറകളുടെ ആട്ടവും തിളക്കവും കനത്ത ശബ്ദങ്ങളുടെ പ്രതിധ്വനിയും എന്നോടൊപ്പമില്ല. എന്നിട്ടും ഞാനതിന്റെ ആഴവും പരപ്പുമളക്കുന്നു. കാരണം ഇന്നും എന്നും ഞാൻ ഈ മണ്ണിനെ സ്നേഹിക്കുന്നു.... ഋതുക്കൾ മാറി മാറി വരും. കൂടൊഴിയാനും ചേക്കാറാനും ഇനിയും കൗമാരങ്ങൾ വന്നുചേരും. അന്നും എന്നും യു.സി യെന്ന മഹാവൃക്ഷം മധുരപതിനേഴിൽ നിലകൊള്ളും. ഇനിയും യാത്ര തുടരുകയാണ്.... യു.സി യുടെ സൗഹൃദവലയങ്ങളില്ലാതെ............ ഞങ്ങളുടെ സന്തോഷങ്ങൾക്കും സങ്കടങ്ങൾക്കും സാക്ഷ്യം വഹിച്ച യു.സി.................... നിന്നെ ഞങ്ങൾ സ്നേഹമായി തിരിച്ചറിയുന്നു....







# NATIONAL SERVICE SCHEME
# U C COLLEGE ALUVA,UNIT NO.52
# *ANNUAL REPOT 2014 - 2015*



A **Camper's day** was organized on 21" June 2014. Mr. Jerry P Mathew and Ms. Haritha P R were selected as new Volunteer secretaries. Ms. Aparna S , Mr.Geevarghese Alias were selected as new Joint Secretaries. As a part of the *World Anti Narcotics* Day ,an **Antidrug campaign** was conducted in UC collegeby National Service Scheme and National Cadet Corps in association with Kerala State Excise department on 25" June 2014. The programme was started with an antidrug rally comprising of NSS volunteers and NCC cadets. A street play against narcotic consumption was also presented.A **Seminar** on Antidrug consumption and the inaugural ceremony of activities of antidrug club during the year 2014-15 was started.. Honourable Principal Dr. A Benny Cherian presided over the function.. Jerry P Mathew attended the **Volunteer Secretaries Training Camp** Devamathacollege ,Kuravilangad from 11 July 2014 to 14 July 2014.An **Orientation programme** for first year students was held on 30" of July 2014 at Platinum Jubilee auditorium.The function was arranged with the assistance of NSS volunteers and NCC cadets. NSS volunteers attended a **Seminar** on health by which held at Municipal Community Hall, Kakkanad. The seminar arranged on behalf of the 15" anniversary of Thrikakkara municipal co operative hospital.Haritha P.R and Jerry P.Mathew of our unit attended a two day **National Orientation Camp** on "decentralized governance and youth development" organized by Rajiv Gandhi National Institute of youth Development for NSS volunteers and NSS programme officers at Sriperumbadur ,Tamilnadu,from 4-5 August 2014.As the part of **World Peace Day celebrations** , a peace rally and a street play was conducted at U.C. College on 6" August 2014.The street play was aimed at spreading world peace.

The Youth Day was observed in association with Department of Psychology, U.C. college.Independence day celebration started with parade by NCC cadets. The day began with N.C.C. parade, followed by the flag hoisting by principal Dr.A. Benny Cherian. The ceremony ended with the singing of national anthem along with the N.S.S. and

കീർത്തന കലാധരൻ
ഒന്നാം വർഷ രസതന്ത്ര ബിരുദം

എൻ.എസ്.എസ്. ഞങ്ങൾക്ക് ഓർമ്മകളുടെ കൂട്ടായ്മയാണ്. അപരനോടുള്ള കരുതലിനെക്കുറിച്ച് ഞങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്ന കൂട്ടായ്മ. എൻ.എസ്.എസ് എന്ന് കേൾക്കുമ്പോഴേ ക്യാംപസ് വൃത്തിയാക്കുന്നു സംഘടനയാണിത് എന്നൊരു ധാരണ ഞങ്ങളിലുണ്ടായിരുന്നു. ഒരു വർഷത്തെ എൻ.എസ്. എസ് ജീവിതവും അതിനിടയിലെ സെവൻ ഡേ ക്യാംപും ഞങ്ങളുടെ ആ ധാരണ തിരുത്തി. മറ്റുള്ളവരുടെ ജീവനും ജീവിതവും നമ്മളുടേതു കൂടിയാണെന്ന് എൻ.എസ്.എസ്. ഞങ്ങളെ പഠിപ്പിച്ചു. ഞാൻ എന്ന ബോധം ഇല്ലായിത്തീരുകയും ഞങ്ങൾ നമ്മൾ എന്ന വലിയ ബോധത്തിലേക്ക് വളരുകയും ചെയ്തു. ഇന്നും എൻ.എസ്.എസ്. പകർന്നു തന്ന ഓർമ്മകളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ കരുതലിന്റെ വലിയ ശബ്ദങ്ങൾ മുഴങ്ങി കേൾക്കുന്നു.

N.C.C. official songs.A one day camp 'Spandanam' for the first year students started with icebreaking session . The camp project was to clean the MB block and to start bio-farming in the compound of the principle quarters.A group dynamics was organized by Mr.Jose Bejoy,(personality development Trainer) on leadership skills.A Motivational discussion, Be positive of shalom TV was conducted in UC College for the members of National service scheme, on 21 August at MCA Hall, 10 Am. Rev.Fr. George was the moderator and sister Liji, Clinical Psychologist was the chief guest of discussion .SruthyJyothi and Geevarghese Alias from our college participated the Pre-Republic Day selection camp which was held on 3rd September 2014 at BK College Kottayam.

Our volunteers participated a one day orientation programme along with an Vidhyarthi sambarga paripadi with the chief minister Shri.Oomman Chandy was held at M.G University assembly hall on 5th september.The Teachers day was celebrated on September 5th 2014 by distributing sweets and greeting cards to all teachers of our college.On September 6th,Saturday,NSS volunteers of UC college visited the Janaseva Shishubhavan as a part of the Onam celebrations of college NSS unit.We distributed sweets and chocolates and handed over the study materials we collected from college students as part of our project.The 45th N.S.S. day was celebrated on 24 September 2014 . The honourable principal of UC college Dr. A. Benny Cherian hoisted the flag. One of the project for the year 2014-2015 ' Nanmayk Oru Roopa ',a scheme of collecting one rupee per week from each student was launched by principal Dr. A Benny Cherian. The money thus collected shall be used for charity purposes. Miss.Sruthi Jyothi from our unit had attended National Adventerous camp 2014 held at Hatkoti, Himachal Pradesh from 24 September 2014 to 3 October 2014.

On September 29 2014 ,Vinjanayathra-2014 was conducted as a part of shuchitwa bothanayajnam(2010-2025) under the leadership of Rev. Fr. George Pittapillil and Jenish Paul(programme officer). It was an awareness campaign on cleanliness. As part of the 145th GandhiJayanthi celebrations , NSS unit of Aluva UC College conducted a cleaning programme at Aluva KSRTC bus stand on October 2nd 2014 The National Cleanliness drive Swach barath abhiyan was conducted at Chowara Railway station on 2 October 2014. National Service Scheme Volunteers cleaned the Railway station premises. An Anti liquior Drama was conducted on 10th october2014 by Excise Department in association with Malayala-Manorama at Tagore Auditorium based on influence of liquior and drugs on society and family relations .Our NSS volunteers attended Mahatma Gandhi University's 30th year celebrations which was held on October 6,2014 at Bharatmata college,Thrikakkara.NSS in association with Mor Gregorian Jacobite Students Movement collected cloths for the people of flood affected area in Kashmir on 16 october 2014. The dress collection was inaugurated by H. G. Dr. Kuriakose Mor Theophilose.

https://www.lateslip.co.in

# NATIONAL SERVICE SCHEME
# U C COLLEGE ALUVA,UNIT NO.52
## *ANNUAL REPOT 2014 - 2015*

Business | Downloads | Parent Category | Featured | Health

NSS in Coordination with Aluva Excise Department and NCC conducted Anti-drug campaign on 20 October 2014. Dr. A Benny Cherian,principal Inaugurated the programme and Sub Inspector of Aluva Excise took the classNSS volunteers attended Gandhi dharsan One day intercollegiate workshop on Gandhiyan Principles held at Devamatha College, Kuravilangadu.National unity day was celebrated on behalf of NCC and NSS on October 31st. NSS volunteers and NCC cadets took pledge on national unity, after gathering in-front of Kacherimalika.World Malayalee Council organized a Youth inspire program in coordination with 'ALTIUS', an organization working for youth .NSS volunteers attended the function .NSS volunteers attended an Inter collegiate seminar hosted by St. Teresa's College on 25 th November 2014 at the Science Block hall on Life and philosophy of Vivekananda.Our volunteers attended a Training Programme on 'First aid and Trauma care' which was held on 25th November 2014 under the leadership of Kerala Action Force, Janamaithry Police and Anwar Hospital Aluva. World aids day was observed on first December 2014 .The programme comprised of a rally

The vibrant sessions of the Seven Day Special Camp 'Njattuvela' was held from 19th December 2014 to 25th December 2014 at Kunnukara Govt. LP School in association with Kunnukara grama panchayat. Our unit adopted ward no.11 and launched many projects . The major attractions of the camp were the Rural Development Projects,Social Awareness Seminars,Personality Development Programmes , orientations and Free Eye Testing Camp, etc. The development projects included Socio-Economic Health Survey in ward no.6,Irrigation Canal renovation , School Compound cleaning,Panchayath compound cleaning,Govt. Hospital Renovation (Vetinary Clinic, Ayurveda Clinic ,Primary Health Centre ), Khadi Renovation , Panchayath Well Cleaning , Medicinal Garden Setup , Library Establishment and tTrrace Farming area-Setting in Govt. LP School etc .

Seminars were conducted on the topics Organic farming , Guidelines for success of life , Mind power training , Personality development – success in life , Vocational training class – soap and lotion making , Rules and changing situations , Life style diseases , etc .As a part of the 'Clean And Green Kerala' campaign a peace march was conducted along with a street play. In association with the Department Of Psychology a counselling cell worked within the camp. The camp was inaugurated by Sri.V.A. Chandran , Vice President of Kunnukara Grama Panchayath . A free eye testing camp was organized in association with Tony's Super Speciality eye care Hospital. The cultural evening conducted for the public was inaugurated by Rev. Fr. Mathia Joshua .

https://www.lateslip.co.in



# UNION CHRISTIAN COLLEGE, ALUVA
# PRINCIPAL'S REPORT

Dr. A. Benny Cherian PRINCIPAL

Business | Downloads | Parent Category | Featured | Health

It is with a heart full of gratitude to God and to the College Community that I present before you the highlights of the activities of the College during this academic year.

## Academic Life

The new courses B.Com with Taxation and MCA Lateral entry in self-financing stream were started in this academic year. AICTE approval was received for the MBA and MCA Lateral Entry programmes. There was considerable demand for UG admissions in Management Quota seats and community merit seats. The efflux of students from the UG programmes especially from the science subjects is very few this year. Steps have been taken to improve discipline in the campus and hostels.

First Semester PG Classes started on 29th September 2014. An Orientation Programme was conducted for the students and parents. The orientation programme for MBA programme was inaugurated by Sri. P.C. Cyriac IAS (Retd), former Chief Secretary of Tamil Nadu. The orientation programme for MCA Lateral Entry was conducted on 6, 7, 8 August 2014.

The Department of Collegiate Education is funding 'Walk with Scholar' and 'Scholar Support' programmes with the aim to improve the academic standards of first year under graduate students. The College is conducting Course work to the research scholars of MG University.

The second round of ASAP SDE training programmes were held in two sessions. The first batch was trained from March 26th - June 15th and the second from June 16 - July 6. The training was conducted under the leadership of Dr. Jacob George, Dept of English. Our college was awarded the Certificate of Excellence (Four Star) for the successful conduct of ASAP training programme during April – July 2013.

Dedication of DST Lab of Botany Dept. and opening of Mrs. Susan Philipose Memorial Library was conducted on 20th August 2014.



https://www.lateslip.co.in

# UNION CHRISTIAN COLLEGE, ALUVA
# PRINCIPAL'S REPORT

Dr. A. Benny Cherian PRINCIPAL

Business | Downloads | Parent Category | Featured | Health

**Final Year Examination Results: March/April 2014**

| Sl. No | BA/BSc | Number of students appeared | No. of Students Passed | PASS % | Remarks |
|---|---|---|---|---|---|
| 1 | History | 38 | 24 | 63 | |
| 2 | Economics | 55 | 45 | 81 | |
| 3 | English | 43 | 39 | 90 | |
| 4 | Psychology | 33 | 29 | 88 | 1 Full A+ |
| 5 | Malayalam | 40 | 23 | 57.5 | |
| 6 | Mathematics | 29 | 25 | 86 | 1 Full A+ |
| 7 | Physics | 34 | 31 | 91 | |
| 8 | Chemistry | 37 | 28 | 75 | |
| 9 | Botany | 24 | 22 | 91.6 | |
| 10 | Zoology | 28 | 27 | 96 | |
| 11 | BT & SP | 16 | 16 | 100 | |
| 12 | Computer Sc | 19 | 18 | 95 | |
| 13 | CME | 34 | 20 | 59 | |

Nisbin Abdul Khader, Final Sem. BSc Psychology, Aparna Pradeep V K , Final Sem. BSc Mathematics and Gayathri S., Final semester MSc Mathematics secured full A+ in the University Examinations 2014. . Regular classes for IV Sem & VI Sem UG students ended on 12th March 2015.

## Academic Life (Faculty)

Several of our faculty members are serving as research guides which necessitate improved facilities in the various academic departments. Hearty appreciation is offered to those faculty members who have brought in or applied for research grants from various agencies such as UGC, DST, DAE and State government agencies which will help in developing the respective departments through acquiring equipments, books and such essentials.

A major research project is sanctioned to Dr. E I Anila , HoD of Physics by Department of Atomic Energy (DAE). The sanctioned amount is Rs.22,66,500/ .

Fostering Linkages in Academic Innovation and Research (FLAIR) is a new initiative in higher education by the Dept. of Higher Education, Govt. of Kerala. Dr. Reshmi, Dept. of Physics was awarded an international fellowship and

# UNION CHRISTIAN COLLEGE, ALUVA
# PRINCIPAL'S REPORT

Dr. A. Benny Cherian PRINCIPAL



Ms. Akhila Narayanan, , Dept. of English received a national fellowship under this scheme. Dr. Sibu M. Eapen, Dept of Malayalam has received the UGC Research Award for doing PDF recently.

UGC sponsored National seminar was organized from 23 to 24 October 2014 by the Department of Economics. The seminar was inaugurated by Dr. T. Thomas Issac, former Finance Minister. UGC sponsored National Conference on 'Health and Life Style' was held during 5, 6 & 7 March 2015, organised by the Department of Physical Education. Dr. P. Pugazhendi IFS, Chief Conservator of Forests, Kerala was the Chief Guest.

## *Highlights from Departments*

### *Department of English*

Josemon.P.P,Sam Mathew and Maryn P.Jose represented Kerala state team in the 35th National games and secured bronze medal.Josemon was the vice captain of the Kerala team.Josemon P.P secured Bronze medal in the Senior National Championship held at from 26th to 29th March 2015,NewDelhi ,in which he was the captain of the Kerala team.

Sanu Sam and Davood Aboobecker represented Kerala state Hockey men team in the 35th National Games.

Pratheesha and Mridula Raj represented Kerala State in National Women hockey championship.

Anoop T.S represented Kerala State Senior National Softball Championship held at Nagpur from 5th to 12th January 2015.

Ashik.M.Anil represented Kerala State National Softball Championship held at Nagpur from 5th January to 12th January 2015.

Rojan Roy represented Kerala State in National Baseball championship held at Goa from 12th to 16th January 2015.

Cinta Varghese represented Kerala State Senior National Judo Championship held at Harithwar,Utharakhand,January 2015

## MG UNIVERSITY CHAMPIONSHIP

### Aquatics

UC College Womens Aquatic team secured second position in MG University inter collegiate women Aquatics championship held at Pirappancode Swimming Pool,Trivandrum on 28th and 29th August 2014.Jiya Joseph has been selected to represent MG University in the All India Inter University Championship.

### Hockey

UC College men and women hockey team secured first position in the MG University Hockey championship.Pratheesha K,Amrutha Santhosh,Mrudhula Raj,Vyshnavi.T.Radhakrishnan,Sindhu M.R,Maya V.C,Bijina.V and Joshni P.M represented MG University in the South Zone All India Inter University Championship and secured fourth position.

https://www.lateslip.co.in



# Sports report 2014-15

Business | Downloads | Parent Category | Featured | Health

In the boys section,Sanu Sam,Muhammed Rishad,Aiju.P.Andrews,Shyam Kumar.S,Davood Aboobecker,Maneesh.M,Prasoon.S,and Swalih K represented MG University in the South Zone All India Inter University Hockey Championship.

## Baseball

UC College men Baseball team secured first position in the M.G University intercollegiate softball tournament held at MGU,kottayam on 3rd and 4th March 2015.In men sectioon Anoop.T.S,Shyam Mohanan,Abhilash Subran,Amal A.P Harilal T and in womens section Krishna C.C. and Shilpa Catherine were selected to the MGU team.

## Fencing

UC College women fencing team secured second position in the MG University women fencing championship held at Assumption College,Changanassery on 21st March 2015.Binu Susan Paul,Cinta Varghjese,Linny Mary Jacob,Anagha P.S and Rose Roy were selected to the MGU team.

## Judo

Our college women team secured second position and men team secured third position in the MGU Judo Championship held at UC College on 24th February 2015.Binu Susan Paul was selected to the MGU Women Judo team.

## Netball

UC College men team secured first and women team secured third position in the MGU Net ball championship held at Assumption College Changanassery on 20th February 2015.In women section Shefi George and Gayathri were selected to the M.G. University Netball team.In men section Josemon.P.P,Sam Mathew,Kevin Jose,Sarath P.R and Freddin participated in the All India Inter University Netball Championship.

## Softball

UC College men Softball team secured first position and women team secured third position in the MGU intercollegiate softball tournament held at MGU Kottayam on 22nd and 23rd January 2015.In men section Diljith.M.D,Arun.C,Arjun Ram,Unni P.R,Akhil Raj and in women section Krishna C.C,Shilpa Ctahere,Meenu Jose were selected to the MGU team.

https://www.lateslip.co.in



# Sports report 2014-15

Business | Downloads | Parent Category | Featured | Health

## Water polo

Our college Water Polo Men team secured first position in the MGU inter collegiate water polio competition held at Pirappancode Swimming Pool, Tribvandrum on 28th and 29th August 2014. Saleesh E.S, Aravind.C.Velayudhan, Skanda Kumar, Abhijith P.U, Vishnu Nandhagopal, Jiffin Vakkachan and AKhil Chandran were selected to represent MGU in the All India Inter University Water Polo Championship.

## Football

Our college women Football team secured fourth position in the MGU Women football championship. Bijina.V was selected to the MGU team.

## Tournaments organized

Annual Sports Day is an important event in the students life. The college sports day 2014 was conducted on 25,26th and 27th of February 2015. The sports day began enthusiastically with a welcome speech. The event was followed by flag hoisting by the Principal. The ground looked colourful with the march past by 12 different departments, the dignitaries took salute in the march past which was followed by the oath taking ceremony by athletes. To enliven the sports event, The Olympic torch was taken up by the students. The three day sports meet involved the enthusiastic participation of all the students. The overall rolling sheild was bagged by the Economics Department. The winners of the various events and march past were awarded with trophies, medals and certificates.

Inter Department games were organized in Football, Cricket, Basketball, Chess, Shuttle and Badminton in men section.

The department of Physical Education is organizing two extension activities for the nearby communtiy from 2013 onwards and is still continuing. In association with College Women Cell a programme for Self Defence training for women students of college in Karate is also going on from the year 2014 onwards.

The college was the venue for the selection trails of Kerala State team for the 35 th National Games in Netball and Hockey for men and women.

The Department of Physical Education organized following sports and games championship camps during the year 2014-15

https://www.lateslip.co.in



# Sports report 2014-15

Business | Downloads | Parent Category | Featured | Health

- Kerala State senior Hockey Championship
- 35th National Games first phase camps for Hocky.
- MGU men hockey championship
- MGU Judo championship
- PYYKA Block Tournament Hockey
- YMCA inter school football tournament
- Run Kerala Run during January 20th 2015
- Kochi Marathjon-deepasikha rally.

The department organized three day Natinal Conference on Health and lifesty

## Trophies instituted

The BA Malayalam 2014-15 batch instituted Ajas memorial ever rolling trophy in memory of their friend Ajas C.A. for team which wins first position in inter department cricket tournament from the academic year 2014-15.

4G

https://www.lateslip.co.in



# സ്പോർട്സ് ഓർമ്മ

അനസ് കാട്ടിലാൻ മൂന്നാം വർഷ മലയാള ബിരുദം



യു.സി.കോളേജ് ഒരു സ്പോർട്ട്സ് കോളേജാണെന്ന് പുറത്തൊക്കെ സംസാരമുണ്ട് ആ സംസാരം എന്തുതന്നെയുമാവട്ടെ, കാൽപന്തുകളിയും ക്രിക്കറ്റും ബാസ്കറ്റ്ബോളും ഹോക്കിയുമെല്ലാം മറ്റെന്തിനേക്കാളും ഇവിടുത്തെ വിദ്യാർത്ഥികളുടെ ഹൃദയങ്ങളിൽ ആവേശമുണ്ടാക്കാറുണ്ട് എന്നത് സത്യമാണ്. ഞങ്ങൾ നേടുന്ന അല്ലെങ്കിൽ ഞങ്ങളുടെ മുൻ തലമുറ നേടിയ, വലിയ വിജയങ്ങൾ, ഞങ്ങളുടേത് മാത്രമായിരുന്നില്ല മുഴുവൻ യു.സിയൻസിന്റേതുമായിരുന്നു. പലപ്പോഴും യു.സി.യുടെ ചരിത്രവും പൈതൃകവും ആഘോഷിക്കപ്പെടുന്ന അവസരങ്ങളിൽ പഴയ കായികതാരങ്ങൾ മറവിയിൽ അകപ്പെട്ട് പോവാറുണ്ട്. ചരിത്രത്തിലിടം നേടാനല്ല, യു.സിക്ക് ഒരു ചരിത്രമുണ്ടാക്കാനാണ് ഞങ്ങൾ കളിച്ചിരുന്നത്. അതുകൊണ്ടാണ് ഞങ്ങൾ പിന്നെയും മഹാവിജയങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഒരുപാട് മനുഷ്യന്മാരുടെ കണ്ണുനീരും വിയർപ്പും വീണ് നനഞ്ഞ കോർട്ടിലാണ് ഞങ്ങളോരോരുത്തരും ഇന്ന് നിൽക്കുന്നതെന്ന് ഞങ്ങൾക്കറിയാം. ചക്കമരച്ചോട്ടിൽ, ഞങ്ങളുടെ മഹാവിജയങ്ങൾക്ക് സാക്ഷിയായ ചക്കമരച്ചോട്ടിൽ അക്കുവിനോടും മുപ്രനോടും വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് അൻസിഫ് വന്ന് ഒരു സ്പോർട്ട്സ് ഓർമ്മ എഴുതണമെന്ന് പറഞ്ഞത്. യു.സിയുടെ ഈ കോർട്ടും ഈ ചക്കമരച്ചോടും ഇവിടുത്തെ കളികളും, പിന്നെ ഞങ്ങളുടെ ആവേശങ്ങൾക്ക് കരുത്തുപകർന്ന ബിന്ദുടീച്ചറും അനിൽ സാറും എല്ലാം ചേർന്നുണ്ടാക്കുന്ന ഒരു വലിയ ഓർമ്മ കടലാസിലേക്ക് പകർത്തുന്നതെങ്ങനെ എന്ന് ഞാൻ ആശ്ചര്യപ്പെടുന്നുണ്ട്..........

https://www.lateslip.co.in



# ക്യാന്റീൻ കുറിപ്പ്

Business | Downloads | Parent Category | Featured | Health



ഇത് നമ്മുടെ പഴയ ക്യാന്റിനാണ് ഇതവിടുത്തെ പഴയ മനുഷ്യന്മാരാണ്. യു.സിയുടെ ചരിത്രം ഇവരുടെ കൂടി ചരിത്രമായിരുന്നു. യു.സിയുടെ ഓർമ്മ ഇവരുടെ കൂടി ഓർമ്മയായിരുന്നു. ഓർമ്മകൾ ആഘോഷിക്കപ്പെടുമ്പോൾ ഇവർ അപ്രത്യക്ഷരായേക്കാം. ഈ കൈകൾ കൊണ്ട് വിളമ്പിത്തന്ന ചോറാണ് ഇന്ന് ആഘോഷിക്കപ്പെടുന്ന ഒരുപാട് ഓർമ്മകളെ നിർമ്മിച്ചത്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക്, (കോളേജിൽ പാവപ്പെട്ടവരും പുറത്ത് പണക്കാരയവർക്ക് പോലും) മറ്റ് പല കോളേജ് ക്യാന്റീനുകളിൽ നിന്നും വിഭിന്നമായി യു.സി.കോളേജ് ക്യാന്റീനും ഇവിടുത്തെ ഈ പഴയ മനുഷ്യന്മാരും ഒരു ആശ്രയമായിരുന്നു. എത്ര വിശപ്പുള്ളപ്പോഴും ഒന്നു ഓടിക്കയറിച്ചെല്ലാൻ ഇവിടെയിങ്ങനെയൊരു ഇടമുണ്ട് എന്നത് ഒരു വലിയ ആശ്വാസമായിരുന്നു. പണവും പ്രതാപവുമല്ല സ്നേഹത്തിന്റെ പ്രത്യയശാസ്ത്രമാണ് ഇവരെയും യു.സിയരാക്കി മാറ്റിയത്.

ക്യാന്റീന്റെ എഴുത്തുചരിത്രത്തിൽ ഇടം നേടാതെ പോയ ഒരാളാണ് സുനിചേട്ടൻ. മാഗസിൻ ന്റെ ഹൃദയത്തെ തീപിടിപ്പിച്ചുകൊണ്ടിരുന്ന ദിവസങ്ങളിലൊന്നിൽ ചായ പകർന്നു തരുമ്പോൾ സുനിചേട്ടൻ പറഞ്ഞ വാർത്തമാനങ്ങളാണ് എന്നെക്കൊണ്ട് ഈ കുറിപ്പെഴുതിക്കുന്നത്. വർഷങ്ങളായി നടത്തുന്ന ക്യാന്റീനിലെ ഓട്ടപാച്ചിലുകളെക്കുറിച്ച്, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഊണെത്തിക്കുന്നതിനെക്കുറിച്ച്, ചെറിയ സാമ്പത്തികസഹായങ്ങൾ നൽകുന്നതിനെക്കുറിച്ച്..... അങ്ങനെയങ്ങനെ സുനിചേട്ടൻ പറഞ്ഞതുമുഴുവനും പലയവസരങ്ങളിൽ ചേട്ടൻ ഞങ്ങൾക്കു നൽകിയ ഇമ്മിണി വല്യ സഹായങ്ങളും ഇവിടെ കുറിക്കുന്നില്ല. അത് അങ്ങനെ തന്നെ തുടരുമെന്ന് പ്രത്യാശിക്കാം. യു.സികോളേജിനെ ഓട്ടോണമസ് ആക്കി വിശുദ്ധക്യാംപസ് ആക്കിത്തീർക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതിനിടിയിൽ ഇവരെക്കുറിച്ചുകൂടി എഴുതാനുള്ള ആർജ്ജവം കാണിക്കുമ്പോഴാണ് ഒരു കലാലയ മാഗസിൻ രാഷ്ട്രീയ പ്രാധാന്യമുള്ളതാവുന്നതെന്ന് ഞങ്ങൾ തിരിച്ചറിയുന്നത്.

(ഇത്തവണ മാഗസിനെക്കുറിച്ചുള്ള വലിയ ആശങ്കകൾക്കിടയിൽ പതിവ് കട്ടൻ ചായകുടിക്കാൻ കയറിയതാണ്. തിരിച്ചിറങ്ങുമ്പോൾ രാജൻ ചേട്ടൻ എന്നെ ചേർത്തു പിടിച്ചു



മാഗസിനെക്കുറിച്ച് ചോദിച്ചു. ആ ചേർത്തുപിടിക്കലിൽ എല്ലാമുണ്ട്. സ്നേഹമുണ്ട്, കരുതലുണ്ട്.... ഓട്ടോണമിക്കെതിരായി രൂപപ്പെടുന്ന സമരം ആ സ്നേഹവും കരുതലും നഷ്ടപ്പെടാതിരിക്കാൻ കൂടി വേണ്ടിയുള്ളതാണ്.)

# UNIVERSITY / STATE PLAYERS

Business | Downloads | Parent Category | Featured | Health


Abhijith P U


Abhilash Subran


Aiju P Andrews


Akhil Raj


Amal A P


Amrutha A


Amrutha Santhosh


Anagha p s


Anoop T S


Aravind C Velayudhan


Arjun Ram


Arun C D


Ashik M Anil


Bijina V


Binu Susan Paul


Cinta Varghese


Davood Aboobakker


Diljith M D


Gayathri P K


Harilal K T


Harsha P H


Jiffin Vakkachan


Jiya Joseph


Joshni P M


Kevin Jose


Krishna C C


Linny


Maneesh


Vyshnavi Radhakrishnan


Mathews Davis


Maya


Meenu Jose


Mruthularaj K


Muhammed Rishad P A


Prasoon S


Pratheesha K


Rojan Joy


Rose Roy


Saleesh E S


Unni P R


Sanu Sam


Sefi George


Sharath


Shyam Kumar S


Shyam Mohanan


Shilpa Catherine


Sindhu M R


Swalih K


Skandakumar A V

# College Teams


WATER POLO


Softball / Baseball Women


Softball Men


Netball Women


Netball Men


Judo Men Women


Hocky Men


Hockey Women


Football Women


Foot Ball Men


Cricket


Baseball Men


UNION
MOMENTS

# ACHIEVERS





Blessen & Dona
National level Winners, Western group Song



Jishnu K manoj
A Grade Monoact
Kathakali, Ottamthullal
MG university Arts Fest



Jibin
Mr Kerala 60Kg
category



Neenu Rajeev
1st, Kadhaprasangam
2nd Monoact
3rd Malayalam Prasangam
MG university Arts Fest



Parvathy Sankar
A Grade
Bharatanatyam
Mohiniyattam
MG university Arts Fest



Aparna S
1st, Kavyakeli
3rd sasthreeya sangeetham
A Grade Kavitha Parayanam
MG university Arts Fest



Amal T Anoop
Kalaprathibha
College Arts Fest



Anandu Suresh
1st English Story Writing
MG university Arts Fest



Maryn P Jose, Josemon P P, Sam Mathew
Bronze Medal Winners, National Games



Collage Mime Team Which Secured
3rd Prize in MG university Arts Fest



NCC Cadets Participated in Republic day Parade
Akhil Alias,Jayalakshmi, Athira Nair
Meera Jacob, Muhammed Irfan

# PHOTOGRAPHY

## Aravind Haridas







## Anil Babu







# RETIREMENTS



Dr Suja Lukose
Department of Zoology



Dr Mary Paulose
Department of Physics



Dr Lopez Mathew
Department of Chemistry



Dr A Benny Cherian
Principal, Chemistry Department

# NEW APPOINTMENTS



Dr Pramod Dominic
Department of Physics



Madhu K
Department of Physics



Ann George
Department of Economics



4U HOLIDAYS

*Your trusted travel Partner*

Holiday / Group tour packages

to

- Singapore
- Malaysia
- Dubai
- Srilanka
- Thailand

For Enquiries 8943355103, 9048050008 holidays@4uholidays.com

***Special deals for : Professors, Doctors, Ex. Govt. Employees***

*4U Holidays, 4U Business Solutions, 2nd Floor, Panachickal Building,*
*East Vazhakala, Kakkanad-682 021 Ph: 0484 4014008 www.4uholidays.com*

ihsan

**BIRIYANI MAHAL**
**FOOD COURT**

BIRIYANI | INDIAN | CHINESE | CONTINENTAL

944738012, 994739510
Near Namboorimadom Auditorium, Parur Jn, Aluva



We Are Undertaking All Types of
Outdoor Catering & Party Packets



# സെക്സ്തം



ആൺശരീരവും പെൺശരീരവും ഒന്നു ചേർന്ന് ഒറ്റശരീരമായിരുന്ന നയനസുഭഗവും രമണീയവുമായ ഒരു ജീവിയായിരുന്നു സെക്സ്തം. ദൈവനിർമ്മിതമായ അതിന്റെ സൗന്ദര്യത്തിൽ അസൂയ തോന്നിയ ദൈവം തന്നെ അതിനെ രണ്ടായി വിഭജിച്ച് ആണും പെണ്ണുമാക്കി. തന്റെ മറുപാതിയെ അന്വേഷിച്ച് നടക്കുന്ന സെക്സ്തമാണ് ഓരോ മനുഷ്യനും എന്ന് ഗ്രീക്ക് മിത്തോളജി. സെക്സ്തത്തെക്കുറിച്ചുള്ള വായനകളിലും ആലോചനകളിലുമെല്ലാം വീണ്ടെടുക്കപ്പെടേണ്ട ഒരു സെക്സ്ത ബോധത്തെക്കുറിച്ചും ആണധീശത്വങ്ങളും, ആണ്/പെണ്ണ് എന്നതിലേക്ക് ചുരുങ്ങിയ ലിംഗബോധങ്ങളും അറബിക്കടലിലാവുന്നതിനെക്കുറിച്ചും ഞാൻ ആലോചിക്കാതിരുന്നിട്ടില്ല. അഥവാ, സെക്സ്തത്തിനെക്കുറിച്ചുള്ള ഓർമ്മ ഒരു ലൈംഗിക വിപ്ലവമാകുന്ന ദിവസങ്ങളെക്കുറിച്ച്, ആലോചിക്കാതിരുന്നിട്ടില്ലെന്ന് ചുരുക്കം.

# പെണ്ണിടങ്ങൾ ചർച്ച ചെയ്യേണ്ടത്, ചർച്ച ചെയ്യാൻ പാടില്ലാത്തത്; വിവേചനത്തിന്റെ പുതിയ വഴികൾ



ട്രീസ ദിവ്യ
ചരിത്രവിഭാഗം
യു.സി. കോളേജ്, ആലുവ

rights

എം.എം. കൽബുർഗി, നരേന്ദ്ര ധബോൽക്കർ, ഗോവിന്ദ് പൻസാരെ എന്നിവരുടെ നരഹത്യയിൽ പ്രതിഷേധിച്ച് യു.സി കോളേജിലെ 'മിടിപ്പ്' എന്ന സ്ത്രീ സംഘടന നടത്തിയ അനുസ്മരണവും, അതോടനുബന്ധിച്ച് ഉയർന്നുവന്ന ചർച്ചയും, അസ്വാരസ്യങ്ങളും ഗൗരവമായി വിശകലനം ചെയ്യേണ്ടതുണ്ട്. കൽബുർഗിയുടെ കൊലപാതകത്തിനുശേഷം പ്രതിഷേധാത്മകമായി ഒരു ചാർട്ട് എഴുതി ഇടാൻപോലും ധൈര്യം കാണിക്കാതിരുന്ന പല മുഖ്യധാരാ വിദ്യാർത്ഥി സംഘടനകൾക്കും മാതൃകയായി 'മിടിപ്പ്' മുന്നോട്ടുവരികയും, അനുസ്മരണചർച്ച സംഘടിപ്പിക്കുകയുമാണ് ഉണ്ടായത്. "വ്യക്തിപരമായി എന്നെ ബാധിക്കാത്ത" ഒരു വിഷയങ്ങളോടും പ്രതികരിക്കേണ്ടതില്ല എന്ന പുതുതലമുറ യുക്തി വ്യക്തിപരമായ അപചയത്തേക്കാളുപരി, വളർന്നുവരുന്ന സമൂഹത്തിന്റെ ധാർമ്മികതയും, പ്രതികരണശേഷിയും ചോദ്യം ചെയ്യപ്പെടാൻ പര്യാപ്തവുമാണ്. ഇന്റർനെറ്റും, നവസാമൂഹിക മാധ്യമങ്ങളും ലോകത്തെ ഒരു മുറിക്കുള്ളിലേയ്ക്ക് ചുരുക്കി എന്ന് അവകാശപ്പെടുന്ന ഈ കാലത്തും തനിക്കു ചുറ്റും നടക്കുന്ന സാമൂഹിക വിഷയങ്ങളിൽ നിന്നും വ്യക്തി എങ്ങനെയാണ് സ്വയം അന്യവത്കരിക്കപ്പെട്ടു പോയത് എന്ന് പരിശോധിക്കേണ്ടതാണ്. നമുക്കു/നിങ്ങൾക്കു ചുറ്റും നടക്കുന്ന സാമൂഹിക ധാർമ്മിക പ്രസക്തമായ പ്രശ്നങ്ങളിൽ, അത് വ്യക്തിപരമായി നിങ്ങളെ ബാധിക്കുന്നില്ല എങ്കിൽപോലും അതുണ്ടാക്കുന്ന അസ്വസ്ഥതയാണ് നമ്മളെ സാമൂഹ്യജീവി ആക്കുന്നത്. ഇത്തരം പ്രശ്നങ്ങൾ നിങ്ങളെ അലോസരപ്പെടുത്തുന്നില്ല എങ്കിൽ ഉത്സവപ്പറമ്പിലെ ആൾക്കൂട്ടത്തിലൊരാളാകാനേ നിങ്ങൾക്ക് ആവൂ.

"ലിംഗസമത്വം' ഒട്ടേറെ കൊട്ടിഘോഷിക്കുന്ന പല മുഖ്യധാരാ സംഘടനകളും പ്രായോഗികതലത്തിൽ ശുഷ്കിച്ച ചിന്താഗതിയുമായി മുന്നോട്ടുവരുന്നവരും, ഇടപെടുന്നവരുമാണ്. 'ലിംഗസമത്വ'ത്തിനുവേണ്ടി പോരാടുന്നു എന്ന് അവകാശപ്പെടുമ്പോഴും എന്താണ് 'ലിംഗസമത്വം' എന്ന് മനസ്സിലാക്കാൻ അവർ ശ്രമിച്ചിട്ടില്ല എന്ന് വേണം കരുതാൻ. 2014-16

അധ്യയനവർഷത്തിൽ പെൺരാഷ്ട്രീയത്തേയും, പെണ്ണിടങ്ങളേയും പ്രശ്നവത്കരിച്ച 'മിടിപ്പ്' എന്ന പ്രസ്ഥാനം മഹാസംഭവമാണ് എന്ന് പുകഴ്ത്തിയ പല നാവുകളും തൊട്ടടുത്ത വർഷത്തെ (2015 - 16) മിടിപ്പിന്റെ രാഷ്ട്രീയത്തെ പേടിയോടെ കാണുന്നു. മിടിപ്പിന്റെ പ്രവർത്തനങ്ങൾ വർഗ്ഗീയ ഫാസിസ്റ്റ് വിരുദ്ധ രാഷ്ട്രീയം വെളിവാക്കുന്നതായിരുന്നു. അപസ്വരങ്ങൾ ഉയർത്തി ഇതിലേയ്ക്ക് കടന്നുവന്നവർക്ക് ഇല്ലാതെപോയതും ഈ വിരുദ്ധനിലപാട് തന്നെയാണ്. കൽബുർഗിയുടെ വിഷയം ചർച്ചചെയ്യാൻ തീരുമാനിച്ച 'മിടിപ്പ്' പരാജയമാണെന്നും, 'മൂന്നാറിലെ' 'പെമ്പിളൈ ഒരുമ' നടത്തിയ സമരമാണ് ചർച്ചചെയ്യേണ്ടി ഇരുന്നതുമെന്ന വാക്കുകൾ . നിങ്ങളുടെ ലിംഗസമത്വ അജണ്ടകൾ വെറും പുറംപൂച്ചായിരുന്നു എന്ന് പ്രത്യക്ഷത്തിൽ വിളിച്ചുപറയുന്നതായിരുന്നു. നിങ്ങൾ പെണ്ണുങ്ങൾ മുഖ്യധാരാ രാഷ്ട്രീയം പറയേണ്ട എന്നും, അഥവാ പറയണമെങ്കിൽ പെൺവിഷയങ്ങൾ മാത്രം പറഞ്ഞാൽമതി എന്നുമുള്ള ആണധികാര വ്യവസ്ഥയുടെ ഒരു അസ്വസ്ഥതകൂടി ആയിട്ടുവേണം ഇതിനെ മനസ്സിലാക്കാൻ. അത് അക്കാദമിക വിഷയങ്ങളിലുള്ള ഇടം തിരിവുകൾ നിശ്ചയിക്കലാവുമ്പോൾ ഈ വിഷയം സാമൂഹിക പ്രസക്തിയുള്ള ഒന്നാവുന്നു. അക്കാദമിക വിഷയങ്ങളിൽ പെൺകുട്ടികൾ 'ചർച്ച ചെയ്യേണ്ടത്', 'ചർച്ചചെയ്യാൻ പാടില്ലാത്തത്' എന്നീ അതിർവരമ്പുകൾ സൃഷ്ടിക്കുന്നത് കുടുംബപരമായ വേലിക്കെട്ടുകൾ ചിന്താതലത്തിലും നിങ്ങൾ മറികടക്കരുത് എന്ന ഉട്ടോപ്യൻ യുക്തിയാണ്.

പൊതു ഇടങ്ങളിലേയ്ക്കുള്ള വർദ്ധിച്ചുവരുന്ന പെൺരാഷ്ട്രീയം, ശക്തമായ നേതൃപാടവം, മികവുറ്റ കഴിവുകൾ ഉയർന്ന സാമൂഹ്യബോധം, അഹിംസാത്മക നിലപാടുകൾ - ഇതിൽ അസൂയപ്പെടാനും, അസ്വസ്ഥതപ്പെടാനും അല്ലാതെ ഇതിനെ തടുക്കാൻ നിങ്ങൾക്ക് ആവുമോ? വരുംകാലങ്ങളിലും വർഗ്ഗീയ ഫാസിസ്റ്റ് വിരുദ്ധ നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ട്, പ്രകൃതിയും മനുഷ്യനും പൂരകങ്ങളാണെന്ന ആശയങ്ങൾ ഉയർത്തിപ്പിടിച്ച്, ലിംഗസമത്വത്തിനുവേണ്ടി നമ്മൾ പോരാടും. സ്ത്രീകൾ അവർണ്ണർ, ആദിവാസികൾ, ലൈംഗികന്യൂനപക്ഷങ്ങൾ എന്നീ വിഭാഗങ്ങളുടെ ഇടപെടലും, പ്രാധിനിത്യവും ഉള്ള ഒരു ജനാധിപത്യവ്യവസ്ഥയിലേക്ക് നീങ്ങാനുള്ള ആർജവം പുതുതലമുറയ്ക്കുണ്ടാകട്ടെ എന്ന് ആഗ്രഹിക്കുന്നു.



NAVAMI
3rd BA English

I opened my eyes
I saw my mother
being dragged
All through the floor
Her beautiful thick black hair
Clasped in his hands
Her tattered black sari
Being torn apart.
Her bare bosom
Thumping under
his heavy weight.
Her waist being arrested
In his white hands
Tears dribbling from her eyes
And finding their labyrinth
To the deserted floor
He stretched her
legs wide apart
And I....
I closed my eyes...

I when again opened them
I saw my legs, with her
Tears beneath them

# വൃത്തികേടിന് വിരാമം



ജയകൃഷ്ണൻ.കെ.വി
രണ്ടാംവർഷ ഇംഗ്ലീഷ് ബിരുദം

ദിവസം അറുപത്തി രണ്ട്, ഏകദേശം രണ്ടുമാസത്തെ അലസതക്ക് വിരാമം; എന്തിനെയും എങ്ങനെയെന്നും ആർക്കെന്നും എന്ന ചോദ്യങ്ങൾക്ക് പ്രസക്തി യുണ്ടോ എന്നത് വെറും ചോദ്യം മാത്രമായി അവശേഷിക്കുന്നു.

എണ്ണ തേയ്ക്കാത്ത ജടപിടിച്ച മുടിത്തുമ്പുകൾ കണ്ണുകളെ മറയ്ക്കുന്ന ഓരോ നിമിഷവും ഇരുട്ട് ഒരു കാമുകിയായി അഭിനയിച്ചു. കുളിക്കാതെ രോമപൂരമായ നാറിയ കക്ഷം, ജീർണിച്ച വസ്ത്രം എല്ലാം കഥപറയുന്ന തൽപരകക്ഷികളായി കാണപ്പെട്ടു. ചോദ്യം ഒന്ന്; ജീവിതത്തിന്റെ ഓരോ ചോദ്യവും നിന്റെ ഉത്തരങ്ങളെ എത്രത്തോളം തൃപ്തരാക്കി? ഉത്തരം ഒന്ന്: ജീവിതത്തിന്റെ ചോദ്യങ്ങളെ വൃത്തി ഹീനരായ ഉത്തരമുഖങ്ങൾ കൊണ്ട് ഓരോ തവണ ആട്ടിപ്പായിച്ചപ്പോഴും ജീവിതം ചോദ്യം മാററികൊണ്ടിരുന്നു. എത്ര ഉത്തരങ്ങൾ നൽകിയാലും ആർത്തിമാറാത്ത ജീർണിച്ച ചോദ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള താൽപര്യം ഏറെകുറെ കുറഞ്ഞിരിക്കുന്നു.'

ആമുഖം മനോഹരമാക്കാൻ ശ്രമിച്ച എഴുത്തുകാരൻ തന്റെ കെട്ടുകഥയുടെ ഒടുക്കത്തിനായി മൗനത്തിൽ വിതുമ്പുന്നു. ഇരുട്ട് പടർന്ന് കേറിയിരിക്കുന്നു. കാടുപിടിച്ച സന്ധ്യയേയും, അമ്പലത്തിൽ ദൈവത്തെ കൊത്തിയ കല്ലിനെയും മുസ്ലിം പള്ളിയിലെ തറാവിയയേയും, ശരീരം വിൽക്കുന്ന സ്ത്രീത്വത്തേയും, അന്യോന്യം കുത്തിക്കീറി ആദർശം പറയുന്ന ബാല്യങ്ങളെയും അനുഭവത്തിന്റെ നരച്ച ചിത്രം വരക്കുന്ന കിഴവന്മാരെയും, കടികൂടി ചോരയൊലിപ്പിക്കുന്ന നായ്ക്കൂട്ടത്തെയും, മരിച്ച് മണ്ണിന്റെ ഭാഗമായ ചിത്രശലഭച്ചിറകുകളെയും നോക്കി എന്തെഴുതണം എന്നറിയാതെ ആ എഴുത്തുകാരൻ പൊട്ടിക്കരഞ്ഞു. തന്റെ ഓരോ തുള്ളി കണ്ണുനീരിനും കരഞ്ഞുകലങ്ങിയ അസ്തമയ സൂര്യന്റെ ചുവപ്പാണെന്ന് തിരിച്ചറിയാതെ അയാൾ മൗനം പാലിച്ചു. എഴുതി പാതിയാക്കിയ തന്റെ ആത്മഹത്യ കുറുപ്പിലെ മഷി ഉണങ്ങി വരണ്ടിരിക്കുന്നു. തന്റെ വികാരം കാർന്നുതിന്നാൻ ശ്രമിച്ച

4G 70%

https://www.sekstham.co.in

Home Business Downloads Parent Category Featured Health Uncategorized

സ്വന്തം മനസ്സിനെ അവൻ ചോദ്യം ചെയ്തുകൊണ്ടേ ഇരുന്നു. അവൻ ചുററും കണ്ണോടിച്ചു. താനെന്ന ജീവി ഒരന്യഗ്രഹജീവിയായി കാണപ്പെട്ടു. കാർമേഘമായി കാണപ്പെട്ട വാനം ഇന്നൊരു കണ്ണാടിയായി അനുഭവപ്പെട്ടു. മഷിയിൽ മുക്കി എഴുതിയ ആ തൂവാല അവൻ നിരീക്ഷിച്ചു. അതിന്റെ കൂർത്ത തുമ്പുകൾക്ക് മഷിയുടെ കറുത്ത നിറമായിരുന്നു. തന്റെ പഴമയുടെ പഴഞ്ചാക്കായ തൂവാലയെ അവൻ മണ്ണിൽ കുഴിച്ചുമൂടി. കടലാസ് കുടിച്ചു തീർത്ത പകുതി മഷി. ബാക്കി പകുതി താൻ എഴുതിയ അക്ഷരങ്ങൾക്ക് മുകളിൽ പടർത്തിയൊഴിച്ച് തന്റെ അവസാന ആഗ്രഹം നിറവേറിയ സന്തോഷത്തിന്റെ നിർവൃതിയിൽ അവൻ കറുത്ത തുണിക്കുള്ളിലെ തലയുമായി കഴുമരത്തെ സ്വാഗതം ചെയ്തു !



ജെഫിൻ ജോയ്
മൂന്നാം വർഷ
സുവോളജി ബിരുദം



# മുടി

റാബിയ ബീവി. ഒ. ആർ
ഒന്നാം വർഷ മലയാളം
ബിരുദാനന്തര ബിരുദം

അതെ! ഞാനോർക്കുന്നു,
അതൊരു ഇരുണ്ട പ്രഭാതമായിരുന്നു.
ചോറിൽനിന്നും കിട്ടിയ ഒരു കുഞ്ഞുമുടി,
ബാത്ത്റൂമിലെ പൈപ്പിൽ-
ചുറ്റിക്കിടന്ന ചെറിയ ജട,
വാഷ്ബേസനിൽ, ഗ്ലാസടുപ്പിൽ കിടന്ന്-
കറങ്ങിയ അനേകം മുടിക്കഷ്ണങ്ങൾ...
ഇവയൊക്കെച്ചേർത്ത് തലേന്ന്-
നിങ്ങളെന്നെ തല്ലി വിരട്ടിയിരുന്നു.
അതെ ഞാനോർക്കുന്നു...
പിറ്റേന്നത്തെയാ ഇരുണ്ട പകലിൽ
കറിക്കത്തികൊണ്ട് കൂട്ടിയരിഞ്ഞെടുത്ത മുടിക്കെട്ട്
തീൻമേശയിലെ കാസറോളിൽ വെച്ചടച്ച്
ഞാനാ പടിയിറങ്ങുകയായിരുന്നു....! ! !



## നമ്മുടെ സ്വപ്നം

ആശാരങ്ങളെ സ്വപ്നം
കാണുന്നവർക്ക്
മനസ്സിലാവില്ല
കരഞ്ഞ കടലിൽ
നമ്മൾ ചാവാണ്ടിരിക്കാൻ
പാട്ട്
പാടിക്കൊണ്ടിരിക്കുന്നവരുടെ
ന്റെ മരണത്തോളവും
നമ്മുടെ പ്രണയത്തോളവും
വളർന്ന്
ചെറുതായിക്കൊണ്ടിരിക്കുന്ന
ഒന്നു പറിച്ചെടുത്താൽ
ചുവപ്പ് പൊടിയുന്ന
ഇത്തിൾകണ്ണി
സ്വപ്നങ്ങളെക്കുറിച്ച്

# Coerced Consent: Certain UnCanny Domesticities



**Devi Vandana G**
Ist B.A English

Jane Austen, the noted 19th century writer, in one of her novels - Northanger Abbey wrote, "Man has the advantage of choice, woman only the power of refusal. If she was alive, she would have found an easy contradiction to her statement, right here in India. What I am trying to talk about is a relevent yet disturbing issue that our media celebrated recently -Marital rape.

Discussions on marital rape was again in focus, when M.P. Kanimozhi moved the Parliament regarding a bill that seeks to amend the Indian Penal Code (IPC) to remove the exception accorded to marital rape. The reply she got from a representative of the ruling government (who proudly announced that its stated intentions is to make women empowerment a reality) was quite expected but at the same time shocking. It was somewhat like this - Marriage is considered sacred in India (as if it is not sacred in other parts of the world), so marital rape does not exist in India. An instance where the timeless rope of "holiness" being voiled around the neck of Indian women, yet again.

I won't be off the mark if I say that Indian marriages are nothing less than an unequal barter exchange. An exchange of goods, in which woman's body becomes a transactional good. For an Indian woman, her existing scenario completely changes after marriage; she is no longer an individual but a commodity which is at the disposal of her husband. She loses her individuality, her dignity, her rights including one over her body. When sex is forced upon a woman, what difference does a husband make over a stranger? Both are nothing less than rapists. And yet, Indian laws have consistently stated that a man can be punished for the rape "unless the woman raped is his own wife". Don't we recognize murder and robbery as a crime even if it is committed by a family member? If so, then why not rape?. The typical Indian mindset is as strange as



the Indian law. According to section 375 of IPC (Which defines 'rape' and 'consent'), "sexual intercourse or sexual acts by a man with his own wife, the wife not being under 15 years of age, is not rape". To highlight the glaring loophole or rather the irony, read this alongside. The prohibition of Child Marriage Act, 2006 clearly defines the legal age of marrying for a girl to be 18 and that of a boy to be 21. Well that is the Indian Judicial system!

In many parts of India marriage is regarded as a license to rape rather than a bond of trust and affection. The main reason for this is the outdated notion (which is deep rooted in Indian minds) that women are property and not persons. This notion is just a clear manifestation of the evils of a patriarchal society. Many times marriage can be viewed as a symbol of patriarchal control over women, which extends the control over their sexuality and labour also. Reports including that of National Family Health Survey (NFHS) have shown that the long term effects of marital rape is more severe than rape by strangers. It is high time that one raise one's voice against this humiliating coercion within the four domestic walls.

From our constitution maker, Dr. B.R. Ambedkar to Justice J.S. Verma (who headed the commission to suggest remedies to combact sexual violence in the wake of the Delhi rape, 2012) many eminent thinkers have stressed on the need to make marital rape an offence.

Will the problem be solved if marital rape is made a criminal offence? Perhaps, not thoroughly. But it will be a big progressive, socially sensitive step like the Domestic Violence Act, 2005. What we need is to change the patriarchal social norms. It will be slow and difficult process. As Ambedkar puts in 'rights are protected not by law, but by the social and moral conscience of society'.

# Single-Rope-Swing



**Marjan A U**
**III B A English**
[Translated by Cheri Jacob K]

You folk built and gave me
A huge house.
A single-room-house.
A house housing lots of windows,
a house having only windows.
The absence of doors, a deep sigh of relief,
that one will not be molested!
'Don't take a woman's name and insult her.'
You folk say.
She a mere number to be caressed and cajoled!
The name-less Woman,
in a door-less house.
Yesterday, the window opened to her suffocations.
She, my childhood friend Raihana*, she,
who split the belly of him who bit and tore her purdah.
Beyond the window, the sight - she
dangling on a single-rope swing,
swinging and fighting,
resigned from all suffocation.
In the big house with a single room,
there is a small inner courtyard.
A deep courtyard, its length on par with mine.
When you folk retreat, closing even the windows,
I want to tie a swing
right to that courtyard.
A single-rope-swing!





**Raihana Jabbari: The lady who was hanged to death in Iran**

**Broken Symmetries: Memory, Sight, Love............**

No prolonged musing is attempted here; but still.........

What is the relevance of an artifact called College Magazine in the Digital/Virtual Age? What is the need for a college magazine in an age of information overflow; in a scenario where anything and everything can be downloaded by the flick of a finger, just like that? Perhaps it is a matter of belief, belief in the redemptive power of words and images on Vellum! Belief in the possibilities of resistances that words offer. 'The question of belief always enters writing and perhaps never more urgently than when one's subject resists vision and may not be 'really there' at all.' (Peggy Phelan: *Unmarked*)......

**Memory**: A college magazine is always already about memories – of the current lot of young minds on campus, memorials to bygone traditions and events of significance, in the memory of all - like Kalburgi – who have been martyred for the sake of free speech/letters...........

**Sight**: A college magazine is always already about sight – the sights that the landscape offers, the visions of an empowering future, and the exhortation to all to see the blatantly (in)visible atrocities and to, as far as possible, respond and resist, an 'imitation' of the gestures of all writers and artist who perform protest by relinquishing awards..........

**Love**: A college magazine is always already about love – love of freedom, love of democracy, love of difference and above all the love of/for writing. It is a testimony that words matter, ideas matter and above all fraternity matters....Fraternity as love....

A college magazine is an Image of the various selves that come together to capture on paper the Zeitgeist of an era, a picture of the stories we tell ourselves as to who and what we are. As Julia Kristeva puts it, 'Belief is in itself the image: both, arise out of the same procedures and through the same terms: *memory*, *sight*, and *love*. (*Ellipsis on Dread and the Specular Seduction*)

**ഒരു നീണ്ട വിചിന്തനത്തിന് മുതിരുന്നില്ല എങ്കിലും..................**

വിവർത്തനങ്ങൾ വിവർത്തനങ്ങൾ മാത്രമായി ചുരുങ്ങിപ്പോവുന്ന കാലത്ത്, വിരൽത്തുമ്പുകൾ വിവരങ്ങളുടെ കേന്ദ്രങ്ങളാവുന്ന കാലത്ത്, ഓർമ്മകൾ ഒക്കെ നൊസ്റ്റാൾജിയകൾ മാത്രമായി ചുരുങ്ങുകയും ഓർമ്മകളുടെ ഡിജിറ്റൽ സൂക്ഷിപ്പുകളെ മറവി ബാധിക്കുകയും ചെയ്യുന്ന കാലത്ത് എന്തായിരിക്കും ഒരു കലാലയ മാഗസിൻ സ്റ്റാഫ് എഡിറ്ററുടെ കുറിപ്പിന് ഒരു മാഗസിൻ എഡിറ്റർക്ക് നൽകാൻ കഴിയുന്ന അനുയോജ്യമായ വിവർത്തനം.......

തീർച്ചയായും ഒരു കലാലയ മാഗസിൻ ഓർമ്മകളെക്കുറിച്ചായിരിക്കും എന്നതാണ്.... ജീവിച്ചു ജീവിച്ചു ചത്തുപോയവരെക്കുറിച്ചുള്ള ഓർമ്മകളല്ല - കൽബുർഗിയെപ്പോലെ എത്ര മരിച്ചാലും ജീവിച്ചിരിക്കുന്നവരുടെ ഓർമ്മകൾ....

അവാർഡുകളും അവാർഡ് കമ്മിറ്റികളും ആഘോഷിക്കപ്പെടുന്ന, കാലത്ത് അവാർഡുകൾ തിരിച്ചേൽപ്പിക്കാൻ കാണിക്കുന്ന ആർജ്ജവത്തിന്റെ കാഴ്ച നമ്മളെത്തന്നെ ചരിത്രവൽക്കരിക്കുന്ന ഒന്നായിത്തീരുമ്പോൾ അതിനെക്കുറിച്ചുള്ളതുമാവാം....

സ്നേഹത്തിന്റെ പ്രത്യയശാസ്ത്രം നിരോധിക്കപ്പെടുന്ന കാലത്ത് ജനാധിപത്യത്തോടും സ്വാതന്ത്ര്യത്തോടും, എഴുത്തിനോടും നമ്മൾ കാണിക്കുന്ന സ്നേഹം ഒരു പുതിയ എഴുത്തിടപെടലാവുമ്പോൾ സ്നേഹത്തെക്കുറിച്ചുള്ളതുമാവാം...

അങ്ങനെ ഒരു കലാലായമാഗസിൻ എന്ത്/എങ്ങനെയായിത്തീരണമെന്ന ചോദ്യത്തിന് മാഷ് എഴുതിയ ഉത്തരത്തിനെ മാഷിന്റെ ഭാഷയിൽ തന്നെ വിവർത്തനം ചെയ്തവസാനിപ്പിക്കുന്നു.

It is always already about memory sighl love

Cheri Jacob K

[Staff Advisor, College Magazine]

# THE BEST FOR ARTS & SCIENCE STUDENTS

*Excellent Coaching for*

## MBA Entrance

(CAT' 2015/16, XAT, MAT & CMAT Exams)

**90+ IIM GDPI Calls in CAT '14**

**by T.I.M.E. students in COCHIN alone !**



## BANK Exams (PO/Clerical)

(IBPS / SBI)

- ✓ **T.I.M.E.** students bag **523** PSU Bank allotments in IBPS PO/ Clerk CWEs 2013
- ✓ **1098 T.I.M.E.** students qualify in RRB CWEs 2013
- ✓ **186 T.I.M.E.** students selected as Clerks in SBI/SBI Asso. Banks in 2011/2012

- **GRE® Test**
- **TOEFL® IBT**
- **GMAT® Exam**
- **IELTS**

- **Campus Recruitment Training**

• BEST FACULTY • BEST MATERIAL • BEST RESULTS

**T.I.M.E.**

Triumphant Institute of Management Education Pvt. Ltd.

**Cochin: 4029550, 4456555, 8590706002**

www.time4education.com

4G 70%

HOME ABOUT CONTACT TWITTER

HOME BUSINESS DOWNLOADS PARENT CATEGORY FEATURED HEALTH UNCATEGORIZED

# കിനാവള്ളി

അസ്വസ്ഥതകളുടെയും അസഹിഷ്ണുതകളുടെയും നിരോധനങ്ങളുടെയും ഈ ദിവസങ്ങളിൽ ഞാൻ പഴയ കിനാവള്ളിക്കഥകളെക്കുറിച്ച് ഓർമ്മിക്കുകയായിരുന്നു. അനുസരണക്കേടു കാണിക്കുന്നവരെ പിടിച്ചുകൊണ്ടുപോവാൻ വരുന്ന കിനാവള്ളികൾ എത്രയോ രാത്രികളിൽ ഞങ്ങളുടെ ഉറക്കം നഷ്ടപ്പെടുത്തിയിട്ടുണ്ട്. കിനാവള്ളി പിടിച്ചുകൊണ്ടുപോയവരാരും പിന്നെ തിരിച്ചുവന്നില്ല. താച്ചേരിക്കുളത്തിന്റെ ആഴങ്ങളിലേക്ക് കിനാവള്ളി അവരെയും കൊണ്ട് പോയി. കോമുക്കാക്ക പോയി, കോമുക്കാക്കയുടെ പോത്തുകൾ പോയി, എന്നോ ഒരിക്കൽ കിനാവള്ളി ഞങ്ങളെയും കൊണ്ട് പോവും എന്ന് ഭയന്ന്, പല രാത്രികളിൽ ഞങ്ങൾ വീട്ടകങ്ങളിലെവിടെയൊക്കെയോ ഒളിച്ചിരുന്നു. പിന്നെ. പതിയെപ്പതിയെ കിനാവള്ളിക്കഥകളുടെ ലോകവും കടന്ന് ഞങ്ങൾ വളർന്നു. അസഹിഷ്ണുതകളുടെ ഈ ദിവസങ്ങളിൽ ഇന്നലെ വരെ നിങ്ങളെഴുതിയതും, നിങ്ങൾ വായിച്ചതും, നിങ്ങൾ കഴിച്ചതും നിരോധിക്കപ്പെടുന്ന ഈ ദിവസങ്ങളിൽ പഴയ കിനാവള്ളിക്കഥകളെക്കുറിച്ചോർമ്മിക്കുമ്പോൾ സമരങ്ങളാവുകയാണ് ഞങ്ങളുടെ ഓർമ്മകൾ; ഞങ്ങളുടെ ജീവിതം തന്നെയും.

digg




ഞങ്ങൾക്ക് ചോദിക്കാനുണ്ട്....

ഞങ്ങളുടെ ചോദ്യങ്ങൾ നിങ്ങളെ

തോൽപിക്കാനുള്ളതായിരുന്നില്ല

നിങ്ങൾ മുറിച്ചു കളഞ്ഞ

ചരിത്രങ്ങൾ ഒരിക്കൽ

ഉയിർത്തെഴുന്നേൽക്കും എന്ന്,

നിങ്ങളെ ഓർമ്മിപ്പിക്കാൻ

വേണ്ടി മാത്രമുള്ളതായിരുന്നു

# നിരോധിക്കപ്പെടുന്ന സ്വാതന്ത്ര്യങ്ങൾ വിജയിക്കുന്ന പ്രതിരോധങ്ങൾ



അരവിന്ദ് കൃഷ്ണൻ. ആർ
രണ്ടാംവർഷഗണിത ശാസ്ത്രബിരുദം

ഇന്ത്യയുടെ പ്രധാനമന്ത്രിക്കും, നമ്മുടെ പാടത്തും പറമ്പിലും പണിയെടുക്കുന്ന സാധാരണ ജനം എന്ന് വിളിക്കപ്പെടുന്ന ഏതൊരാളിനും, അയാൾ ഒരിന്ത്യൻ പൗരനാണെങ്കിൽ, സ്വന്തം അഭിപ്രായം പ്രകടിപ്പിക്കുന്നതിനും സമാധാനപരമായി സംഘടിക്കുന്നതിനും ഇന്ത്യൻ ഭരണഘടന അനുമതി നൽകുന്നുണ്ട് (Fundamental rights, Article 19 – 22). എന്നാൽ ഇത്തരം സ്വാതന്ത്ര്യങ്ങളുടെ നഗ്നമായ ലംഘനം നാം പലപ്പോഴും കാണാറുണ്ട്. അത്തരം ലംഘനങ്ങളുടെ പിന്നിലെ (അ)രാഷ്ട്രീയ താത്പര്യങ്ങൾ നാം പലപ്പോഴും ചിന്തിക്കാറില്ല എന്നതാണ് വാസ്തവം. നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ ഈയിടെ അരങ്ങേറിയ ഒരു സംഭവത്തെ ആധാരമാക്കി മേൽപറഞ്ഞ സ്വാതന്ത്ര്യങ്ങൾക്ക് മീതെ ഭരണകൂടം നടപ്പിലാക്കാൻ ശ്രമിച്ച നിയന്ത്രണത്തെകുറിച്ചാണ് ഈ ലേഖനം.

മികവ്, കാര്യക്ഷമത, പ്രായോഗികയുക്തി എന്നീ പദങ്ങളെ ആവശ്യത്തിലേറെ വളച്ചൊടിച്ച്, 'സംവരണം' എന്ന പ്രയോഗത്തെ പടിക്ക് പുറത്ത് നിർത്തിക്കൊണ്ട് രാജ്യമൊട്ടാകെ ആരംഭിച്ച സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഐ.ഐ.ടി കൾ. ഈയിടെ മദ്രാസ് ഐ.ഐ.ടിയിലും തുടർന്ന് ചിന്താശേഷിയുള്ള ഇന്ത്യൻ സമൂഹത്തിലും വൻ തോതിൽ കോളിളക്കം സൃഷ്ടിച്ച ഒരു തീരുമാനമാണ് ഈ ലേഖനത്തിൽ മേൽപറഞ്ഞ കാര്യത്തിലേക്ക് വിരൽചൂണ്ടുന്നത്. മദ്രാസ് ഐ.ഐ.ടിയിൽ ഒരു വിദ്യാർത്ഥി സംഘടനയെ അധികൃതർ നിരോധിച്ചു. അതും കേന്ദ്ര മാനവവിഭവ ശേഷി മന്ത്രാലയത്തിന്റെ (MHRD) നേരിട്ടുള്ള ഇടപെടലിനെ തുടർന്ന്.

ഇന്ത്യൻ ഭരണഘടനയുടെ ശിൽപിയും ആദ്യനിയമമന്ത്രിയും ആയിരുന്ന ഡോ. ബി.ആർ. അംബേദ്കറുടെ ജന്മദിനമായ ഏപ്രിൽ 14, അദ്ദേഹം ഉൾപ്പെട്ടിരുന്ന 'ദളിത് വിഭാഗങ്ങളെ'വോട്ടുബാങ്ക്' ആയി കണ്ട ചില തൽപര രാഷ്ട്രീയ കക്ഷികൾ മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിധം ആർഭാടമായ ചടങ്ങുകളോടെ രാജ്യമെങ്ങും ആഘോഷങ്ങൾ നടത്തി. അന്ന് മദ്രാസ് ഐ.ഐ.ടി യിൽ അംബേദ്കർ പെരിയാർ സ്റ്റഡി സർക്കിൾ (APSC) എന്ന വിദ്യാർത്ഥി സംഘടന അംബേദ്കറുടെ ആശയങ്ങളെ ഉദ്ധരിച്ച് ഒരു സെമിനാർ സംഘടിപ്പിച്ചു. നവ ഉദാരവൽക്കരണത്തെ എതിർത്ത ആ സെമിനാർ മതപ്രീണനം പ്രധാന അജൻഡയായ സംഘപരിവാർ ശക്തികൾക്ക് എതിരായത് സ്വാഭാവികം. അതിനാൽത്തന്നെ ഇത് നിലവിലുള്ള ഫാസിസ്റ്റ് ഭരണകൂടത്തേയും നിശിതമായി വിമർശിച്ചു. സംഘപരിവാറിന്റെ നേതൃത്വത്തിൽ, രാജ്യത്തെ കീറിമുറിക്കാനായി നടത്തുന്ന ശ്രമങ്ങൾക്കെതിരെ മുൻകരുതൽ വേണമെന്ന് അവർ ആവശ്യപ്പെട്ടു. അവരുടെ ലഘുലേഖകളിലും ഇപ്പറഞ്ഞ 'ഗുരുതര' പ്രശ്നങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയ ആരോ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന് ഒരു ഊമക്കത്തയച്ചു. ഊരും പേരും ഇല്ലാതെ കിട്ടിയ കത്തായതുകൊണ്ട് വകുപ്പുമന്ത്രി തന്നെ നേരിട്ടു ഇടപെട്ടു. മദ്രാസ് ഐ.ഐ.ടി യോട് നടപടി ആവശ്യപ്പെട്ടു. ഭവ്യതയോടെ അധികൃതർ ആജ്ഞ നടപ്പാക്കി. എ.പി.എസ്.സി നിരോധിച്ച് ഉത്തരവിറക്കി.

നിരോധനത്തെതുടർന്ന് എ.പി.എസ്.സി പുറത്തിറക്കിയ വിശദീകരണ








കുറിപ്പിൽ അവരുടെ നിലപാടുകൾ വ്യക്തമാക്കുന്നു. വിയോജിപ്പുകളും വിമർശനങ്ങളും ജനാധിപത്യത്തിന്റെ ഭാഗമാണെന്നും, അതിനെ വിദ്വേഷം പ്രചരിപ്പിക്കൽ എന്ന രീതിയിൽ വളച്ചൊടിക്കരുതെന്നും അവർ പറയുന്നു. എസ്.സി- എസ്.ടി വിഭാഗത്തിനും ഹിന്ദുക്കൾക്കുമിടയിൽ എ.പി.എസ്.സി വിഭാഗീയത വളർത്തുന്നു എന്നാണ് അധികൃതർ നിരോധനകുറിപ്പിൽ പറഞ്ഞത്. സ്വാഭാവികമായും സംഘടനയുടെ ചോദ്യം 'എസ്.സി- എസ്.ടി' ക്കാർ ഹിന്ദുക്കളല്ലേ ? എന്നാണ്.

ഈ ചോദ്യത്തിന്റെ വേരുകൾ കണ്ടെത്തണമെങ്കിൽ APSC യുടെ നിലപാടുകൾ എങ്ങനെ ഫാസിസ്റ്റ് ഭരണകൂടത്തെ ഭയപ്പെടുത്തുന്നു എന്ന് ചിന്തിക്കണം. അംബേദ്കർ എന്ന വ്യക്തിയെ ഏറ്റെടുത്ത് കേവലം മത അനുയായി മാത്രമാക്കി മാറ്റാനുള്ള സംഘപരിവാർ ശ്രമങ്ങൾ കഴിഞ്ഞ വർഷം മുതൽ ആരംഭിച്ചതാണ്. അപ്പോഴാണ് അജണ്ട അദ്ദേഹത്തെ ഉദ്ധരിച്ച് പരിവാരത്തെ എതിർക്കുന്നത്. അവർ ഒപ്പം കൂട്ടിയതാകട്ടെ ഇ.വി. രാമസ്വാമിനായ്ക്കർ എന്ന 'പെരിയാർ'നെയും. കടുത്ത നിരീശ്വരവാദിയും ബ്രാഹ്മണ വിരോധിയുമായിരുന്ന പെരിയാർ, ഒരു രീതിയിലും സംഘപരിവാറിന് അംഗീകരിക്കാനാകാത്ത വിപ്ലവകാരിയായിരുന്നു. മാത്രമല്ല, ദളിതർ മേലാളനെ വിമർശിക്കുന്നത് വച്ചു പൊറുപ്പിക്കാനാവില്ലല്ലോ?. സംഘടനയുടെ പേരിലെ രാഷ്ട്രീയത്തെ വിലക്കിനുള്ള ഒരു കാരണമായി അധികൃതർ ചൂണ്ടിക്കാട്ടുമ്പോൾ കാര്യങ്ങൾ വ്യക്തം. ഇതേ ക്യാംപസിൽ പ്രവർത്തിക്കുന്ന 'വിവേകാനന്ദ സർക്കിൾ', 'വന്ദേമാതരം' എന്നീ സംഘടനകൾക്ക് ഇതെന്തുകൊണ്ട് ബാധകമാകുന്നില്ല എന്ന് വായനക്കാർ ചിന്തിക്കുക.

നിരോധനത്തിനുള്ള മറ്റൊരു കാരണമായി അധികൃതർ പറയുന്നത് ഐ.എ.ടി യുടെ സംഘടനാ പ്രവർത്തന മാർഗനിർദേശങ്ങൾ APSC ലംഘിച്ചു എന്നാണ്. ഏപ്രിൽ 18 നാണ് ഈ മാർഗനിർദേശങ്ങൾ പ്രഖ്യാപിച്ചത്. സെമിനാർ ഏപ്രിൽ 14 ന് കഴിഞ്ഞിരുന്നു. അങ്ങനെ ഈ വാദം തീർത്തും വിരോധാഭാസമാകുന്നു.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏറെ കാലമായി തുടർന്നുവരുന്ന ജനാധിപത്യവിരുദ്ധ നടപടികളിൽ ഒന്നായി ഇതു മാറിയേനെ. എന്നാൽ ചെറുത്തുനിൽപ്പിനുള്ള മനുഷ്യന്റെ സമരങ്ങൾക്ക് മനുഷ്യനോളം ആയുസ്സുണ്ടല്ലോ. അതിനാൽ എ.പി.എസ് സിയുടെ ചെറുത്തുനിൽപ്പ് ഫലം കണ്ടു. അവർക്കായി തുടർന്ന് ബഹുജന സംഘടനകളും മറ്റ് രാഷ്ട്രീയ കക്ഷികളും സമരത്തിനിറങ്ങി. എഴുത്തുകാരും ഓൺലൈൻ മാധ്യമങ്ങളും സോഷ്യൽ നെറ്റ്‌വർക്ക് കൂട്ടായ്മകളും പ്രതിഷേധവുമായി രംഗത്തെത്തി. മുഴുവൻ IIT കളിലും JNU വിലും സമരങ്ങൾ അരങ്ങേറി. ചെന്നൈ തെരുവിൽ യുവാക്കൾ സമരത്തിന്റെ പുതുവഴി തുറന്നു. കേരളത്തിലുൾപ്പെടെ രാജ്യമെങ്ങും ചർച്ചകൾ സജീവമായി. ഇരിക്കപ്പൊറുതിയില്ലാത്ത 'ഓർഗനൈസർ' 'Unmasking Pseudo Ambedkarites' എന്ന മുഖപ്രസംഗം എഴുതി, APSC- യെ പുച്ഛരിച്ചുതള്ളി. APSC യുടേത് കമ്യൂണിസ്റ്റ് ആശയങ്ങൾ ആണെന്നും, അംബേദ്കർ കമ്യൂണിസ്റ്റ് വിരുദ്ധനാണെന്നും അവർ വാദിച്ചു. ഇതിനെ ഖണ്ഡിച്ചുകൊണ്ട് അംബേദ്കറുടെ പൗത്രൻ 'പ്രകാശ് അംബേദ്കർ' തെളിവുകളുമായി രംഗത്തെത്തി. രാജ്യമെങ്ങും അരങ്ങേറിയ ശക്തമായ പ്രതിഷേധത്തിനും APSC യുടെ പ്രതിരോധത്തിനും മുന്നിൽ ഭരണകൂടം മുട്ടുമടക്കി. ജൂൺ 7 ന് നിരോധനം പിൻവലിച്ചു.

നിലവിലുള്ള ഭരണകൂടത്തിന്റെ സ്ഥായീഭാവം കണക്കിലെടുത്താൽ ജനാധിപത്യത്തിന്റെയും, ജനാധിപത്യം ആധാരമാക്കുന്ന നമ്മുടെ ഭരണഘടന പൗരന് നൽകുന്ന അഭിപ്രായസ്വാതന്ത്ര്യത്തിന്റേയും വൻ വിജയമായി നിരീക്ഷകർ ഈ സമരത്തെ കാണുന്നു. എന്നാൽ ഈ സമരങ്ങൾ ഇവിടെ തീരേണ്ടതല്ല. കുറച്ചുനാൾ മുൻപ് പെരുമാൾ മുരുകനും, പുലിയൂർ മുരുകേശനും നേരെ ഉയർന്ന ഭരണാധികാരികളുടെ ഫാസിസ്റ്റ് നീതി, വ്യക്തികളിൽനിന്ന് ഒരു സംഘടനക്ക് നേരെ തിരിഞ്ഞിരിക്കുന്നു. നാനാതലങ്ങളിൽ ഈ വിഷയത്തെ മുൻപോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ലെങ്കിൽ നാളെ ഇന്നാട്ടിലെ പല സംഘടനകളും സമൂഹങ്ങളും ഇത്തരം വർഗീയ ജനാധിപത്യവിരുദ്ധ ആക്രമണങ്ങൾക്ക് നേരിട്ടോ അല്ലാതെയോ ഇരയാകേണ്ടി വരും. സമഗ്രാധിപത്യത്തിനുള്ള മുന്നൊരുക്കം നടത്താൻ ശ്രമിക്കുന്ന 'ഫാസിസ്റ്റു'കൾക്ക് നേരെ ഇനിയും പ്രതിരോധ - പ്രത്യാക്രമണ മാർഗങ്ങൾ തുറന്നുവരേണ്ടതുണ്ട്.

4G

https://www.kinavalli.co.in

HOME ABOUT CONTACT TWITTER

HOME BUSINESS DOWNLOADS PARENT CATEGORY FEATURED HEALTH UNCATEGORIZED

**പെരുമാൾ മുരുകന്റെ "അർധനാരീശ്വരൻ" എന്ന നോവലിനെയും വിവാദത്തെയും കുറിച്ച്.**

**പു**സ്തകങ്ങൾക്കെതിരെ തിരിഞ്ഞിട്ടുള്ളത് വായനക്കാരുടെ സമൂഹമല്ല മറിച്ച് ഭരണകൂടഭീകരതയും ഫാസിസ്റ്റ് ശക്തികളുമാണ് എന്നതാണ് യാഥാർത്ഥ്യം. തമിഴ് എഴുത്തുകാരൻ പെരുമാൾ മുരുകന്റെ "മാതൊരുഭാഗൻ" എന്ന കൃതിയുടെ ഉള്ളടക്കമോ, പ്രാധാന്യമോ മനസ്സിലാക്കിയവരല്ല ഭീഷണിയും പ്രതികാരദാഹവുമായി അദ്ദേഹത്തിനെതിരെ തിരിഞ്ഞത്.

2010 ലാണ് പെരുമാൾ മുരുകന്റെ "മാതൊരുഭാഗൻ" തമിഴിൽ പ്രസിദ്ധീകരിച്ചത്. നാലുവർഷം മുൻപ് പ്രസിദ്ധീകരിക്കപ്പെട്ട നോവലാണ് ഇന്ന് വിവാദവിഷയമാകുന്നത്. ഇതിനുള്ള കാരണങ്ങൾ തിരക്കുന്നത് അപ്രസക്തമല്ല. ഹിന്ദുത്വശക്തികൾ എന്ന് പറയപ്പെടുന്ന ഒരു ഭരണകൂടം കേന്ദ്രത്തിൽ അധികാരം പിടിച്ചടക്കിയ സാഹചര്യത്തിലാണ് പ്രതിഷേധ കോലാഹലം രൂപപ്പെട്ടിരിക്കുന്നത് എന്നത് പകൽപോലെ വ്യക്തമാണ്. നാം ഏതു ഭാഷയിൽ സംസാരിക്കണം, ഏതു വസ്ത്രം ധരിക്കണം, എന്തു ഭക്ഷിക്കണം, എന്ത് വായിക്കണം എന്ന് നിർദേശം നൽകപ്പെട്ടു വരികയാണ്. രാജ്യമെമ്പാടും കാലങ്ങളായി ദ്രാവിഡ പ്രസ്ഥാനങ്ങളും ഇടതുപക്ഷ പ്രസ്ഥാനങ്ങളും അകത്തുകടക്കാൻ അനുവദിക്കാതിരുന്ന മതമൗലികവാദം ജാതീയ സംഘടനകളുടെ ഒത്താശയോടെ നുഴഞ്ഞുകയറിയിരിക്കുന്നതിന്റെ തെളിവാണ് ഈ സാഹിത്യവിരോധ നടപടി.

നോവൽ ഹൈന്ദവ ദൈവങ്ങളെയും സ്ത്രീകളെയും അപമാനിക്കുന്നു എന്നതായിരുന്നു ആദ്യത്തെ കുറ്റപ്പെടുത്തൽ. എന്നാൽ ഇത് പെരുമാൾ മുരുകനെ പ്രേരിപ്പിച്ചത് ഇതെല്ലാമായിരുന്നു. നോവലിന്റെ തമിഴ്- ഇംഗ്ലീഷ് പതിപ്പുകൾ വായിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള മലയാള പരിഭാഷയായ "അർധനാരീശ്വരൻ" ആണ് എന്റെ മുൻപിലുള്ളത്.

നാമക്കലിനു സമീപമുള്ള തിരുച്ചെങ്കോട് കൈലാസനാഥൻ ക്ഷേത്രത്തിൽ നടന്നിരുന്ന പഴയൊരു ആചാരത്തെ അടിസ്ഥാനമാക്കി എഴുതിയ നോവലാണ് "മാതൊരുഭാഗൻ". കുട്ടികളില്ലാത്ത ദമ്പതികൾ വർഷത്തിലൊരിക്കൽ കൈലാസനാഥക്ഷേത്രത്തിൽ നടക്കുന്ന രഥോത്സവത്തിൽ പങ്കെടുക്കുകയും ഭർത്താവിന്റെ സമ്മതത്തോടെ രാത്രിയിൽ ഇഷ്ടപ്പെട്ട പുരുഷനോടൊപ്പം ശയിക്കുകയും അതുവഴിയുണ്ടാകുന്ന കുട്ടിയെ ദൈവത്തിന്റെ വരദാനമായി കാണുകയും ചെയ്യുന്നു. നോവലിൽ കഥാപാത്രങ്ങളായ കാളിയും അയാളുടെ ഭാര്യ പൊന്നയുമാണ് ആചാരത്തിന്റെ ഭാഗമാവുന്നത്.കാളിയുടെ പ്രതിഷേധം വകവയ്ക്കാതെ, ഒരു കുട്ടി വേണമെന്ന അടങ്ങാത്ത ആഗ്രഹത്തിന്റെ പേരിൽ പൊന്ന മറ്റൊരു പുരുഷനോടൊപ്പം ശയിക്കുന്നു. ഏറ്റവും രസകരമായ കാര്യമെന്തെന്നാൽ പ്രാദേശികതകളെ അമർച്ച ചെയ്തുകൊണ്ട് സാംസ്കാരിക ദേശീയതയും (Cultural nationalisam)

## നിരോധിക്കപ്പെടുന്ന എഴുത്തിടങ്ങൾ; ഫാസിസത്തിലേക്കുള്ള ചെറിയ ദൂരങ്ങൾ



ഫാത്തിമ നസീർ ഹുസൈൻ
മൂന്നാം വർഷ ആംഗലേയ
സാഹിത്യ ബിരുദം

ഞങ്ങൾക്ക് ചോദിക്കാനുള്ളത്..
ഞങ്ങളുടെ ഇടങ്ങൾ
ഞങ്ങളുടേതല്ലെന്നും,
അവരുടേതാണെന്നും
പറഞ്ഞ്
ഞങ്ങളിൽ നിന്ന് അവയെ
മുറിച്ചു മാറ്റിയവരോട്,
ഞങ്ങൾക്ക് ചോദിക്കാനുള്ളത്..

ഏകശിലാസംസ്കാരവാദവും മുഖമുദ്രയാക്കിയ ഒരു വിഭാഗമാണ് പ്രസ്തുത നോവൽ ഒരു പ്രദേശത്തെ അപമാനിക്കുന്നതാണെന്ന കണ്ടെത്തലുമായി എത്തിയിരിക്കുന്നത്.



'മാതൊരുഭാഗൻ' എന്ന നോവലോ പരാമർശിതമായ ആചാരമോ അല്ല പെരുമാൾ മുരുകനെതിരെ തിരിയുവാൻ ഹിന്ദു മൗലികവാദികളെ പ്രേരിപ്പിക്കുന്നത്. നാമക്കൽ പ്രദേശത്തെ വിദ്യാഭ്യാസമേഖല കൈയാളുന്ന സവർണവ്യവസായികൾക്കെതിരെ, അവർ അടിച്ചേൽപ്പിക്കുന്ന അശാസ്ത്രീയ വിദ്യാഭ്യാസപരിഷ്ക്കാരങ്ങൾക്കെതിരെ, സമൂഹത്തിൽ ആഴത്തിൽ വേരോടിയ കടുത്ത ജാതി വിവേചനത്തിനെതിരെ നിരന്തരം പോരാടിയിരുന്ന പെരുമാൾ മുരുകൻ പലരുടേയും നോട്ടപ്പുള്ളിയായിരുന്നു. ഒടുവിൽ നാലുവർഷങ്ങൾക്കുമുൻപ് പ്രസിദ്ധീകരിക്കപ്പെട്ട നോവൽ വായിച്ചു കഴിഞ്ഞതിനുശേഷം എഴുത്തുകാരന്റെ "മൂല്യച്യുതി' യുടെ പേരിൽ അവനെ ഉപരോധിക്കുന്നു. ജാതിവെറിയുടെ പേരിൽ ആത്മഹത്യ ചെയ്യേണ്ടിവന്ന ദലിത് യുവാവായ ഇളവരശനു സമർപ്പിക്കപ്പെട്ട നോവലാണ് 'മാതൊരുഭാഗൻ' എന്നു തിരിച്ചറിയുക.

"എഴുത്ത് എന്റെ ജീവൻ അധ്യാപകവൃത്തി എന്റെ ജീവനം' എന്നുപറയുന്ന ഒരാൾ തന്റെ എഴുത്തിനെ എന്നന്നേക്കുമായി നിർത്തുകയാണെന്ന് പറയുമ്പോൾ അതിലേക്കു നയിച്ച സാഹചര്യങ്ങൾ എത്രമാത്രം രൂക്ഷമായിരിക്കും! പോലീസും നീതിന്യായവ്യവസ്ഥയും പെരുമാൾ മുരുകനെ ഉപാധിരഹിതമായ കീഴടക്കലിനു നിർബന്ധിതനാക്കുകയായിരുന്നു. അക്രമികൾ മുരുകന്റെ വീട്ടിൽകയറി ഭീഷണിപ്പെടുത്തുന്നതു പതിവായി മാറി. ആരാണു പറഞ്ഞത് ആചാരങ്ങളുടെ പുനർവായന തെറ്റാണെന്ന് ? ഒരു കഥയ്ക്ക് ഒരു പാഠം മാത്രമാണുള്ളതെന്ന് ആര് തീരുമാനിച്ചു ? എ.കെ. രാമാനുജന്റെ 'മുന്നൂറു രാമായണങ്ങൾ' നിരോധിക്കപ്പെട്ട സാഹചര്യം പരിശോധിക്കുക.

യു.ആർ. അനന്തമൂർത്തി തന്റെ പ്രഭാഷണത്തിനിടയിൽ ഒരു ഗ്രാമീണനാടകത്തെപറ്റി പറയുന്നുണ്ട്. രാമനോടൊപ്പം കാട്ടിലേക്ക് പോകാൻ തയ്യാറെടുക്കുന്ന സീതയെ രാമൻ തടയുന്നു. എന്നാൽ സീത പറയുന്നു "എല്ലാ രാമായണങ്ങളിലും സീത കാട്ടിലേക്കു പോകുന്നുണ്ട്, അതുകൊണ്ട് അങ്ങേയ്ക്കെന്നെ എങ്ങനെ തടയാനാകും" (മാതൃഭൂമി ആഴ്ചപ്പതിപ്പ് 2014 സെപ്തംബർ 14-20, പുസ്തകം 92, ലക്കം 26). അതെ, അംഗീകരിക്കപ്പെടുകയും വിശുദ്ധമാക്കപ്പെടുകയും ചെയ്യുന്നതിനും അപ്പുറത്ത് ഒരുപാടു വായനകളും പാഠങ്ങളുമുണ്ട്. അങ്ങനെ വരുമ്പോൾ പ്രാദേശികതയെ നാട്ടാചാരത്തെ അധിക്ഷേപിച്ചു എന്നു ആരോപണം ഉന്നയിക്കുന്ന ഇവർ പ്രാദേശികമായ പാഠഭേദങ്ങളെ അംഗീകരിക്കാത്തതെന്തുകൊണ്ട്?

റൊളാങ് ബാർത്തിന്റെ പ്രശസ്തമായ സിദ്ധാന്തമാണ് എഴുത്തുകാരന്റെ മരണം (Death of the author). ഫാസിസമാവട്ടെ എഴുത്തുകാരന്റെ എഴുത്ത്തന്നെ അവസാനിപ്പിക്കുന്നത് എങ്ങനെയെന്ന പുതിയ സിദ്ധാന്തത്തിന്റെ പ്രായോഗികത പരീക്ഷിച്ചുകൊണ്ടിരിക്കുന്നു. നമുക്കൊരു മുഹമ്മദ് ബിൻ തുഗ്ലക്കുണ്ട്. വേറെ ചിലർ ധീരന്മാരും ശൂരൻമാരുമായി അറിയപ്പെടുകയും തുഗ്ലക്കിനെപ്പോലും അതിശയി പ്പിക്കുകയും ചെയ്യാറുണ്ട്. അന്റോണിയോ ഗ്രാംഷിയെ തുറുങ്കലിലടച്ചു കൊണ്ട്, ആ തലച്ചോറിനെ പ്രവർത്തിപ്പിക്കാൻ അനുവദിക്കാതെ കൊണ്ട് മുസോളിനി ചെയ്ത ശൂരത്വത്തിന്റെ ഫലമാണ് ജയിൽ കുറിപ്പുകൾ (Prison Notebooks) അങ്ങനെയെങ്കിൽ നമുക്ക് നന്ദിപറയാം. മുസോളിനിയ്ക്കും ഹിറ്റ്ലറിനും പ്രബുദ്ധഭാരതത്തിലെ അവരുടെ പിൻഗാമികൾക്കും.

**പെരുമാൾ മുരുകൻ താങ്കൾക്ക് എഴുതാതിരിക്കാനാവില്ല.**

# ഭക്ഷണങ്ങളിൽനിന്നും വിശുദ്ധഭക്ഷണത്തിലേയ്ക്ക്



ആമോസ് റാം റെഹും
രണ്ടാം വർഷ
ഭൗതികശാസ്ത്രബിരുദം

**ഭ**ക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ ഓരോ മനുഷ്യന്റേയും മൗലിക ആവശ്യങ്ങളാണ്. ഈ ആവശ്യങ്ങളെ മൗലീക അവകാശങ്ങളായിട്ടാണു ഐക്യരാഷ്ട്ര സംഘടന വിശേഷിപ്പിക്കുന്നത്. ഭക്ഷണമെന്നു പറയുമ്പോൾ ശ്വസിക്കാനുള്ള ശുദ്ധവായുവും കുടിക്കാനുള്ള ശുദ്ധജലവും പോഷകഗുണം നിറഞ്ഞ ആഹാരവും അതിൽ ഉൾപ്പെടുന്നു. ഈ ഭൂമുഖത്തെ സകല ജീവജാലങ്ങളുമായി മനുഷ്യനെ സമാനനാക്കുന്നത് ഭക്ഷണകാര്യത്തിലാണ്. അങ്ങനെ വരുമ്പോൾ ഭക്ഷണത്തിനുള്ള ആവശ്യവും അവകാശവും എല്ലാ ജീവജാലങ്ങളുടേതുമാണെന്നു മാത്രമല്ല അതു സാധിച്ചെടുക്കേണ്ടതും സംരക്ഷിക്കേണ്ടതും മനുഷ്യന്റെ മാത്രമല്ല എല്ലാ ജീവജാലങ്ങളുടേയും അടിസ്ഥാന അവകാശവും കടമയും ആണ് എന്നു വരുന്നു.

ഭക്ഷണം ഒഴിച്ചുള്ള മറ്റു മൗലിക ആവശ്യങ്ങളും അവകാശങ്ങളുമാണ് മനുഷ്യനെ ഇതര ജീവജാലങ്ങളിൽനിന്നും വ്യതിരിക്തനാക്കുന്നത്. മനുഷ്യൻ ആർജ്ജിച്ച സംസ്കാരത്തിന്റെ ഫലമായിട്ടാണ് ഈ വളർച്ച കൈവരിച്ചത്. ചരിത്രപരവും ആശയപരവും ഭൂമിശാസ്ത്രപരവുമായ നിരവധി ഘടകങ്ങൾ മനുഷ്യന്റെ സാംസ്കാരിക വളർച്ചയെ സ്വാധീനിച്ചിട്ടുണ്ട്. അതുകൊണ്ടാണ് വൈവിധ്യം നിറഞ്ഞ ജീവിതരീതികളും സാംസ്കാരിക സവിശേഷതകളും ലോകമെങ്ങും ആവിർഭവിച്ചിട്ടുള്ളത്.

നാഗരികത അഥവ സിവിലൈസേഷൻ എന്നു പറയുന്നത് സംസ്കാരത്തിന്റെ ദൃശ്യരൂപമാണല്ലോ. മനുഷ്യന്റെ സമൂഹജീവിതക്രമം, ജീവിതശൈലികൾ, വസ്ത്രധാരണരീതികൾ, ഭാഷ, ഭക്ഷണരീതികൾ എന്നിവ സംസ്കാരവുമായി വേർപിരിക്കാനാവാത്ത വിധത്തിൽ കെട്ടുപിണഞ്ഞ് കിടക്കുകയാണ്. ഈ ഘടകങ്ങളൊക്കെ ഒരു ജനതയുടെ സംസ്കാരത്തിന്റെയും സ്വത്വബോധത്തിന്റെയും ഭാഗങ്ങളാണ്. ഒരു സമൂഹത്തിന്റെ ഭക്ഷണരീതി ആ ജനസമൂഹത്തിന്റെ സംസ്കാരത്തിന്റെ ഭാഗമാണ്. അതുകൊണ്ടാണ് ഒരു ജനവിഭാഗത്തിന്റെ ഭക്ഷണരീതിയെ ആ ജനതയുടെ ഭക്ഷണസംസ്കാരമെന്നുപറയുന്നത്. ഭക്ഷണരീതി ഒരു ജനതയുടെ സ്വത്വത്തിന്റെ അവിഭാജ്യ ഘടകം തന്നെയാണ്.

ചരിത്രം പഠിക്കുമ്പോൾ അഗ്നിയുടെ കണ്ടുപിടുത്തത്തോടെയാണ് മനുഷ്യന്റെ ഭക്ഷണരീതിയിൽ വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചതെന്നു കാണാൻ കഴിയും. പാചകം ചെയ്തു ഭക്ഷണം കഴിക്കുന്ന ഏക ജീവി മനുഷ്യനാണെന്നു കാണാം. മനുഷ്യൻ പ്രകൃത്യാതന്നെ മിശ്രഭുക്കാണ്. മത്സ്യമാംസാദികൾ, സസ്യലതാദികൾ , ഫലമൂലാധികൾ, അണ്ടിവർഗ്ഗങ്ങൾ തുടങ്ങി വളരെ വിപുലമായ മേഖല മനുഷ്യന്റെ ഭക്ഷ്യശൃംഘലയിൽ ഉൾപ്പെടുന്നു.

ഞങ്ങൾക്ക് ചോദിക്കാനുള്ളത്...
നിരോധനങ്ങളുടെ കാലത്ത്
മിണ്ടാതിരിക്കുന്നതാണ് നല്ലത്
എന്ന് ഞങ്ങളെ പറഞ്ഞ്
വിശ്വസിപ്പിക്കാൻ നിരന്തരം
ശ്രമിച്ചുകൊണ്ടിരിക്കുന്ന
രാഷ്ട്രീയ ബുദ്ധിജീവികളോട്,
ഞങ്ങൾക്ക് ചോദിക്കാനുള്ളത്...

ഒരു പ്രദേശത്തെ കാലാവസ്ഥ ഭൂമിശാസ്ത്രം ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത എന്നിവയെ അടിസ്ഥാനമാക്കിയാണ് അവിടെ അധിവസിക്കുന്ന ജനത്തിന്റെ ഭക്ഷണരീതികൾ രൂപം കൊണ്ടിട്ടുള്ളതെന്ന് മനസ്സിലാക്കാവുന്നതാണ്. ഓരോ ജനതയുടെ സംസ്കാരവും ആ പ്രദേശത്തിന്റെ സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കു ന്നതിനാൽത്തന്നെ ഭാരതം സംസ്കാര വൈവിധ്യത്താലും ഓരോ സംസ്കാരവും അതിൽതന്നെയും അതിസമ്പമാണ്. ചൈനയിൽ ഉള്ളവർ പാമ്പ് ഉൾപ്പെടെയുള്ള ജന്തുക്കളെ ഭക്ഷിക്കുന്ന കാര്യം നമുക്കറിയാം. തായ്‌ലാന്റ് നിവാസികൾ നായമാംസം വിശിഷ്ടഭോജ്യമായി കരുതുന്നു. ഇന്ത്യയുടെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ ഉള്ളവർ



ചൈനയിലെയും തായ്‌ലാന്റിലെയും ഭക്ഷണരീതികൾ പിന്തുടരുന്നവരാണ് നദീതീരങ്ങളിലും കടൽതീരങ്ങളിലും വസിക്കുന്നവരുടെ പ്രധാനവിഭവം മീൻ ആണ്. ധ്രുവപ്രദേശങ്ങളിലും ശീതപ്രദേശങ്ങളിലും വസിക്കുന്നവരുടെ പ്രധാന ആഹാരം മാംസം ആണ്. കാർഷിക മേഖലയിൽ വസിക്കുന്നവർ സാധാരണയായി സസ്യഭക്ഷണത്തിനു മുൻഗണന നൽകി വരുന്നതായി കാണുന്നു. ചുരുക്കിപ്പറഞ്ഞാൽ ജീവിതശൈലി, സാമൂഹിക സാഹചര്യങ്ങൾ, കാലാവസ്ഥ തുടങ്ങിയ നിരവധി ഘടകങ്ങൾ ചെലുത്തിയ സ്വാധീനം വഴി ചരിത്രത്തിലൂടെ പരിണമിച്ചുണ്ടായതാണ് ഒരു ജനതയുടെ ഭക്ഷണസംസ്കാരം. അതുകൊണ്ടാണ് ഒരു ജനതയുടെ സ്വത്വബോധത്തിന്റെ ഭാഗമാണ് ഭക്ഷണരീതിയെന്നു പറയുന്നത്. എല്ലാ ജനസമൂഹങ്ങളും വളർത്തിയെടുത്തിട്ടുള്ള ഭക്ഷണരീതി അതിൽതന്നെ പൂർണ്ണമാണെന്നു കാണാം. ഒന്നു മികച്ചത്, മറ്റൊന്ന് മോശം എന്നു ആർക്കും തന്നെ പറയാനാവില്ല എന്നതാണ് വസ്തുത.

സംസ്കാരങ്ങളുടെ കണ്ടുമുട്ടലും ആരോഗ്യകരമായ കൊടുക്കൽ വാങ്ങലുകളും വഴിയാണ് മാനവരാശിയുടെ വളർച്ച സംഭവിച്ചിട്ടുള്ളത് എന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. മനുഷ്യനുമായി ബന്ധപ്പെട്ട എല്ലാ മണ്ഡലങ്ങളിലും സാംസ്കാരിക സമന്വയത്തിന്റെ ഘടകങ്ങൾ കാണാൻ കഴിയും. ഭക്ഷണ രീതിയിലും ഈ സമന്വയത്തിന്റെ ഘടകങ്ങൾ ദൃശ്യമാണ്. വിവിധ പ്രദേശങ്ങളിലെ പല തരം ഭക്ഷണപദാർത്ഥങ്ങൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ലഭ്യമാണ്. എല്ലാവരും രാജ്യ മത വംശ ഭേദമന്യേ ഇത് ആസ്വദിച്ച് വരുന്നുണ്ട്. ആഗോളീകരണത്തിന്റെ ഫലമായി രുചിയുടെ ആഗോളീകരണവും ശക്തമായിരിക്കുകയാണ്. ഈ അനുകൂല സാഹചര്യം മുതലെടുത്തു രുചിയേയും കൊതിയേയും ആഘോഷിച്ചുകൊണ്ട് ഏറ്റവും കൂടുതൽ ലാഭം കൊയ്യുന്ന വ്യവസായമായി ഭക്ഷണ വ്യവസായത്തെ മൾട്ടിനാഷണൽ കോർപ്പറേറ്റുകൾ രൂപാന്തരപ്പെടുത്തിക്കഴിഞ്ഞു.

ഓരോ സംസ്കാരത്തിന്റെയും സമ്പന്നതയുടെ അടയാളമായ ഭക്ഷണരീതികളുടെ മേലുള്ള കടന്നുകയറ്റമാണു ഭാരതത്തിൽ ചിലപ്പോഴെങ്കിലും കാണാൻ കഴിയുന്നത്. ചില പ്രത്യേക ഭക്ഷണ പദാർത്ഥങ്ങളെ പരിപൂർണ്ണമായി ഒരു പ്രദേശത്തുനിന്നും വിലക്കുന്നതിനുള്ള ഫാസിസ്റ്റ് ശൈലിയിലുള്ള നീക്കങ്ങൾ ഉണ്ടായി വരുന്നുണ്ട്. എല്ലാത്തിനെയും ഉൾക്കൊണ്ടുകൊണ്ടാണ് മാനവരാശി മുന്നേറുന്നത്. അതിനു വിരുദ്ധമായ സമീപനം സമൂഹത്തിന്റെ തകർച്ചക്കു വഴിവയ്ക്കുക തന്നെ ചെയ്യും. രാജ്യത്തെ സംസ്കാര വൈവിധ്യത്തിനു എതിരേയുള്ള ഇത്തരം അവകാശലംഘനങ്ങൾ ചിന്താവിഷയമാകേണ്ടിയിരിക്കുന്നു.

**ഭക്ഷണവും സംസ്കാരവും**

കൾച്ചറൽ ടൂറിസത്തിനു പ്രാധാന്യം ലഭിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് രുചി വൈവിധ്യങ്ങൾക്കു വലിയ പങ്കുണ്ടെന്നത് വളരെ വ്യക്തമാണ്. വിശേഷാവസരങ്ങളിലെ പാരമ്പര്യമായുള്ള വിഭവങ്ങളും തലമുറകളായി കൈമാറിവരുന്ന രുചിക്കൂട്ടുകളും ഒഴിച്ചുകൂടാനാവാത്തതാണെന്നു മനസ്സിലാക്കാൻ നിരവധി ഉദാഹരണങ്ങൾ നമ്മൾക്കു ചുറ്റുമുണ്ട്. പ്രത്യേക മത-ഗോത്ര വിഭാഗങ്ങളുടെ ആചാരാനുഷ്ഠാനങ്ങളോടനുബന്ധിച്ചുള്ള വിഭവങ്ങളിൽ മാത്രമല്ല ഭൂമിശാസ്ത്രപരവും സാമ്പത്തികവുമായ വൈവിധ്യങ്ങൾ വിവിധങ്ങളായ ഭക്ഷണസംസ്കാരങ്ങളിൽ കാണാം. വിശേഷാവസരങ്ങളിലെ വിഭവങ്ങളെ മാറ്റിനിർത്തി അവലോകനം ചെയ്താലും ഓരോ സമൂഹത്തിലും പിന്തുടർന്നുവരുന്ന തനതായ ഭക്ഷ്യവിഭവങ്ങളും ഭക്ഷണരീതികളും ഉണ്ട്. അത് ഓരോ സമൂഹത്തിന്റെയും സംസ്കാരസമ്പുഷ്ടിയുടെ അടയാളങ്ങൾ കൂടിയാണ്.

യാഥാസ്ഥിതികവും വൈകാരികവുമായ സംസ്കാരചിന്തകൾ സ്പഷ്ടമായി കാണുന്ന വൈവിധ്യസമ്പന്നമായ രാഷ്ട്രമാണു ഇന്ത്യ. ആര്യദ്രാവിഡസംസ്കാരങ്ങൾ കൂടിക്കുഴഞ്ഞ ഭാരതീയ സംസ്കൃതിയിൽ നിന്നും ജാതിവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള വേർതിരിവുകളും പാർശ്വവൽകൃത ജനതയുടെ അവകാശനിഷേധങ്ങളും വരേണ്യവർഗ്ഗത്തിന്റെ ഗർവ്വും ഈ 4G യുഗത്തിലും അവസാനിച്ചിട്ടില്ല. ജനാധിപത്യ സംസ്കാരത്തിന്റെ വിശാലതയിലേക്കുള്ള വളർച്ച ഭാരതത്തിൽ പൂർണ്ണത കൈവരിക്കാത്തതിന്റെ ഫലമാണിത്. ഇത്തരം ഉച്ചനീചത്വങ്ങൾ കേരളത്തിൽ വളരെ കുറവാണെങ്കിലും മറ്റ് സംസ്ഥാനങ്ങളിൽ പ്രത്യേകിച്ച് ഉത്തരേന്ത്യയിൽ സ്പഷ്ടമായി കാണാവുന്നതാണ്. മേലാളന്മാർ എന്നു സ്വയം അഹങ്കരിക്കുന്ന യാഥാസ്ഥിതിക മനോഭാവം വെച്ചുപുലർത്തുന്നവർ അധികാരകേന്ദ്രങ്ങൾ കൈപ്പിടിയിലാക്കിയതോടെ അവരുടെ സങ്കുചിത കാഴ്ചപ്പാടുകൾ പൊതുസമൂഹത്തിന്റെ മേൽ അടിച്ചേൽപ്പിക്കുവാൻ തുടങ്ങിയിരിക്കുന്നു. ദീർഘകാലമായി അവഗണനയും നീതിനിഷേധവും അനുഭവിക്കുന്ന വലിയൊരു വിഭാഗം ജനതയുടെ അടിച്ചമർത്തലിന്റെ ആക്കം കൂടിയിരിക്കുന്നു. അതിന്റെ തെളിവാണ് കഴിഞ്ഞയിടെ ഉത്തരേന്ത്യയിലെ ഒരു സ്ഥലത്തുനിന്നും പുറത്തുവന്ന വാർത്ത. ഉയർന്ന ജാതിയിൽപ്പെട്ട ഒരു പുരുഷന്റെ നിഴലിന്റെമേൽ ചവിട്ടിയെന്നാരോപിച്ച് ഉയർന്ന ജാതിയിൽപെട്ട സ്ത്രീകൾ ഒരു ആറുവയസ്സുകാരി ബാലികയെ അതിക്രൂരമായി മർദ്ദിച്ചത്. വിദ്യാഭ്യാസ അവകാശനിയമം നിലവിൽവന്നിട്ടുപോലും പാർശ്വവൽകൃത വിഭാഗത്തിലെ കുട്ടികൾ പലയിടങ്ങളിലും വിദ്യാലയത്തിലെ 'അർത്ഥികൾ' അല്ല, തോട്ടിപ്പണിക്കാരാകുന്നു. അതും അധ്യാപകരാൽത്തന്നെ.

ഇക്കഴിഞ്ഞയിടെ ഭാഗികമായി പുറത്തുവന്ന സാമൂഹിക സാമ്പത്തിക ജാതി കാനേഷുമാരി ഫലങ്ങൾ ഗ്രാമീണ ഇന്ത്യയുടെ അവസ്ഥയുടെ ഒരു രേഖാചിത്രമാണ്. ഭാരതത്തിന്റെ പല സംസ്ഥാനങ്ങളിലും നിരക്ഷരരുടെ സംഖ്യ ആകെ ജനസംഖ്യയുടെ മുപ്പത് ശതമാനത്തോളമാണ്. രാജസ്ഥാൻ പോലുള്ള സംസ്ഥാനങ്ങളിൽ ഇത് 47% ആണ്. തൽഫലമായി 75% കുടുംബങ്ങളുടേയും വരുമാനം 5000 രൂപയിൽ താഴെ മാത്രമാണ്. പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ സ്ഥിതിയാണു അതിരൂക്ഷം. 86% കുടുംബങ്ങളുടേയും വരുമാനം മേൽപ്പറഞ്ഞ തോതിലാണ്. ഭാരതം സ്വതന്ത്രമായതിനുശേഷം 68 വർഷങ്ങൾ പിന്നിട്ടെങ്കിലും ഭാരതത്തിന്റെ ആത്മാവിനെ കണ്ടെത്താൻ നമ്മൾക്ക് ഇതേവരെ സാധിച്ചില്ല. അതിൽത്തന്നെ ദലിത് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരെ മുഖ്യധാരയിൽനിന്നും മാറ്റിനിർത്തിയതിന്റെ സൂചനയാണു മേൽപ്പറഞ്ഞ കണക്കുകളും സംഭവങ്ങളും. ജാതിയുടെ പേരിലെ ഉച്ചനീചത്വം മാമൂലായി കാത്തുസൂക്ഷിക്കുന്ന അന്ധരായ മാർഗ്ഗദർശികളുടെ കാഴ്ച്ചപ്പാടിനെ തിരുത്താൻ സാധിക്കുന്നില്ല എന്നതാണു നമ്മുടെ പരാജയം.

പ്രബുദ്ധരായ ജനസമൂഹങ്ങളിൽ ഇത്തരം ആശയങ്ങൾ നടപ്പാക്കുക ഒരു പരിധിവരെ അസാധ്യമാണെന്ന് മനസ്സിലാക്കിയാവണം തീവ്രവർഗ്ഗീയവാദികൾ ഭക്ഷ്യസംസ്കാരത്തിൽ കൈകടത്തുക എന്ന കുറിക്കുകൊള്ളുന്ന ഉപായം സ്വീകരിച്ചിരിക്കുക. ഭക്ഷണരീതികളിന്മേലുള്ള കൈകടത്തൽ അധികമാരും പെട്ടെന്ന് കണ്ടുപിടിക്കാനിടയില്ലാത്ത അജണ്ടയുടെ ഭാഗമാണ്. ഈ അടിച്ചേൽപ്പിക്കലിന്റെ തുടക്കമായിത്തന്നെയാണു ചിലയിടങ്ങളിൽ ഇപ്പോൾ നിലവിൽവന്നിരിക്കുന്ന മാട്ടിറച്ചി നിരോധനത്തെയും കണക്കാക്കേണ്ടത്. ഒരു ചെറിയ വിഭാഗം ജനതയുടെ മാത്രം പിടിവാശിയാണു മതഭേദമന്യേ വലിയൊരു ജനവിഭാഗത്തിനുമേൽ അടിച്ചേൽപ്പിക്കുന്നത്. ചില മത വിഭാഗങ്ങളുടെ വിശേഷ വിഭവങ്ങൾ പോലും ഇങ്ങനെ നിരോധിക്കപ്പെടുമ്പോൾ അത് കൂടുതൽ ഗുരുതരമാകുന്നു. ഒരു സർക്കാർ തീരുമാനമായി അടിച്ചേൽപ്പിക്കാൻ സാധിക്കാത്ത ഇടങ്ങളിൽ അതിനു പിണിയാളുകളായി പ്രവർത്തിക്കുന്നവരുടെ സമ്മർദ്ദവും ഭീഷണിയും വഴി തങ്ങളുടെ അജണ്ട ഇവർ നടപ്പാക്കാൻ ശ്രമിക്കുന്നു. രാഷ്ട്രത്തിന്റെ അധികാരം കയ്യാളുന്നവരുടെ നിലപാടുകൾ സങ്കുചിതമായതിനാൽ ഇത്തരം നയങ്ങൾ രാജ്യമൊട്ടാകെ നടപ്പിലാക്കുമോ എന്ന സംശയം വലിയ തോതിലുള്ള ചർച്ചകൾക്ക് കാരണമായിരിക്കുന്നു. ഇനിയുള്ള നിലപാടുകൾ സൂക്ഷ്മതയോടെ നോക്കിക്കാണേണ്ടിയിരിക്കുന്നു.

**ഭക്ഷണവും കോർപ്പറേറ്റ് ചിന്തകളും.**

ഭക്ഷണത്തിനുമേലുള്ള കടന്നുകയറ്റം സംസ്കാരങ്ങളുടെ മേലുള്ള കുത്തിനോവിക്കലാണ്. അതേസമയം തന്നെ അതിനു ചില സാമ്പത്തിക വശങ്ങൾ കൂടിയുണ്ട്.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ മത്സ്യവിഭാഗം ഡപ്യൂട്ടി ജനറൽ ഡോ. മീനാകുമാരി അദ്ധ്യക്ഷയായ വിദഗ്ദസമിതിയുടെ റിപ്പോർട്ടിനെ ഈയൊരു വീക്ഷണകോണിൽ നിന്ന് കാണേണ്ടിയിരിക്കുന്നു. യു.പി.എ സർക്കാരിന്റെ കാലത്ത് 2013 ഓഗസ്റ്റിൽ പുതിയ ആഴക്കടൽ മത്സ്യബന്ധനനയം രൂപീകരിക്കാൻ നിയോഗിക്കപ്പെട്ട കമ്മിറ്റി ഒരു വർഷത്തോളം നീണ്ടുനിന്ന പഠനത്തിനു ശേഷമാണു റിപ്പോർട്ട് സമർപ്പിച്ചത്. ഏതാണ്ട് ഇതേ കാലയളവിൽതന്നെ CMFRI മുൻ ഡയറക്ടർ ഡോ. സെയ്തുറാവു അധ്യക്ഷനായ ഒരു സമിതിയും തങ്ങളുടെ റിപ്പോർട്ട് സമർപ്പിച്ചു. മത്സ്യബന്ധന നിരോധനം തൊഴിലാളികളുടെ ജീവിതത്തെ എങ്ങനെ ബാധിക്കും എന്നതായിരുന്നു ഈ കമ്മിറ്റിയുടെ പഠനവിഷയം.

മുൻ സൂചിപ്പിച്ച രണ്ട് സമിതികളും മത്സ്യത്തൊഴിലാളി സംഘടനകളോടോ അല്ലെങ്കിൽ തൊഴിലാളിമേഖലയിലും പരിസ്ഥിതിമേഖലയിലും പ്രവർത്തിക്കുന്ന എൻ.ജി.ഒ കളോടോ നിർദ്ദേശങ്ങൾ തേടുകയോ ചർച്ചകൾ ചെയ്യാതെയാണ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. കൂടാതെ, വിദഗ്ദസമിതി എന്ന പേരുണ്ടായിട്ടും സ്വന്തം ഗവേഷണ സ്ഥാപനങ്ങളിലെപ്പോലും അടിസ്ഥാനപരമായ ശാസ്ത്ര- സാമ്പത്തിക നിരീക്ഷണങ്ങൾ പോലുമില്ലാതെയാണു റിപ്പോർട്ടിലെ ഭൂരിഭാഗവും തയ്യാറാക്കിയിരിക്കുന്നത് എന്നാണു ഈ രംഗത്ത് പ്രവർത്തിക്കുന്നവർ മുന്നോട്ട് വെക്കുന്ന വിമർശനങ്ങളിൽ ചിലത്. അതിന്റെയൊക്കെ ഫലമായിത്തന്നെ സാധാരണ തൊഴിലാളികളുടെ കഞ്ഞിയിൽ കല്ലിടുന്ന നിർദ്ദേശങ്ങളാണു രണ്ട് റിപ്പോർട്ടുകളിലും എന്ന് പറയേണ്ടിയിരിക്കുന്നു.

മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ 90% നിർദ്ദേശങ്ങളും നമ്മുടെ കടലിനെയും മത്സ്യസമ്പത്തിനെയും വൻകിട വിദേശമത്സ്യബന്ധനകപ്പലുകൾക്ക് തീറെഴുതി കൊടുക്കാനുള്ള കോർപ്പറേറ്റ്നയത്തിന്റെ ഭാഗമാണ്. വർഷങ്ങളായി ആഴക്കടലിൽപ്പോയി മത്സ്യബന്ധനം നടത്തുന്ന സ്വദേശികളായ തൊഴിലാളികൾ വേണ്ടത്ര നിപുണരല്ല എന്ന ബാലിശമായ വാദം മുൻനിർത്തിക്കൊണ്ടാണു കൂടുതൽ വിദേശ 'തൂത്തുവാരി' യന്ത്രങ്ങൾക്ക് അനുമതി നൽകുന്നത്. അവയ്ക്കുള്ള ആഭ്യന്തര - പ്രതിരോധ മന്ത്രാലയങ്ങളുടെ സെക്യൂരിറ്റി ക്ലിയറൻസ് നടപടികൾ എളുപ്പത്തിലാക്കുക എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവക്കുകയാണ് ഈ റിപ്പോർട്ടിൽ. ലോകത്തിലെ പതിനഞ്ചു മീൻപാടങ്ങളിൽ പതിമൂന്നെണ്ണവും അനിയന്ത്രിത ചൂഷണം മൂലം ഇന്ന് വറ്റിപ്പോയിരിക്കുന്നു.

ബാക്കിയുള്ള മീൻപാടങ്ങളിൽ സുപ്രധാനമായ ഒന്ന് നമ്മുടെ രാഷ്ട്രത്തിന്റെ ആഴക്കടലിനോട് ബന്ധപ്പെട്ടിരിക്കുന്നു എന്നതുകൊണ്ടാണ് ഇത്തരം ഒരു റിപ്പോർട്ടിനെ കോർപ്പറേറ്റ് താൽപര്യമായി നാം മനസ്സിലാക്കേണ്ടത്. സ്വകാര്യവത്കരണ-വിദേശ നിക്ഷേപ നിബന്ധനകൾ ഉദാരമാക്കുന്ന നയങ്ങൾ കൂടുതലായി സ്വീകരിക്കുന്ന സർക്കാരിന്റെ നിലപാടും ഈ റിപ്പോർട്ടിനു അനുകൂലമാകുവാനേ ഇടയുള്ളു.

സെയ്തറാവു സമിതിയുടെ റിപ്പോർട്ടിൽ മത്സ്യത്തൊഴിലാളികളുടെ പഞ്ഞകാലമായ ട്രോളിംഗ് നിരോധന കാലയളവ് വർദ്ധിപ്പിക്കണം എന്നാണു പ്രധാന നിർദ്ദേശമായി മുന്നോട്ടുവെച്ചിരിക്കുന്നത്. മത്സ്യപ്രജനന കാലം മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനു അത്യന്താപേക്ഷിതമാണെന്ന് യാതൊരു സംശയവുമില്ല. തദ്ദേശീയരായ മത്സ്യബന്ധന തൊഴിലാളികൾ ഇത് അംഗീകരിക്കുന്നുമുണ്ട്. പക്ഷെ ഇക്കാലയളവിൽ വൻകിട വിദേശ ട്രോളറുകൾ യഥേഷ്ടം വിഹരിക്കുന്നു. പിന്നെ എന്തിനാണു ഈ നിരോധനം എന്ന ചോദ്യം ബാക്കിനിൽക്കുന്നു.

## ഉപസംഹാരം

അധികാര സംരക്ഷണത്തിനു വേണ്ടിയുള്ള ഒരു ആയുധമായിട്ടാണ് ഭക്ഷണത്തെ കാണുന്നത്. മതത്തിന്റെ പേരിൽ സമൂഹത്തിൽ ചേരിതിരിവുണ്ടാക്കതങ്ങളുടെ അധികാരം നിലനിർത്തുന്നതിനുള്ള തന്ത്രം രൂപപ്പെടുത്തിയിരിക്കുന്നു.

ജാതിചിന്തയുടെ കൊടിയ വിഷം തീണ്ടി ഒരു വലിയ ജനസമൂഹം മുഴുവൻ മുഖ്യധാരയിൽനിന്നും അകറ്റപ്പെട്ടിട്ടും തങ്ങളുടെ ഗർവ്വ് ഉപേക്ഷിക്കാൻ തയ്യാറാവാതെ മനുഷ്യനെ വർണ്ണത്തിന്റെ പേരിൽ വേർതിരിക്കുകയും അവന്റെ മൗലികമായ അവകാശങ്ങൾപോലും നിഷേധിക്കുകയും ചെയ്യുന്ന മനോഭാവം സഹോദര്യം, മതേതരത്വം എന്നീ മൂല്യങ്ങളെ തളർത്തുകയേയുള്ളു.



മനുഷ്യന്റെ മനസ്സിനെ ഉച്ചനീചത്വത്തിന്റെ മാനസിക അടിമത്വത്തിലേക്ക് നയിക്കുമെന്ന് വ്യക്തമായി മനസ്സിലാക്കിത്തന്നെയാണു ഇത്തരമൊരു സൈക്കോളജിക്കൽ മൂവ്മെന്റ് നടപ്പിലാക്കാൻ ചില സ്ഥാപിത താൽപര്യമുള്ളവർ മുതിരുന്നത് എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം കൊള്ളലാഭം കൊയ്യുന്നതിനുള്ള കോർപ്പറേറ്റുകളുടെ സ്വാധീനം കൂടിവന്നപ്പോൾ അതിന്റെ ആക്കം വർദ്ധിച്ചിരിക്കുന്നു. ശക്തവും സ്പഷ്ടവുമായ ജനപ്രതിരോധം ഉയരേണ്ടിയിരിക്കുന്നു. മീനാകുമാരി റിപ്പോർട്ടിനെതിരെ നടന്ന തീരദേശ ഹർത്താൽ എന്തിനും ഏതിനും ഹർത്താൽ അവധി എടുക്കുന്ന കേരളത്തിൽപ്പോലും ശ്രദ്ധ നേടാനായില്ല എന്നത് ഹിഡൻ അജൻഡയുടെ നടപ്പിലാക്കലിൽ ഇത്തരം സ്ഥാപിത താൽപര്യക്കാർ വിജയിക്കുന്നു എന്നതിന്റെ സൂചനയാണ്. സമത്വം എന്ന മൂല്യം എല്ലാവരും ഉൾക്കൊള്ളേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു. നീതിനിഷേധങ്ങൾക്കെതിരെ നാം പോരാടേണ്ടിയിരിക്കുന്നു. എല്ലാ ഭാരതീയരും എന്റെ സഹോദരീസഹോദരന്മാരാണു എന്ന പ്രതിജ്ഞ നിറവേറ്റുവാൻ നമ്മുടെ കൂടപ്പിറപ്പിന്റെ അവകാശങ്ങളെ സംരക്ഷിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. നാനാത്വത്തിൽ ഏകത്വമാണ് ഭാരതത്തിന്റെ മുഖമുദ്ര. ഭക്ഷണരീതി മുതൽ എല്ലാ രംഗത്തും ഈ മുഖമുദ്ര പ്രസക്തം തന്നെയാണ്. രാജ്യത്തിന്റെ സംരക്ഷണത്തിനും വളർച്ചയ്ക്കും എല്ലാ രംഗത്തും നാനാത്വവും വൈവിദ്ധ്യവും സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു.

4G

https://www.kinavalli.co.in

HOME ABOUT CONTACT TWITTER

HOME BUSINESS DOWNLOADS PARENT CATEGORY FEATURED HEALTH UNCATEGORIZED

**എഴുത്തിടങ്ങൾ സെൻസർ ചെയ്യപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്യുന്ന പുതിയ കാലത്ത് എഴുത്തുകാരൻ ബെന്യാമിനുമായി മാഗസിൻ കമ്മിററി നടത്തിയ അഭിമുഖസംഭാഷണം**



***ആടുജീവിതത്തിൽ നിന്ന് തുടങ്ങാം, കോളേജിലൊക്കെ ഒട്ടും വായിക്കാത്ത ആൾക്കാർ പോലും ലൈബ്രറിയിൽ ഫൈൻ അടക്കേണ്ടിവരുന്നത്, ആടുജീവിതം തിരിച്ചുകൊടുക്കാത്തതിന്റെ പേരിലായിരിക്കും. പക്ഷേ ഫിക്ഷൻ എന്ന രീതിയിൽ ഗംഭീരവർക്ക് മഞ്ഞവെയിൽ മരണങ്ങൾ ആണ് എന്ന് തോന്നിയിട്ടുണ്ട്. അപ്പോ, ആ രീതിയിൽ വായിക്കപ്പെടുന്നതിന്റെ വൈരുദ്ധ്യത്തെ എങ്ങനെ നോക്കികാണുന്നു...?**

ഉ : സമൂഹം എങ്ങനെ പുസ്തകങ്ങളെ സ്വീകരിക്കുന്നു എന്നുള്ളത് നമുക്ക് എളുപ്പത്തിൽ നിർണ്ണയിക്കാൻ കഴിയില്ല. സിനിമയുടെ സ്വീകാര്യത പോലെ തന്നെയാണത്. ചിലപ്പോ വളരെ മികച്ച, സാങ്കേതിക തികവോടെ എടുക്കുന്ന സിനിമ വിജയിച്ചുകൊള്ളണമെന്നില്ല. അതുപോലെതന്നെയാണ് ഒരു നോവൽ സമൂഹം സ്വീകരിക്കുന്നത്. ഒരുപാട് കാരണങ്ങളുണ്ട്- സമൂഹത്തെ സ്വാധീനിക്കുന്ന വിധം, അതിന്റെ ഭാഷ, അതിന്റെ ഘടന ഒക്കെ അതിനെ സ്വാധീനിക്കും. ആടുജീവിതം എന്തുകൊണ്ട് പരക്കെ വായിക്കപ്പെട്ടു എന്നു ചോദിച്ചാൽ, മലയാളിക്ക് വളരെ അടുത്ത് ബന്ധമുള്ള ഗൾഫ് രാജ്യങ്ങളിൽ നിന്ന് വളരെ അപരിചിതമായ കഥ പറയുന്നു എന്നതുകൊണ്ടാവാം. ഈ അപരിചിതമായ കഥ പുതിയതായി കേൾക്കുന്നതിന്റെ കൗതുകവുമാവാം. രണ്ടാമത് നോവലിന്റെ ഭാഷ, സാഹിത്യത്തെ ഗൗരവമായി എടുക്കാത്തവർക്ക് പോലും പ്രാപ്യമാണ്. ആ അർത്ഥത്തിൽ ആടുജീവിതം വായനയെ പ്രോത്സാഹിപ്പിക്കുന്ന പുസ്തകമാണ്. അത് നൽകുന്ന ദർശനം പ്രത്യാശയുടേതാണ്. വളരെ സങ്കീർണ്ണമായ ജീവിതാവസ്ഥയിൽ ജീവിച്ചുകൊണ്ടിരിക്കുമ്പോൾ, ജീവിതം എവിടെ എത്തപ്പെടുമെന്നുള്ള സന്ദേഹമുള്ളപ്പോഴാണ് ഒരാൾ അതിനെയെല്ലാം അതിജീവിച്ച് ലക്ഷ്യത്തിൽ എത്തിപ്പെടുന്ന ഒരു കഥ എഴുതപ്പെടുന്നത്. അത് പുതുതലമുറയിൽപ്പെട്ടവർക്ക് സ്വീകാര്യമായി. പക്ഷേ ഒരു എഴുത്തുകാരനെന്നനിലയിൽ എഴുത്തിന്റെ സങ്കീർണ്ണത കുറച്ചുകൂടി ഉൾപ്പെടുത്തിയിട്ടുള്ളത് മഞ്ഞവെയിൽ മരണങ്ങളിൽ ആണ്. കുറച്ചുകൂടി പഴയ വായനക്കാർക്ക് അതിന്റെ സങ്കീർണ്ണതകൾ മനസ്സിലാവണമെന്നില്ല. പക്ഷേ എല്ലാ നോവലും വായനക്കാർക്ക് വേണ്ടിയല്ല എഴുതുന്നത്. എഴുത്തിന്റെയൊരു സുഖം ആസ്വദിക്കുക എന്ന് പറയുന്നത്, എഴുത്തിന്റെ ഇത്തരം സാങ്കേതികതകളെ ഉപയോഗിക്കുമ്പോഴാണ്. അത് ഞാൻ കൂടുതൽ അനുഭവിക്കുന്നത് മഞ്ഞവെയിൽ മരണങ്ങളിൽ ആണ്.

*** എഴുത്തുകാരന്റെ ബോധപൂർവ്വമായ ഒരു ഇടപെടൽ മഞ്ഞവെയിൽ മരണങ്ങളിൽ കാണാം. ബെന്യാമിൻ തന്നെ ഒരു കഥാപാത്രമായി എത്തുന്നു?**

ഉ : ആ നോവലിന്റെ പ്രത്യേകത ഫിക്ഷനും യാഥാർത്ഥ്യവും തമ്മിലുള്ള അതിർവരമ്പ് അത് മായ്ച്ച് കളയുന്നു എന്നുള്ളതാണ്. ഫിക്ഷൻ എവിടെ തുടങ്ങുന്നു real എവിടെ അവസാനിക്കുന്നു എന്നറിയാതിരിക്കാൻ വേണ്ടി വളരെ real ആയ കഥാപാത്രങ്ങളെയും വളരെ fictional ആയിട്ടുള്ള കഥാപാത്രങ്ങളെയും വളരെ Fictional ആയ സ്ഥലങ്ങളെയും കോർത്തിണക്കിയിട്ടുള്ള പരീക്ഷണമാണത്. അതുകൊണ്ടാണ് അതിനങ്ങനെയൊരു സാങ്കേതികതലം. കൃത്യമായി ഒരെഴുത്തുകാരന്റെ ഇടപെടൽ അതിലുണ്ട്.

ഞങ്ങൾക്ക് ചോദിക്കാനുള്ളത്....
ഓട്ടോണമസ് ആക്കിയും
മരങ്ങൾ മുറിച്ചും
വിദ്യാർത്ഥികളുടെ
സ്വാതന്ത്ര്യങ്ങൾ നിരോധിച്ചും
യൂ.സി.കോളേജിനെ
ഗ്ലോബൽ എഡ്യൂക്കേഷനൽ
മാർക്കറ്റ് ആക്കിത്തീർക്കാൻ
ശ്രമിക്കുന്നവരോട്
ഞങ്ങൾക്ക് ചോദിക്കാനുള്ളത്..

***മഞ്ഞവെയിൽ മരണങ്ങൾ വായിച്ച ഓരോ വായനക്കാരന്റെയും ഉള്ളിൽ ഒരു സംശയമുണ്ടായിരുന്നു. ആ സംശയമാണ് ഞങ്ങളിപ്പോൾ തുറന്നു ചോദിക്കുന്നത്. ശരിക്കും അന്ത്രപേർ ഉണ്ടോ...?**

ഉ:നമ്മുടെയെല്ലാം ഇടയിൽ അന്ത്രപ്പേറുണ്ട്. അല്ലാതെ Real ആയ അന്ത്രപ്പേറിനെ തേടി പോവേണ്ടതില്ല. നമ്മൾ നമ്മുടെയിടയിലുള്ള അന്ത്രപ്പേറിനെ കണ്ടെത്തണം. അങ്ങനെ അജ്ഞാതമായ ഇടങ്ങളിലേക്ക് അപ്രത്യക്ഷമാവുന്നവരെക്കുറിച്ച് അന്വേഷിക്കുക, നമ്മുടെ ഇടയിൽ കൊല്ലപ്പെടുന്നവർ എന്ത് കാരണത്താൽ കൊല്ലപ്പെടുന്നു എന്ന് അന്വേഷിക്കുക. അങ്ങനെ ഒരു സാമൂഹ്യപരമായ ചിന്ത അതിലൂടെ വളരുമ്പോഴാണ് ഒരു പക്ഷെ നോവൽ വായന സാധ്യമാവുന്നത്. അതിനപ്പുറത്ത് അന്ത്രപ്പേർ എവിടെ എന്ന സാധാരണ ചോദ്യത്തിന് ഉത്തരം അന്ത്രപ്പേർ നമ്മുടെയുള്ളിൽ തന്നെ ഉണ്ട് എന്നാണ്.

***മറ്റുള്ളവർക്ക് വേണ്ടി എഴുതുക. ബെന്യാമിന്റെ പൊളിററിക്കൽ ആയ നിലപാടിന്റെ ഭാഗമാണോ ഇ്?**

ഉ:തീർച്ചയായും ഓരോ നോവലുകളും ഒരു പൊളിററിക്കൽ നിലപാടിൽ നിന്നുകൊണ്ടാണ് ഒരെഴുത്തുകാരൻ എഴുതുന്നത്. അയാൾക്ക് എന്തോ ചിലത് പറയാനുണ്ട് എന്നുള്ളതുകൊണ്ടാണ് അയാൾ എഴുതുന്നത്. അല്ലെങ്കിൽ ഒന്നും പറയാനില്ലെങ്കിൽ എഴുത്തുകാരൻ ആവേണ്ടതില്ല. അപ്പോ, പൊളിററിക്കൽ നിലപാടുകൾ, ദർശനങ്ങൾ, സ്വപ്നങ്ങൾ ഒക്കെ പങ്കുവയ്ക്കാൻ തന്നെയാണ് എഴുതുന്നത്. ബെന്യാമിന്റെ നിലപാടുകൾ തന്നെയാണ് ബെന്യാമിന്റെ എഴുത്ത്.

***ആടുജീവിതത്തിലായാലും, മഞ്ഞവെയിൽ മരണങ്ങളിലായാലും, സ്ഥലത്തെക്കുറിച്ചും കാലത്തെക്കുറിച്ചും അവിടുത്തെ ജീവിതത്തെക്കുറിച്ചുമുള്ള താങ്കളുടെ നിരീക്ഷണങ്ങൾ വളരെ സൂക്ഷ്മമാണ് എന്ന് തോന്നിയിട്ടുണ്ട് –?**

ഉ:അങ്ങനെ സൂക്ഷ്മമാണ് എങ്കിൽ മാത്രമേ വായനക്കാരന് അത് തന്റെ ഇടമായി / താൻ ചെന്നു കയറുന്ന ഇടമായി തോന്നുകയുള്ളൂ. വളരെ ഉപരിപ്ലവമായി ഒരു സ്ഥലത്തെക്കുറിച്ച് പറയുകയാണെങ്കിൽ ഉപരിപ്ലവമായിത്തന്നെയേ വായനക്കാരനും അതിനെ സമീപിക്കുകയുള്ളൂ. എഴുത്തുകാരൻ എത്രത്തോളം സൂക്ഷ്മമായി നോവലിന്റെ ഘടനയിലേക്ക് ഇറങ്ങിച്ചെല്ലുന്നോ അത്രത്തോളം വായനക്കാരനും ഇറങ്ങിച്ചെല്ലുകയും അതോടൊപ്പം വായനക്കാരന് അത് തന്റെ തന്നെ കൃതിയാണെന്ന് തോന്നുകയും ചെയ്യും. അതിനുവേണ്ടിയുള്ള ഒരു സൂക്ഷ്മമായ പരിശ്രമമുണ്ട്.



***എഴുത്തിന്റെ പൊതു ഇടത്തിലേക്ക് വന്നാൽ, എഴുത്തുകാരൻ വല്ലാതെ സെൻസർ ചെയ്യപ്പെടുന്ന ഒരു സാഹചര്യമുണ്ട്. അതിനുമപ്പുറത്തേക്ക് ഇപ്പോൾ അയാൾ പുറത്താക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുന്നു – താങ്കൾക്കെന്ത് തോന്നുന്നു ?**

ഉ: പൊതുസമൂഹത്തിൽ അസഹിഷ്ണുത വല്ലാതെ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഒന്നിനെതിരെയും പ്രതികരിക്കാൻ പററുന്നില്ല. പ്രതികരിക്കാനുള്ള അവസാന ഇടമായി കലയും സാഹിത്യവും മാറി. ഇതിലും ഇടപെട്ടുകൊണ്ട് ആ ഇടത്തെക്കൂടി തകർക്കാനുള്ള ശ്രമങ്ങളാണ് വർഗീയ ഫാസിസ്റ്റ് ശക്തികളുടെ ഭാഗത്ത് നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സർഗാത്മകമായ ഇടങ്ങളെ തകർത്തുകൊണ്ടാണ് ഫാസിസം ശക്തി പ്രാപിക്കുന്നതും അവരുടെ ഏകാധിപത്യപ്രവണതകൾ നിലനിർത്തുന്നതും. പെരുമാൾ മുരുകന്റെ അനുഭവങ്ങൾ അതുതന്നെയാണ് പഠിപ്പിക്കുന്നത്. അതിനെതിരെ ശക്തമായ മുന്നേററം

ഉണ്ടായിട്ടില്ലെങ്കിൽ ആവിഷ്കാരത്തിന്റെ എല്ലാ സാധ്യതകളും അടഞ്ഞുപോവുകയും ഫാസിസ്റ്റ് ശക്തികൾ അധീശത്വം സ്ഥാപിക്കുകയും ചെയ്യും. "എഴുത്തോ, നിന്റെ കഴുത്തോ" എന്ന് ചോദിക്കുമ്പോൾ എഴുത്തുതന്നെയാണ് എന്ന് എഴുത്തുകാരൻ പറയുന്നിടത്താണ് എഴുത്തിന്റെ രാഷ്ട്രീയം. പെരുമാൾ മുരുകൻ ചെയ്ത തെററ് അദ്ദേഹം അധീശശക്തികൾക്ക് മുന്നിൽ കീഴടങ്ങുകയും താൻ എഴുത്തു നിർത്തി എന്ന് പ്രഖ്യാപിക്കുകയും ചെയ്തു എന്നതാണ്. എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം അത് ഭൂഷണമല്ല. എപ്പോഴും എഴുത്തുകാരന് ജാതി/മത/രാഷ്ട്രീയ/ഭരണകൂട ശക്തികളുടെ സുരക്ഷിത ഇടത്തിൽ നിന്ന് എഴുതാൻ ആവില്ല. ചിലപ്പോൾ നമ്മൾ ഒരു Danger Zone ലേക്ക് ചെന്നുകൊണ്ട് ചില കാര്യങ്ങൾ എഴുതേണ്ടി/പറയേണ്ടി വരും. എല്ലാ വിപ്ലവകാരികളായിട്ടുള്ള എഴുത്തരിത്രം പരിശോധിച്ചാൽ അവർ സ്വന്തം രാജ്യം വിട്ട് പോയിട്ടാണ് എഴുതിയിട്ടുള്ളത്. സുരക്ഷിതമായ ഇടത്തിൽ നിന്ന് കൊണ്ട് അതുകൊണ്ട് തന്നെ എഴുത്തുകാരന് എഴുതാൻ കഴിയില്ല. Danger Zone -ലേക്ക് പോയിട്ട് അത് വിളിച്ചുപറയാൻ കരുത്തുകാട്ടുക എന്നതാണ് അതിന്റെ പൊളിററിക്സ്.

***പ്രവാസത്തെ എങ്ങനെ നോക്കികാണുന്നു – എഴുത്തുകാരന്റെ പ്രവാസത്തെ/എഴുത്തുകാരനല്ലാത്ത ഒരാളുടെ പ്രവാസത്തെ –?**

ഉ : പ്രവാസം രണ്ട് തരത്തിലുണ്ട്. മലയാളികൾ അറിയുന്ന പ്രവാസം, അത് പ്രവാസമല്ല എന്നാണ് എനിക്ക് തോന്നുന്നത്. അതൊരു സാമ്പത്തിക കുടിയേററമാണ് - മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾക്ക് വേണ്ടി നമ്മൾ നടത്തുന്ന ഒന്ന്. യഥാർത്ഥ പ്രവാസം അതല്ല - ആഭ്യന്തരകലാപവും പ്രകൃതി ദുരന്തങ്ങളും കുടിയിറക്കിയ ലക്ഷക്കണക്കിന് മനുഷ്യരുണ്ട്. ശ്രീലങ്കയിലെ തമിഴർ, പാലസ്തീനിലെ ജനങ്ങൾ - കുടിയിറക്കപ്പെട്ടു കഴിഞ്ഞാൽ അവർക്ക് തിരിച്ചുചെല്ലാൻ ഇടമില്ല. അതാണ് യഥാർത്ഥ പ്രവാസം എന്ന് തോന്നുന്നു.

എഴുത്തുകാരന്റെ പ്രവാസം കുറച്ച് കൂടി ഗൗരവമായി സമീപിക്കേണ്ട ഒരു വിഷയമാണ്. എഴുത്തുകാരൻ പ്രവാസിയല്ല നാടോടിയാണ് എന്നാണ് ആനന്ദ് പറയുക. ഒരു ദേശത്തു ചെല്ലുന്നു അവിടെ കുറച്ച് കാലം കൂടാരമടിക്കുന്നു. അവിടെ നിന്നും അയാളുടെ വിഭവങ്ങളൊക്കെ ശേഖരിക്കുന്നു. പിന്നീട് അവിടുന്ന് കൂടാരമഴിച്ച് മറെറാരു സ്ഥലത്തേക്ക് പോവുന്നു. അവിടെ ചെന്ന് പിന്നെ കൂടാരമടിക്കുന്നു. ഒരിടത്തു മാത്രമായി കിടക്കുന്ന ഒരാൾക്ക് പുതിയ കൃതികളിലേക്ക് ചെന്നു കയറാൻ കഴിയില്ല. അപ്പോ പുതിയ ഇടങ്ങൾ/കൃതികൾ വേണമെങ്കിൽ അയാൾ നാടോടിയെപ്പോലെ അലഞ്ഞു നടക്കണമെന്ന് തോന്നുന്നു. പിന്നെ ഓരോ മനുഷ്യനെയും താൻ ഒരു തിരസ്കാരം അനുഭവിക്കുന്നുണ്ട് - സ്വന്തം ദേശത്ത് ജീവിക്കുമ്പോൾ പോലും - എന്ന ചിന്ത ഭരിക്കുന്നുണ്ട്. അത് ഒരു ആവലാതി പോലെ കൊണ്ടു നടക്കുന്നതു കൊണ്ടാണ് ഒരാൾക്ക് എഴുതാൻ കഴിയുന്നത്.

***പുതിയ ക്യാമ്പസുകളെപ്പററി – പുതിയ ക്യാമ്പസ് എഴുത്തുകളെ ഗൗരവമായി ശ്രദ്ധിക്കാറുണ്ടോ – അവ 'വെറും' സോഷ്യൽ മീഡിയ എഴുത്തു മാത്രമാണെന്ന് പരാതിപ്പെടുന്നവരുണ്ട് – ?**

ഉ : ക്യാമ്പസുകളിലേക്ക് നോക്കുമ്പോൾ വായന ശക്തമായി തിരിച്ചുവരുന്നതു കാണാൻ സാധിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നും അവരുടെ സർഗ്ഗാത്മകമായ ഇടം കണ്ടെത്താനുള്ള ശ്രമം ഉണ്ടാവുന്നുണ്ട്. പക്ഷേ അധികാരികളിൽ നിന്ന് എത്രത്തോളം പിന്തുണ കിട്ടുന്നുണ്ട് എന്നറിയില്ല. സെമസ്റ്റർ സിസ്റ്റം ഒക്കെ വിദ്യാർത്ഥികളെയും അധ്യാപകരെയും വല്ലാതെ വീർപ്പുമുട്ടിക്കുന്നുണ്ട്. മറെറാരു പ്രശ്നം വിദ്യാർത്ഥികൾക്കിടയിൽ അരാഷ്ട്രീയ പ്രവണതകൾ വർദ്ധിക്കുന്നു എന്നതാണ്. അതോടെ മതസ്വത്വം അവരിലേക്ക് തിരിച്ചുവരും. കൂട്ടുകാരെ തിരഞ്ഞെടുക്കുന്നതിൽ പോലും ജാതി പ്രവർത്തിക്കുന്നുണ്ട്. ഇതിനെ പ്രതിരോധിക്കേണ്ട ബാധ്യത പുതിയ ക്യാമ്പസ് എഴുത്തുകൾക്ക് / ക്യാമ്പസ് മാഗസിനുകൾക്കുണ്ട്. സോഷ്യൽ മീഡിയ എഴുത്തിനും വലിയ ശുഭസൂചനകളുണ്ട്. തുറന്ന ചർച്ചയുടെ ഒരു വലിയ സാധ്യതയുണ്ട്. അനേകം ഭരണകൂടങ്ങളെ മറിച്ചിട്ട ഒന്നാണ് എന്ന് ഓർക്കണം. അത്കൊണ്ട് അതൊരു പൊളിററിക്കൽ ടൂൾ കൂടിയാണ്.

***അന്ത്രപ്പേറും മെൽവിനും തമ്മിലുള്ള പ്രണയം വായനക്കാരന്റെ ചങ്ക് പൊള്ളിക്കുന്ന ഒന്നായിരുന്നു. എന്താണ് ബെന്യാമിന്റെ പ്രണയാനുഭവം ?**




ഉ : പ്രണയമില്ലാതെ മനുഷ്യന് ജീവിക്കാൻ പററില്ല. പ്രണയം അസ്തമിക്കു മ്പോൾ ജീവിതം അവസാനിക്കും. പ്രണയം മനുഷ്യൻ ജീവവായുപോലെ കൊണ്ടു നടക്കണം. ഉപാധികളില്ലാത്ത ഒരു സമർപ്പണമാണ് പ്രണയം. നഷ്ടപ്പെടൽ / വിട്ടുകൊടുക്കൽ ഒക്കെ പ്രണയത്തിന്റെ ഒരു മനോഹരമായ അവസ്ഥയാണ്. നമ്മൾ പ്രണയം അനുഭവിക്കണം എന്നാണ് പറയേണ്ടത്. ഞാൻ പ്രണയത്തെ ഇഷ്ടപ്പെടുന്ന ഒരാളാണ്. പ്രണയം അനുഭവിക്കാതെ വരണ്ട മനുഷ്യനായി ജീവിച്ചുപോയിട്ട് കാര്യമില്ല. അതിന്റെ പ്രതിഫലനമാണ് അന്ത്രപ്പേറിന്റെയും മെൽവിന്റെയും പ്രണയം. അവിടെയും നഷ്ടപ്പെടൽ ഉണ്ട്. അപ്പോൾ പ്രണയം കൂടുതൽ മനോഹരമാവും.

***എന്താണ് ബെന്യാമിന്റെ രാഷ്ട്രീയം ?**

ഉ : എന്റെ രാഷ്ട്രീയം മനുഷ്യനോടു ചേർന്ന് നിൽക്കുക എന്നതാണ്. അല്ലാതെ കക്ഷി രാഷ്ട്രീയത്തിന്റെ വക്താവല്ല ഞാൻ. പാർശ്വവൽക്കരിക്കപ്പെട്ടതിന്റെ ഭാഗത്തുനിൽക്കുന്നതാണ് എന്റെ രാഷ്ട്രീയം. മുഖ്യധാരാരാഷ്ട്രീയം പലപ്പോഴും മനുഷ്യവിരുദ്ധവും പ്രകൃതിവിരുദ്ധവുമാണ്. അതിനെതിരെ സ്വന്തമായ ഒരു രാഷ്ട്രീയം രൂപപ്പെടുത്തുക എന്നുള്ളതാണ് എന്റെ രാഷ്ട്രീയം.

**With Best Compliments From...**

**THE KARUMALLOOR SERVICE CO-OPERATIVE BANK LTD. NO. 737**

Head office : Thattampady, karumalloor, p.o.- 683511
Ernakulam Dist., Kerala, Ph.0484 2670109, 2670899
Website-www.karumalloor scb.in, E-mail : scb737karumalloor@gmail.com

V.M .Sunil (President) 9442578244

M. K George (Secratery) 9846736232



സാറു പറഞ്ഞു
കവിതയെഴുതുമ്പോൾ നിന്നെയൊഴിവാക്കാൻ
നീ ബ്യൂട്ടിഫുൾ അല്ലെന്ന്
പട്ടിണിയുടെ നടുവിൽത്തന്നെ
നീയുള്ളതായിരിക്കാം കാരണം
പ്രണയിനിയെപ്പറ്റി
കവിത എഴുതാമെന്ന് ആദ്യം കരുതി
പക്ഷെ നിന്നെയൊഴിവാക്കി
ഞാനെങ്ങനെ കവിതയെഴുതും
നീയില്ലെങ്കിൽ ഞങ്ങളെയാര്
കൂട്ടിച്ചേർക്കും....?
സൃഷ്ടി ജനിക്കട്ടെയെന്ന് സാര് ആശംസിച്ചു
നീ ഇല്ലെങ്കിൽ ഞങ്ങളുടെ
പ്രണയവല്ലരിയിൽ പൂക്കുന്നത്
കു മാത്രമായിരിക്കുമല്ലോ.....!!!



**സഞ്ജിത് എബ്രഹാം തോമസ്**
രണ്ടാം വർഷ മലയാള
ബിരുദാനന്തര ബിരുദം

# നിങ്ങളുടെ വീട്ടിലുണ്ട് ഫാസിസത്തിന് ഒരു മുറി



വിഷ്ണു രവി
മൂന്നാം വർഷ
സാമ്പത്തികശാസ്ത്ര ബിരുദം

**പ്രേ**മം എന്ന ചലച്ചിത്രം പുറത്തിറങ്ങുന്നതിനുമുമ്പ് ഫേസ്ബുക്കിലും വാട്സ്ആപ്പിലും പ്രചരിച്ച ഒരു വാചകം ഏതാണ്ടിങ്ങനെയാണ്, മഹാരാജാസും സി.എം.എസും കണ്ടുമടുത്ത മലയാളി പ്രേക്ഷകർക്കു മുൻപിലേക്ക് ഇതാ, ആലുവ യു.സി കോളേജ് . യു.സി യുടെ മനോഹാരിത ചലച്ചിത്രത്തിൽ പകർത്തപ്പെടുന്നു. ഒരു ഓർമ്മപ്പെടുത്തൽ, സ്മരണകളെ തൊട്ടുണർത്തൽ. "പ്രേമം" പുറത്തിറങ്ങി ഒരു ദിവസം ഫേസ്ബുക്കിൽ ഒരു പോസ്റ്റുവന്നു. പ്രേമത്തെ വിമർശിച്ചുകൊണ്ട്. കാലടി, സംസ്കൃതസർവ്വകലാശാലയിലെ മലയാളം ഗവേഷണ വിദ്യാർത്ഥി റഫീക്കാണ് പോസ്റ്റിട്ടിരിക്കുന്നത്. ടിയാൻ പറയുന്നത് "പ്രേമത്തിൽ യു.സി.യെ ചിത്രീകരിച്ചതു ശരിയായില്ല എന്നും ക്യാമ്പസ് ചിത്രങ്ങളൊക്കെ തല്ലിപ്പൊളിയാണെന്നുമാണ്." (സംസ്കൃതസർവ്വകലാശാലയിൽ സിനിമ ചിത്രീകരിക്കാത്തതിന്റെ കുശുമ്പാണോ ഇത് ?) ഏതോ ഹതഭാഗ്യനായ യൂസിയൻ (നിങ്ങൾക്കു താത്പര്യമുണ്ടെങ്കിൽ അയാളെ അൻസിഫ് സി അബു എന്നുവിളിക്കാം) പ്രസ്തുത പോസ്റ്റ് വെല്ലുവിളിച്ച ചെയ്തു. ഒരു യുസിയന് ചെയ്യാൻ കൊള്ളാവുന്ന കാര്യമാണോ ഇത് ? ഈ ഹതഭാഗ്യനെ ഉപദേശിച്ചു നേരെയാക്കാൻ ശ്രമിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു.

ആരംഭം എന്താണെന്ന് ചിന്തിച്ചുനോക്കാവുന്നതാണ്. എന്തിന്റെ ആരംഭം? ബദലുകൾ, ഇടപെടലുകൾ ഉയർത്തിക്കൊണ്ടുവരുന്ന അല്ലെങ്കിൽ അത്തരമൊരു പ്രക്രിയ സാധ്യമാക്കുന്ന എല്ലാ ക്യാംപസുകളുടേയും ചുവരുകളിൽ പതിവായി പ്രത്യക്ഷപ്പെടുന്ന "സദുദ്ദേശ്യ" പരമായ ഒരു വാചകമുണ്ട്, 'രാഷ്ട്രീയം നിർത്തൂ, സൗഹൃദം ആരംഭിക്കൂ" (Stop politics, being friends) അല്ലെങ്കിൽ ഇതിനു സമാനമായ മറ്റു ചില വാചകങ്ങൾ. IDEOLOGY എന്ന വാക്കിനെപ്പറ്റി പഠിക്കുമ്പോൾ മനസിലാവുന്ന ഒന്നുണ്ട്. വഴിതെറ്റിക്കുന്ന ആശയങ്ങളുടെ കൂട്ടത്തെ IDEOLOGY കൊണ്ട് അർത്ഥമാക്കിയിരുന്നു. അല്ലെങ്കിൽ ആധിപത്യം പുലർത്താനായി മാത്രം ഉപയോഗിക്കുന്ന ഒന്നായി അതിനെ കണ്ടിരുന്നു. ക്യാംപസുകൾക്ക് അകത്തും പുറത്തും സംഭവിക്കുന്ന രാഷ്ട്രീയം എന്ന വാക്കിന്റെ അർഥപരിണാമങ്ങൾ ചിന്തിച്ചുനോക്കുമ്പോൾ എത്രമാത്രം സങ്കീർണമായ പ്രശ്നത്തിലാണ് അകപ്പെട്ടിരിക്കുന്നത് എന്ന് മനസിലാവും.

ബി.ജെ.പി യുടെ നേതൃത്വത്തിലുള്ള NDA ഗവൺമെന്റ് അധികാരത്തിലെത്തി വൈകാതെ തന്നെ പരിസ്ഥിതി സംഘടനകൾ വികസനത്തിനു വിലങ്ങു തടിയാണെന്ന "കരുത്തുറ്റ" നിരീക്ഷണം നടത്തി. (ലളിതമായി പറഞ്ഞാൽ രാഷ്ട്രീയം പറയരുത് എന്നു സാരം). വൈകാതെ തന്നെ ഭൂമിയേറ്റെടുക്കലും (land acquisition) ട്രേഡ് യൂണിയൻ സംബന്ധിയായ നിയമനിർമ്മാണങ്ങളും ഊർജ്ജിതമായി ആരംഭിച്ചു. ഇവയെല്ലാം വളരെ വ്യക്തമായി അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ തീർത്തും നിശബ്ദമായി സംഭവിക്കുന്ന ചില മാറ്റങ്ങളെ അടയാളപ്പെടുത്തുന്നതിൽ

ഞങ്ങൾക്ക് ചോദിക്കാനുള്ളത്...
അടങ്ങിയൊതുങ്ങി
ജീവിക്കുന്നിടത്താണ്
സുരക്ഷിതത്വം, എന്ന
ആണധീശത്വത്തിന്റെ ബോധം
ജീവിതത്തിന്റെ
ആപ്തവാക്യമാക്കി
സ്വീകരിച്ച പെണ്ണുങ്ങളോട്,
ഞങ്ങൾക്ക് ചോദിക്കാനുള്ളത്...

അജ്ഞത പുലർത്തുകയോ തിരിച്ചറിയുന്നതിൽ പരാജയപ്പെടുകയോ ചെയ്യുന്നുണ്ട്.

FTII യുടെ തലപ്പത്ത് ഗജേന്ദ്ര ചൗഹാൻ നിയമിതനാവുന്നു. പഴയ മഹാഭാരതം സീരിയലിൽ യുധിഷ്ഠിരന്റെ വേഷം ചെയ്തതും ചില സോഫ്റ്റ്പോൺ സിനിമ പടങ്ങളിൽ വില്ലൻവേഷം ചെയ്തതുമാണ് ഇദ്ദേഹത്തിന്റെ യോഗ്യത. ഇത്തരം അയോഗ്യതകളെ തിരിച്ചറിയുവാൻ എളുപ്പമാണ്. എന്നാൽ നിങ്ങളുടെ മേശപ്പുറത്തെ ചേതൻഭഗത്തിലും പൗലോ കൊയ്‌ലോയിലും ഡാൻ ബ്രൗണിലും ലാപ്ടോപ്പിൽ സ്ക്രീൻ സേവറായി സെറ്റു ചെയ്തിരിക്കുന്ന motivational quotations ലും എന്താണു പ്രശ്നം?

വികസിത മുതലാളിത്ത (Advanced capitalist) സമൂഹത്തിൽ തൊഴിലാളി വർഗം സ്വേച്ഛയാൽ ബന്ധിതനാവുന്നു എന്നു ഗ്രാംഷി നിരീക്ഷിക്കുന്നു. ഉല്പാദന ഉപാധികളാൽ സാധ്യമാകുന്ന കെട്ടു കാഴ്ചകളാൽ തങ്ങളുടെ അവസ്ഥയെ മനസിലാക്കുന്നതിൽ അവർ പരാജയപ്പെടുന്നു. ഹെജിമണിയും മാർക്സിസ്റ്റ് നിർവചന പ്രകാരമുള്ള അധികാര സങ്കല്പനവും ചേർത്തുവച്ചു വായിക്കുമ്പോൾ തെളിയുന്ന നിരീക്ഷണമാണിത്. എന്തരത്തിലാണ് ഇത്തരമൊരു നിരീക്ഷണം സാധുവാകുന്നത്?

രൺബീർ കപൂറിനെ ശ്രദ്ധിക്കുക. ബോളിവുഡിന്റെ കച്ചവടതന്ത്രങ്ങൾക്ക് പറ്റിയ ഒരു നടൻ. അതിനുമപ്പുറം കടന്നാൽ, രൺബീർ കപൂറിന്റെ കഥാപാത്രങ്ങളെ ശ്രദ്ധിച്ചാൽ മനസിലാവുന്ന ഒന്ന് angry young man എന്ന സങ്കല്പത്തിന്റെ പുതിയ രൂപമാണത് എന്നാണ്. young man ഇപ്പോഴും സജീവമാണ്. പക്ഷേ അയാൾ 'Angry' അല്ല, angry birds കളിക്കുന്ന Pleasent youngman ആണ്. നമ്മുടെ ദുൽഖർ സൽമാനും നിവിൻ പോളിയും ബിഗ്സ്ക്രീനിൽ അനശ്വരമാക്കുന്നത് അത്തരമൊരു അവസ്ഥയെയാണ്. വിപ്ലവങ്ങളോ ബദലുകളോ സാധ്യമാക്കാതെകൊണ്ട് ആഗ്രഹത്തിന്റെ, സ്വപ്നത്തിന്റെ അദമ്യമായ, മായികമായ ശക്തിയാൽ വിജയം കൊയ്തെടുക്കുന്ന, നിധി കൈക്കലാക്കുന്ന ഇടയബാലൻ (ആൽക്കെമിസ്റ്റ്) പല രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. അഥവാ വ്യക്തിപരതയിലേക്ക് മനോഹരമായൊരു കൂടുമാറ്റം.

സംഘടിതമായ രാഷ്ട്രീയ പോരാട്ടങ്ങളോട് വിമുഖത കാണിക്കുമ്പോഴും വ്യക്തിപരമായ അവകാശങ്ങൾ നേടിയെടുക്കുന്നതിൽ ഒരു സമൂഹം പുലർത്തുന്ന ജാഗരൂകത അത്യന്തം അപകടകരമായ ഒന്നാണ്. (ഈയൊരർത്ഥത്തിൽ ചുംബനസമരം ഹൈജാക്ക് ചെയ്യപ്പെട്ടു) വികസനത്തെക്കുറിച്ച് ഇന്ത്യൻ ജനത ഇതിനുമുൻപ് ഇത്രയധികം പരിഗണനയോടെ ചിന്തിച്ചിരുന്നു എന്നു കാണുവാനാവില്ല. വികസനം മുഖ്യധാരാ സാമ്പത്തിക ശാസ്ത്രത്തിന്റെ ഭാഷയിൽ GDP യിലെ വർധനവാണ്. GDP യെ ഒരു കേക്കിനോട് ഉപമിക്കുന്നു. കൂടുതൽ വലിയ കേക്ക് ആണെങ്കിൽ നിങ്ങൾക്കു കിട്ടുന്ന കഷണവും വലുതായിരിക്കും. വലിയ കഷണം സ്വന്തമാക്കുവാനുള്ള ത്വര - മധ്യവർഗ ബോധത്തിന്റെ വളർച്ചയാണ് വികസന സംവാദത്തെ ചൂടേറിയ ഒന്നാക്കി മാറ്റുന്നത്.

പൊതുമേഖല സ്ഥാപനങ്ങൾ കഴിവുകെട്ടതും പിടിപ്പുകേട് നിറഞ്ഞതുമാണെന്ന പൊതുബോധത്തിനു ഔദ്യോഗിക തലത്തിൽനിന്നു ലഭിക്കുന്ന അംഗീകാരമാണ് റെയിൽവേയുടെ ഉദാരവത്കരണ നടപടികൾ. കേരളത്തിലെ UDF Govt ഉം ഇതേ യുക്തിക്കു കീഴ്പ്പെടുന്നതിന്റെ, ജനങ്ങൾ അതിനെ അംഗീകരിക്കുന്നതിന്റെ ഉദാഹരണമാണ് ഇത്തവണത്തെ SSLC ഫലപ്രഖ്യാപനം സംബന്ധിച്ച വാർത്തകൾ. CBSE കുട്ടികൾ നേടിയ വിജയശതമാനവും കേരളത്തിൽ SSLC വിജയശതമാനവും താരതമ്യം ചെയ്യുക. എന്താണ് ആരും CBSE യെ ചീത്ത വിളിക്കാത്തത് ? കേരളത്തിലെ സാധാരണക്കാരിൽ സാധാരണക്കാരായ കുട്ടികൾ പത്താംതരം പാസാവുന്നത് തെറ്റാണോ ? അതോ അവർക്ക് അതിനുള്ള യോഗ്യത ഇല്ലെന്നാണോ?

വിൽഹെം റീഹ്, mass psychology of fascism എന്ന പുസ്തകത്തിൽ പറയുന്നു. ഫാസിസം ജനങ്ങളിൽ അടിച്ചേൽപ്പിക്കുകയല്ല ജനങ്ങൾ സ്വീകരിക്കുകയാണ് പ്രത്യയശാസ്ത്രപരമായ ആധിപത്യത്തിന്റെ (Hegemony) കാര്യവും വ്യത്യസ്തമല്ല. "രാഷ്ട്രീയം പറയരുത്"

എന്ന ബോർഡ് ഓരോ വ്യക്തിയിലും തെളിയുകയും അതേസമയം വികസനത്തെക്കുറിച്ച് കാഴ്ചപ്പാട് വെച്ചു പുലർത്തുകയും ചെയ്യുന്നു. വികസനം രാഷ്ട്രീയ മുക്തമാണെന്നാണോ അർത്ഥമാക്കുന്നത്? രാഷ്ട്രീയത്തെ സംബന്ധിച്ച ധാരണകൾ അപകടകരമാംവിധം ചുരുങ്ങുകയാണിവിടെ. അധികാരത്തെ സംബന്ധിച്ച ധാരണകൾ വികലമാണെന്നത് ആർക്കാണു ഗുണം ചെയ്യുക?"

ലോകമഹായുദ്ധാനന്തരം പ്രതീക്ഷകൾ നശിച്ച ജർമനിയിലേക്ക് വികസനത്തിന്റെ പെരുമയുമായാണ് ഹിറ്റ്ലർ കടന്നുവന്നതും നാസിസത്തെ പ്രയോഗതലത്തിൽ ഒരു യാഥാർത്ഥ്യമാക്കിയതും. രാഷ്ട്രീയത്തെ കേവലം കക്ഷി രാഷ്ട്രീയമായി ചുരുക്കിക്കൊണ്ടും അധികാരത്തിന്റെ സൂക്ഷ്മഭാവങ്ങളെ അവഗണിച്ചുകൊണ്ടും വളർന്നുവരുന്ന മധ്യവർഗ മനസ്ഥിതി നിലനിൽക്കുന്ന പ്രത്യയശാസ്ത്രപരമായ മേധാവിത്വത്തെ അല്ലെങ്കിൽ Hegemony യെ അംഗീകരിക്കുകയാണ്. ഇവിടെ പരിഗണിക്കേണ്ട പ്രധാന വിഷയം ബദലുകൾ, സാധ്യമാകുന്നത് ഒറ്റപ്പെട്ട വ്യക്തികളിലൂടെയല്ല എന്നതാണ്. സംഘടിതമായ ഇടപെടലുകൾ ഹിംസയാണെന്ന പൊതുബോധം ശക്തമാവുന്നത് ആധിപത്യശക്തികൾ പൗരസമൂഹത്തിനെ ഫലപ്രദമായി വഴിതെറ്റിക്കുന്നതിന്റേയും, ഇടപെടലുകളെ ഭയക്കുകയും അതിനെ ഒഴിവാക്കാൻ ശ്രമിക്കുന്നതിന്റേയും തെളിവാണ്. രാഷ്ട്രീയം അവസാനിപ്പിച്ച്. സൗഹൃദങ്ങൾ ആരംഭിക്കുമ്പോൾ സൗഹൃദങ്ങളുടെ രാഷ്ട്രീയത്തെ അവഗണിച്ചു തുടങ്ങുകയാണ്. അധികാരത്തിന്റെ സമഗ്രതയെ, അതിന്റെ സൂക്ഷ്മഭാവങ്ങളെ അവഗണിച്ചുകൊണ്ട് എങ്ങനെയാണ് സൗഹൃദത്തെ മനസിലാക്കാനാവുക.




Ref:

(1) Gramsci's Political thought. Joseph Femina

(2) ഗ്രാംഷിയൻ വിചാരവിപ്ലവം: പി ഗോവിന്ദപിള്ള, ഇ.എം.എസ്

(3) Mass psychology of facism. wilheim Reih



എല്ലാവിധ അസുഖങ്ങൾക്കും
മർമ്മസ്ഥാനങ്ങൾ ഉത്തേജിപ്പിച്ച് രോഗശമനം
വരുത്തുന്ന ചികിത്സാ സമ്പ്രദായം ലഭ്യമാണ്.



മരുകല, രാവണ ബാദ്ധ, അടിതട മുറ പരിശീലിപ്പിക്കുന്നു

M.K ആശാൻ

സ്മാരക പാരമ്പര്യ മർമ്മചികിത്സാ കേന്ദ്രം

വാച്ചാക്കൽ, എടവനക്കാട്, വൈപ്പിൻ CONTACT: 9656 347 878

# പൊട്ടകിണറ്റിലെ തവള



ജിഷ്ണു കെ മനോജ്
രണ്ടാം വർഷ മനഃശാസ്ത്ര ബിരുദം

തവള ഓടുകയായിരുന്നു. ഭാഷാ വിദഗ്ധർ ഒരുപക്ഷെ ഈ പ്രയോഗം നിരസിക്കുമായിരിക്കും. എങ്കിലും, ഇവിടെ ഇങ്ങനെയാണ്. കാരണം അക്ഷരാർത്ഥത്തിൽ തവള ഓടുക തന്നെയായിരുന്നു. മരണത്തിൽ നിന്നുമുള്ള പ്രയാണം, അതിനാൽതന്നെ വേഗത നിർണയിക്കാനാവുന്നതിലും അപ്പുറമാണ്. ശാസ്ത്രം അജ്ഞാതമാക്കിയവരുടെ പ്രവേഗകണക്ക് വെച്ച് നോക്കുമ്പോൾ 141 നോട്ടിക്കൽ മൈൽ വേഗത. രക്ഷപ്പെട്ടത് എങ്ങനെയാണെന്ന് ഇപ്പോഴും ചിന്തിക്കാൻ സാധിക്കുന്നില്ല. ഒരുപക്ഷെ ഇതൊരു സ്വപ്നമാണെങ്കിലോ?

തവള ഒരടികൂടി മുന്നോട്ട് ഓടി, പെട്ടെന്ന് തന്നെ നിന്നു. അല്ല, സ്വപ്നമല്ല. കിതക്കുന്നുണ്ട്. യാഥാർത്ഥ്യവും, മിഥ്യയും തിരിച്ചറിയാൻ കഴിയാത്ത മനശാസ്ത്രത്തിലെ 'ഹാലൂസിനേഷൻ' പോലെ തവളയ്ക്കപ്പോൾ തോന്നിയിരുന്നു.

കിതപ്പിന്റെ ശക്തി ഓരോ സെക്കൻഡിലും കൂടിക്കൂടി വന്നു. അതനുസരിച്ച് പുറത്തേക്ക് തള്ളി നിൽക്കുന്ന വയർ ഉള്ളിലേക്കു വലിഞ്ഞു. പിന്നെയും പുറത്തേക്ക് തള്ളി അത് ആവർത്തിച്ചുകൊണ്ട് ഒരു താളം ഉണ്ടാക്കിക്കൊണ്ടിരുന്നു. കുറച്ച് മുൻപ് കഴിഞ്ഞ നിമിഷങ്ങൾ ഓർമ്മിച്ചെടുക്കാൻ തവള ശ്രമിച്ചുകൊണ്ടിരുന്നു.

പാടവരമ്പത്ത് വെറുതെ ഇരിക്കുകയായിരുന്നു താൻ എന്നത് ചിന്തിച്ചു. ഒരു 'സൂപ്പർ സോണിക്' വിമാനം പോലെ തലക്ക് മുകളിലൂടെയുള്ള ഇരമ്പൽ കേട്ടാണ് തിരിഞ്ഞത്. പാടവരമ്പിൽ പാറിക്കളിക്കുന്ന പാർട്ടി കൊടിക്ക് മുകളിലൂടെ വിശാലമായ ചിറക് വിടർത്തിക്കൊണ്ട് വരുന്ന ഒരു കരിനിഴൽ. സൂക്ഷിച്ച് നോക്കിയപ്പോൾ ഒന്നുകൂടെ കണ്ടു....തന്നെ ലക്ഷ്യം വെച്ച് പറന്നടുക്കുന്ന രണ്ട് ചെഞ്ചോരകണ്ണുകൾ, വരിഞ്ഞുമുറുക്കാൻ തിടുക്കം കൂട്ടുന്ന കാൽനഖങ്ങൾ...

ശരീരത്തിലൂടെ ഒലിച്ചിറങ്ങിയ വിയർപ്പുതുള്ളി നിലം പതിച്ചപ്പോഴാണ് തവള ഓർമയിൽ നിന്ന് ഉണർന്നത്. 'തവളകൾ വിയർക്കുമോ......?' ആ.......ആവോ...പക്ഷെ ഇത്തരം ഒരു സന്ദർഭത്തിൽ ഏത് തവളയും ഒന്ന് വിയർത്തുന്ന് വരും, അമ്മാതിരി ഓട്ടമല്ലേ ഓടിയത്. ഒരു ദീർഘശ്വാസം വലിച്ചു വിട്ടതിനുശേഷം തവള പരിസരമൊന്ന് വീക്ഷിച്ചു. ഓടുന്ന ഓട്ടത്തിനിടയിൽ എവിടെയാണെന്നുപോലും നോക്കാൻ സാധിച്ചില്ല. തനിക്കൊട്ടും പരിചയമില്ലാത്ത ഇടമാണ്. ചുറ്റും കാട് പിടിച്ചുകിടക്കുന്നു. അതിനിടയിലൂടെ വളഞ്ഞ് പുളഞ്ഞ് കിടക്കുന്ന ഒരു ഒറ്റയടിപ്പാത, പകുതിയിൽവച്ച് പുല്ലും ചെടികളും നിറഞ്ഞ് മാഞ്ഞ് തുടങ്ങിയിരിക്കുന്നു.

ഇപ്പോൾ വന്നവഴി തിരിച്ച് പോകുന്നത് ഉചിതമല്ല. മരണം അവിടെ നഖം മിനുക്കി ഇരിക്കുന്നുണ്ടാവും. മുന്നോട്ട് തന്നെ. ഒന്ന്, രണ്ട്, മൂന്ന്, നാല്...തവള എണ്ണം വച്ച് ചാടി. അഞ്ച് ചാടിതീർന്നില്ല. തനിക്ക് മുന്നിലുള്ള ആ വലിയ വിടവിനെ ആ പാവം ശ്രദ്ധിച്ചിരുന്നില്ല. അഞ്ചാം ചാട്ടം അവസാനിച്ചത് ഏതാനും മിനിട്ടുകൾക്ക് ശേഷമാണ്.

ഞങ്ങൾക്ക് ചോദിക്കാനുള്ളത്...
എല്ലാ കാലത്തുമിങ്ങനെ
പെണ്ണുങ്ങളെ ഭരിച്ചും,
ആണത്തം തെളിയിച്ചും
ചരിത്രത്തെ
തെറ്റിദ്ധരിപ്പിക്കാമെന്ന്
കരുതിയിരിക്കുന്ന
ആണുങ്ങളോട്,
ഞങ്ങൾക്ക് ചോദിക്കാനുള്ളത്...

ആ സമയം മുഴുവൻ താൻ ശൂന്യതയിലായിരുന്നുവെന്ന് തവള തിരിച്ചറിഞ്ഞില്ല. കാരണം തനിക്ക് ചുറ്റും ഇരുട്ട് മാത്രമായിരുന്നു. തലക്ക് നല്ല വേദനയുണ്ട്. എന്ത് സംഭവിച്ചു എന്ന് വ്യക്തമല്ല. ചുറ്റും കറങ്ങുന്നപോലെ. തവള വിറയ്ക്കുന്ന മെയ് ശരിയാക്കാൻ ശ്രമിച്ചു. അടുത്ത് കിട്ടിയ കാട്ടുചെടിയുടെ തണ്ടിൽ ചാരിയിരുന്ന് നോക്കി. കുറച്ച് മുൻപ് വിശാലമായി പരന്ന് കിടന്നിരുന്ന ആ സ്ഥലം ഇപ്പോൾ തനിക്ക് മുന്നിൽ വട്ടത്തിൽ കല്ലുകൾകൊണ്ട് ഒരു മറ തീർത്തിരിക്കുന്നു. ഒന്ന് ചാടിനോക്കാൻ ആഗ്രഹമേറെ ഉണ്ടായിരുന്നെങ്കിലും വേദന അതിന് വിലങ്ങിട്ടു. തല പതുക്കെ പൊക്കിനോക്കി. അപ്പോഴാണ് കാര്യം മനസ്സിലായത്, താനിപ്പോൾ സമപരപ്പിലല്ല, ആഴങ്ങളിലാണ്. ശരിക്കു പറഞ്ഞാൽ പൊട്ട കിണറ്റിൽ. യാഥാർത്ഥ്യം തവളയുടെ തലച്ചോറിൽ വിവരം നൽകുന്നതിനു മുൻപെ അത് ചാടി എഴുന്നേറ്റു. വേദനയൊന്നും അറിഞ്ഞിരുന്നില്ല അപ്പോൾ. എങ്ങനെയും പുറത്ത് കടക്കണം അത് മാത്രമായിരുന്നു അപ്പോഴത്തെ ചിന്ത. സകല ശക്തിയും സംഹരിച്ച് അത് ചാടി. ലോകത്ത് ഒരു തവളയും പൊട്ടക്കിണറ് ചാടി കടന്നിട്ടില്ലെന്നൊന്നും ആ പാവം അപ്പോൾ ചിന്തിച്ചിരിക്കില്ല. നിർത്താതെയുള്ള ആ ചാട്ടം താഴെ നിന്നും വളർന്ന് പൊന്തിയ കാട്ട് ചെടിയുടെ പകുതിയിൽപോലും വന്നിട്ടില്ലെന്ന് അതിന് മനസ്സിലായി. എങ്കിലും ചാട്ടം ആവർത്തിച്ചുകൊണ്ടിരുന്നു. ഒടുവിൽ അവശത അതിനെ പിടികൂടി.നേരത്തെ എവിടെയോ പോയി ഒളിച്ചിരുന്ന വേദന വീണ്ടും തലപൊക്കിതുടങ്ങി. ചാടാൻ പോയിട്ട് ഒന്നനങ്ങാൻ പോലും വയ്യാതെ തവള ആ കിണറ്റിൽ മലർന്നടിച്ച് കിടന്നു. ഒന്നുറക്കെ കരയാൻ, പാവം കൊതിച്ചിട്ടുണ്ടാവും. അല്പം മുൻപേ മരണത്തിന്റെ വായിൽനിന്നും രക്ഷപ്പെട്ടപ്പോൾ, തനിക്കുണ്ടായ ആനന്ദം ഓർത്തപ്പോൾ കരച്ചിലടക്കാൻ കഴിഞ്ഞില്ല. ആ കരച്ചിൽ ഒട്ടഹാസമായി മാറി. അത് തവളയുടെ ഭീതിയെ വീണ്ടും വ്രണപ്പെടുത്തികൊണ്ടിരുന്നു.



കരച്ചിൽ നിർത്തി തവള ആ മണ്ണിൽ മലർന്ന് കിടന്നു. തനിക്ക് മുകളിൽ ആകാശം ഒരു വട്ടംപോലെ കാണുന്നു. നേരം ഇരുട്ടി തുടങ്ങുന്നു എന്ന് അത് മനസ്സിലാക്കി. ഭയാനകമായ നിശബ്ദതയെ ഭേദിച്ചുകൊണ്ട് ചീവിടുകളുടെ ശബ്ദം പൊട്ടക്കിണറ്റിൽ ഒരു ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. അപ്പോഴും നിശബ്ദനായികൊണ്ട് തവള, തനിക്ക് മുകളിലെ വട്ടത്തിലുള്ള ആകാശം നോക്കികൊണ്ട് ആ മണ്ണിൽ മലർന്നടിച്ച് കിടന്നു...

### ചരിത്രം നിന്റെയൊന്നും അപ്പന്റെ വകയല്ല

നിന്റെ മാപ്പേടികളിൽ
വെളിച്ചം കാണിച്ചും,
നിന്റെ വീട്ടകങ്ങൾക്ക്
മാപ്പാട്ടൊരുക്കുവാൻ
ഒറ്റക്കയറിൽ ഊഞ്ഞാലുകെട്ടിയും
ഞങ്ങടെ അപ്പനപ്പൂപ്പൻമാരാണ്
നിന്റെ ചരിത്രമെഴുതിയത്...
എന്നിട്ടും നിങ്ങളെന്തിനാ
ഞങ്ങടെ കറുത്ത പിള്ളേരെ
ചോറിപിടിച്ചവരെന്ന് ചിരിച്ച്
കഴുമരത്തിലേക്ക്
പറഞ്ഞയച്ചത്
നെഞ്ചകത്ത്
വിരൽത്തുമ്പിനോളം പോന്ന
കത്തിമുനകളുമായി
വരുന്നുണ്ട് ഞങ്ങൾ,
കഴുവേറി മക്കളെ
ചരിത്രം നിന്റെയൊന്നും
അപ്പന്റെ വകയല്ലെന്നോർമിപ്പിക്കാൻ...

4G

https://www.kinavalli.co.in

HOME ABOUT CONTACT TWITTER

HOME BUSINESS DOWNLOADS PARENT CATEGORY FEATURED HEALTH UNCATEGORIZED

# നെററ് അസമത്വവും നവമാധ്യമങ്ങളുടെ ജനപ്രിയതയും




ജിബിൻലാൽ എം. യു

ഒന്നാംവർഷ
കമ്പ്യൂട്ടർ സയൻസ് ബിരുദം


ഇന്ത്യയിലെ ഇന്റർനെററ് ഉപയോക്താക്കളുടെ എണ്ണം വലിയ തോതിൽ വർദ്ധിച്ചിരിക്കുകയാണ്. ഏററവും പുതിയ കണക്ക് പ്രകാരം ഇന്ത്യയിൽ 30 കോടിയോളമാണ് ഇന്റർനെററ് ഉപയോക്താക്കൾ. ഓരോ വർഷവും ശരാശരി 20 ശതമാനമാണ് വളർച്ച. ഈ വളർച്ചയ്ക്കകത്ത് വിപണിയുടെ ചില കച്ചവടയുക്തികളും സജീവമാവുന്നുണ്ട്. നവമാധ്യമങ്ങൾക്കകത്ത് ലൈക്കുകൾ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന പ്രക്രിയയെ ഇതിന്റെ തുടർച്ചയായി മാത്രമേ മനസ്സിലാക്കാനാവൂ. പഴയ സൗഹൃദങ്ങളെ തിരിച്ചുപിടിക്കാനും പുതിയ സൗഹൃദങ്ങളെ രൂപപ്പെടുത്താനുമായിരുന്നു സോഷ്യൽ നെററ് വർക്കുകളുടെ വരവ്. എന്നാൽ ഈ കൂട്ടങ്ങൾക്ക് / കൂട്ടായ്മകൾക്ക് അത് മാത്രം മതിയായിരുന്നില്ല. അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും ന്യായാന്യായങ്ങളും ഇഷ്ടാനിഷ്ടങ്ങളും പങ്കുവയ്ക്കാനും അവ ഇടമൊരുക്കി. ലൈക്കുകളും കമന്റുകളും നമ്മുടെ ജീവിതാനുഭവങ്ങളുടെ ഭാഗമായി മാറി. ഈ സംവാദങ്ങളുടെ ഇടമാവട്ടെ പെട്ടെന്ന് ജനപ്രിയമാവുകയും ചെയ്തു. അതോടെ സിനിമ മുതൽ മയക്കുമരുന്നുവരെ എന്തും പ്രദർശിപ്പിക്കുകയും വിൽക്കപ്പെടുകയും ചെയ്യുന്ന ഒന്നായി ഈ 'പൊതു' ജനപ്രിയ ഇടം മാറി. ഇതിന്റെ അടിയടരുകളിലാവട്ടെ പൊതു ഇടത്തിലെ വർണ്ണ-വർഗ്ഗ-ജാതി-ലിംഗ വിഭജന-ങ്ങളെല്ലാം സജീവമായി നിലനിൽക്കുയും ചെയ്തു. അതുകൊണ്ട് തന്നെ പ്രത്യയശാസ്ത്രരഹിത-രാഷ്ട്രീയ നിരപേക്ഷമായ ഒന്ന് എന്ന നിലയിൽ സൈബർ ഇടത്തെ മനസ്സിലാക്കാനാവില്ല. നെററ് ന്യൂട്രാലിററിയെ സംബന്ധിച്ച ചർച്ചകളും ഈ സാഹചര്യത്തിലാണ് ഗൗരവമാവേണ്ടത്.

ലോകത്തിലെ ഏററവും വലിയ സോഷ്യൽ മാധ്യമമായ ഫെയ്സ്ബുക്കിന്റെ സി.ഇ.ഒ. മാർക്ക് സുക്കർബർഗ് അടുത്ത് ഇന്റർനെററ് മൗലികാവകാശമാവുന്ന കാലത്തെക്കുറിച്ച് ഒരു പ്രസ്താവന നടത്തിയിരുന്നു. ഇതിന്റെ തുടർച്ച മാത്രമായിരുന്നു ലോകത്ത് മുഴുവൻ സൗജന്യ ഇന്റർനെററ് എത്തിക്കാനെന്ന പേരിൽ ഫേസ്ബുക്ക് ഡോട്ട് ഓർഗ് എന്ന പദ്ധതി. ഒററനോട്ടത്തിൽ സമത്വസുന്ദരമായ പ്രസ്താവനയെന്നോ പദ്ധതിയെന്നോ ഇതിനെക്കുറിച്ച് തോന്നിയേക്കാം. ദുർബലരായ ഒരു ജനതക്ക് വിവിധ ടെക്നോളജി കമ്പനികളുടെ കൺസോർട്ടിയം വഴി നെററ് എത്തിക്കുവാനുള്ള ബൃഹത്പദ്ധതി എന്ന പേരിലാണ് ഈ പദ്ധതി ഇപ്പോൾ പ്രശസ്തിയാർജ്ജിച്ചിരിക്കുന്നത്. ഇന്ത്യയിൽ റിലയൻസുമായി ചേർന്നാണ് ഫേസ്ബുക്ക് ഡോട്ട് ഓർഗ് ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്. ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വെബ്സൈററുകൾക്ക് റിലയൻസിന് പണം നൽകുന്നത് ഫേസ്ബുക്കായിരിക്കും. സൗജന്യമല്ലാത്ത വെബ്സൈററുകളുടെ പണം ഉപഭോക്താക്കൾ നൽകണം. പെയ്ഡ് സൈററുകളുടെ വിലയും, വേഗതയുമെല്ലാം തീരുമാനിക്കുന്നത് ഓപ്പറേറ്റർമാരായിരിക്കും. നെററ് ന്യൂട്ട്രാലിററി എന്ന അവകാശം

ഞങ്ങൾക്ക് ചോദിക്കാനുള്ളത്...

വലിയ സമരത്തിന്റെ ചരിത്രങ്ങൾ പഠിപ്പിക്കുകയും ക്യാംപസിൽ സമരങ്ങളുണ്ടാവുമ്പോൾ സിദ്ധാന്തങ്ങളിലൊളിക്കുകയും ചെയ്യുന്ന അധ്യാപകരോട് ഞങ്ങൾക്ക് ചോദിക്കാനുള്ളത്...

ഇവിടെ അവസാനിക്കുകയാണ്. സൗജന്യ വെബ്സൈററുകളുടെ വേഗത കുറച്ചും പെയ്ഡ് സൈററുകൾ വേഗത്തിൽ നൽകിയും അവർ ഉപഭോക്താവിനെ പിഴിയുകയും ചെയ്യും.



ഇന്ത്യയിൽ അടുത്തകാലത്ത് ഏററവും കൂടുതൽ ഉയർന്നുവന്ന മേഖലയാണ് ഐ.ടി. അധിഷ്ഠിത സ്റ്റാർട്ട് ആപ് സ്ഥാപനങ്ങൾ. സ്മാർട്ട് ഫോൺ അധിഷ്ഠിതമായി നിർമ്മിക്കുന്ന ആപ്ലിക്കേഷനുകൾ ഇത്തരം സ്ഥാപനങ്ങളെ സജീവമാക്കിയിട്ടുമുണ്ട്.ഫ്ളിപ്കാർട്ടും റെഡ് ബസും എല്ലാം ഉദാഹരണം. ഇനി അങ്ങനെയൊരു വിജയഗാഥ ഉണ്ടാവുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. (വരിക്കാരായ ഒരു ഉപയോക്താവ് ഉപയോഗിക്കുന്ന ഡാററക്കതിഷ്ഠിതമായി വിലയീടാക്കേണ്ട സേവനദാതാവ് തങ്ങളിലൂടെ നൽകുന്ന ഡാററകൾ മാത്രം ഉപയോഗിക്കണം എന്ന് ഉപയോക്താവിനെ നിർബന്ധിക്കുകയും അതിലൂടെ സ്വതന്ത്രമായ ഒരിടത്തിൽ തികഞ്ഞ പക്ഷപാതിത്വം കാണിക്കുകയും ചെയ്യുന്ന അവസ്ഥയാണല്ലോ നെററ് അസമത്വം (net discrimination) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്).സാമ്പത്തികമായി ചെറിയ നിലയിൽ തുടങ്ങുന്ന റെഡ്ബസ് പോലെയുള്ള സ്ഥാപനങ്ങൾക്ക് ഒരു ടെലികോം ദാതാവിന്റെ പ്ലാററ്ഫോമിൽ പണം മുടക്കി അംഗമാവാൻ കഴിയില്ല. ചുരുക്കിപ്പറഞ്ഞാൽ ആലുവയിൽ നിന്നോ യു.സി. യിൽ നിന്നോ ഇനിയൊരു ഫേസ്ബുക്ക് ഉണ്ടാവില്ലെന്ന് സാരം.അമേരിക്കയിലും മററും നടപ്പിലാക്കാൻ ശ്രമിച്ചു പരാജയപ്പെട്ട പല പദ്ധതികളും ഇതിന്റെ അടിയടരുകളിലൂടെ ഇന്ത്യനവസ്ഥയിലേക്കെത്തുന്നുണ്ട് എന്നതാണ് വാസ്തവം. ഇതിനെതിരെയുള്ള ചെറുത്തുനിൽപ്പുകളും സജീവമാവേണ്ടതുണ്ട്. ഓൺലൈൻ സമൂഹം എന്ന പോലെ പൊതുസമൂഹവും ഈ വിഷയത്തിൽ ഇടപെടേണ്ടതുണ്ട്. സ്വതന്ത്രമായ തുറന്ന ഇന്റർനെററ് ലഭ്യമാവുന്ന ഒരു കാലഘട്ടത്തിലേക്കുള്ള പോരാട്ടത്തിന്റെ ആക്കം കൂട്ടാൻ പൊതുസമൂഹത്തിന്റെ ഇടപെടൽ കൊണ്ട് സാധിച്ചേക്കും എന്ന ഘട്ടത്തിലെങ്കിലും .



**Dr Ruby Elsa Jacob**
**Department of Hindi**
**Secured Sahithya Puraskar 2015 For Her Research Work**

ıl 4G

https://www.kinavalli.co.in

HOME ABOUT CONTACT TWITTER

HOME BUSINESS DOWNLOADS PARENT CATEGORY FEATURED HEALTH UNCATEGORIZED

**സ്ഥലം : ഹോസ്റ്റൽ, റൂം നമ്പർ : 42 (കൃത്യമായി പറഞ്ഞാൽ എന്റെ കട്ടിലിൽ)**

**സമയം : 9.35 AM**

തലേദിവസം ഉണ്ടായ ഒരു വഴക്കിന്റെ ഹാങ്ങ്ഓവറിൽ കുത്തി ഇരുന്ന് നേരം വെളുപ്പിച്ച്, എപ്പോഴാണാവോ പോയി കിടന്നുറങ്ങിയത്. എഴുന്നേററത് അഫ്രിന്റെ ഫോൺകോൾ കേട്ടിട്ടാണ്. "സഖാവേ, കല്യാണത്തിന് പോകുന്നില്ലേ...?" കേട്ടതും ഞെട്ടിയതും ഒരുമിച്ചാണ്. സുഹൃത്തിന്റെ വിവാഹത്തിന് പോകണം എന്ന് വിചാരിച്ചതാണ്. ഞാൻ തിടുക്കത്തിൽ ഫോൺ കട്ട് ചെയ്ത് സമയം നോക്കി 9.35. എന്തായാലും ഇത്രയും സമയം ആയി. നോക്കിയപ്പോൾ കുറെ വാട്ട്സ് ആപ് മെസേജുകൾ, എല്ലാം ഒററ നോട്ടത്തിൽ വായിച്ചു തീർത്തു, ഒരിടത്ത് കണ്ണ് ഉടക്കി. സച്ചിന്റെ ഒരു ഗ്രൂപ്പ് മെസേജ് ആണ് "Kalyanathinu varunna sagakkal elavarum sharp 10.30 to 10.45 timenullil Alva privte standil ethuka" കിട്ടിയ സമയം കൊണ്ട് കുളിച്ചൊരുങ്ങി പേഴ്സും ചീപ്പും ഫോണുമെടുത്ത് പുറത്തിറങ്ങി, വീണ്ടും ഒരിക്കൽ കൂടി ഉള്ളിലേക്ക് കയറി കിട്ടിയ ചില്ലറത്തുട്ടുകൾ ജീൻസിന്റെ ബാക്ക് പോക്കററിലിട്ടു. ഷഹീദിന്റെ ബൈക്കിന്റെ പിന്നിലിരുന്ന് സ്റ്റാന്റിലേക്ക് വച്ച് പിടിച്ചു.

**സ്ഥലം : Rajiv Gandhi BusTerminal**

**സമയം : 10.48 AM**

അവിടെ ആരെയും കാണാതെ ഞാൻ ആ വാട്ട്സ് ആപ് ഗ്രൂപ്പിൽ ഇങ്ങനെ കുറിച്ചു.

"Da Sachinei ni evdeyaaa" മറുപടി കിട്ടിയില്ല എന്നാലും ഒന്ന് വെയ്ററ് ചെയ്ത് നോക്കാം എന്ന് തീരുമാനിച്ചു.

**സ്ഥലം : മാററമില്ല! അവിടെ തന്നെ നിൽപാണ്**

**സമയം : 11.07 AM**

അവരാരും സ്റ്റാന്റിലേക്ക് ഉണ്ടാവില്ല എന്ന് ഉറപ്പായി, കിട്ടുന്ന ബസിൽ കയറി കല്യാണത്തിന് പോകാം എന്ന് തീരുമാനിച്ചു. പെട്ടെന്ന്..., പിന്നിൽ നിന്ന് ആരോ എന്റെ കാലിൽ തൊട്ടത് പോലെ തോന്നി. ആ സ്പർശനം കൈകൾ കൊണ്ടായിരുന്നില്ല. കണ്ണുകൾ കൊണ്ടായിരുന്നു . കാരണം, ഞാൻ പിന്നിലേക്ക് നോക്കുമ്പോൾ കാണുന്നത് അത്രയും തീക്ഷണമായ ഒരു നോട്ടമായിരുന്നു. ഏതൊരു കഠിന ഹൃദയനെയും അലിയിക്കുന്ന ഒരു നോട്ടം. ഇത്രമാത്രം തീക്ഷ്ണമായ നോട്ടം ഞാൻ അപൂർവ്വമായി മാത്രമേ കണ്ടിട്ടുള്ളൂ. ആ നോട്ടം അഞ്ചോ, ആറോ വയസു തോന്നിക്കുന്ന ഒരു കൊച്ചുകുട്ടിയിൽ നിന്നായിരുന്നു എന്നത് വിശ്വസിക്കാൻ അൽപം ബുദ്ധിമുട്ടേണ്ടി വന്നു. വളരെ മുഷിഞ്ഞ്, ചെളിപുരണ്ട്, അങ്ങിങ്ങായി കീറിയ, ഒരു കുട്ടി ഷർട്ടും, കുട്ടി പാന്റ്സും ധരിച്ച ആ ശരീരം, ചേട്ടാ, ഭക്ഷണം കഴിക്കാനാണ് വല്ലതും തരണെ എന്ന്

## "എരപ്പനും" ഒരു "ശരി"യായിരുന്നു; ന്യൂനപക്ഷത്തിന്റെ ശരി



ജോബിൻ. സി. വത്സൻ
രണ്ടാം വർഷ ഇംഗ്ലീഷ് ബിരുദം

ഞങ്ങൾക്ക് ചോദിക്കാനുള്ളത്...
ആണും പെണ്ണും
ഒരുമിച്ചിരുന്നാൽ
അശുദ്ധമാവുന്ന ക്യാപസുകളെ
വിഭാവനം ചെയ്തവരോട്,
നാലുമണി കഴിഞ്ഞ്
ക്യാംപസിൽ കാണുന്ന
പെൺകുട്ടികളെ
കണ്ണുരുട്ടിപേടിപ്പിക്കാൻ
സെക്യൂരിറ്റികളെ നിയമിച്ചവരോട്
ഞങ്ങൾക്ക് ചോദിക്കാനുള്ളത്...

ആംഗ്യം കൊണ്ട് മാത്രം പറഞ്ഞൊതുക്കി! അതിന് മുമ്പുതന്നെ എന്റെ കൈ ബാക്ക് പോക്കറ്റിലേക്ക് ചില്ലറ തുട്ടുകൾക്കായി തിരച്ചിൽ തുടങ്ങിയിരുന്നു. കിട്ടിയത് ആകെ മൊത്തം 8 രൂപ. തീക്ഷ്ണമായ ആ കണ്ണുകളുടെ വേദനയ്ക്ക് മുന്നിൽ ഞാൻ ഒരിക്കൽ കൂടി തളർന്ന് പോയി. അവന്റെ ആ വേദനയ്ക്ക് ഞാനിട്ട വില തീരെ കുറഞ്ഞുപോയതുപോലെ തോന്നി. ഞാൻ പേഴ്സ് തുറന്നു നോക്കി. അതിൽ ആകെ ഉണ്ടായിരുന്നത് ഡ്രൈവിംഗ് ലൈസൻസ്, ATM Card കഴിഞ്ഞവർഷം CMS - ൽ യൂണിവേഴ്സിറ്റി കലോത്സവത്തിന് പോയതിന്റെ ഓർമ്മയ്ക്കായ് സൂക്ഷിച്ചുവച്ച നിറം മങ്ങിയ പഴയ ഒരു ട്രെയിൻ ടിക്കറ്റ്.... പിന്നെ 500 രൂപയുടെ ഒരു ഒറ്റനോട്ടും. പിന്നിൽ കണ്ട കടയിൽ കയറി ചില്ലറ മാറാം എന്ന ധാരണയിൽ ഞാൻ അവിടേക്ക് ചെന്നു. ഒപ്പം ചെറു സന്തോഷത്തോടെ അവനും എന്റെ പിന്നാലെ കൂടി. കയ്യിൽ അഞ്ഞൂറിന്റെ നോട്ടെടുത്ത് ചില്ലറ ആവശ്യപ്പെടുന്നതിന് മുമ്പ്, അവിടെ ഇരുന്ന 4 ബൺ അടങ്ങുന്ന ഒരു പാക്കറ്റ് എന്റെ കണ്ണിൽപ്പെട്ടു. വില : 20. ഭക്ഷണമാണല്ലോ അവന്റെ ആവശ്യം. ഞാൻ ആ പാക്കറ്റ് കൈയ്യിലെടുത്ത് അഞ്ഞൂറ്, കടക്കാരന് നീട്ടി. ഇതിൽ നിന്ന് ആ ബൺ പാക്കറ്റ് തനിക്കാണ് എന്ന് മനസ്സിലാക്കിയ ആ മെലിഞ്ഞ ശരീരം "വേണ്ട!" എന്ന അർത്ഥത്തിൽ തലയാട്ടി. വ്യക്തതയ്ക്കായി ഞാൻ ആ പാക്കറ്റ് അവനു നേരെ നീട്ടി. മറുപടി മുൻപത്തേതിൽ നിന്ന് വിഭിന്നമായിരുന്നില്ല ഞെട്ടലെന്ന് പൂർണ്ണമായി വിശേഷിപ്പിക്കാൻ ആവില്ല, എങ്കിലും സമാനമായ ഒരു വികാരം മനസ്സിൽ ഉടലെടുത്തു "എന്താ? എന്ത്പറ്റി?" എന്ന എന്റെ ചോദ്യത്തിന് അവൻ ഉത്തരം നൽകിയില്ല. പക്ഷേ ഇത്തവണ ആ കണ്ണുകളിലെ തീക്ഷ്ണത അൽപം കുറഞ്ഞിരുന്നു. ഇടത് കൈയ്യിലെ വിരലുകൾക്കിടയിൽ അഞ്ഞൂറ് രൂപ തിരുകി എന്റെ ഒഴിഞ്ഞ പേഴ്സ് അവന് കാട്ടികൊടുത്തു. എന്റെ കൈയ്യിൽ ചില്ലറ ഇല്ല എന്നും പറഞ്ഞു. അതിന് മറുപടിയായി അവൻ ആ കടക്കാരനെ ചൂണ്ടിക്കാട്ടി. "അവിടെ ചില്ലറ ചോദിച്ചുകൂടെ?" എന്നായിരുന്നു അതിന്റെ അർത്ഥം. അത് മനസ്സിലാക്കിയ കടക്കാരനും കൈമലർത്തി. മുഖം കൊണ്ട് തന്നെ എന്റെ നിസഹായത ഞാൻ ആ കുഴിഞ്ഞ കണ്ണുകളോട് കൂടിയ ശരീരത്തിന് ബോധ്യപ്പെടുത്തി. തൊട്ട് പിന്നാലെ തന്നെ രണ്ട് വാക്ക് തികച്ച് സംസാരിക്കുന്നത് ആ ശരീരത്തിൽ നിന്നു കേൾക്കാൻ സാധിച്ചു. "അഞ്ച് രൂപ എങ്കിലും മതി !" ഒരു പക്ഷേ ബാക്ക് പോക്കറ്റിലേക്ക് തിരികെ ഇട്ട നാണയത്തുട്ടുകൾ അവന്റെ കാഴ്ചയിൽ പതിഞ്ഞിട്ടുണ്ടാവും. മനസ്സിൽ തികട്ടി വന്ന സംശയം കാരണം ഞാൻ നിഷ്ക്കരുണം 'ഇല്ല പോയ്ക്കോ' എന്ന് ആംഗ്യം കൊണ്ട് പറയാതെ പറഞ്ഞു. എന്റെ കണ്ണിലെ ഭാവമാറ്റം തിരിച്ചറിഞ്ഞിട്ടാവാം അധികമൊന്നും പറയുവാൻ നിൽക്കാതെ അവൻ നടന്നകന്നു.

**സ്ഥലം : ഒരു കടയുടെ തൊട്ടു മുൻവശം**

Rajiv Gandhi BusTerminal

**സമയം :** 11.10 AM

കൈയ്യിലിരുന്ന ബൺ പാക്കറ്റ് തിരികെ വച്ച ശേഷം, ഞാൻ പതിയെ കട വിട്ടിറങ്ങി. അപ്പോൾ ആ കടക്കാരന്റെ മുഖഭാവത്തിന്റെ അർത്ഥം മനസ്സിലാക്കാനാവാത്തവിധം വ്യത്യസ്തമായിരുന്നു. പതിയെ പതിയെ ഞാൻ ഓരോ ചുവടുകൾ വച്ച് മുന്നോട്ട് നടന്നു. എന്റെ മനസ്സിൽ, ആ കുട്ടിയുടെ മുഖം മാത്രമായിരുന്നു പക്ഷേ, പെട്ടെന്ന് തന്നെ അൽപം മുൻപ് മനസ്സിൽ ഉടലെടുത്ത ഒരു സംശയത്തിന്റെ തീവ്രത കൂടി കൂടി വന്നു. ഭക്ഷണം ആയിരുന്നു ആവശ്യം എങ്കിൽ പിന്നെ എന്തിന് ഞാൻ കൊടുത്ത ഭക്ഷണം നിരസിച്ചു. എന്തിന് വെറും അഞ്ച് രൂപ എന്നോട് ആവശ്യപ്പെട്ടു?. അവൻ എന്റെ കാഴ്ചയിൽ നിന്ന് മറഞ്ഞുവെങ്കിലും, അവൻ നടന്നകന്ന ദിശയിലേക്ക് നടക്കുവാൻ, അവനെ കണ്ടെത്തുവാൻ ഞാൻ തീരുമാനിച്ചു. അധികമൊന്നും പ്രയാസപ്പെടാതെ തന്നെ, ഞാൻ അവനെ കണ്ടെത്തി. അതിൽ കൃത്യമായി ഒരു ആവർത്തനം ദൃശ്യമായിരുന്നു. ഒരാളുടെ അരികിൽ ചെല്ലുന്നു, ശരീരത്തിൽ സ്പർശിക്കുന്നു. ഭക്ഷണം കഴിക്കാനാണ് "വല്ലതും തരണേ" എന്ന മട്ടിൽ ആംഗ്യം കാട്ടുന്നു, ചിലർ ചില്ലറ തുട്ടുകൾ നൽകുന്നു, ചിലർ അവഗണിക്കുന്നു. അവന്റെ ദൃഷ്ടിയിൽ അകപ്പെടാതെ ഞാനൽപം മാറി നിന്നു. കുറച്ചുനേരം ഇത് തന്നെ ആവർത്തിക്കപ്പെട്ടു. അധികം വൈകാതെ തന്നെ അവൻ

ആ സ്ഥലത്ത് നിന്ന് നടന്ന് ആലുവ ഓവർ ബ്രിഡ്ജിന് അടിയിലേക്ക് എത്തി. അധികം അരികിലേക്ക് പോകാതെ അകലെ നിന്ന് തന്നെ അവന്റെ ചെയ്തികൾ നിരീക്ഷിക്കുന്നതാണ് എന്റെ ആരോഗ്യത്തിന് നല്ലത് എന്ന് എനിക്ക് തോന്നി! അവനെ കാത്ത് അവിടെ ഒരാൾ നിൽപ്പുണ്ടായിരുന്നു. കണ്ടാൽ മാന്യൻ എന്ന് തോന്നിക്കുന്ന അയാളുടെ കയ്യിലേക്ക് തന്റെ കയ്യിലെ നോട്ടുകെട്ടുകൾ അവൻ നൽകുമ്പോൾ, ഒരു തരിപ്പ് മാത്രമായിരുന്നു എന്റെ ശരീരത്തിൽ അപ്പോൾ അവശേഷിച്ചത്. ആ കാഴ്ചയിൽ ഞാനേറെ കുറെ നിർജ്ജീവമായി മാറിയിരുന്നു. സിനിമയിലും പത്രത്തിലും മാത്രം കാണ്ടിട്ടുള്ള ഭിക്ഷാടന മാഫിയയോ ഇത്? മനസ്സിൽ ഒരുപാട് ചോദ്യങ്ങൾ ഉരുത്തിരിഞ്ഞു. ഒരു അഞ്ചു രൂപയെങ്കിലും നൽകാമായിരുന്നോ? നൽകിയിരുന്നെങ്കിൽ എത്താൻ പാടില്ലാത്ത കൈകളിലേക്ക് അവ എത്തില്ലേ...? മറിച്ചാണെങ്കിൽ ആ കുഞ്ഞു ശരീരം വേദനിക്കില്ലേ.....? എന്റെ ദൈവമേ ഞാൻ എന്ത് ചെയ്യും....

അൽപം വിവാദമായാലും വേണ്ടില്ല മനസ്സിൽ തോന്നിയത് പറയാതെ വയ്യ! ജീവിതത്തിന്റെ ചില അവസരങ്ങളിൽ എങ്കിലും, **ദൈവം വിളി കേൾക്കാറില്ല** എന്ന് ചിലർക്കെങ്കിലും തോന്നാറില്ലേ....! **ദൈവം പലപ്പോഴും അങ്ങനെയാണ്** അങ്ങനെ ചിന്തിക്കുന്നതിലും ഒരു ശരിയുണ്ട്. 'ന്യൂനപക്ഷത്തിന്റെ ശരി'.

ഞാൻ എന്റെ ഫോൺ എടുത്ത് ഡയൽ ചെയ്തു. മറുതലയ്ക്കലെ ശബ്ദത്തിനായ് ഞാൻ കാത്തിരുന്നു. "ഹലോ, അൻസിഫ് അല്ലേ...?"



4G 70%

https://www.kinavalli.co.in

HOME ABOUT CONTACT TWITTER

HOME BUSINESS DOWNLOADS PARENT CATEGORY FEATURED HEALTH UNCATEGORIZED

# ക്യാമറ രാഷ്ട്രീയം പറയുന്നു. വർത്തമാനത്തിന്റെ ചരിത്രരേഖകൾ




പ്രത്യൂഷ. രവി

രണ്ടാം വർഷ
ബി. ടി & എസ്.പി ബിരുദം


**ഐ**ലൻ കുർദി എന്ന സിറിയൻ ബാലന്റെ ചിത്രം നവമാധ്യമങ്ങളിൽ ചർച്ചയായിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഫോട്ടോഗ്രാഫിയുടെ രാഷ്ട്രീയത്തെക്കുറിച്ചുള്ള ആലോചനകളും സജീവമാവേണ്ടതുണ്ട്. ഖുത്തബുദ്ദീൻ നൂറുദ്ദീൻ അൻസാരിയുടെ ചിത്രം ഓർമ്മയില്ലേ....? ഗുജറാത്ത് കലാപാനന്തരം ഇന്ത്യ ഏറ്റവുമധികം ചർച്ച ചെയ്ത ചിത്രങ്ങളിലൊന്ന് ഇതായിരുന്നു. കലാപഭൂമിയിൽ അൻസാരി കൈകൂപ്പി നിൽക്കുന്ന ഫ്രെയിമിനകത്ത് ഇന്ത്യയിൽ ഒരു ജനത അപര (other) മായിത്തീരുന്നതിന്റെയും കലാപങ്ങൾ അപരങ്ങളെ അപരങ്ങളാക്കി നിലനിർത്തുന്നതിന്റെയും സൂചനകളുണ്ടായിരുന്നു. അങ്ങനെ ഫോട്ടോഗ്രാഫറുടെ കാഴ്ചയുടെ ലോകം മാത്രമല്ല ഫോട്ടോഗ്രഫി എന്നും അത് അയാളുടെ കാഴ്ചപ്പാടുകളുടെ/രാഷ്ട്രീയത്തിന്റെ/ജനാധിപത്യബോധത്തിന്റെ ഇടം കൂടിയാണെന്നും ലോകം മനസ്സിലാക്കാൻ തുടങ്ങി. അതിനെ സംബന്ധിച്ച ചർച്ചകളും അതോടെ സജീവമായി. ലോകപ്രശസ്ത ഫോട്ടോഗ്രാഫർ ഇലിയറ്റ് എർവിറ്റ് ഒരിടത്ത് ഇങ്ങനെ സൂചിപ്പിക്കുന്നുണ്ട്. 'Photography is an art of observation, it has little to do with the things you see and everything to do with the way you see them.' അങ്ങനെ ചിത്രങ്ങൾക്കും ചരിത്രമെഴുത്തു പ്രക്രിയയിൽ സ്ഥാനം ലഭിച്ചു. അവ നമ്മുടെ കാഴ്ചയെ/നോട്ടത്തെ ചരിത്രവൽക്കരിക്കുന്ന ഒന്നാണ് എന്ന നിലയിൽ കൂടിയുള്ള ചർച്ചകൾ സജീവമായി.



കെവിൻ കാർട്ടർ ലോകത്തിന്റെ മുന്നിൽ വച്ച പിഞ്ചുബാലികയുടെ ചിത്രം ഈ അവസരത്തിൽ ഓർമ്മിക്കാവുന്നതാണ്. ആഭ്യന്തരകലാപവും ദാരിദ്ര്യവും പിടിമുറുക്കിയ സുഡാനിൽ ഭക്ഷണത്തിന് വേണ്ടി അലഞ്ഞ, മാതാപിതാക്കൾ നഷ്ടപ്പെട്ട, ശരീരത്തിൽ മാംസമില്ലാതെ നടന്നു നീങ്ങാൻ പോലും ശേഷിയില്ലാത്ത ഒരു കുഞ്ഞിനെ പിടിക്കാൻ പോകുന്ന ആൾപിടിയൻ കഴുകന്റെ ചിത്രമായിരുന്നു അത്. കുഞ്ഞു രക്ഷപ്പെട്ടിരിക്കുമോ എന്ന അവ്യക്തത കുറേകാലത്തേക്കെങ്കിലും നിലനിന്നിരുന്നു. കുഞ്ഞിനെ രക്ഷിക്കേണ്ടതിനു പകരം ചിത്രം പകർത്തിയ കെവിൻ കാർട്ടറെ ലോകം കുറ്റപ്പെടുത്തുകയും അനന്തരം അയാൾ ആത്മഹത്യ ചെയ്യുകയും ചെയ്തു. ഇങ്ങനെയൊക്കെയായിരുന്നെങ്കിലും ആഭ്യന്തരകലാപവും, ദാരിദ്ര്യവും ഒരു ജനതയെ

ഞങ്ങൾക്ക് ചോദിക്കാനുള്ളത്...

എഴുത്തുകൾ സെൻസർ ചെയ്യപ്പെടുകയും നിരോധിക്കപ്പെടുകയും ചെയ്യുന്ന കാലത്ത് [illegible] നൊസ്റ്റാൾജിയകളെഴുതി എഴുത്തിന്റെ സുരക്ഷിതത്വത്തിനുള്ളിൽ അഭയം തേടുന്ന എഴുത്തുകാരോട്,

ഞങ്ങൾക്ക് ചോദിക്കാനുള്ളത്...

അപരവൽക്കരിക്കുന്നതിന്റെ സൂചന എന്ന നിലയിൽ ആ ചിത്രത്തിന് വലിയ രാഷ്ട്രീയപ്രാധാന്യമുണ്ട്.



1972 ജൂൺ 8 ന് ദക്ഷിണവിയറ്റ്നാം സൈന്യം വർഷിച്ച അമേരിക്കൻ നാപ്പാം ബോംബുകളിലൊന്നിൽ നിന്ന് രക്ഷപ്പെടാൻ തീപിടിച്ച വസ്ത്രങ്ങൾ ഊരിയെറിഞ്ഞ് പ്രാണനുവേണ്ടി കരഞ്ഞുകൊണ്ടോടുന്ന വിവസ്ത്രയായ കിംഫുക്ക് എന്ന ഒൻപതു കാരി വിയറ്റ്നാമീസ് പെൺകുട്ടിയുടെ മുഖചിത്രവും ഐലൻ കുർദിയോടൊപ്പം ഇപ്പോൾ സജീവ ചർച്ചയാവുന്നുണ്ട്. കിംഫുക്കിന്റെ മരണഭയം വിങ്ങിനിൽക്കുന്ന ചിത്രം പകർത്തിയ ചിത്രം പകർത്തുക മാത്രമല്ല, അവളുടെ ശരീരത്തിലെ തീയണച്ച് തന്റെ കോട്ടുകൊണ്ട് അവളുടെ ശരീരം മറച്ച് തന്റെ വാനിൽ കയറ്റി അവളെ രക്ഷിക്കുകയും ചെയ്തു ആ ഫോട്ടോഗ്രാഫർ) നിക് ഉട് എന്ന ഇരുപത്തിയൊന്നു കാരൻ യുദ്ധഫോട്ടോഗ്രാഫർക്ക് ആ വർഷത്തെ ഏറ്റവും നല്ല പ്രസ് ഫോട്ടോക്കുള്ള അവാർഡും പുലാസ്സർ പ്രൈസ് അടക്കമുള്ള നിരവധി സമ്മാനങ്ങളും ലഭിച്ചിരുന്നു. കിംഫുക്കിന് ലഭിച്ച ഭാഗ്യം പക്ഷെ ഐലൻ കുർദിക്കുണ്ടായില്ല. കടൽ ഐലൻ കുർദിയുടേയും അവന്റെ അഞ്ചു വയസ്സുകാരൻ സഹോദരൻ ഗാലിബിന്റെയും ജീവിതം കവർന്നെടുത്തപ്പോൾ നിലുഫർ സമീർ എന്ന ഫോട്ടോഗ്രാഫർ നിസ്സഹായയായിരുന്നു. പക്ഷെ ആ ചിത്രത്തിലൂടെ ഒരു രാഷ്ട്രീയാധികാരത്തിനെതിരെ പ്രതികരിക്കാൻ/ഐലൻകുർദിയുടെ നിലവിളി ചരിത്രത്തിൽ രേഖപ്പെടുത്താൻ അവർക്ക് കഴിഞ്ഞു. സിറിയൻ അഭയാർത്ഥികൾക്കായി തുറക്കാൻ മടിച്ചിരുന്ന പല വാതിലുകളും തുറക്കാൻ ആ ചിത്രം ഒരു കാരണമായി. കിംഫുക്കിന്റെ ചിത്രം അമേരിക്കയുടെ വിയറ്റ്നാം യുദ്ധത്തിന് അന്ത്യം കുറിക്കാൻ ഒരു വലിയ കാരണമായിത്തീർന്നതുപോലെ.



ചില കാഴ്ചകളെ പകർത്തിവക്കുക മാത്രമല്ല ചില ചരിത്രങ്ങളെ രേഖപ്പെടുത്തുക കൂടിയായിരുന്നു ഫോട്ടോഗ്രാഫിയുടെ രാഷ്ട്രീയം എന്ന് കിംഫുക്കിന്റെയും, ഐലൻ കുർദിയുടെയും, ഖുത്തബുദ്ദീൻ നൂറുദ്ദീൻ അൻസാരിയുടേയും, ഭോപ്പാൽ ഗ്യാസ് ദുരന്തത്തിന്റെയുമെല്ലാം ചിത്രങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. വർത്തമാനത്തിന്റെ ചിത്രങ്ങളെ പകർത്തിക്കൊണ്ട് അവ ചരിത്രപരമായ പല പോരാട്ടങ്ങളുടേയും ആക്കം കൂട്ടിയിട്ടുമുണ്ട്. അങ്ങനെ ഫോട്ടോഗ്രാഫിയുടെ രാഷ്ട്രീയം ചർച്ച ചെയ്യുക എന്നത് ഒരു ജനതയെ അവർ നേരിടുന്ന അപരവൽക്കരണങ്ങളെ ചർച്ച ചെയ്യലായിത്തീരുകയും ഈ ഓർമ്മചിത്രങ്ങൾ മറവിക്കെതിരെയുള്ള നമ്മുടെ കലാപങ്ങളായിത്തീരുകയും ചെയ്യും - അഥവാ ശുഭസൂചനകൾ അവശേഷിപ്പിക്കുന്ന ഒന്നായിത്തീരുകയും ചെയ്യും.



# 'Environment'-an antonym for 'Development'?



Vishnu M R
II
B Sc Botany

The contemporary social arena is a mixture of capitalistic and socialistic convictions which are inextricably linked to each other. Environmentalism was addressed by the activists of India at the dawn of 1960s with the launch of 'Save Silent Valley Movement' to protect the tropical forests which was at the verge of infringement by the state which announced a hydro-electric project in the region. The cardinal fact was that the movement was highly de-centralized and in every sense a ' peoples resistance struggle' against the capitalistic-profit cravings and anti-environmental lenity of the state. This de-centralized revolution has been refurbishing since then with the radical Plachimada anti-Coco Cola campaign an anti-imperialist/corporate struggle organized under the most marginalized strata of society-Dalits,Ezhavas and Muslims. Despite such radical peoples struggle the core political parties failed to ponder upon the discourse of –environmentalism and eco-struggles in a deeper sense and failed to recognize such grass root level struggles as existentialist political struggles, whether it be revolts against nuclear power plants(Kudamkulam)for instance, or Green Tribunal Reports(Madav Gadgil committee),curtailing the rights of environment and obstructing the rights of local communities.Analysing the past 10 years of social movements, for instance, in Kerala,reveals that the local uprisals with local communities revolting for fundamental rights were democratic uprisings and are instances of individual activism.The people inflicted with the turmoil of development is the ear-marked "others"–economically and socially marginalized grass root strata of society.

Development and environment has descended to be antonyms with the state waging civil wars against its subjects under the pretext of development. The very innate essence under the developmental façades need to be scrutinized in a society where 'multi-speciality-multi storeyed buildings' and corporate lawns define development.The question upon why main stream political parties fail to encounter this pertinent question of grass root environmental struggles also need to be addressed as the past movements as said above,were evidently decentralized and under the supervision of environmental activists who raised cardinal questions pertaining to environment and the puzzling development-Mayilamma at Plachimada,Medha Patkar and Baba Amte at Narmada and Sunder Lal Bahuguna and Chandi Prasad Bhatt at Uttarakhand, to name a few.There has been an institutionalised mainstream tendency to ear mark those environmental spokespersons as anti-development junkies or were ostracised for being agaisnt the intrests of the nation state.A shift from eco- centrism to human- centric notions and

ഞങ്ങൾക്ക് ചോദിക്കാനുള്ളത്...
'പഠിക്കാൻ വന്നാൽ
പഠിച്ചിട്ടുപോവണം' എന്ന പഴയ
വാചകം ആവർത്തിച്ച്
ഞങ്ങളിലെ
ജനാധിപത്യബോധത്തെ
മുറിപ്പെടുത്താൻ
ശ്രമിച്ചുകൊണ്ടിരിക്കുന്ന
അപ്രിയ ഗുരുക്കന്മാരോട്
ഞങ്ങൾക്ക് ചോദിക്കാനുള്ളത്...

https://www.kinavalli.co.in

HOME ABOUT CONTACT TWITTER

HOME BUSINESS DOWNLOADS PARENT CATEGORY FEATURED HEALTH UNCATEGORIZED

norms could be regarded as a pertinent factor to this ' developmental villainism' which selectively segregates Tribals,Adivasis and the outcasts-as if both environment and the marginalized-both hinders the main stream development.




The U.S lead western block hand-in-hand with the self-styled politicians have taught us how exactly corporate looting could go parallel with xenophobic fundamentalism(with the Indian despotic utopia feeding big business corporate interests which in turn feed us with the triggered developmental statistics whose sole outcome is an economically polarized and paralyzed nation-with rich capitalists and impoverished workers).Under the facades of development is the state brutality which has turned the nation in to one big franchise(the state has been quite busy in centralizing the natural resources and feasting the tycoons)-the amendment of the Right to Fair Compensation and Transparency in *Land acquisition, Rehabilitation and Resettlement*(LARR) has been so anti-democratic that the amendment silently eliminated the prior norm-70 percent consent (for land acquisition)for private-public partnership projects. Little growth trickles down to the poor and the dispossessed are packed in the peripheries and crevices(the most neglected zones of Tech-India)-with scandalously little compensation being granted.(Its an inhuman snatching away to feed the grim under bellies of corporate mafias as happened when the *Greater Noida Industrial Development Authority*(GNIDA)buying the land from farmers at R.s 820 per sqm and reselling the plots at Rs.35000 per sqm-the gap between the market prices and compensation is a clear indictment at whose cost is the venerated development is constructed upon. With the widening chasm between the rich and the poor and imperialist globalised economy where the rich get richer and the poor more poorer-the socio-economic-ecological stands of the state need to be questioned under third world ecological subjectivity.

## തേങ്ങലുകൾ

അശ്രുവിന്റെ ഉപ്പുകലർന്ന
കവിൾത്തടങ്ങളിലായിരം
ഭീതിയുടെ അലകൾ
ഒരു മഹാഭാരതത്തിന്റെ
അണപൊട്ടിയൊഴുകുന്ന നിണമണിഞ്ഞ
പകലുകൾ, അവളുടെ മിഴിയിൽ
സായംസന്ധ്യയുടെ ചുവപ്പുകലർത്തി
കളിക്കോപ്പുകൾക്കിടയിൽ
തോക്കുതിരയുന്ന
കുഞ്ഞു ബാല്യങ്ങളും
ജീവൻ വാരിപ്പിടിക്കുന്ന യൗവ്വനങ്ങളും
മരവിപ്പ് കലർന്ന
വൃദ്ധമനസ്സുകളുടെ വാർദ്ധക്യവും
കരളു പിളർക്കുന്ന മാതൃനൊമ്പരങ്ങളും
ഇന്നത്തെ തേങ്ങലുകൾ
നാളത്തെ വാർത്താചാലകങ്ങൾ
പിന്നെയും യുദ്ധകാഹളം
ശകുനിയുടെ പകിടകിലുക്കം
ആ രഥചക്രങ്ങളിൽ ആ കാഹളത്തിൽ
തേങ്ങലുകൾ അലിഞ്ഞുതീരുന്നു.



ജിനി ഷാജി
രണ്ടാംവർഷ
ഗണിതശാസ്ത്ര ബിരുദം

# Sorry, Fascism is the politics of the young!



Simi K Salim
II B A English

"Under the spreading chestnut tree
I sold you and you sold me
There lie they, and here lie we,
Under the spreading chestnut tree"*

It is an era engrossed in universal deafness. An era where the power structures engage in the ruthless act of shunning and muffling its inhabitants with 'Power' illegitimately usurping to our 'More/Less' political spaces- the rampant increase in sedition charges and government launching the bulldozer of Surveillance and our descent towards being panopticonic specimens under observation . This is no more than the curtailment of our very own justice [not 'right', mind it!] and is an indictment of our own shrinking democratic spaces.

The impinging of authoritarianism [fascism?] to the interstitial spaces within campuses is so brutal with the authorities clamping down open discussions on divisive issues as happened at IIT Madras, where the Ambedkar Periyar Study Circle was at the verge of bulldozing by MHRD under the facades that the Ambedkarites, and Periyarites spread "social disharmony and [communal?] hatred" [ironically this anti-national circle comprised of Dalit,Bahujan and Adivasi students raising pertinent issues of caste, class, and corporate looting of resources]. MHRD's swift and fast response to an "anonymous" letter and further policing of the "political spaces of the marginalized" could be read in context of the centralized attempt to muffle those parallel voices not ready to join the "gang of cheerleaders". Infringment of the autonomy of the interstitial spaces by authoritarian gazes through illegal espionage could be linked to the states intervention and further banning of a series of highly cardinal lectures at University campuses across the state -"Democracy and Human rights Violation in Kashmir" at IIT Mumbai, "Fractions of Indian ideology, Reimaging of democracy and redrawing resistance" a talk by Arundhathi Roy at IIT Pune, banning of a premiere of "Ram-ke- Naam"at Indian Law College,[Pune].Those "celebrated" banning and surveillance sessions under systemic state supervision further underlines the hi-jacking and mutilation of every polyphonic space and an attempt to create a uni-polar/politically standardized singular [intolerant?] absolutist regime.

ഞങ്ങൾക്ക് ചോദിക്കാനുള്ളത്...
ഇറങ്ങാനും കയറാനും
ഫോൺ വിളിക്കാനും
ആണിനും പെണ്ണിനും
രണ്ട് സമയം
നിശ്ചയിച്ച്,
ആണധീശത്വത്തെ സജീവമാക്കി
നിലനിർത്തിക്കൊണ്ടിരിക്കുന്ന
ഹോസ്റ്റൽ അധികാരികളോട്
ഞങ്ങൾക്ക് ചോദിക്കാനുള്ളത്...

The prompt blooming of vigorous [plastic] nationalism of the state could be linked to its pro-corperate/capitalist notions which selectively segregates human rights activists, journalists, farmers, and innocent tribal's under the much sensational banner of anti-national/terrorist linkages [and if you are identified to be a Muslim, then the cheerleading media would hash-tag you as a 'Pakistani-spy' [the current trend is 'To catch up with China and turn our backs to Pakistan.'* And any trivial linkage/ascendency with "forest" could further hype you as a Maoist/Naxal].The draconian implications of UAPA further asserted by section 124{A} of the constitution is innately anti-human as it articulates/have provisions for police custodianships for 180 days without a trail*. [Sardonically, the accuse have to prove his innocence than proving his guilt!] The very fundamental right to dissent and express dissent is curtailed through a highly manipulated assault on our public interventions by broadly terrorizing every "other" voice under the taboo of 'sedition'. Conversly, Gandhi,Tilak,and Basanth were charged of Sedition under colonial law and Gandhi even asserted the salience of dissent in a democracy. The mockery of sedition in a seemingly democracy is traumatic – the state targeting Dr.Binayak Sen who castigated the state for its pro-mining and anti-naxal policies,and of late, the most hysterical state-supervised abduction of Dr. G. N. Saibaba lecturer of English at Delhi University, a paralyzed wheel-chair bound academic accused for illicit Maoist linkages*.




Freedom within the state is hemorrhaging dangerously with the government initiating a series a bans. In fact, the nation is made accustomed to a culture of bans - books, beef and cinema}; those symbols of popular plurality under the pretext that our books and beef would hurt 'their' religious sentiments.And as the saying goes "it's the Congress that sows, but BJP that reaps the harvest"*. Eliminating (denouncing?} regional/otherized discourses and further lenity towards a Pan-Indian/brahminical 'elite-etiquette' underlines the highly manipulated 'prohibition festival'.[The snicker-snack of knifes being sharpened for a further series of bans resonates in background; and mind it, banning is the Petri-dish of despotism.As Roy puts it, 'we are sipping from a poisoned chalice-a flawed democracy laced with religious fascism.Pure arsenic!'*.

## BITS

With every records re-written, falsified, every picture re-painted and every statue and street and building re-named, every date allured* –it is that history has stopped and future has crumbled beneath. It's pure fear that prevents me from writing on this political theatre which earmarks minorities, secularists and communists as Pakistan lovers, its fear that obstructs us from speaking of the melting pot of culture-with no pure art,no literature, no science and no, no pure Love. Its fine that we swallow everything with no residue behind and its 'fine plus plus' when I leaves ellipses and begs to read between "their" lies-our tongues and ears mutilated so that lets hear and speak not of the ruthless pro-reform administrators, the minority "puppy dogs" smashed under "their"car,the butchering of our language and" cultural rape" progromed solely against us. Its just that another mode of thought is impossible here, here in this very space, now being auctioned under the badge of autonomy and we in our literature classes with animated

faces trying hard to pronounce like "them"-rephrasing and cropping our very innate Englishness to suit the 'corperate lawn' we, the exotic "other"and there- my younger ones being turned to be globalised broiler chickens-indifferently feeding their crude unipolar syllabuses. We together undertook this mission of cowardice even when the infringers knock at our door steps, when an undeclared civil war is waged on us citizens and when our films, universities and schools are under the stem of fascist authoritarian gazes. Sorry, Fascism is the politics of the young!

"They sye that time 'eals things,
They sye you can always forget;
But the smiles an' the tears across the years,
They twist my 'eart-strings yet"*

**References**

*Title and quotations are catchphrases from *Democracy*,Arundhathi Roy,May 2002

*Lines from 1984,Geoge orwell

*The Hindhu/op ed/opinion article 4112

**Dispossesion, development and democracy*, The Hindhu,Micheal Levin

**With Best Compliments From...**

PARADISE HOLIDAYS

# PARADISE HOLIDAYS

Kerala Tourism Accredited
ISO 9001:2008 Certified

Paradise Holidays Cochin (A Unit of Raveendra Hospitality Private Limited)
#312, Nehru Park Avenue Building, Bank Junction, Aluva, Cochin
Kerala, India, Pin : 683101, Ph : 0484 260 7770, www.paradise-kerala.com



ആതിര പി കെ
മൂന്നാം വർഷ ചരിത്ര ബിരുദം

ഒരിക്കൽ അവർ വരും-
അവർ ആകാശങ്ങളെക്കുറിച്ചും
കടലിനെക്കുറിച്ചും ഊഞ്ഞാലിനെക്കുറിച്ചും
പ്രണയത്തെക്കുറിച്ചും ഒടുവിൽ
നിങ്ങളെക്കുറിച്ച് തന്നെയും
നിങ്ങളോട് ചോദിക്കും-
ഉത്തരം പറയാൻ കഴിയാതെ
നിങ്ങൾ അപ്പോൾ നിസ്സഹായരാവും
ഒരിക്കൽ അവർ വരും-
നഷ്ടപ്പെട്ടതിനെക്കുറിച്ച്
നഷ്ടപ്പെട്ടതിന്റെ വേദനയെക്കുറിച്ച്
നിങ്ങളോട് ചോദിക്കും
ഉത്തരം പറയാൻ കഴിയാതെ
നിങ്ങൾ അപ്പോൾ നിസ്സഹായരാവും
ഒരിക്കൽ അവർ വരും-
അവർ നിങ്ങളോട് ചോദ്യം ചോദിക്കുകയും
ഉത്തരങ്ങളില്ലാതെ നിങ്ങൾ
നിസ്സഹായരാവുമ്പോൾ നിങ്ങളെ
വിമർശിക്കുകയും ചെയ്യും.
പക്ഷെ.... അവർക്കറിയില്ല, നിങ്ങളുടെ
നിസ്സഹായതകളിലത്രയും
ഒരു ആകാശവും കടലും പ്രണയവും
ഒളിഞ്ഞിരിപ്പുണ്ടെന്ന്

# ഇരുണ്ട മുറിയിലെ പാട്ട് മ(റ/രി)ക്കാതിരിക്കാനുള്ളതാണ്

# An Elegy to those (dead) dark rooms of memory



അൻസിഫ് സി. അബു

സിമി കെ. സലിം
രണ്ടാം വർഷ ഇംഗ്ലീഷ് ബിരുദം

ഇന്ത്യൻ ദേശീതയുടെ വിരുന്നു സൽക്കാരങ്ങൾക്കകത്ത് അപരങ്ങളെ നിർമ്മിക്കുക/നിലനിർത്തുക/നിരോധിക്കുക തുടങ്ങിയ ചില പ്രക്രിയകൾ ഇപ്പോൾ സജീവമാവുന്നുണ്ട്. ദേശംതന്നെ ഒരു ഭാവനാസമൂഹ *(Imagined Community)* മാണെന്നിരിക്കെ സാംസ്കാരിക ദേശീയതയുടെ ഈ അപരനിർമ്മിതി അപ്രസക്തമാണ്. ഇന്ത്യ-പാക്കിസ്ഥാൻ ക്രിക്കറ്റ് കളികളിലൂടെയും മറ്റും സാംസ്കാരിക ദേശീയത നിർമ്മിച്ചെടുത്ത 'ഇന്ത്യയുടെ അപരമാണ് പാകിസ്ഥാൻ' എന്ന ബോധത്തിന്റെ തുടർച്ചയാണ് വിമർശിക്കുന്നവർ അപരദേശത്തേക്ക് പോവണം എന്നു ഇപ്പോൾ കേൾക്കുന്ന വാദം. പ്രധാനപ്പെട്ട ഇടങ്ങളിലെല്ലാം 'ദേശീയ' ബോധമുള്ള 'നല്ല' പൗരന്മാരെ (അവർ അയോഗ്യരാണെങ്കിൽപോലും) നിയമിക്കുന്നതും ദേശീയ ബോധമില്ലാത്തവരെ ഉന്മൂലനം ചെയ്യുന്നതും/പുറത്താക്കുന്നതും ഇതിന്റെ തുടർച്ച മാത്രമാണ്. ഗജേന്ദ്ര ചൗഹാനെ *FTII* യുടെ ചെയർമാനായി നിയമിക്കുന്നതിന്റെ രാഷ്ട്രീയം ഈ രീതിയിൽ മാത്രമേ അഴിച്ചെടുക്കാനാവൂ.

Remembering those single holographic narratives you were coercily fed at classrooms? Upon questioning the silence, you are 'OUT' taunted, targeted and butchered. The brutal butchering under statal supervision-an organized, remote controlled and institutionalized slaughtering of your political spaces with the saffraonized propagandists intruding to our cultural realm-mutating our multi-polar voices to a highly domesticated 'One-ness' demands our political dissent as happened (happening) at Film and Television Institute of India (Pune) with the state recruiting Gajendra Chauhan the 'renowed' Yudhishtira of BR Chopra serials and several other tamed test-tube babies to India's cultural trove.

മുൻപെങ്ങും കണ്ടിട്ടില്ലാത്തവിധം *FTII* യുടെ ഗവേണിങ് സൊസൈറ്റിയിൽ അയോഗ്യരായവരെ നിയമിക്കാനുള്ള നീക്കം അത്ര നിഷ്കളങ്കമായ ഒന്നാണ് എന്നു കരുതാനാവില്ല. 'മുൻപെങ്ങും കണ്ടിട്ടില്ലാത്തവിധം' എന്ന പ്രയോഗത്തിനകത്ത് തന്നെ ഒരു അപകടസൂചനയുണ്ട്. ഋത്വിക് ഘട്ടക്കിനെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈസ് പ്രിൻസിപ്പലായി നിയമിച്ചുകൊണ്ട് ഇന്ദിരാഗാന്ധി നടത്തിയ പ്രഭാഷണം ഈ ഘട്ടത്തിൽ ഓർമ്മിക്കാവുന്നതാണ്. 'ഈ മനുഷ്യന്റെ പ്രത്യയശാസ്ത്രം എനിക്കെതിരാണെന്ന ഉറച്ച ബോധ്യമുണ്ട്. പക്ഷെ ഇന്ത്യയിലെ ഏറ്റവും സ്വാതന്ത്ര്യബോധമുള്ളവരും വിലങ്ങുകളില്ലാത്ത സർഗാത്മകത പ്രയോഗത്തിൽ വരുത്തേണ്ടവരുമായ ഒരു തലമുറയെ വളർത്തിയെടുക്കാൻ ഈ പ്രതിഭാശാലിയ്ക്ക് സാധിക്കുമെന്ന് എനിക്കുറപ്പുണ്ട്.' ഈ ഓർമ്മകൾക്ക് ഘടകവിരുദ്ധമായാണ് ഇപ്പോൾ *FTII* യെ ഒരു ഹോളിവുഡ്മോഡൽ ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ആക്കി മാറ്റാനുള്ള സംഘപരിവാർ അജണ്ടയുടെ ശ്രമങ്ങൾ നടക്കുന്നത്.

ഞങ്ങൾക്ക് ചോദിക്കാനുള്ളത്

ഈ രാഷ്ട്രീയത്തിലും

സമരത്തിലും

ഇലക്ഷനിലുമൊന്നും

വല്യ കാര്യമില്ല ബ്രോ എന്ന

പുതിയ (പഴകി ദ്രവിച്ച) ആദർശം

നെഞ്ചിലേറ്റി ജീവിക്കുന്ന

വിദ്യാർത്ഥികളോട്,

ഞങ്ങൾക്ക് ചോദിക്കാനുള്ളത്.....

If we talk of pure heritage, the post of chairman has been held by veterans including,Adoor, U.R Ananthamoorthi, Shyam Benegal, Saeed Mirza, Girish Karnad to name a few. The cultural cleansing was initiated at FTII with the right-wing forces infringing into the screening session of Patwardhan's 'Jai Bhim Comrade', and swahney's 'Muzaffarnagar Eventually', both hashtagged as 'Cinema's of resistance' by FTII students. The government's engulfing of the cultural intellectual spaces was further resisted by students demanding the suspension of the 12 member committee, alleging that five of the members had close alligience with the saffronised think tanks. This repeated and systematic attempt to undermine academic autonomy could be regarded as the intrusion of exclusivist and authoritarian right-wing ideologies to university campuses.




*FTII* ൽ ഇപ്പോൾ നടക്കുന്ന സമരത്തിന്റെ രാഷ്ട്രീയം അതിനാൽ തന്നെ ഗജേന്ദ്ര ചൗഹാനെ തൽസ്ഥാനത്ത് നിന്ന് നീക്കണം എന്ന ആവശ്യം മാത്രം മുന്നോട്ടു വക്കുന്ന ഒന്നല്ല. ഇന്ത്യൻ സിനിമയും *FTII* യും ഇത്രകാലം സാധ്യമാക്കിയിരിക്കുന്ന സാംസ്കാരികമായ ചെറുത്തുനിൽപ്പുകളെ ഇല്ലാതാക്കാനും ഇന്ത്യയിലെ പ്രമുഖ ക്യാംപസുകളിലെല്ലാം അയോഗ്യരായവരെ നിയമിച്ചുകൊണ്ട് ചരിത്രത്തെ വക്രീകരിക്കാനുമുള്ള ശ്രമങ്ങൾക്കെതിരെ കൂടിയാണ്. അയോഗ്യരായവരെ സ്ഥാനാരോഹണം ചെയ്തുകൊണ്ടുള്ള, ഈ നിയമനപ്രക്രിയകളെല്ലാം തന്നെ അപരത്വത്തെ പുറത്താക്കാനുള്ള പുതിയ നീക്കത്തിന്റെ ഭാഗമാണ് എന്നു തിരിച്ചറിയുമ്പോഴാണ് ഈ സമരങ്ങൾ അത്രമേൽ ജനാധിപത്യപരമാണ് എന്നു മനസ്സിലാവുന്നത്. അപരത്വത്തിന് വേണ്ടിയുള്ള കരുതലാണ് ജനാധിപത്യം എന്നു ഇമ്മാനുവൽ ലെവിനാസ്.

The nation as a bounded cohesive force demands the creation of a cultural/political 'Other'. The growing number of censorships and bans is encouraging a widespread culture of intolerence and anti -intellectualism directed against this 'Other'. What happened at FTII is the triumph of idiocracy over political dissent with statal dogmatism curbing liberal spaces, replacing them with mutated and trimmed voices.

റഫറൻസ്:

- ഞങ്ങൾ നിങ്ങളെ തെരുവിലേക്ക് ക്ഷണിക്കുന്നു. - അജയൻ അടാട്ട്, മാതൃഭൂമി ആഴ്ചപതിപ്പ്.

*In Solidarity with the students of FTII, Nivedita Menon, 'Kafila'

# വർത്തമാനത്തിന്റെ മതേതര വ്യവഹാരങ്ങൾ; മതേതരത്വത്തിന്റെ പുതിയ വർത്തമാനങ്ങൾ



തൻവീർ ഇബ്രാഹിം
മൂന്നാംവർഷ
മലയാള ബിരുദം

കേരളത്തിന്റെ മതേതരത്വം എന്നത് സവർണ്ണമൂല്യങ്ങളെ മതേതരമായി പരിവർത്തിപ്പിക്കപ്പെട്ടതാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് "സംസ്കാരം" എന്ന സംജ്ഞയ്ക്കുള്ളിൽ ചില ചിഹ്നങ്ങൾ ഉൾക്കൊള്ളുന്നതും ചിലത് പുറന്തള്ളപ്പെടുന്നതും. 'ദേശീയ' മായ ഉത്സവങ്ങൾ ഉത്ഭവിക്കുന്നതും അത്തരമൊരു ഭൂമികയിൽ നിന്നാണ്. ഇടയ്ക്കിടയ്ക്ക് ആവർത്തിച്ച് കൊണ്ടിരിക്കുന്ന നിലവിളക്ക് വിവാദവും നമ്മെ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നത് ഇത്തരം ചില സാംസ്കാരിക ദേശീയതകളെകുറിച്ചുള്ള പര്യാലോചനയിലേക്കാണ്. വിദ്യാഭ്യാസമന്ത്രിയുടെ നിലവിളക്ക് കൊളുത്താതെ മാറി നിന്ന നടപടിയും അതിനെതിരെ മത, മതേതര കോണുകളിൽ നിന്നുയർന്ന വിമർശനവും ഇത്തരം ചർച്ചകളെ വീണ്ടും അനിവാര്യമാക്കുന്നു.

അപരത്വങ്ങളെ നിർമ്മിച്ചെടുത്ത് കൊണ്ടാണ് ഫാസിസം എന്നും നില നിന്നിട്ടുള്ളത്. തനതായ സംസ്കാരമായി ഒന്നിനെ നിർവചിക്കുക, അതിന്റെ അപരമായി മറ്റൊന്നിനെ മെനഞ്ഞെടുക്കുക. ജർമനിയിൽ ഹിറ്റ്ലർ ആര്യൻ സംസ്കാരത്തെ തനത് സാംസ്കാരമായി തെരഞ്ഞെടുത്തപ്പോൾ അവിടെ അപരത്വത്തിനുള്ള "ഭാഗ്യം" ലഭിച്ചത് ജൂതന്മാർക്കായിരുന്നു. അങ്ങനെ തങ്ങളുടെ "സംസ്കാരത്തിനകത്ത് നിൽക്കുന്ന/പരിവർത്തിപ്പിക്കപ്പെടുന്ന ജനക്കൂട്ടങ്ങൾ യഥാർത്ഥ ഇന്ത്യാക്കാരനോ കേരളീയനോ ആകുന്നു. ആ "സാംസ്കാരിക ചിഹ്നങ്ങളെ നിരാകരിക്കുന്നവരാകട്ടെ അപരന്മാരുമാക്കപ്പെടുന്നു.പാരമ്പര്യങ്ങളും "സ്വഭാവികത"കളും നിർമ്മിക്കപ്പെടുകയോ കണ്ടെടുക്കപ്പെടുകയോ ചെയ്യുന്നു. സ്വാഭാവിക സംസ്കാരമായി പൊതുബോധത്തിൽ പതിപ്പിക്കപ്പെടുന്നു. അങ്ങനെ ചില കാര്യങ്ങൾ സ്വാഭാവികമായും മറ്റുചിലത് അസ്വാഭാവികമായും പൊതുമണ്ഡലത്തിൽ അനുഭവപ്പെടുന്നു. സ്വാഭാവികതയിൽ നിൽക്കുന്നവർ ഭാരതീയനോ കേരളീയനോ ആശുന്നു. സംസ്കാരത്തിന് മതേതരത്വത്തിന്റെ മുഖംമൂടി കൂടി അണിയിക്കപ്പെടുമ്പോൾ ചിത്രം പൂർത്തിയാവുന്നു.

യഥാർത്ഥത്തിൽ "നിലവിളക്ക് " എന്നതിന് ചരിത്രത്തിലേയ്ക്ക് ആഴ്ന്ന് കിടക്കുന്ന വേരുകളുണ്ട്. അഗ്നിയാരാധനയുടെ അടിത്തറയിലാണ് നിലവിളക്ക് യഥാർത്ഥത്തിൽ നിലനിൽക്കുന്നത്. ഋഗ്വേദകാലം മുതൽ "ഭാരത" ത്തിൽ നിലനിന്നിരുന്ന ഒന്നാണ് അഗ്നിയാരാധന. അഗ്നിയുടെ ദിവ്യത്വവുമായി ബന്ധപ്പെട്ട അനേകം പരാമർശങ്ങൾ ഋഗ്വേദത്തിലും ബ്രാഹ്മണങ്ങളിലും എല്ലാം കാണാൻ സാധിക്കുന്നുണ്ട്. വെളിച്ചം ലഭിക്കുന്നതിനല്ല അഭൗതികമായ മാർഗ്ഗത്തിലെ സഹായത്തിനോ സംരക്ഷണത്തിനോ ആയിട്ടുള്ള നിലവിളക്ക് യഥാർത്ഥത്തിൽ കേരളീയ ഗൃഹങ്ങളിൽ നാട്ടപ്പെട്ടതെന്ന വസ്തുത എവർക്കും സുപരിചിതമാണ്. സവർണ്ണ ഹൈന്ദവതയുടെ ചിഹ്നമായിരുന്ന നിലവിളക്ക് കാലക്രമേണ കേരളീയ പൊതുമണ്ഡലത്തിൽ

ഞങ്ങൾക്ക് ചോദിക്കാനുള്ളത്

ആണും പെണ്ണും

ഒരുമിച്ചാടിയതിന്

ഞങ്ങളുടെ ഊഞ്ഞാലുകൾ

മുറിച്ചുകളഞ്ഞവരോട്...

ഞങ്ങളുടെ

ഊഞ്ഞാൽച്ചിറകുകൾ

ആകാശങ്ങളെയല്ല

ഭൂമിയിലെ ജീവിതങ്ങളെയാണ്

സ്വപ്നം കാണുന്നതെന്ന്

മറന്നുപോയവരോട്

ഞങ്ങൾക്ക് ചോദിക്കാനുള്ളത്...

വേരുറപ്പിക്കുകയും മതേതരമായ നാനാവിധ ചടങ്ങുകളിൽ അതിന് പ്രമുഖസ്ഥാനം കിട്ടുകയും ചെയ്തു. യഥാർത്ഥത്തിൽ മതേതര പ്രതിച്ഛായ നൽകപ്പെട്ട സവർണ്ണ സാംസ്കാരിക ചിഹ്നമാണ് നിലവിളക്ക്. ഏകദൈവത്തെ മാത്രം ആരാധിക്കാവൂ എന്ന് പറയുന്ന ഒരു ദർശനത്തിന് (ഇസ്ലാമിന്), അതിന്റെ വക്താക്കൾക്ക് അഗ്നിയാരാധനയിൽ വേരുകളുള്ള ഒരു പ്രക്രിയയിൽ ഭാഗഭാക്കാവാൻ കഴിയില്ല എന്നതാണ് അടിസ്ഥാനപരമായ വസ്തുത. മതത്തെ തമാശയായി കാണാത്ത ഒരു മതവിശ്വാസിയെ ആ മതവിശ്വാസത്തിൽ ഉറച്ച് നിന്നതിന്റെ പേരിൽ വിമർശിക്കലാണ് വർഗീയതയും ഫാസിസവും എന്ന് തുറന്ന മനസുള്ളവരെല്ലാം അംഗീകരിക്കേണ്ടതുണ്ട്.

കേരളത്തിന്റെ പൊതുമണ്ഡലം എന്നും സവർണ്ണമായിരുന്നു. അതുകൊണ്ടാണ് സസ്യാഹാരം ഇവിടെ "ഉത്തമ" ഭക്ഷണമാകുന്നത്. ദലിത് - കീഴാളവിരുദ്ധമായ ഓണം ഇവിടെ ദേശീയോത്സവമാകുന്നത്. അതുകൊണ്ടാണ് "കാളനാകാമെങ്കിൽ കാളയുമാവാം" എന്ന കെ.ഇ. എന്നിന്റെ ചെറിയവാക്യം "മതേതരജനാധിപത്യ" കേരളത്തിൽ കോളിളക്കം സൃഷ്ടിച്ചത്. ഇന്ത്യയിൽ തന്നെ മാർക്സിസ്റ്റുകൾക്ക് മൂലധനത്തെക്കാൾ ഭഗവദ്ഗീതയാണ് മനസ്സിലുള്ളതെന്നാണ് ദലിത് ചിന്തകർ വിമർശനം ഉന്നയിച്ചിട്ടുള്ളത്. നിലവിളക്കിനെ അംഗീകരിക്കുന്ന കാരശ്ശേരിയും ചേന്ദമംഗലൂരു "നല്ല മുസ്ലിം" (Good Muslim) ആകുന്നു, നിലവിളക്കിനെ എതിർക്കുന്നവർ ചീത്ത മുസ്‌ലിമും (Bad Muslim) ആകുന്നു. സവർണ്ണ പൊതുമണ്ഡലത്തിന്റെ പൊതുവ്യവഹാരം അങ്ങനെ ആഗോളവ്യവഹാരത്തിന്റെ അനുരണനത്തിൽ ഇവിടെ ഒരു ന്യൂനപക്ഷത്തിൽ ദ്വന്ദ്വങ്ങൾ നിർമ്മിക്കുന്നു. മതേതരവ്യവഹാരം അതിന് ആക്കം കൂട്ടുകയും ചെയ്യുന്നു.

മതേതരത്വം സവർണ്ണമൂല്യങ്ങൾ രൂപാന്തരത്വം പ്രാപിച്ചതാണെന്ന നിരീക്ഷണത്തിലേക്ക് തിരിച്ച് പോകാം. മതേതരത്വം അതിന്റെ മൂല്യങ്ങൾ ഉൾക്കൊണ്ടത് അതിന്റെ സാഹചര്യത്തിലെ മുഖ്യധാരാ സംസ്കാരത്തിൽ നിന്നാണെന്നാണ് മതേതരത്വത്തിന്റെ ഉത്തരാധുനിക ചർച്ചകൾ ചൂണ്ടിക്കാട്ടുന്നത്. ക്രിസ്ത്യാനിററി എന്ന വിത്തിൽ നിന്നാണ് മതേതരമാനവികത (Secular humanism) രൂപപ്പെട്ടതെന്ന് നിരീക്ഷിക്കുന്ന ചിന്തകരുണ്ട്. ജനാധിപത്യവും മതേതരത്വവും ജൂത- ക്രൈസ്തവ നാഗരികതയുടെ (Judeo-christian civilization) തുടർച്ചയാണെന്ന് അവകാശപ്പെട്ടവരുണ്ട്. സാന്റിയാഗോ സബാല (Santiago Zabalo) പറയുന്നത് മതേതരത്വം എന്നത് ഒരു ക്രിസ്ത്യൻ ഭൂതകാലത്തിന്റെ സൃഷ്ടി എന്നതിലുപരി ഇപ്പോഴും പടിഞ്ഞാറൻ സംസ്കാരത്തിൽ നിലനിൽക്കുന്ന ക്രൈസ്തവതയുടെ സാന്നിദ്ധ്യത്തിന്റെ തെളിവാണ് എന്നാണ്. മതേതരത്വത്തെ കുറിച്ചുള്ള ഉത്തരാധുനിക ചർച്ചകൾ രണ്ടുപക്ഷത്തായി ഇങ്ങനെ നീങ്ങുന്നു.

മതേതരത്വത്തെ ഒരു ചരിത്രപ്രക്രിയയായി കാണുമ്പോൾ ഈ സമീപനത്തിൽ ചില യാഥാർത്ഥ്യങ്ങളെ കണ്ടെത്താൻ നമുക്ക് സാധിക്കും. ഓരോ ചരിത്രപ്രക്രിയയും രൂപപ്പെടുന്നത് ഓരോ സാമൂഹ്യസന്ദർഭത്തിലും സാമൂഹ്യഘടനയിലുമാണ്. അപ്പോൾ ആ സമൂഹത്തിന്റെ പൊതുബോധത്തിന്റെ ഘടകങ്ങൾ അവിടെ ഉരുവം കൊള്ളുന്ന ചരിത്രപ്രക്രിയയിൽ ഭാഗഭാക്കാവുക സ്വാഭാവികം മാത്രം. മതേതരത്വത്തിന്റെ ഭരണകൂടവും മതവും തമ്മിലുള്ള വിഭജനം എന്ന സ്വയം ബോധത്തിന് വിരുദ്ധമായി മതേതരത്വം എപ്പോഴും മത ആചാരങ്ങളെ നിയന്ത്രിക്കുകയും നവീകരിക്കുകയും മതത്തിന് മതേതരത്വത്തിന്റേതായ ഒരു നിർവചനം നൽകുകയും ചെയ്തു. അങ്ങനെ മതം എന്നത് മതേതരത്വം നിർവചിക്കുന്ന മിത്തായി ചുരുങ്ങി. അതുകൊണ്ട് തന്നെ മതത്തെകുറിച്ച് ആധുനികലോകത്ത് ചിന്തിക്കുക എന്ന് പറഞ്ഞാൽ അതിനെ നിർവചിക്കുന്ന മതേതരത്വത്തിന്റെ അടിത്തറകളെകൂടി അന്വേഷണവിധേയമാക്കുക എന്നാണെന്ന് സബാ മഹ്മൂദ് (Sabah Mahmmod) നിരീക്ഷിക്കുന്നുണ്ട്. മതേതരത്വത്തിന്റെ പടിഞ്ഞാറൻ ഉൽഭവവും മററൊരു പ്രധാനപ്പെട്ട വസ്തുതയാണ്. യൂറോപ്പിന്റെ സവിശേഷ സാഹചര്യത്തിൽ ഒരു ചരിത്രപ്രക്രിയയായി രൂപപ്പെട്ട മതേതരത്വം എന്ന സങ്കല്പം ഏഷ്യപോലുള്ള മതവും വംശവും എല്ലാം വളരെ വ്യത്യസ്തമായി പ്രവർത്തിക്കുന്ന ബഹുവംശീയ - മതസമൂഹങ്ങളിൽ ഇറക്കുമതി ചെയ്യുമ്പോൾ അത് തമ്മിൽ ഒത്ത് പോകില്ല എന്ന വസ്തുത പലരും മറക്കുന്നുണ്ട്. മതേതരത്വം എന്ന സംജ്ഞ ഒരു തരത്തിൽ വംശബോധം (ethno centricity) ഉൾക്കൊള്ളുന്നുണ്ട് എന്ന് ചാൾസ് ടെയ്‌ലർ (Charles Taylor) നിരീക്ഷിക്കുന്നുണ്ട്.

യൂറോപ്യൻ ജ്ഞാനോദയത്തിന്റെയും യൂറോപ്പിൽ രൂപം കൊണ്ട വിവിധ പ്രത്യയശാസ്ത്രങ്ങളിലെയും മനുഷ്യൻ (human) ഒരു വെള്ളക്കാരനായിരുന്നു  എന്ന് വിമർശിക്കപ്പെട്ടിട്ടുണ്ട്. അതെന്തായാലും യൂറോപ്യൻ സാഹചര്യത്തിൽ രൂപം കൊണ്ട ഒന്നിനെ യാതൊരു തത്ത്വദീക്ഷയുമില്ലാതെ പറിച്ച് നടുന്നത് ആശാവഹമായ ഒരു കാര്യമല്ല. ഇന്ത്യയിലെ മതേതരത്വത്തിന്റെ വക്താക്കളും ഈ വസ്തുത തിരിച്ചറിയുന്നുണ്ട്. അത് കൊണ്ടാണ് രാജീവ് ഭാർഗവ ഇന്ത്യയിലെ രാഷ്ട്രീയ ദാർശനികരും മററും ഇന്ത്യനവസ്ഥകളെകുറിച്ചും അതിന്റെ ബഹുസ്വരതയെ കുറിച്ചും എല്ലാം ഒരു ഹ്രസ്വകാല കോഴ്സ് ചെയ്യണമെന്ന് പറഞ്ഞത്.

ഇന്ത്യൻ സാഹചര്യത്തിലെ മതേതരത്വത്തിന്റെ വിമർശകർ മതേതരത്വത്തിന്റെ പടിഞ്ഞാറൻ ആവിർഭാവം, ഇന്ത്യൻ സാഹചര്യങ്ങളുമായി അതിനുള്ള അന്യത, മതവിശ്വാസികളുടെ അപരവൽക്കരണം തുടങ്ങി അനേകം വിമർശനങ്ങൾ മതേതരത്വത്തിനെതിരെ ഉന്നയിക്കന്നുണ്ട്. മതേതരത്വത്തെ അംഗീകരിക്കാത്തവരും അല്ലെങ്കിൽ മതേതരത്വത്തെകുറിച്ച് വ്യത്യസ്ത വീക്ഷണം പുലർത്തുന്നവരും മതവിശ്വാസികളും എല്ലാം പൂർണ്ണതയെത്താത്തവരായി മാറുന്ന ഒരു വ്യവഹാരത്തെ മതേതരത്വം മുന്നോട്ട് വയ്ക്കുന്നുണ്ട്. ദേശരാഷ്ട്രം എന്ന സങ്കല്പത്തിന്റെ അവിഭാജ്യഘടകമാണ് മതേതരത്വം എന്നും മതേതരത്വത്തിന് ബലപ്രയോഗത്തിന്റെ സാന്നിദ്ധ്യം ഉണ്ടെന്നും ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്. "ഹൈന്ദവ ഭൂരിപക്ഷ രാഷ്ട്രീയത്തിന്റെ വെല്ലുവിളികളെ നേരിടാനുള്ള ശക്തമായ ഒരുതലം മതേതരത്വം ഒരുക്കുന്നുണ്ടോ" എന്ന് പാർത്ഥ ചാററർജി ചോദിക്കുന്നുണ്ട്.  മതേതരത്വം എന്ന സങ്കല്പനത്തിന് ഭൂരിപക്ഷ രാഷ്ട്രീയത്തെ ചെറുക്കാൻ ശേഷിയില്ലെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. മതേതരാനന്തര (Post secular society) സമൂഹത്തെകുറിച്ചാണ് ഉത്തരാധുനികചിന്തകർ സംസാരിച്ച് കൊണ്ടിരിക്കുന്നത്.

കേരളസാഹചര്യത്തിന്റെ ചർച്ചയിലേക്ക് നമുക്ക് തിരിച്ച് വരാം. ഹമീദ് ചേന്ദമംഗലൂർ ഏക സിവിൽകോഡിനെ കുറിച്ച് എഡിററ് ചെയ്ത പുസ്തകമുണ്ട്.  അതിലെ യു.കലാനാഥന്റെ ലേഖനത്തിൽ ഏകീകൃതമായ ഒരു ശവസംസ്കാര രീതിയെകുറിച്ച് പറയുന്നുണ്ട്. ദഹിപ്പിക്കലാണ് അദ്ദേഹം എല്ലാവർക്കുമായി മുന്നോട്ട് വയ്ക്കുന്ന പരിഹാരം. എന്തുകൊണ്ടാണ് ഭൂരിപക്ഷത്തിന്റേതെന്നോ സവർണ്ണമെന്നോ വിളിക്കാവുന്ന ഒരു രീതി തന്നെ ശവദാഹത്തിനായി മുന്നോട്ട് വയ്ക്കപ്പെടുന്നതെന്നത് വലിയൊരു ചോദ്യമാണ്.  (നിലവിളക്ക് പൊതുചടങ്ങിന്റെ ഭാഗമാവുന്നതും ഇതേ യുക്തിയുടെ തുടർച്ചയാണ്). ഭൂരിപക്ഷത്തിന്റെ ചിഹ്നങ്ങൾ പൊതുസംസ്കാരത്തിന്റെ ഭാഗമാകുന്നതും ഇതരരുടേത് തള്ളപ്പെടുന്നതുമാണല്ലോ നാം ചർച്ചചെയ്തത്.  അതായത് പൊതുബോധത്തിൽ മതേതരരാവാൻ (അതായത് പൂർണ്ണരാവാൻ) എന്താണ് ചെയ്യേണ്ടത് എന്ന ചോദ്യത്തിന്റെ ഉത്തരം ദേശീയസംസ്കാരത്തോട് ഇഴുകിച്ചേരുക എന്നതാണ്.  മതേതരത്വം മൂല്യങ്ങൾ സ്വീകരിച്ചത് (കേരളീയസാഹചര്യത്തിൽ) എവിടെ നിന്നാണെന്നത് വലിയ ചോദ്യമാണ്.  യഥാർത്ഥത്തിൽ ഇതിന്റെ സങ്കീർണ്ണതകൾ കിടക്കുന്നത് ദേശരാഷ്ട്രം എന്ന സങ്കല്പത്തിലും ദേശരാഷ്ട്രത്തിന്റെ സംസ്കാര നിർമ്മിതിയിലും ആ സങ്കല്പത്തിലെ മതേതരവ്യവഹാര നിർമ്മിതിയിലുമാണ്.  മതേതരവ്യവഹാരം അങ്ങനെ നിർമ്മിക്കപ്പെട്ടിരിക്കുന്നത് ആ സമൂഹത്തിലെ ഭൂരിപക്ഷത്തിന്റെ മൂശയിലാക്കപ്പെടുമ്പോൾ കാര്യങ്ങൾ സങ്കീർണ്ണമാകുന്നു. അതുകൊണ്ട് തന്നെ മതേതരത്വം എന്ന സംജ്ഞ തന്നെ കൂടുതൽ സങ്കീർണ്ണമായ ഒന്നാണ്.

റഫറൻസ്:


* Ashis Nandy, "Bonfire of creeds - The essential Ashis Nandy" (New Delhi; Oxford University Press, 1997)
* Rajeev Bhargava (ed.) "Secularism and its Critics" (New Delhi; Oxford University Press, 1999)
* Talal Asad, Wendy Brown, Judith Butler, Saba Mahmood, "Is critique secular" (Berkley:University of California, 2009)
* Charles Taylor, "The meaning of secularism; The Hedgehog Review" Fall 2010, 23-24 (available in Internet)

# ഫേസ്ബുക്ക് ആക്ടിവിസ്ററും പോലീസിന്റെ മാവോയിസ്റ്റും പിന്നെ ഞാനും



സുശ്രുതൻ
ഒന്നാംവർഷ
ഇംഗ്ലീഷ് ബിരുദം

**ഫേ**സ്ബുക്ക് യുഗം സ്വയം പ്രദർശനത്തിന്റേതാണ്. വാക്കുകളും ആശയ(ക്കുഴപ്പ)ങ്ങളും ചിന്തകളും സ്വന്തം സ്വത്വത്തെ തേടുകയും അതേപ്പററി തന്നെ സംസാരിക്കുകയും ചെയ്യുമ്പോൾ പുറമേ നിന്നും അകമേ നിന്നും കുററപ്പെടുത്തലുകളുണ്ടായി. ഞാൻ ഈ കാര്യത്തിലും 'കൺഫ്യൂഷ്യസ്' ആയി. നിത്യചൈതന്യ-യതിയുടെ ആത്മകഥ ഈ ഘട്ടത്തിലാണ് വായിക്കുന്നത്. "അവനവനെ തന്നെ വിശകലനം ചെയ്യുമ്പോഴാണ് ലോകത്തെ അറിയാനും പഠിക്കാനും കഴിയുക. അവനവനെപ്പററിയാണ് ഒരുവന് ഏററവും സത്യസന്ധമായി പറയാനാവുക" അങ്ങനെയെങ്കിൽ ഇതും ഒരു 'ആത്മരതി' നിറഞ്ഞ എഴുത്താണ്. അല്ലെങ്കിൽ ഫേസ്ബുക്ക് ആക്ടിവിസത്തിനും പോലീസിന്റെ മാവോയിസ്റ്റിനുമിടയിൽ 'ഞാൻ' എവിടെ എന്ന അന്വേഷണമാണ് ഈ എഴുത്ത്. എഴുത്തിടങ്ങൾ നിരോധിക്കുക പതിവാകുമ്പോൾ ഒരു പക്ഷേ ഈ 'ഞാൻ' നിരോധിക്കപ്പെട്ടേക്കാം. കേരളത്തിനകത്തും പുറത്തും വിവിധ സമരങ്ങളിൽ പങ്കെടുക്കുന്ന ഒരു കൂട്ടായ്മയിലെ (യൂത്ത് ഡയലോഗ്) അംഗമാണ് ഈ 'ഞാൻ'. ക്യാംപസിനകത്ത് മിണ്ടാതിരുന്ന് കയ്യടി നേടുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുകയും നമ്മളൊന്നും വിചാരിച്ചാൽ ഒന്നും നടക്കില്ലെന്ന് ചിന്തിക്കുന്നവർ പെററുപെരുകുകയും ക്യാംപസിന്റെ ചുവരുകളിൽ നിന്ന് രാഷ്ട്രീയം മാഞ്ഞുതുടങ്ങുകയും ശബ്ദിക്കുന്നവർ വംശനാശം നേരിടുകയും ചെയ്യുന്ന ഇക്കാലത്ത് ഫേസ്ബുക്കിലും അതിനെതുടർന്ന് കേരളത്തിന്റെ പല സമരമുഖങ്ങളിലും ജനാധിപത്യപരമായി പങ്കെടുക്കാൻ കഴിഞ്ഞു എന്നുള്ളതിൽ ഈ 'ഞാൻ' സംതൃപ്തനാണ്.

പശ്ചിമഘട്ട സംരക്ഷണയാത്രയും, ലാ ഫെസ്റ്റോയും, സോഷ്യലിസം ടുഡേയും പോലെ ഞങ്ങൾ നടത്തിവരുന്ന പരിസ്ഥിതിക്കും നീതിക്കും വേണ്ടിയുള്ള ജനാധിപത്യപരമായ പോരാട്ടങ്ങളെ ഭയക്കുന്നവരാണ് ഇപ്പോൾ ഞങ്ങളെ മാവോയിസ്റ്റുകളാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. (ഞങ്ങൾ മാവോയിസം പോലെയുള്ള തികച്ചും അപ്രസക്തമായ ആശയങ്ങളെ ശ്രദ്ധിക്കാറേയില്ല). അതിന് അവർ പറയുന്ന കാരണമാവട്ടെ - ഞങ്ങൾ മുടി വെട്ടുന്നില്ല, നല്ല വസ്ത്രം ധരിക്കുന്നില്ല, ഞങ്ങൾ സിനിമ കാണുന്നു. ഞങ്ങൾ പുസ്തകം വായിക്കുന്നു. എന്നൊക്കെയാണ് - (ഈ ആരോപണങ്ങൾ ഞങ്ങൾ അഭിമാനത്തോടെ സ്വീകരിക്കുന്നു) - ഞങ്ങൾ മുടി വെട്ടാനും, നല്ല വസ്ത്രം ധരിക്കാനുമല്ല, സിനിമ കാണാനും പുസ്തകം വായിക്കാനു മാണ് പണം ചിലവഴിക്കുന്നത് - ബോബ് മാർലിയെ കേൾക്കുന്നതുകൊണ്ടും സിനിമ കാണുന്നതുകൊണ്ടും വായിക്കുന്നതുകൊണ്ടും ഞങ്ങൾക്ക് മാവോയിസ്റ്റുകളാവാൻ



കഴിയില്ല. ഭരണകൂടത്തിന്റെ ഫാസിസത്തെ അടിച്ചമർത്താൻ ആയുധമെടുക്കുന്ന മാവോയിസ്റ്റുകൾക്ക് മറ്റൊരു ഭരണകൂടം (ഫാസിസ്റ്റ് ഭരണകൂടം) ആവാൻ മാത്രമേ കഴിയൂ എന്ന സത്യം നിങ്ങളെപ്പോലെ ഞങ്ങളും ചരിത്രക്ലാസുകളിൽ പഠിച്ചിട്ടുണ്ട്.

മനുഷ്യരോടും പ്രകൃതിയോടുമുള്ള പ്രണയം കൊണ്ടാണ് ഞങ്ങൾ പ്രതികരിക്കുന്നത്. വിദ്വേഷമല്ല സ്നേഹമാണ് ഞങ്ങളുടെ അടിത്തറ. ഞങ്ങൾ സ്വപ്നം കാണുന്ന ഉട്ടോപ്യയുടെ വേരുകൾ മണ്ണിലുറച്ചതാണ് -




എന്നിട്ടുപോലും കോളേജിന്റെ വരാന്തകളിൽഎനിക്ക് 'മാവോ' എന്ന വിളി കേൾക്കേണ്ടി വന്നിട്ടുണ്ട്.സൗഹൃദത്തിന്റെ അടിയടരുകളിൽ പോലും ഇവൻ അപകടകാരിയാണ്' എന്ന പറച്ചിൽ കേട്ടിട്ടുണ്ട്'.പോലീസിനാൽ പിൻതുടരപ്പെട്ട് മാനസികവിഭ്രാന്തിയനുഭവിക്കുന്നവരും ഞങ്ങളുടെ കൂട്ടത്തിലുണ്ട്. സ്ത്രീ ശരീരത്തോടുള്ള ഭയത്തെയും അപരിചിതത്വത്തെയും മറികടന്നതുകൊണ്ടാവണം ഇവൻ പെണ്ണുങ്ങളോടൊപ്പം നടക്കുന്നവനാണ്' എന്ന പറച്ചിലും പതിവാണ്. ഈ പറച്ചിലുകളെ ഒരു അംഗീകാരമായിത്തന്നെയാണ് മനസ്സിലാക്കിയിട്ടുള്ളത്. പാട്ടും പ്രണയവും പ്രതിരോധവും കൊണ്ടാണ് ഞങ്ങൾ ഇതിനെയെല്ലാം അതിജീവിക്കുന്നത്. പ്രകൃതിക്കായി, നീതിക്കായി പ്രവർത്തിക്കുക എന്നതിലും സന്തോഷകരമായ മറ്റൊന്നില്ല - നിങ്ങളുടെ മറവിക്കെതിരായ കലാപങ്ങളാണ് ഞങ്ങളുടെ ഓർമകളും ഓർമപ്പെടുത്തലുകളും. അതുകൊണ്ട് ഭരണകൂടത്തിന്റെ കുററപ്പെടുത്തലുകൾക്ക് മുൻപിൽ ബേജാറാവുന്നതിന് പകരം ഞങ്ങൾ പ്രണയിക്കുകയാണ് - അവരെയും നിങ്ങളെയും - മുഴുവൻ ലോകത്തെയും.






നിധീഷ് വേലായുധൻ
രണ്ടാം വർഷ ബോട്ടണി ബിരുദം

## പ്രണയം

നിന്റെ ഭൂമിയോളം ചെറുതായും
നിന്റെ ആകാശത്തോളം വലുതായും
നിന്നിലേക്ക് മാത്രം വളർന്നത്....
നിന്റെ കടലിനോളം മിടുപ്പുകൾ
കാത്തുവച്ചത്....
എത്രപെയ്തിട്ടും നിന്റെ
ശൂന്യതകളിൽ തോരാത്തത്....
ഒടുവിലിപ്പോൾ ആരുമറിയാതെ
നമ്മുടെ മുറിഞ്ഞുപോയ
ഹൃദയങ്ങളെ ചേർത്തു നിർത്തുന്നത്....

# വീട്ടകങ്ങളിലെ സിനിമാക്കാഴ്ചകൾ; വിരൽത്തുമ്പിലെ സിനിമയും നഷ്ടപ്പെട്ട പറുദീസയും



റിജോയ്. കെ. കെ

രണ്ടാം വർഷ
മലയാള ബിരുദം

ഒരിക്കൽ ഗൊദാർദ് പറഞ്ഞു. "ഞാൻ ജയിലിൽ തടവറയിലായിരിക്കുകയും എനിക്ക് ഡി.വി.ഡി യിൽ സിനിമകൾ കാണാൻ സൗകര്യമുണ്ടായിരിക്കുകയും ചെയ്താൽ ഞാൻ ഡിവിഡി കാണേണ്ട എന്നു തീരുമാനിച്ചിട്ട് ജനാല തുറന്ന് ആകാശം നോക്കിയിരിക്കും. എന്നാലും ഞാൻ ഡിവിഡി യിൽ സിനിമ കാണില്ല". മനുഷ്യന്റെ സാംസ്കാരിക ചെറുത്തുനിൽപ്പിന്റെ ഭാഗമായ സിനിമകൾ ഡിവിഡികളിലൂടെ നമ്മുടെ കാഴ്ചവട്ടത്തെത്താൻ തുടങ്ങിയിട്ട് കാലമേറെയായി. വ്യാജ ഡിവിഡി എന്ന സങ്കല്പവും മലയാളിക്ക് അപരിചിതമല്ല. സിനിമയുടെ ആദ്യ പ്രദർശനത്തിനു മുൻപേ നവമാധ്യമങ്ങളിൽ സിനിമ കാഴ്ചപ്പെടുന്നതും ഇപ്പോൾ പതിവു രീതിയാണ്. സിനിമാക്കൊട്ടകകൾ ആരാലും സെൻസർ ചെയ്യപ്പെടാത്ത സിനിമാപറുദീസകളായിരുന്ന പഴയ കാലം പോയി. ഒരുപാടു തീയറ്ററുകളും അതിനോടൊപ്പം പോയി. 1750 തീയറ്ററുകളുണ്ടായിരുന്ന കേരളത്തിൽ ഇപ്പോൾ 350 ൽ താഴെ മാത്രം. നമ്മുടെ വിരൽത്തുമ്പുകളിലേക്ക് സിനിമയെത്തി. മലയാളത്തിൽ ആദ്യമായി വ്യാജ സി.ഡി പുറത്തിറങ്ങിയ മണിച്ചിത്രത്താഴ് മുതൽ അടുത്ത് സെൻസർ കോപ്പി നവമാധ്യമങ്ങളിലൂടെ പ്രചരിച്ച പ്രേമം വരെ സിനിമാപറുദീസാനഷ്ടത്തിന്റെ ആക്കം കൂട്ടിയിട്ടുണ്ട്. ആദ്യമായിട്ടാവും മലയാളത്തിൽ ഒരു സിനിമയുടെ സെൻസർ കോപ്പി നവമാധ്യമങ്ങളിലൂടെ പ്രചരിക്കുന്നത്.




സിനിമാകൊട്ടകൾ നമ്മുടേതല്ലാതായിത്തീർന്നു. സിനിമ എഴുതുന്നവരുടെയും സംവിധാനം ചെയ്യുന്നവരുടെയും നിർമ്മിക്കുന്നവരുടെയും അഭിനയിക്കുന്നവരുടെയും മാത്രമല്ല തീയറ്ററിൽ ടിക്കറ്റു കീറുന്നവരുടെയും കപ്പലണ്ടി വിൽക്കുന്നവരുടെയും കൂടി ചരിത്രത്തിന്റെ ഭാഗമായിരുന്നു. ആ കാലം പോയി. സിനിമാകൊട്ടകകൾ പോയി. വ്യാജ സിഡികളും നവമാധ്യമങ്ങളിലൂടെ വിരത്തുമ്പുകളിലെത്തിയ സിനിമകളും ചേർന്ന് നമ്മുടെ കാഴ്ചവട്ടങ്ങളെ ആഘോഷമാക്കി. പൊയ്പ്പോയ സിനിമ കൊട്ടകകളെ വീണ്ടെടുത്തുകൊണ്ട് മാത്രമേ ഇനിയൊരു ചെറുത്തുനിൽപ്പു സാധ്യമാവൂ- സിനിമാകൊട്ടകളിൽ ഇനിയുണ്ടാവേണ്ട കലാപങ്ങൾ സിനിമയെ വീണ്ടെടുക്കാൻ വേണ്ടിയാണ്- അഥവാ സിനിമ സാധ്യമാക്കിയിരുന്ന കലാപങ്ങളെ വീണ്ടെടുക്കാൻ കൂടി വേണ്ടിയാണ്.

കടപ്പാട്: സിനിമാപറുദീസാ നഷ്ടങ്ങൾ

(അൻവർ അബ്ദുള്ള, ചെറി ജേക്കബ്ബ്. കെ)

## Editorial Board

Chief Editor
**Dr A Benny Cheriyan**

Staff Advisor
**Dr Cheri Jacob K**

Staff Editors
**Dr Aju k Narayanan**
**Ms R S Radhika**
**Dr Ruby Elsa Jacob**

Student Editor
**Mr Ancif C Abu**

ഘോരവനത്തിന്റെ ഏകാന്തതയിൽ ബാലുവും കൂട്ടുകാരും പുഴയുടെ നടുവിലുള്ള തുരുത്തിൽ വലിയ ആഴികൂട്ടി അതിനു ചുററും വിറങ്ങലിച്ച് ഇരുന്നു. ചീവീടുകളുടെയും തവളകളുടെയും വെള്ളത്തിന്റെയും ശബ്ദം ആ നിശബ്ദതയെ കീറി മുറിച്ചു കൊണ്ടിരുന്നു. വനത്തിനു നടുവിലുള്ള ആ രാത്രി ബാലു യഥാർത്ഥത്തിൽ ആസ്വദിക്കുകയായിരുന്നു.

പട്ടണത്തിൽ പഠിക്കുന്ന ബാലു അവധിക്കാലം ചിലവഴിക്കാൻ സ്വന്തം നാട്ടിലെത്തിയതാണ്. മീൻ തിന്നാനിഷ്ടം കുറവാണെങ്കിലും അവന് മീൻപിടിക്കാൻ വളരെ ഇഷ്ടമാണ്. മുമ്പ് അച്ഛന്റെ കൂടെയും പിന്നീട് കൂട്ടുകാരുടെ കൂടെയും ഒത്തിരി തവണ അവൻ മീൻ പിടിക്കാൻ പുഴയിലും തോട്ടിലും, ഡാമിലും പോയിട്ടുണ്ട്. അന്നെല്ലാം അവൻ അതെല്ലാമാസ്വദിച്ചു. ഇത്തവണത്തെ യാത്ര പുതിയൊരനുഭവമാകുമെന്ന് അവൻ സ്വപ്നത്തിൽ പോലും കരുതിയില്ല.

കാട്ടുപക്ഷികളെയും കാട്ടരുവിയും വെള്ളച്ചാട്ടവുമെല്ലാം കണ്ട് സന്തോഷത്തോടെ എല്ലാമാസ്വദിച്ച് നീണ്ട യാത്രക്കുശേഷം അവർക്ക് രാത്രി തങ്ങേണ്ട സ്ഥലത്തെത്തി. എല്ലാവരും ചേർന്ന് വിറക് ശേഖരിച്ച് രാത്രിയിലേക്കുള്ള ഭക്ഷണം പാകം ചെയ്യാൻ തുടങ്ങി. മററുചിലർ രാത്രിയിൽ ചൂണ്ടയിടാനായി ചൂണ്ടക്കണ തേടി നടന്നു. കുറച്ചുപേർ ഇര തിരഞ്ഞു നടന്നു. ശാന്തമായൊഴുകുന്ന പുഴയിലെ തെളിഞ്ഞ വെള്ളം കണ്ടപ്പോൾ ബാലുവിനൊന്ന് കുളിക്കണമെന്നു തോന്നി. കുളികഴിഞ്ഞ് തിരികെ തുരുത്തിലെത്തിയപ്പോൾ സൂര്യൻ ചക്രവാളത്തിലൊളിച്ചു തുടങ്ങിയിരുന്നു. അവരവർക്കു ചൂണ്ടയിടാനുള്ള സ്ഥലം ഓരോരുത്തരും തയ്യാറാക്കി വച്ചു.

നേരം സന്ധ്യയോടടുത്തു. തോക്കുകളുമായി ചേട്ടനും മച്ചാനും എത്തി. ചേക്കേറാനൊരുങ്ങിയ പക്ഷികളുടെ ശബ്ദവും ചീവീടുകളുടെ ശബ്ദവും ആ പ്രദേശത്തെ ബഹളമയമാക്കി. മെല്ലെ ഇരുട്ട് ആ പ്രദേശത്തെ കാർന്നു തിന്നു. എല്ലാവരും അവരവരുടെ ചൂണ്ടയും കൈയിലെടുത്ത് അവരവർ ശരിയാക്കിയ സ്ഥലത്തിരുന്ന് ചൂണ്ടയിടാനാരംഭിച്ചു. ചിലർക്ക് വലിയമീൻ കിട്ടി. ചിലരുടെ ചൂണ്ട പൊട്ടിപ്പോയി. മററുചിലർ ചൂണ്ടയിട്ടുമടുത്ത് തീക്കു ചുററും കൂടിയിരുന്ന് വെടിപറഞ്ഞ് ചിരിച്ചു.

അടയാളം നോക്കി കാട്ടാനയുടെ അനക്കവും അവയുടെ സാന്നിധ്യവും അറിയുന്നതിൽ പ്രഗത്ഭനായിരുന്നു ബാലുവിന്റെ അച്ഛൻ. അങ്ങനെ കണ്ടുപിടിച്ചതാണ് രണ്ടാഴ്ചയായി അവിടെ ആന വന്നിട്ടില്ല എന്ന്. പക്ഷേ ബാലുവിനറിയാം - കാട് കാട്ടുമൃഗങ്ങളുടെ ഭൂമികയാണ്. നായാട്ടിന് വരുന്നവർ അതിക്രമിച്ച് കടക്കുന്നവരാണ്. ഏതുനിമിഷവും കാട്ടാനകളുടെയോ കാട്ടുപോത്തിന്റെയോ മററു കാട്ടുമൃഗങ്ങ ളുടെയോ ആക്രമണം പ്രതീക്ഷിക്കാം. അതുകൊണ്ടുതന്നെ അത് നേരിടാനുള്ള എല്ലാ തയ്യാറെടുപ്പുമായാണ് അവരെല്ലാം അവിടെ ഇരിക്കുന്നത്. കൂട്ടത്തിൽ ഏററവും ചെറിയവനായ ചേട്ടന്റെ മകൻ തുരുത്തിന്റെ ഏററവും അററത്താണ്. അവനവിടിരുന്ന് ചൂണ്ടയിടുന്നു. മററു രണ്ടുപേർ രണ്ടു തോക്കിലും കണ്ണും നട്ടിരുന്നാണ് ചൂണ്ടയിടുന്നത്.

## ഈ ഭൂമിയുടെ അവകാശികൾ



കണ്ണൻ. കെ
ഒന്നാം വർഷ ബികോം

### വര

Prasanth Rajappan
Sajeena C R
Sethulakshmi A N
Jinson Alias
Akhil V S

### Cover Design

Anurag P P

മററുള്ളവർ ഓടി മരത്തിൽ കയറാൻ പ്ലാനിട്ടിരിക്കുന്നു. എന്നാൽ ബാലു തീരുമാനിച്ചത് വെള്ളത്തിൽ ചാടി താഴേക്കു നീന്തി പുഴയ്ക്കു മീതെ ചാഞ്ഞുകിടന്ന മരത്തിൽ കയറാനാണ്.

ഓരോ ശബ്ദവും എല്ലാവരും ശ്രദ്ധയോടെ കേട്ട് ഇരുന്നു. രാത്രി ഏകദേശം എട്ട് മണിയോടടുത്തു. പൊടുന്നനെ ഒരീററ പൊട്ടുന്ന ശബ്ദം കേട്ടു. അഞ്ചുമിനിട്ടിനുശേഷം വീണ്ടും ഈററ പൊട്ടുന്ന ശബ്ദം. പിന്നീട് തുരുതുരെ ഈററ പൊട്ടാൻ തുടങ്ങി. ശബ്ദം കൂടി വരുന്തോറും അവർക്കു മനസ്സിലായി കാട്ടാനക്കൂട്ടം അവർക്കടുത്തേക്കാണ് വരുന്നതെന്ന് ഏകദേശം അരമണിക്കൂർ കഴിഞ്ഞപ്പോഴേക്കും അവരിരുന്ന തുരുത്തിനടുത്ത് ആന എത്തിയിരുന്നു. അവരെല്ലാം ശ്വാസമടക്കി പിടിച്ചിരുന്നു. ഏതു നിമിഷവും ആന അങ്ങോട്ട് കടന്നുചെല്ലാം.

പൊടുന്നനെ എല്ലാവരുടെയും നെഞ്ചിൽ തീകോരിയിട്ട് ആന ചിന്നം വിളിക്കാനും തുടങ്ങി. തുമ്പിക്കൈകൊണ്ട് നിലത്തടിക്കുന്ന ശബ്ദം ഓരോരുത്തരുടെയും നെഞ്ചിൽ പൊട്ടി. എല്ലാവരും ചൂണ്ടയിടൽ നിർത്തി തീയ്ക്കുചുററും വന്നുകൂടി പെട്ടെന്ന് വണ്ടിയുടെ ശബ്ദം കേട്ട് ബാലു അവന്റെ അച്ഛനോട് ഏതോ വണ്ടി വരുന്നെന്നു പറഞ്ഞു. എല്ലാവരും ചിരിച്ചു. പിന്നീടച്ഛൻ പറഞ്ഞപ്പോഴാണ് അവനു മനസിലായത് അത് കാട്ടാന ശബ്ദമുണ്ടാക്കിയതാണെന്ന്. രണ്ടാമതൊരു കൂട്ടം അതിന്റെ പിന്നിലുണ്ടായിരുന്നു. അതിന്റെ ശബ്ദമാണ് അവർ കേട്ടത്. എന്തായാലും കാട്ടിൽ രണ്ടുകൂട്ടം ആനകൾ അടുത്തടുത്ത് നിലയുറപ്പിക്കില്ല അതായിരുന്നു അവർക്കൊരാശ്വാസം. രണ്ടാമത്തെ കൂട്ടം അടുത്തുവരുന്തോറും ആനകളുടെ ചിന്നംവിളി ശബ്ദം രാത്രിയെ ഭയാനകമാക്കിക്കൊണ്ടിരുന്നു. ആദ്യം വന്ന കൂട്ടം തുരുത്തിന് അടുത്തേക്ക് നീങ്ങിത്തുടങ്ങി. പച്ച ഈററയില വെട്ടിയിട്ട് അവർ തീ വലുതാക്കി. ഏകദേശം ഒരു മരത്തിന്റെ പകുതിയോളം തീയുയർന്നതുകണ്ടിട്ടാണെന്നു തോന്നുന്നു ആ കൂട്ടം വഴിമാറി റോഡിൽ കയറിതാഴേക്കു മാറി. അവർക്കാശ്വാസമായി.

എന്നാൽ അവരുടെ ആശ്വാസം ഏറെ നേരം നീണ്ടുനിന്നില്ല, പെട്ടെന്നു തന്നെ രണ്ടാമത്തെ കൂട്ടം ആന അവിടേക്ക് വന്നു. ഉണങ്ങിക്കിടന്ന എല്ലാമെടുത്തിട്ടു കത്തിച്ചു കളഞ്ഞതിനാൽ ഇനി തീ കത്തിക്കാൻ ബാക്കിയൊന്നുമില്ല. ആനയുടെ വരവറിയാൻ ബാലുവും അവന്റെ അനിയനും തുരുത്തിന്റെ തുമ്പത്തേക്കു നീങ്ങി. ആന ഈററ വലിച്ചുപൊട്ടിക്കുന്ന ശബ്ദം അടുത്തടുത്തു വന്നു. ബാലു അച്ഛന്റെ നേരെ നോക്കി പുറകിലേക്ക് കൈചൂണ്ടി അലറി. "അച്ഛാ ആന ഇവിടെയെത്തി" പിന്നെ ഒന്നും ഓർമ്മയില്ല. പക്ഷേ ആന അടുത്തേക്കു വന്നില്ല പരിധിയിലേറെ ഭയപ്പാടോടെ യാണെങ്കിലും ഉറങ്ങാതെ അവയുമായി ചെറുത്തു നിന്നു. സമയം അങ്ങനെ ഇഴഞ്ഞിഴഞ്ഞ് നീങ്ങിക്കൊണ്ടിരുന്നു. വളരെ വൈകി മലമുകളിൽ നിലാവ് തലപൊക്കി നോക്കി. അൽപസമയം കഴിഞ്ഞപ്പോൾ ആനകളെല്ലാം നീങ്ങിത്തുടങ്ങുന്നതായി മനസ്സിലായി. നിലാവിനെ മൂടിയ കാർമേഘം മാറുന്നതുപോലെ എല്ലാവരുടെയും മനസിലെ പേടി നീങ്ങിത്തുടങ്ങി.

രാത്രിയുടെ അവസാന യാമങ്ങളിൽ തണുപ്പേറിവരുന്നതായി ബാലുവിന് അനുഭവപ്പെട്ടു. പുഴയിൽ നിന്നും നീരാവി രൂപത്തിൽ മഞ്ഞ് പൊങ്ങി അവിടമാകെ പരന്നു. പേടിപ്പെടുത്തുന്ന ഭയാനകമായ മണിക്കൂറുകളാണ് കടന്നുപോയതെങ്കിലും അവസാനം അവൻ അതെല്ലാം ആസ്വദിക്കുകയായിരുന്നു. കാട് കാട്ടാനകളുടെ കൂടി ഭൂമികയാണെന്നും അവരും ഈ ഭൂമിയുടെ അവകാശികളാണെന്നും അവൻ പതിയെ പതിയെ മനസിലാക്കുകയായിരുന്നു. തീ കൂട്ടിയതിനരികിൽ ചുരുണ്ടുകൂടി കിടക്കുമ്പോൾ ഒന്നേ അവന്റെ മനസ്സിലുണ്ടായുള്ളു. അവൻ പതിയെ പറഞ്ഞു.

എനിക്കു ഭയമില്ല. എനിക്കു ഭയമില്ല.

## Tibet: Falling off the Map... A Forgotten Place

**It is a T factor all over again. The distance from Tagore to Tsering Wangmo Dhompa is next to nil; both events are attempts to mould minds without fear and to make people hold their heads high. Tagore in UCC – 1922. Tsering in UCC – 2015. And in between we have Tibet - a session with a Tibetan poetess in exile; along with Friends of Tibet poet-volunteer Eashwar Anandan who contextualized the ethos and ethics of the Tibetan dilemma.**

**Title Cards**: "Emancipate all Life-forms by Embracing the ultimate spirit of Buddhism." Who will believe that this is the motto of a nation? But the fact is, it is! "Let the radiant light shine of Buddha's wish-fulfilling gem teachings, the treasure chest of all hopes for happiness and benefit in both secular life and liberation." How does this qualify as a national song? Well, it indeed is! These Twin Questions are being asked in the international context of nations inventing traditions to highlight and heighten the aura of images/icons that wax wane on the glory of nationhood – *Saare Jahaan Se Acha..........*

**Establishing Shot:** These Twin icons 'belong' to Tibet The pristine land that vouches for the peace that was Buddha; a people who calmly hold on to ahimsa, a region with an ethos softer than petals – the twin signs of a little (vanished) nation. In a way the motto and the song signify Tibet. They 'are' Tibet. Perhaps 'only they' are Tibet. Unfortunately that Tibet is on the brink of emerging as a burning Furnace; a manifold subversion of ahimsa. The throbs of a nation subsumed by Chinese invasion and colonization; a saga of hegemonic interventions, even into culture. A people whose spiritual and political leader is banished into perpetual exile; and a substantial number of his followers uprooted and floating – refugees who cannot go back. In a sense, a nation unremembered…a nation that has fallen off the map.

**Mise-en-scene:** However, Tibetans still uphold the dream of reclaiming their nation. Even as desperation creeps in, they hold on, and enflame the hope. The Friends of Tibet initiative seeks to link up, all concerned - the exiles, the muted and all those who share a concern for a people fighting, justly, for nationhood.



Dr Aju K Narayanan



Cheri Jacob K

"I began this poem with the intention to write about San Francisco, where I live. Having lived half my life as a 'refugee' in India and Nepal, I realize I will always feel unmoored. This is not an uncommon condition of being, particularly as more and more people are able to transport themselves across oceans and islands, and at the same time stay linked to everything and everyone, seemingly at once and at all times. The more I am connected to my relatives and family inside Tibet, the more I feel the weight of history, its interpretations, and those liminal spaces where individual lives spin out of control or are kept firmly in place by state power and Politics."

**Song and Dance (Macabre) Sequence:** Often poetry resists...poetry as resistance, poetry as resilience. Perhaps, in a big way poetry as a testimonial of existence past and future, even in the condition of exile. In this sense all Tibetans are poets. Apostles of remembrance. Tsering too falls into this category. Perhaps it is the need to withstand the 'unbearable lightness of their being' that makes her write thus:

**Deep Focus:** To testify is to love. To love is to dream. And the dreams of poesy often takes us to realms wherein poetry partakes of the pain of politics....Testimony ass poetic politics. Says Tsering, "Writing is a force, an active potential...Power is never compassionate, and in its wake stories root us in a culture...and for exiles 'the lost' is framed as a means of salvaging; even when there is less room for certainty, when one gets closer to a story. We [Tibetans] tell stories so that living becomes tolerable; an introspection as to what kind of history / writing informs our future. For us [Tibetans] exile is suspended time! And yet it is a kind of holding on to the idea of a homeland, firmly put in place(s) of remembrance by subjects who are out of place; to avoid feeling freedom as merely a public holiday. The voice in such attempts may be personal but the thought that is contained for future ignition is collective – the poem is communal..."

**Jump Cut:** "Can one represent experiences of trauma without assimilating them into interpretive frameworks and making them bearers of ideology? Can one create monuments to history without reducing history to an assortment of metonyms?" Thomas Cooper asks. In a certain way the answer is Yes! Yes, poetry can! The way Neruda testifies to the dangers that poetry posits. Poetry as an attempt at commemoration that resists the transformation of memory into myth and history into ideology.

**Match Cut:** In an uncanny way the Tibetan exile can be read contrapuntally with the Jewish Holocaust. More so, with respect to writing in the wake of trauma: In his Nobel acceptance speech, Imre Kertez refers to Holocaust as Culture and reveals that all along his writing was preoccupied with One question – 'What have I still got to do with literature? We must know that Auschwitz in a certain sense at least suspended literature." This moment is spectral in that all the claims of literature as emancipation and enlightenment breaks down. And perhaps it is the realization of this aporia that made Theodor Adorno proclaim, "After Auschwitz there is no poetry..."

However this specter of poetry can return to reclaim losses in strangely familiar ways; poets as non-liars, confronting the breakdown of the Platonic consensus. An emergence of poetry as a blood-soaked flower that battles erasure. Here comes in the cause of/for Tibetan poetry. Poetry as remembrance...as remembered. See this:

**As remembered**

I am only beginning to understand how seasons affect me.

Winter. Snow beating street people into obedience. How mothers held back from stepping out in discreetly ornamented shoes and thin nylon socks.

This is the way I count years: the winters we had fire and the summers we erased because we were in another place.

I am told I was five in 1971 even though my birth certificate states I was born in 1969. The elders count on their fingers. They have done it for a long time.

It was winter but not the kind of winter they were born into. They were wearing hand knitted woolen sweaters. I was wearing a jacket that children born to refugees wear.

When I am with them, I cannot say I remember. I say, as I am told I remember. It is not the accuracy of the story that concerns us.

But who gets to tell it.

**Fade out:** "I offered myself to fire, as a protest against the Chinese Government. Dalai Lama and Panchen Lama and 60 million people are seeking Freedom. Tibet has only one aim: Liberation" these words of Nyingkar Tashi disturbs; self immolation without a suicide note...a silence that puts a burden on the state and the rest. This necropolitics is very different from suicide bombings. It is a gestural question: In the impossibility of life, what is the role of death? Maybe, dying for the shame of being alive....................






**Fade in:** To further witness directly the intensity of this trauma please visit: http://www.freetibet.org/about/self-immolationprotests.

The sights in this site...are they the life of the dead...or else, the burial of the living?

Sub-Titles: ഒരുപക്ഷേ, എല്ലാ വാക്കുകൾക്കും ഒറ്റ അർത്ഥമുള്ള ഭാഷയാണ് ടിബറ്റൻ. സ്വാതന്ത്ര്യം എന്നു മാത്രമാണ് എല്ലാ വാക്കുകളുടെയും പരമമായ അർത്ഥം.






'ന്റെ' നന്ദിപറച്ചിലുകളുടെ വാചോപചാപങ്ങളല്ല
സഹതാപത്തിന്റെ കണ്ണീരുമല്ല
വലുതും ചെറുതുമായ പ്രതിരോധങ്ങൾക്ക്
ഐക്യദാർഢ്യം മാത്രം.....
സ്നേഹത്തിന്റെ പ്രത്യയശാസ്ത്രം നിരോധിക്കപ്പെടുന്ന
കാലത്ത്
ഒപ്പം നടന്നവർക്ക് നൽകാനുള്ളത് സ്നേഹം മാത്രം
സിദ്ദിക്ക്, അരവിന്ദിന്, കണ്ണന്
തൻവീറിന്, വിഷ്ണു ചേട്ടന്, അനുരാഗിന്.....
അഫ്രിന്, ജബിന്, ആതിര ചേച്ചിക്ക്, സൂരജ് ചേട്ടന്,
ഹരിച്ചേട്ടന്, ദേവൻ ചേട്ടന്,
ജോബിന്, അഭിജിത്തിന്
ജയന്, അനന്ദുവിന്, സുശ്രുതന്, ശ്രീഹരിക്ക്, സുധി ചേട്ടന്
ചെറി മാഷിന്, അജു മാഷിന്, മാർക്കോസ് മാഷിന്
ത്രീസ ടീച്ചർക്ക്
പിന്നെ
'ന്റെ' ഞങ്ങളുടേതു കൂടിയാണെന്ന
തിരിച്ചറിവ് പങ്കുവച്ചവർക്ക്...

ആർച്ചക്ക്,

ജീവിച്ചു ജീവിച്ചു മരിച്ചുപോയവർക്കുള്ള

ആദരാഞ്ജലികളല്ല.....

നിന്റെ ഓർമ്മകൾ ഞങ്ങളെ

അസ്വസ്ഥമാക്കുന്നിടത്തോളം

ഈ ഓർമ്മ പുസ്തകം തന്നെ

**നിനക്ക് സമർപ്പിക്കുന്നു.....**

നിങ്ങള് നിങ്ങളെ മാത്രമിഷ്ടപ്പെടല്ലപ്പാ
ഒരമ്മ പെറ്റത് പോലെ
എല്ലാരുമങ്ങനെ തന്ന്യാ
മരിക്കുന്നുള്ളത് നേരാ
മരിക്കുന്നുള്ളത് നേരാ
ആരുടെ കൂടെ നിൽക്കും
നിങ്ങളാരുടെ കൂടെ നിൽക്കും
(എന്നോ ഒരിക്കൽ ഞങ്ങളിലേക്ക്
എവിടന്നോ വന്നു കയറിയതാണ്
ഈ പാട്ട് - ഇന്നിപ്പോൾ ഇത്
ഞങ്ങടെ സ്വന്തം പാട്ടാണ്
ചാവാണ്ടിരിക്കാൻ ഞങ്ങൾ
പാടിക്കൊണ്ടിരിക്കുന്ന പാട്ട്..........)

ഇന്നലെ
ബീഫും മീനും നിരോധിക്കപ്പെട്ടു.....
എഴുത്തും വായനയും നിരോധിക്കപ്പെട്ടു-

ഇന്ന്
നമ്മളൊരുമിച്ചിരുന്ന ഇടങ്ങൾ
നിരോധിക്കപ്പെട്ടു.
ഇന്നലെ വരെ എന്നോടൊപ്പമുണ്ടായിരുന്ന
ബ്ലോഗർ നിരോധിക്കപ്പെട്ടു

നാളെ
നമ്മളും നമ്മുടെ സ്നേഹവും നിരോധിക്കപ്പെടും
ഒരു പക്ഷേ ഈ മാഗസിനും..........


Terms and Conditions apply*
INDIA'S FIRST MOBILE PASSBOOK, FROM FEDERAL BANK
Tag, search and filter transactions
Live notifications
View passbook even when offline
View deposit and loan accounts
FED Book
The Federal Bank Limited, Regd. Office: Aluva
To register for Fedbook, SMS Fedbook <Space> 14 digit account number to +919895088888 or 5676762
24x7 PHONE BANKING
1800 425 1199
1800 420 1199
www.federalbank.co.in
FEDERAL BANK
YOUR PERFECT BANKING PARTNER





**ചിട്ടികൾ**
മലയാളികളുടെ തനത് സമ്പാദ്യപദ്ധതി.
സുരക്ഷിതത്വത്തോടൊപ്പം ഇപ്പോൾ ആകർഷകമായ
സമ്മാന പദ്ധതികളും

**എഡ്യൂകെയർ ചിട്ടികൾ**
ഒരു നൂതന വിദ്യാഭ്യാസ സാമ്പത്തിക പദ്ധതി

**വായ്പകൾ**
സ്വർണ്ണപ്പണയ വായ്പ | വ്യക്തിഗത വായ്പ | ചിട്ടി ലോൺ
ഭവന വായ്പ | വാഹന-ഗൃഹോപകരണ വായ്പ
'വിദ്യാധനം'- വിദ്യാഭ്യാസവായ്പ
KSFE ഹരിതം വായ്പാ പദ്ധതി

**നിക്ഷേപങ്ങൾ**
സ്ഥിരനിക്ഷേപം | സുഗമ സേവിംഗ് നിക്ഷേപം
ചിട്ടി സെക്യൂരിറ്റി നിക്ഷേപം | ഹ്രസ്വകാല നിക്ഷേപം

XPRESS MONEY WESTERN UNION
മണി ട്രാൻസ്ഫർ

**ഇപ്പോൾ പ്രവാസികൾക്കും KSFE ചിട്ടിയിൽ ചേരാം**

**KSFE**
(ഒരു കേരള സർക്കാർ സ്ഥാപനം)
കെ.എസ്.എഫ്.ഇ.- വിശ്വസ്തം... സുരക്ഷിതം.

**ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്**
രജി. ഓഫീസ്: 'ഭദ്രത', മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ - 20.
Ph: 0487-2332255, Fax: 0487-2336232 Email: mail@ksfe.com Website: www.ksfe.com
For branch details SMS to 537252 in the format KSFE< > your place

Toll Free Helpline: **1800 425 3455**

*നിബന്ധനകൾക്ക് വിധേയം.